# ചെറിയ ആരംഭങ്ങളുടെ ദിവസം

**വാല്യം 2**

## ക്രിസ്തുവിന്റെ ശരീരത്തിന്റെ പണി

**സാക് പുന്നൻ**

*പ്രസിദ്ധീകരണം:*

**ജീവമൊഴി പബ്ലിക്കേഷൻസ്**
കുമാരനല്ലൂർ പി.ഒ, കോട്ടയം-686016, കേരള
ഫോൺ: 9249516234, 9495234087

*(Malayalam)*

**CHERIYA ARAMBHANGALUDE DIVASAM Vol.2**
CHRISTUVINTE SAREERATHINTE PANI
The day of small beginings Vol.2
Building of the body of Christ

**© Zac Poonen**

*ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടുള്ളതല്ല.*

വിവർത്തനം: **മാത്യു ജോർജ്**

*കൂടുതൽ വിവരങ്ങൾക്ക് എഴുതുക:*

Zac poonen
20 DaCosta Square, Bangalore-560084

*Published by*
Jeevmozhi Publications
Kumaranalloor P.O, Kottayam-686016, Kerala
Phone: 9849516234, 9495234087

# ഉള്ളടക്കം

*('ചെറിയ ആരംഭങ്ങളുടെ ദിവസം വാല്യം 1'-ൽനിന്ന് തുടർച്ച)*


| *അദ്ധ്യായം* | | *പേജ്* |
|---|---|---|
| 25 | പണവും കർത്താവിന്റെ വേലയും | 5 |
| 26 | മറ്റുള്ളവർ നിങ്ങളെപ്പറ്റി ദൂഷണം പറയുമ്പോൾ | 9 |
| 27 | സഭയുടെ പണിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് | 13 |
| 28 | പുതിയ സഭയുടെ ചില സവിശേഷതകൾ | 16 |
| 29 | സാത്താന്റെ മേൽ അധികാരം | 20 |
| 30 | സർക്കാരിൽ സ്വാധീനം ചെലുത്തൽ | 23 |
| 31 | ഭൂതങ്ങളെ പുറത്താക്കൽ | 27 |
| 32 | ആദ്യകാലത്തെ സഭാകൂടിവരവുകളും സുവിശേഷപ്രവർത്തനങ്ങളും | 31 |
| 33 | കൂടിവരവിനായി ഒരിടം | 35 |
| 34 | മറ്റ് സ്ഥലങ്ങളിലേക്ക് സുവിശേഷസന്ദേശവുമായി | 39 |
| 35 | പിശാചിനാൽ പീഡിതരായി ജീവിക്കുന്നവരുടെ വിടുതൽ | 43 |
| 36 | യാത്രകളിലെ ദൈവകൃപ | 47 |
| 37 | വിദേശരാജ്യങ്ങളിൽ സഭകൾ ഉടലെടുക്കുന്നു | 51 |
| 38 | പാശ്ചാത്യസ്വാധീനവലയത്തിൽനിന്നുള്ള സ്വാതന്ത്ര്യം | 56 |
| 39 | വീട്ടിലെ ജീവിതം | 61 |
| 40 | എന്റെ പ്രസംഗശൈലി | 65 |
| 41 | ദൈവത്തിന്റെ സമയം ഏറ്റവും നല്ല സമയം | 71 |
| 42 | ദൈവം സഭയെ വളർത്തുന്നു | 74 |
| 43 | ദൈവം സഭയിൽ നിന്നു ചിലരെ നീക്കംചെയ്യുന്നു | 78 |
| 44 | പുതിയനിയമമാതൃക | 82 |
| 45 | പുതിയനിയമ സന്ദേശം | 86 |
| 46 | ഞങ്ങളുടെ വീഴ്ചകൾ | 90 |
| 47 | സകലജനതകളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കുക | 95 |
| 48 | മുന്നോട്ടു നോക്കുമ്പോൾ | 100 |

# 25

# പണവും കർത്താവിന്റെ വേലയും

**ക്രി**സ്തുവിന്റെ ശരീരമായ സഭയുടെ പണിയെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ പുസ്തകത്തിൽ ആദ്യഅദ്ധ്യായത്തിൽത്തന്നെ സാമ്പത്തികകാര്യങ്ങളിലെ ഞങ്ങളുടെ നിലപാടുകൾ വ്യക്തമാക്കുന്നത് എന്തിനാണെന്നു വായനക്കാർ ചിന്തിച്ചേക്കാം. ഉത്തരത്തിനായി ലൂക്കോസ് 16ന്റെ 13ലെ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "രണ്ട് യജമാനന്മാരെ സേവിക്കുവാൻ ഒരു ഭൃത്യനും കഴിയുകയില്ല....നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിക്കുവാൻ കഴിയുകയില്ല." നമ്മുടെ ജീവിതത്തിലെ യജമാനസ്ഥാനത്തിനായി മത്സരിക്കുന്ന ഈ ലോകത്തിലെ ഏറ്റവും വലിയ ശക്തിയാണ് പണം. ദൈവരാജ്യത്തിലെ ഏറ്റവും വലിയ ശക്തി കൃപയാണെങ്കിൽ ഈ ലോകത്തിലെ ഏറ്റവും വലിയ ശക്തി പണമാണ്.

കർത്താവിന്റെ ശരീരത്തിന്റെ പണിയിൽ ഞാൻ പങ്കാളി ആകണമെങ്കിൽ പണസ്നേഹത്തിൽ നിന്നു സ്വതന്ത്രനായിരിക്കണമെന്നു ഞാൻ മനസ്സിലാക്കി. എന്റെ വ്യക്തിപരവും ശുശ്രൂഷാപരവുമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ധനസമ്പാദനമാർഗ്ഗങ്ങളും ദൈവികമായിരിക്കേണ്ടതുണ്ട്. പല ക്രിസ്തീയപ്രവർത്തകരും ഈ കാര്യങ്ങളെക്കുറിച്ച് വേണ്ടവണ്ണം ചിന്തിച്ച് വിലയിരുത്താറില്ല.-അതുകൊണ്ടുതന്നെ എല്ലാവിധത്തിലും ഒത്തുതീർപ്പുകാരായി അവർ അവസാനിക്കുന്നു.

പൂർണ്ണസമയ ക്രിസ്തീയ ശുശ്രൂഷകർ അവരുടെ ജീവസന്ധാരണത്തിന് എങ്ങനെ പണം കണ്ടെത്തുന്നു എന്നത് കർത്താവിന്റെ വേലയിൽ ഒരു സുപ്രധാന ഘടകമാണ്. ഞാൻ പൂർണ്ണസമയവും കർത്തൃശുശ്രൂഷയിലായിരിക്കാൻ തുടങ്ങിയപ്പോൾ തന്നെ, രണ്ടു സുപ്രധാനതീരുമാനങ്ങൾ എടുത്തു.

1. എന്റെ സ്വർഗ്ഗീയപിതാവിനോടല്ലാതെ മറ്റാരോടും എന്റെ സാമ്പത്തികാവശ്യങ്ങൾ **ഒരിക്കലും** അറിയിക്കുകയില്ല.

2. എന്റെ ആവശ്യങ്ങൾ എത്രയും പരിമിതമായിരിക്കത്തക്കവണ്ണം ലളിതജീവിതം നയിക്കും. ദൈവകൃപയാൽ ഈ രണ്ട് തീരുമാനങ്ങളും ഇന്നുവരെ പാലിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്.

ഗ്രാമങ്ങളിലുള്ള ദരിദ്രസഭകളിലെ വിശ്വാസികളുടെ ഇടയിലായിരുന്നു എന്റെ ക്രിസ്തീയശുശ്രൂഷയുടെ ഏറിയ പങ്കും. അവരിൽ നിന്നും എന്തെങ്കിലും ദാനങ്ങൾ സ്വീകരിക്കാൻ ഞാൻ വിസമ്മതിച്ചു. അവർ എന്നെക്കാൾ താണ സാമ്പത്തിക നിലവാരത്തിലുള്ളവരായതിനാലാണ് ഇപ്രകാരം പണം വാങ്ങാൻ ഞാൻ വിസമ്മതിച്ചത്. എന്നാൽ എന്നെക്കാൾ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ള ചിലർ ചിലസന്ദർഭങ്ങളിൽ എനിക്ക് സഹായം നൽകിയിരുന്നു. ഞാൻ അവിവാഹിതനായിരുന്ന സമയം മുഴുവൻ അങ്ങനെ പ്രതിമാസം എനിക്ക് ആവശ്യത്തിനുള്ള പണം ദാനമായി ലഭിച്ചിരുന്നു. എന്നാൽ വിവാഹിതനായി ഒരു കുഞ്ഞ് പിറന്നതിനുശേഷം എനിക്ക് ലഭിച്ചിരുന്ന പണം ഞങ്ങളുടെ ആവശ്യങ്ങൾക്ക് തികയാതെ വന്നു.

കുടുംബത്തിന്റെ സാമ്പത്തികാവശ്യങ്ങൾ എങ്ങനെ നിറവേറ്റും എന്ന ചിന്ത എനിക്കുണ്ടായി. ഏതെങ്കിലും ഒരു ക്രിസ്തീയ സംഘടനയുടെ ശമ്പളക്കാരനാകാൻ ഞാൻ **ഒരിക്കലും** ആഗ്രഹിച്ചില്ല. അങ്ങനെ ചെയ്താൽ ഞാൻ അവരുടെ അടിമയാകും എന്നത് ഉറപ്പായിരുന്നു. അതേ സമയം എന്റെ ആവശ്യങ്ങളെപ്പറ്റി സൂചന നൽകുന്ന കത്തുകൾ പലർക്കായി ഇടയ്ക്കിടെ അയയ്ക്കുന്ന കാര്യം എനിക്ക് ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. സാമ്പത്തിക ലാഭത്തിനായി സമ്പന്ന സഭകൾ സന്ദർശിക്കാനും എനിക്ക് താത്പര്യമില്ലായിരുന്നു. ഇന്ത്യയിലെ അറിയപ്പെടുന്ന ക്രിസ്തീയ പ്രസംഗകരെല്ലാം വലിയ പട്ടണങ്ങളിൽ മാത്രം പ്രസംഗിക്കുന്നവരാണ്. ആഴമായ ക്രിസ്തീയ ശുശ്രൂഷ ഏറ്റവും അധികം ആവശ്യമായിരിക്കുന്നത് ഇന്ത്യയിലെ ഗ്രാമങ്ങളിലുള്ള ദരിദ്രരായ ജനങ്ങളുടെ ഇടയിലായതിനാൽ അവിടേയ്ക്ക് എന്നെ അയക്കുവാനാണ് ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചത്. അതുതന്നെ അവിടുന്ന് ചെയ്യുകയും ചെയ്തു.

എന്നാൽ കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റേണ്ടിയിരുന്നതിനാൽ ഞാൻ കൂടെക്കൂടെ പണത്തെപ്പറ്റിചിന്തിക്കുമായിരുന്നു. പൂർണ്ണസമയം കർത്താവിന്റെ വേലയ്ക്കായി വിളിക്കപ്പെട്ട ഒരാൾ കൂടെക്കൂടെ പണത്തെപ്പറ്റിചിന്തിച്ചുകൂടാ എന്ന സത്യം എന്നെ അലട്ടി. അവിവാഹിതനായി ജീവിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ട ഒരുവൻ ലൈംഗിക ചിന്തകളിൽ സദാമുഴുകിയിരിക്കുന്നതിൽ ഒരു വൈരുദ്ധ്യമുള്ളതുപോലെയായി എന്റെ അവസ്ഥയും. ലൈംഗിക ചിന്തകളാൽ എരിയുന്ന ഒരു വ്യക്തി ഏകനായി ജീവിക്കാൻ വിളിക്കപ്പെട്ടവനല്ലെന്ന കാര്യം പോലെ മിക്കസമയത്തും സാമ്പത്തികാവശ്യങ്ങളെപ്പറ്റി ചിന്തിക്കുന്ന ഒരു വ്യക്തി മുഴുസമയശുശ്രൂഷയിൽ ആയിരിക്കുന്നത് ശരിയല്ല എന്ന ചിന്ത എന്നിൽ ശക്തമായി. 1970 ജനുവരിയിൽ **ആറുമാസം കൂടി** കാത്തിരിക്കാൻ ഞാൻ ദൈവസന്നിധിയിൽ തീരുമാനമെടുത്തു. ആറുമാസത്തിനുള്ളിൽ സാമ്പത്തികാവശ്യങ്ങളെപ്പറ്റിയുള്ള ചിന്തകളിൽ നിന്ന് എന്റെ മനസ്സ് സ്വതന്ത്രമാകാത്തപക്ഷം മുഴുസമയ ക്രിസ്തീയശുശ്രൂഷയിൽ തുടരാൻ എനിക്ക് കൃപയില്ല എന്ന് തീരുമാനിക്കാം. അങ്ങനെയെങ്കിൽ ഒരു ഭൗതിക ജോലി സ്വീകരിച്ച് ഒഴിവുസമയങ്ങളിൽ ദൈവവേല ചെയ്യാം എന്ന് ഞാൻ ചിന്തിച്ചു.

1970 ജൂൺ മാസം അവസാനിക്കുന്നതിന് ഒരാഴ്ചമുമ്പ് എന്റെ കുടുംബത്തിന്റെ ആവശ്യങ്ങൾക്ക് മതിയായ ഒരു തുക പ്രതിമാസം തന്ന് സഹായിക്കാൻ താത്പര്യമുണ്ടെന്ന് കാണിച്ച് ഒരു ക്രിസ്തീയസമൂഹം എനിക്ക് ഒരു കത്തയക്കുകയുണ്ടായി. എന്റെ ശുശ്രൂഷയിൽ നിന്നും ലഭിക്കുന്ന പണം ഞാൻ അവർക്ക് നൽകണം എന്ന വ്യവസ്ഥ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എനിക്ക് ഇഷ്ടമുള്ള ശുശ്രൂഷ തിരഞ്ഞെടുക്കാനും ദൈവികനടത്തിപ്പനുസരിച്ച് എവിടെയും പോകാനും പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അവരുടെ കത്ത് എന്നെ തികച്ചും അത്ഭുതപ്പെടുത്തി. തങ്ങളുടെ സാമ്പത്തിക സഹായം സ്വീകരിക്കുന്ന പ്രവർത്തകരെ നിയന്ത്രിക്കാത്ത ഒരു പ്രസ്ഥാനം ലോകത്തിൽ എവിടെയെങ്കിലും ഉണ്ടായിരിക്കും എന്ന് എനിക്ക് ചിന്തിക്കാൻ കഴിഞ്ഞിരുന്നില്ല. കർത്താവ് എന്നെ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി യഥാർത്ഥത്തിൽ വിളിച്ചതുതന്നെയാണെന്ന കാര്യം എന്റെ ഹൃദയത്തിൽ ഉറപ്പിക്കാനുള്ള അവിടുത്തെ വഴിയായിരുന്നു മേൽപ്പറഞ്ഞ കത്ത്.

എന്നാൽ ബാംഗ്ളൂരിൽ ഞങ്ങളുടെ ഭവനത്തിൽ സഭാകൂടിവരവ് തുടങ്ങിയപ്പോൾ തുടർന്ന് മേൽപ്പറഞ്ഞ സാമ്പത്തിക സഹായം സ്വീകരിക്കേണ്ട എന്ന് എനിക്ക് തോന്നി. ഇന്ത്യയിലെ മറ്റുള്ളവർക്ക് ഒരു മാതൃകയായിരിക്കേണ്ടതിന് അപ്പോസ്തോലനായ പൗലോസിനെപ്പോലെ സ്വന്തമായി കുടുംബകാര്യങ്ങൾ നോക്കാൻ എന്നെ കർത്താവ് ഉത്സാഹിപ്പിക്കുകയായിരുന്നു. ദൈവം പൗലോസിന്റെ ആവശ്യങ്ങൾ പ്രധാനമായും തന്റെ കൂടാരപ്പണിയിലൂടെയും, ഭാഗികമായി ഫിലിപ്പിയ സഭയിലൂടെയും ആയിരുന്നല്ലോ നിറവേറ്റിയത്. ഈ ഘട്ടത്തിൽ ദൈവം എന്റെ സാമ്പത്തിക സ്രോതസ്സ് മാറ്റുകയായിരുന്നു. **എന്റെ മനസ്സ് ഒരിക്കലും പണ സമ്പാദനത്തിൽ വയ്ക്കുവാൻ ആവശ്യമില്ലാത്ത വണ്ണം** കർത്താവ് അത്ഭുതകരമായ ഒരു വാതിൽ തുറന്നു.

വീട്ടിൽ സഭാകൂടിവരവു തുടങ്ങുമ്പോൾ എനിക്ക് 35 വയസ്സായിരുന്നു. നാവികസേനയിലെ അനുഭവപരിജ്ഞാനത്തിലൂടെ കപ്പൽ ഓടിക്കുവാനും പീരങ്കിയും ടോർപ്പിഡോയും ലക്ഷ്യത്തിലേക്ക് വിടാനും ഒക്കെ എനിക്ക് അറിയാമായിരുന്നെങ്കിലും ബാംഗ്ളൂർ പട്ടണത്തിൽ ഒരു തൊഴിൽ ലഭിക്കാൻ ഇത് മതിയായിരുന്നില്ല. കൈകൾ ഉപയോഗിച്ച് മറ്റെന്തെങ്കിലും ജോലിചെയ്യാനും എനിക്ക് വൈദഗ്ദ്ധ്യം ഇല്ലായിരുന്നു. ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളിലും സുവിശേഷം അറിയിക്കാനുള്ള ഭാരം എനിക്കുണ്ടായിരുന്നതിനാൽ ബാംഗ്ളൂരിൽ എന്നെ തളച്ചിടുന്ന ഒരു തൊഴിൽ ചെയ്യാനും എനിക്ക് കഴിയുമായിരുന്നില്ല. ഞാൻ പൂർണ്ണാർത്ഥത്തിൽ കർത്താവിന്റെ ദാസനായി വിളിക്കപ്പെട്ടവനാണ് എന്ന് ഉറപ്പായിരുന്നു. പൗലോസിന്റെ മാതൃക ഈ വിഷയത്തിൽ എന്നെ വെല്ലുവിളിച്ചു. കൊരിന്ത്യയിലും, തെസ്സലോനിക്യയിലും, എഫെസോസിലും കൂടാരപ്പണി ചെയ്തു താൻ സ്വന്ത ആവശ്യങ്ങൾക്ക് പണം കണ്ടെത്തിയിരുന്നെങ്കിലും ആ തൊഴിൽ ജീവിതത്തിൽ പ്രഥമസ്ഥാനത്ത് പൗലോസ് ഒരിക്കലും പ്രതിഷ്ഠിച്ചിരുന്നില്ല. താൻ ഒന്നാമതായി കർത്താവിന്റെ അപ്പോസ്തോലനായിരുന്നതിനാൽ കർത്താവിന്റെ വേല എപ്പോഴും ഒന്നാം സ്ഥാനത്ത് കണ്ടിരുന്നു.

എന്റെ മാതാപിതാക്കളിൽ നിന്നും ഓഹരിയായി ലഭിച്ച അല്പം പണം നല്ല പ്രതിഫലം ലഭിക്കുന്ന ചില കമ്പനികളിൽ നിക്ഷേപിക്കാൻ ഞാൻ തീരുമാനിച്ചു. ഓഹരി വിപണിയിൽ ഞാൻ ഒരിക്കലും ഊഹക്കച്ചവടം നടത്തിയിട്ടില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ കർത്താവിന്റെ വേലയിൽ ആയിരിക്കേണ്ട എന്റെ മനസ്സ് ഓഹരികളുടെ കമ്പോളവിലയിൽ ആയിപ്പോയേനെ. **ഓഹരി വിപണിയിലൂടെയല്ലാതെ** നേരിട്ട് കമ്പനികളുടെ ഓഹരി വാങ്ങുകയാണ് ഞാൻ ചെയ്തത്. അത്ഭുതം എന്ന് പറയട്ടെ, ആ കാലത്ത് ചില ബഹുരാഷ്ട്ര കമ്പനികളുടെ ഓഹരികൾ നേരിട്ട് വാങ്ങാൻ കഴിയുമാറ് സർക്കാർ ചില നിയമങ്ങൾ കൊണ്ടുവരികയുണ്ടായി. തുടക്കത്തിൽ പ്രസംഗിക്കാനോ എഴുതാനോ പരിചയം ഇല്ലാത്തതുപോലെ ഓഹരി നിക്ഷേപത്തെക്കുറിച്ച് എനിക്ക് ഒന്നും അറിഞ്ഞുകൂടായിരുന്നു. എന്നാൽ ധന സമ്പാദനമല്ല, എന്റെ കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുക മാത്രമാണ് എന്റെ ആഗ്രഹം എന്ന് ദൈവം കണ്ടു. വളരെ കുറച്ച് മൂലധനമേ എനിക്ക് ഉണ്ടായിരുന്നുള്ളൂ. എന്നാൽ ആ 'അഞ്ച് അപ്പത്തെ' കർത്താവ് കരങ്ങളിൽ എടുത്ത് അത്ഭുതകരമാം വിധം അനുഗ്രഹിച്ചതിനാൽ ഏതാണ്ട് മുപ്പത് വർഷക്കാലം എന്റെ കുടുംബത്തെ സംരക്ഷിക്കാൻ എനിക്ക് അത് മതിയായതായിത്തീർന്നു.

തന്റെ മക്കൾക്കായി കരുതുന്ന ഒരു പിതാവ് സ്വർഗ്ഗത്തിലുണ്ടെന്ന് എന്റെ തലമുറയുടെ മുമ്പിൽ വെളിപ്പെടുത്തുന്ന ഒരു ജീവിക്കുന്ന സാക്ഷിയായിരിക്കണം എന്നായിരുന്നു എക്കാലവും എന്റെ ആഗ്രഹം. അത്തരം ഒരു സാക്ഷിയായിരിക്കുവാൻ ദൈവം എനിക്ക് കൃപതന്നു. എല്ലാ മഹത്വവും പുകഴ്ചയും അവിടുത്തേക്ക് മാത്രം. ആമേൻ.

◆

# 26

# മറ്റുള്ളവർ നിങ്ങളെപ്പറ്റി ദൂഷണം പറയുമ്പോൾ

**ഇ**ൻഡ്യൻ നാവികസേനയിൽ നിന്നും വിടവാങ്ങി 1966 ൽ ഞാൻ പൂർണ്ണ സമയ ക്രിസ്തീയവേലയിലായപ്പോൾ എന്നെ ഏറ്റവും അധികം ഉത്സാഹിപ്പിക്കുകയും ഉപദേശിക്കയും ചെയ്തത് സഹോദരൻ ഭക്തസിംഗ് ആയിരുന്നു. അക്കാലത്തെ ഇൻഡ്യയിലെ ഏറ്റവും പ്രഗത്ഭനായ സുവിശേഷകനായിരുന്ന അദ്ദേഹത്തെ ഒരു യഥാർത്ഥ ദൈവമനുഷ്യനായി മറ്റാരെയുംകാൾ അധികം ഞാൻ ബഹുമാനിച്ചിരുന്നു. കഴിഞ്ഞ 40 വർഷങ്ങളായി എനിക്ക് വളരെ വിലപ്പെട്ടതായി ത്തീർന്നിട്ടുള്ള ദൈവവചനത്തിൽ അധിഷ്ഠിതമായ മൂന്ന് ഉപദേശങ്ങൾ അദ്ദേഹം എനിക്ക് നൽകുകയുണ്ടായി. അവ താഴെ ചേർക്കുന്നു:

1. ഒരു മനുഷ്യനോടും നിന്റെ ആവശ്യങ്ങൾ പറയാതിരിക്കുക.
2. വ്യക്തിപരമായ ആവശ്യങ്ങൾക്കായി അധികം പണം ചെലവാക്കാതെ ലളിതജീവിതം നയിക്കുക.
3. മറ്റുള്ളവർ നിന്നെ വിമർശിക്കുകയോ നിന്നെപ്പറ്റി ദൂഷണം പറയുകയോ ചെയ്യുമ്പോൾ ഒരിക്കലും സ്വയം പ്രതിരോധിക്കാതിരിക്കുക.

കഴിഞ്ഞ അദ്ധ്യായത്തിൽ ആദ്യത്തെ രണ്ട് ഉപദേശങ്ങൾ പാലിക്കുവാൻ കർത്താവ് എന്നെ എങ്ങനെ സഹായിച്ചു എന്നതിനെപ്പറ്റി സൂചിപ്പിച്ചിരുന്നല്ലോ? 1975–76 കാലഘട്ടത്തിലാണ് മൂന്നാമത്തെ ഉപദേശത്തിന്റെ ആവശ്യകത ബോദ്ധ്യമായത്.

1975 ലും 1976 ലുമായി ഇൻഡ്യയിലെ പല ക്രിസ്തീയവിശ്വാസികളുടെയും എന്നോടുള്ള മനോഭാവത്തെ വ്യത്യാസപ്പെടുത്തിയ മൂന്നു കാര്യങ്ങൾ സംഭവിച്ചു. തൽഫലമായി പലർക്കും എന്നോട് തികച്ചും നിഷേധാത്മകമായ മനോഭാവം ഉണ്ടായി.

ഒന്നാമതായി കർത്താവ് പരിശുദ്ധാത്മാവിലുള്ള സ്നാനം എനിക്ക് നൽകുകയും ഞാൻ അന്യഭാഷകളുടെ വരം പ്രാപിക്കുകയും ചെയ്തു. (ഇക്കാലത്ത്

അന്യഭാഷാഭാഷണം പിശാചിൽ നിന്നാണ് വരുന്നത് എന്ന് വിശ്വസിക്കുന്ന ക്രിസ്തീയസമൂഹങ്ങൾ ഉണ്ടല്ലോ?).

രണ്ടാമതായി കർത്താവ് എന്റെ ഭവനത്തിൽ ഒരു പുതിയ സഭയ്ക്ക് രൂപം നൽകി. (എക്യൂമെനിസത്തിന്റെയും, സഭകൾ തമ്മിലുള്ള സ്വതന്ത്രസംവാദ ങ്ങളുടെയും ഈ കാലഘട്ടത്തിൽ വീട്ടിൽ ഒരു സഭതുടങ്ങുന്നത് പലർക്കും സ്വീകാര്യമായിരിക്കയില്ലല്ലോ?)

മൂന്നാമതായി പരിശുദ്ധാത്മാവ് എനിക്ക് ക്രിസ്തുവിന്റെ മനുഷ്യത്വത്തെ പ്പറ്റി വെളിപ്പാട് നൽകുകയുണ്ടായി. 'യേശു നമുക്ക് തുല്യമായി സകലത്തിലും പരീക്ഷിക്കപ്പെട്ടു' എന്നുള്ള സത്യം (എബ്രാ.4:15-മൂല ഗ്രീക്കു പരിഭാഷ) ദൈവ ഭക്തിയുള്ള ഒരു ജീവിതത്തിന്റെ മർമ്മമായി ഞാൻ ഗ്രഹിച്ചു. (1 തിമോ.3:16). എല്ലായിടത്തും ഈ മഹത്വകരമായ സത്യങ്ങൾ ഞാൻ പ്രസംഗിക്കാൻ തുടങ്ങി. (നൂറ്റാണ്ടുകളായി പ്രസംഗിക്കപ്പെടാത്ത ദൈവവചന സത്യങ്ങൾ ഒരുവൻ കണ്ടെത്തി വീണ്ടും പ്രസംഗിക്കാൻ തുടങ്ങുമ്പോൾ അത് ദുരുപദേ ശമാണെന്ന് തോന്നുന്നത് സ്വാഭാവികമാണല്ലോ?)

വളരെ എതിർപ്പ് ഉണ്ടായെങ്കിലും വ്യക്തിപരമായ ജീവിതത്തിലും കുടും ബജീവിതത്തിലും പാപത്തിന്മേൽ ജയമുള്ള സന്തോഷവാനായ ഒരു ക്രിസ്ത്യാനിയാക്കി എന്നെ തീർത്തത് മേൽപ്പറഞ്ഞ മൂന്നു കാര്യങ്ങളായിരു ന്നു. ജീവിതത്തിൽ ആദ്യമായി സ്വർഗ്ഗത്തിന്റെ ഒരു മുൻരുചി പ്രാദേശിക സഭ യിലെ കൂട്ടായ്മയിൽ ഞാൻ അനുഭവിക്കാൻ തുടങ്ങി. ഇതെല്ലാം സാത്താനെ ക്രുദ്ധനാക്കി.

കർത്താവിന്റെ അനുഗ്രഹം നമ്മുടെ ജീവിതത്തിൽ വർദ്ധിക്കുമ്പോൾ നമ്മോടുള്ള സാത്താന്റെ രോഷവും വർദ്ധിക്കും. കർത്താവ് ഇത് അനുവദി ക്കുന്നത് നമ്മെ താഴ്മയിൽ നിലനിർത്താനും തന്നോട് കൂടുതൽ അടുപ്പി ക്കാനും പിശാചിന്റെ ആക്രമണങ്ങൾ പ്രയോജനപ്പെടും എന്നതിനാലാണ്. ആത്മീയപോരാട്ടത്തിലൂടെ നാം ശക്തരായിത്തീരുവാനും ആയിരങ്ങൾക്ക് അനുഗ്രഹമായിത്തീരുവാനും വേറെ മാർഗ്ഗമില്ല. ദൈവിക അനുഗ്രഹം നമ്മി ലൂടെ മറ്റുള്ളവരിലേക്ക് ഒഴുകുവാൻ മോശ മരുഭൂമിയിൽ പാറയെ അടിച്ചതു പോലെ നാമും തകർക്കപ്പെടേണ്ട ആവശ്യമുണ്ട്. മനുഷ്യരുടെ എതിർപ്പും ദൂഷണം പറച്ചിലും നമ്മെ ദൈവമുമ്പാകെ നുറുക്കത്തിൽ നിൽക്കുവാൻ സഹായിക്കുന്നു. അങ്ങനെ കോതമ്പുമണി നിലത്തുവീഴുകയും മനുഷ്യരുടെ മുമ്പാകെയുള്ള ആകർഷണീയത നഷ്ടപ്പെട്ട് മരണം വരിക്കയും ചെയ്യുന്നു. അപ്പോൾ സമൃദ്ധമായ ഫലം പുറപ്പെടുവിക്കാൻ കഴിയുന്നു.

ഞാൻ 'ആഴമുള്ള' ക്രിസ്തീയജീവിതത്തെപ്പറ്റി പ്രസംഗിക്കുന്ന കപടഭ ക്തനും പരാജിതനും എന്നാൽ പ്രസിദ്ധനുമായ ഒരു പ്രസംഗി ആയിരുന്ന കാലത്തോളം സാത്താൻ വളരെ സന്തുഷ്ടനായിരുന്നു. എന്നാൽ പുതിയ ഉടമ്പടിയിൻകീഴെയുള്ള ജീവിതത്തിലേക്ക് ഞാൻ പ്രവേശിക്കുകയും

പുതിയനിയമസഭകൾ വിവിധ സ്ഥലങ്ങളിൽ ഉടലെടുക്കുകയും, സാമ്പത്തികമായി ഞാൻ സ്വയം പര്യാപ്തനായിത്തീരുകയും ചെയ്തപ്പോൾ സാത്താൻ ക്രുദ്ധനാകുകയും ദേശമെമ്പാടുമുള്ള ക്രിസ്തീയനേതാക്കളേയും പാസ്റ്റർമാരേയും എനിക്കെതിരേ ഇളക്കിവിടുകയും ചെയ്തു. ഇവരിൽ പലരും എന്റെ ശുശ്രൂഷയിൽ അസൂയാലുക്കളോ, എന്റെ ശുശ്രൂഷയാൽ അവരുടെ കാപട്യവും, ബഹുമാനം തേടുന്ന സ്വഭാവവും ദ്രവ്യാഗ്രഹവും തുറന്നുകാട്ടപ്പെട്ടവരോ ആയിരുന്നു എന്നതാണ് സത്യം. അവർ എന്നെ 'പാപരഹിതമായ ക്രിസ്തീയ പൂർണ്ണത' 'ക്രിസ്തുവിന് ജഡത്തിൽ പാപം ഉണ്ടായിരുന്നു' തുടങ്ങിയ ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന ഒരു കള്ളപ്രവാചകനായി ചിത്രീകരിക്കാൻ തുടങ്ങി. ഈ ആരോപണങ്ങൾ ഒന്നും സത്യമായിരുന്നില്ല. എന്റെ പുസ്തകങ്ങളിലോ ടേപ്പുകളിലോ ഞാൻ ഈ കാര്യങ്ങൾ പഠിപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തെളിവ് ചൂണ്ടിക്കാണിക്കുവാൻ ഇക്കൂട്ടർക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ ഇത്തരം വസ്തുതകൾ ഒന്നും അവർക്ക് വിഷയമായിരുന്നില്ല. യാതൊരു തെളിവും ഇല്ലാതെ ദൈവമക്കളെപ്പറ്റി കിംവദന്തികൾ പ്രചരിപ്പിക്കുവാൻ സഹോദരന്മാരെ രാപ്പകൽ കുറ്റംചുമത്തുന്ന 'അപവാദി'യുമായി കൈകോർത്തു പിടിക്കാൻ പലക്രിസ്തീയ നേതാക്കൾക്കും യാതൊരു സങ്കോചവും ഇല്ല എന്ന കാര്യം ഞാൻ കണ്ടെത്തുകയായിരുന്നു. പല ക്രിസ്തീയ മാസികകളും പ്രസിദ്ധീകരണങ്ങളും ഇതേ ഗണത്തിൽപ്പെടുന്നവയത്രേ. സാധാരണ ഉച്ചപ്പത്രങ്ങളേപ്പോലെ അപവാദപ്രചാരണത്തിലേക്ക് എടുത്തുചാടാൻ, യാഥാർത്ഥ്യം പരിശോധിക്കാതെ കേട്ടുകേൾവി പ്രസിദ്ധീകരിക്കാൻ, അവയ്ക്ക് യാതൊരു മടിയും ഇല്ല.

ഭക്തസിംഗിൽ നിന്നും എനിക്കു ലഭിച്ച മൂന്നാമത്തെ ഉപദേശം ആവശ്യമായി വന്ന സന്ദർഭം അങ്ങനെ സംജാതമായി. കാരണം കൂടാതെ തനിക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചവരുടെ മുമ്പിൽ വായ്തുറക്കാതെ കുഞ്ഞാടിനെപ്പോലെ നിന്ന കർത്താവിനെപ്പോലെ നിശ്ശബ്ദനായിരിക്കാൻ എനിക്ക് അഭ്യസിക്കേണ്ടിവന്നു. അക്കാലത്തെന്നപോലെ കഴിഞ്ഞ മുപ്പതുവർഷക്കാലം ഇതേ നിലപാട് സ്വീകരിക്കാൻ കർത്താവ് എന്നെ സഹായിച്ചുകൊണ്ടിരിക്കുന്നു. എനിക്കെതിരേ ആരോപണശരങ്ങൾ തൊടുത്തുവിട്ട ആരോടും തന്നെ പ്രത്യുത്തരം പറയാൻ ഞാൻ വിസമ്മതിച്ചു. വ്യാജമായ ആരോപണങ്ങളാൽ ക്രൂരമായി ആക്രമിക്കപ്പെട്ട സന്ദർഭങ്ങളിലൊക്കെ കർത്താവ് എന്നോട് ഇപ്രകാരം ചോദിക്കുന്നതായി ഞാൻ മനസ്സിലാക്കി. "നീ നിന്നെത്തന്നെ നീതീകരിക്കുവാൻ ആഗ്രഹിക്കുന്നുവോ അതോ, ഞാൻ അവരെ കൈകാര്യംചെയ്യാൻ നീ എന്നെ അനുവദിക്കുമോ? "കർത്താവു തന്നെ അവരെ കൈകാര്യം ചെയ്യണം എന്ന് എപ്പോഴും ഞാൻ പ്രാർത്ഥിച്ചിരുന്നു. മുപ്പതു വർഷങ്ങൾക്കു ശേഷവും ആരോപണ ശരങ്ങൾ നിലച്ചിട്ടില്ല. എന്നാൽ ദൈവം നമ്മോടൊപ്പം ഉണ്ടെങ്കിൽ ലോകം മുഴുവൻ നമുക്കെതിരെ വന്നാലും പ്രശ്നമില്ല. എനിക്കെതിരെ അപവാദം പ്രചരിപ്പിച്ചിട്ടുള്ള **എല്ലാവരെയും** സ്നേഹിപ്പാനും അവരോട് ക്ഷമിക്കാനുമുള്ള കൃപ കർത്താവ് എനിക്ക് തന്നിട്ടുണ്ട്. ദോഷത്തിനു

പകരം ദോഷം ചെയ്യാനോ എന്നെ ഉപദ്രവിക്കാൻ ശ്രമിച്ചവർക്ക് കേടുവരുത്താനോ ഒരു ചെറുവിരൽപോലും ഉയർത്താൻ എനിക്ക് ഇന്നുവരെ ഇടയായിട്ടില്ല.

വാസ്തവം പറഞ്ഞാൽ എനിക്ക് ദോഷം ചെയ്യാൻ ഇന്നുവരെ ആർക്കും കഴിഞ്ഞിട്ടില്ല. കാരണം, ഈ സന്ദർഭങ്ങളിലെല്ലാം റോമർ 8 ന്റെ 28 ൽ പറയുംപോലെ സകലതും എന്റെ നന്മയ്ക്കായി കൂടി വ്യാപരിക്കുന്നത് മാത്രമാണ് ഞാൻ കണ്ടിട്ടുള്ളത്. ഒരു ഉദാഹരണം പറയാം. എന്നെ സൂക്ഷിച്ചുകൊള്ളണം എന്ന് ഉപദേശം ലഭിച്ച പല വ്യക്തികളും തെറ്റായ ഉപദേശങ്ങൾ എന്താണെന്നറിയാൻ എന്റെ പുസ്തകങ്ങൾ വായിക്കാനും സന്ദേശങ്ങൾ ടേപ്പിലൂടെ ശ്രവിക്കാനും ഇടയായി!! **തൽഫലമായി അവർ സത്യത്താൽ പിടിക്കപ്പെടുകയും ഞങ്ങളോട് സഭാബന്ധത്തിൽ വരുകയും ചെയ്തു.** ഞങ്ങളുടെ മദ്ധ്യത്തിൽ ഇന്ന് അവർ അനുഗൃഹീതരായ സഹോദരീസഹോദരന്മാരാണ്! ഇപ്രകാരം വീണ്ടുംവീണ്ടും ദൈവം പിശാചിനെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

“എന്റെ അഭിഷിക്തന്മാരെ തൊടരുത്; എന്റെ പ്രവാചകന്മാർക്ക് ഒരു ദോഷവും വരുത്തരുത്” എന്ന ദൈവത്തിന്റെ മുന്നറിയിപ്പ് (സങ്കീ.105:15) അവഗണിക്കുന്നവർ ഒരു ദിവസം ദൈവത്തിന്റെ ക്രോധത്തിന് ഇരയായിത്തീരും എന്നുള്ളതാണ് സത്യം. തന്റെ ഭൃത്യന്മാരെ ദൈവം കണ്ണിന്റെ കൃഷ്ണമണിപോലെ സൂക്ഷിക്കുന്നു (സെഖ 2:8) എന്ന കാര്യം അവർ ഗ്രഹിച്ചിരുന്നെങ്കിൽ. “പ്രതികാരം എനിക്കുള്ളത്, **ഞാൻ പകരം ചെയ്യും”** (റോമർ 12:19) എന്ന് ദൈവവചനം പറയുന്നു. ‘പകരം ചെയ്യുന്ന’ കാര്യത്തിൽ ദൈവം വളരെ കൃത്യത പാലിക്കുന്നു എന്ന് നാം അറിഞ്ഞിരുന്നെങ്കിൽ!

◆

# 27

# സഭയുടെ പണിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ്

**ശി**ഷ്യത്വം, വിശുദ്ധജീവിതം, ലോകത്തോടുള്ള വേർപാട് എന്നീകാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതും, അന്യോന്യം ഉള്ള ഉറ്റസ്നേഹം നിമിത്തം സഹോദരീസഹോദരന്മാർ യേശുവിന്റെ ശിഷ്യന്മാരാണെന്ന് തിരിച്ചറിയപ്പെടുന്നതുമായ ഒരു പ്രാദേശിക സഭ ഇൻഡ്യയിൽ എവിടെയെങ്കിലും കാണാനുള്ള വലിയ ഹൃദയഭാരം 1965 മുതൽ എനിക്കുണ്ടായിരുന്നു. തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നതിനാൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും എന്ന് യേശു തന്നേ പറഞ്ഞിട്ടുണ്ടല്ലോ. (യോഹ.13:35). ശരിയായ ഉപദേശം മാത്രം ഉള്ള ഒരു സഭയല്ല എന്റെ ഭാവനയിൽ ഉണ്ടായിരുന്നത്. ഞങ്ങളെ ബാംഗ്ലൂരിലേക്ക് കൊണ്ടുവന്നപ്പോൾ അത്തരം ഒരു പ്രാദേശികസഭ ഉടലെടുക്കണം എന്ന് ദൈവത്തിന് പദ്ധതി ഉണ്ടായിരുന്നതായി ഇന്നു ഞാൻ ഗ്രഹിക്കുന്നു. എന്നാൽ അത്തരം ഒരു സഭ പണിയപ്പെടുന്നതിനുമുമ്പ് **രണ്ടു** വിഷയങ്ങളിൽ കർത്താവിന് എന്നെ പരീക്ഷിക്കേണ്ട ആവശ്യം ഉണ്ടായിരുന്നു.

ക്രൈസ്തവലോകത്തിലെ പ്രസംഗകരുടെ ഏറ്റവും വലിയ **രണ്ടു** പാപങ്ങൾ താഴെപ്പറയുന്നവയാണ്:1) സ്വന്തം ആത്മീയവരങ്ങളും ശുശ്രൂഷയും കൊണ്ട് **സാമ്പത്തികനേട്ടം** ഉണ്ടാക്കുക (മാമോനെ സ്നേഹിക്കുന്ന ഒരുവനും ദൈവത്തിന്റെ ദാസനായിരിപ്പാൻ കഴിയുകയില്ല-ലൂക്കോ. 16:13 ശ്രദ്ധിക്കുക. (2) സ്വന്തം ആത്മീയവരങ്ങളും ശുശ്രൂഷയും കൊണ്ട് **പേരും പ്രശസ്തിയും** കൈവരിക്കുക. (ഒരുവൻ മനുഷ്യനെ പ്രസാദിപ്പിക്കുന്നു എങ്കിൽ യേശുക്രിസ്തുവിന്റെ ദാസനായിരിക്കുകയില്ല-ഗലാത്യർ 1:10 ശ്രദ്ധിക്കുക)

ഈ രണ്ടു മേഖലകളിലെ പരാജയമാണ്, നമ്മുടെ ദേശത്ത് വരപ്രാപ്തരായ അനേകം പ്രസംഗകർ ദൈവത്തിന്റെ യഥാർത്ഥ പ്രവാചകന്മാരോ, കർത്താവിന്റെ യഥാർത്ഥദാസന്മാരോ ആയിത്തീരാത്തതിന്റെ കാരണങ്ങൾ. കർത്താവിന് തന്റെ വേല എന്നെ ഭരമേൽപ്പിക്കുന്നതിനുമുമ്പ് ഈ രണ്ടു മേഖലകളിൽ എന്നെ പരീക്ഷിക്കേണ്ടത് അത്യാവശ്യമായിരുന്നു.

മുൻ ലേഖനങ്ങളിൽ പണസംബന്ധമായ കാര്യത്തിൽ കർത്താവ് എന്നെ പരീക്ഷിച്ചതിനെപ്പറ്റിയും പൗലോസിനെപ്പോലെ സാമ്പത്തികകാര്യങ്ങളിൽ സ്വയം പര്യാപ്തതയിലേക്ക് ഞാൻ നടത്തപ്പെട്ടതിനെപ്പറ്റിയും വിവരിച്ചിരുന്നല്ലോ. മറ്റുക്രിസ്തീയപ്രവർത്തകർക്ക് ഒരു മാതൃകയായിരിക്കേണ്ടതിനാണ് ഞാൻ ഇത്തരം ഒരു നിലപാടു സ്വീകരിച്ചത്. രണ്ടാമത്തെ വിഷയത്തിൽ, പേരും പ്രശസ്തിയും വേണ്ടെന്ന് വയ്ക്കാൻ **രണ്ടുപ്രാവശ്യം** കർത്താവ് എന്നോട് ആവശ്യപ്പെടുകയുണ്ടായി.

ഒന്നാമത്തെ സന്ദർഭം 1964 ൽ ഞാൻ നാവികസേനയിൽ ഉയർച്ചയുടെ പടവുകൾ വേഗത്തിൽ കയറിക്കൊണ്ടിരുന്നപ്പോഴായിരുന്നു. നാവികസേനയിലേ ജോലി ഉപേക്ഷിച്ച് മുഴുസമയവും കർത്താവിനെ ശുശ്രൂഷിക്കാൻ കർത്താവ് എന്നോട് ആവശ്യപ്പെട്ടപ്പോൾ ഞാൻ എന്റെ ജോലിയിൽ നന്നായി ശോഭിച്ചിരുന്ന സമയമായിരുന്നു. രണ്ടാമത്തെ സന്ദർഭം 1975 ൽ ഞാൻ ക്രിസ്തീയഗോളത്തിൽ ഒരു ഗ്രന്ഥകർത്താവും, റേഡിയോ പ്രഭാഷകനും ആഴമായ ക്രിസ്തീയജീവിതത്തെപ്പറ്റിയുള്ള മഹാസമ്മേളനങ്ങളിലെ അറിയപ്പെടുന്ന ഒരു പ്രസംഗകനും ഒക്കെ ആയിരുന്നപ്പോഴാണ്. ഡൽഹിയിൽ 1956 ൽ ആദ്യമായി ഇൻഡ്യയിൽ നടന്ന ബില്ലിഗ്രഹാം ക്രൂസേഡിന്റെ 'അദ്ധ്യക്ഷൻ എന്റെ പിതാവായിരുന്നു. ബില്ലിഗ്രഹാമിനെപ്പോലെ എനിക്കും ദൈവവചനം പ്രസംഗിക്കാൻ വരം ഉണ്ടെന്നും എന്നെ ദൈവത്തിന് ലോകമെങ്ങും അനേകം രാജ്യങ്ങളിൽ ഉപയോഗിക്കാൻ കഴിയുമെന്നും അദ്ദേഹം പറയുമായിരുന്നു. എന്നാൽ 1975 ൽ കർത്താവ് എന്നോട് ആവശ്യപ്പെട്ടത്, ലോകവ്യാപകമായ ഒരു ക്രിസ്തീയ ശുശ്രൂഷയുടെ സ്ഥാനത്ത് ഒരു ധാന്യമണിപോലെ ദിവസവും നിലത്തുവീണ് മരിക്കാനാണ്. യേശുതന്റെ ഐഹിക ജീവിതകാലത്തു ചെയ്തതുപോലെ ഒരു കോതമ്പുമണിയായി നിലത്തു വീണുമരിക്കുന്നതാണ്-ആത്മീക വരമോ, ലോകമെമ്പാടുമുള്ള ശുശ്രൂഷയോ അല്ല-ഫലകരമായ ശുശ്രൂഷയുടെ രഹസ്യം എന്ന് അവിടുന്ന് എന്നെ കാണിച്ചു. (യോഹ.12:24).

**സമകാലികലോകത്തിന്റെയും ക്രൈസ്തവലോകത്തിന്റെയും** പ്രശസ്തി തേടിപ്പോകുന്നതിൽ നിന്നും പിന്തിരിയാൻ എന്നെക്കുറിച്ച് ദൈവം ആഗ്രഹിച്ചു. ഞാൻ അവിടുത്തെ ദാസനാണെന്ന് അപ്പോൾ മാത്രമേ കർത്താവിന് സാക്ഷ്യം നൽകാൻ കഴിയുമായിരുന്നുള്ളൂ. ദൈവകൃപയാൽ ഈ രണ്ട് ലോകങ്ങളിൽ നിന്നും അവിടുത്തെ ശബ്ദം അനുസരിച്ച് ഞാൻ സ്വതന്ത്രനായി.

നിരന്തരമായി ക്രൂശിന്റെ വഴി ഞാൻ തെരഞ്ഞെടുക്കുമെങ്കിൽ അവിടുത്തെ ശക്തിയും അഭിഷേകവും തുടർച്ചയായി എനിക്കു നൽകാം എന്ന ഉറപ്പ് കർത്താവ് എന്റെ ഉള്ളിൽ തന്നു. ഇതിന്റെയർത്ഥം എന്റെ സ്വന്തം തെരഞ്ഞെടുപ്പുകൾക്ക് മരിക്കുക, നല്ലതോ തീയതോ ആയ എന്നെപ്പറ്റിയുള്ള മനുഷ്യരുടെ അഭിപ്രായങ്ങൾക്കു മരിക്കുക, എന്റെ ശത്രുക്കളുടെ വിമർശനങ്ങളെ അവഗണിച്ച് അവരെ സ്നേഹിക്കുക, ഭൗതികമായ സുഖസൗകര്യങ്ങൾക്ക്

മരിക്കുക, എവിടെപ്പോകണം എവിടെ പ്രസംഗിക്കണം എന്നീകാര്യങ്ങളിലുള്ള വ്യക്തിപരമായ തെരഞ്ഞെടുപ്പുകൾക്ക് മരിക്കുക, എന്റെ സ്വന്ത വിവേകത്തിനു മരിച്ച് വെളിപ്പാടിനായും ആലോചനയ്ക്കായും കർത്താവിനെ മാത്രം ആശ്രയിക്കുക, എന്റെ കുടുംബാംഗങ്ങളോടോ, സഹപ്രവർത്തകരോടോ മുഖപക്ഷം കാണിക്കുവാനോ, ഒത്തുതീർപ്പുകാരനാകാനോ എന്നെ പ്രേരിപ്പിക്കുന്ന വിധം മനുഷ്യരോട് അടുപ്പം ഉണ്ടായിരിക്കുന്ന കാര്യത്തിൽ മരിക്കുക...ഇതൊക്കെയായിരുന്നു. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ എന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വയത്തിന് മരിച്ച് ദൈവാധിപത്യം അംഗീകരിക്കുവാനായി അവിടുന്ന് എന്നെ വിളിക്കുകയായിരുന്നു.

കർത്താവിന്റെ അന്ത്യകൽപ്പനയ്ക്കു രണ്ടു വശങ്ങൾ ഉണ്ടെന്നുള്ള കാര്യവും അവിടുന്ന് എന്നെ കാണിച്ചുതന്നു. മർക്കോസ് 16: 15 ൽ കാണുന്നതുപോലെ സകലജാതികളോടും സുവിശേഷം അറിയിക്കുക എന്നതാണ് ഒരുവശം. മത്തായി 28 ന്റെ 18 മുതൽ 20 വരെയുള്ള വാകൃങ്ങളിൽ കാണുന്നതുപോലെ യേശു കൽപ്പിച്ചതൊക്കെയും അനുസരിക്കുവാൻ പഠിപ്പിച്ചുകൊണ്ട് സകലജാതികളെയും ക്രിസ്തുശിഷ്യരാക്കുന്നതാണ് രണ്ടാമത്തെ വശം. ഈ രണ്ടാമത്തെ വശമാണ് ഇൻഡ്യയിൽ മിക്കവാറും എല്ലായിടത്തും അവഗണിക്കപ്പെട്ടിരിക്കുന്നതെന്നതിനാൽ ആ കാര്യത്തിനാണ് ഊന്നൽ കൊടുക്കേണ്ടതെന്നും കർത്താവ് എനിക്ക് വ്യക്തമാക്കിത്തന്നു.

തന്മൂലം 1975 ൽ ദൈവവചനം പഠിപ്പിക്കുവാനുള്ള ലോകമെമ്പാടുമുള്ള ശുശ്രൂഷയുടെ സ്ഥാനത്ത് ശിഷ്യന്മാരെ ഉണ്ടാക്കുകയും അവരെ പ്രാദേശിക സഭകളായി ഒരുക്കിയെടുക്കുകയും ചെയ്യുന്ന, അത്രയൊന്നും ആവേശകരമല്ലാത്ത, ശുശ്രൂഷ തുടങ്ങുവാൻ ഞാൻ തീരുമാനിച്ചു. കഴിഞ്ഞ മുപ്പതുവർഷങ്ങളായി മേൽപ്പറഞ്ഞ ശുശ്രൂഷയിൽ വ്യാപൃതനായിരുന്ന എനിക്ക് ഒരു കാര്യം ഉറപ്പായിപ്പറയാൻ സാധിക്കും. ഇത് വളരെയധികംസമർപ്പണം ആവശ്യമുള്ള ഒരു ശുശ്രൂഷ ആയിരിക്കുമ്പോൾ തന്നെ വളരെയധികം സംതൃപ്തിനൽകുന്ന ശുശ്രൂഷയുമാണ്. നിത്യതയിൽ നിലനിൽക്കുന്ന ഫലം ഉളവാക്കുന്ന ശുശ്രൂഷയാണത്. ലോകമെമ്പാടും ചുറ്റിസഞ്ചരിച്ച് ആളുകൾക്ക് ആത്മീയോപദേശങ്ങൾ നൽകുന്ന ഒരു വിദഗ്ധനായിരിക്കുക എളുപ്പമുള്ള കാര്യമാണ്. ക്രിസ്തുശിഷ്യരോടൊപ്പം ഒരു പിതാവിനെപ്പോലെ ക്ഷമയോടെ പ്രവർത്തിക്കയും അവരെ ആത്മീയ പക്വതയിലേക്ക് വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നത് തികച്ചും ശ്രമകരമായ കാര്യമാണ്. എന്നാൽ അന്തിമ വിശകലനത്തിൽ ആത്മീയകാര്യങ്ങളിൽ വിദഗ്ധനായിരിക്കുന്നതിനേക്കാൾ എത്രയധികം സംതൃപ്തിനൽകുന്ന കാര്യമാണ് ഒരു ആത്മികപിതാവായിരിക്കുക എന്നത്.

ലോകമെമ്പാടും അറിയപ്പെടുന്ന ഒരു ക്രിസ്തീയ പ്രസംഗകൻ എന്നതിനേക്കാൾ ക്രൂശിന്റെ വഴി ഞാൻ തെരഞ്ഞെടുത്തു എന്നതിൽ എനിക്ക് അശേഷം സങ്കടമില്ല. ◆

# 28

# പുതിയ സഭയുടെ ചില സവിശേഷതകൾ

**1975** ഓഗസ്റ്റ് മാസം എന്റെ ഭവനത്തിൽ ഞങ്ങൾ കൂടിവരാൻ തുടങ്ങിയപ്പോൾ ഒരു പുതിയ സഭ തുടങ്ങുവാൻ യാതൊരുവിധമായ ഉദ്ദേശ്യവും ഇല്ലായിരുന്നു. സഭകൾ സ്ഥാപിക്കുന്നത് അപ്പോസ്തൊലന്മാരുടെ ശുശ്രൂഷയാകയാൽ ഞാൻ ഇപ്രകാരം ഒരു ദൗത്യത്തിന് യോഗ്യനാണെന്ന് എനിക്ക് തോന്നിയിരുന്നില്ല. എന്നാൽ കാലം കഴിയുന്തോറും കൂടുതൽ കൂടുതൽ ആളുകൾ ഞങ്ങളോടൊപ്പം സഭാകൂടിവരവുകളിൽ സംബന്ധിക്കാൻ കടന്നുവന്നുകൊണ്ടിരുന്നതിനാൽ മീറ്റിംഗുകൾ തുടരാൻ ഞങ്ങൾ നിർബന്ധിതരാകുകയായിരുന്നു. തങ്ങൾ ആയിരിക്കുന്ന സഭയോടുള്ള മനംമടുപ്പുമൂലം ആരും ഞങ്ങളോടൊത്ത് ചേരാൻ ഞങ്ങൾ ഒരിക്കലും ആഗ്രഹിച്ചില്ല. കാരണം അത്തരക്കാർ അധികം താമസിയാതെ ഞങ്ങളെക്കുറിച്ചും മടുപ്പുള്ളവരായിത്തീരും! *'അദ്ധ്വാനിക്കയും ഭാരം ചുമക്കുകയും ചെയ്യുന്നവരെ'* മാത്രമല്ലേ യേശു തന്റെ അടുക്കൽ വരുവാൻ വിളിച്ചുള്ളൂ? *(മത്തായി 11:28).* മറ്റൊരു വിധത്തിൽ പറഞ്ഞാൽ *തങ്ങളുടെ പരാജയപ്പെട്ട ജീവിതത്തെക്കുറിച്ച് മനസ്സ് മടുത്തവരും ഉൽക്കടമായി ഒരു ജയജീവിതത്തിനായി വാഞ്ഛിക്കുന്നവരും* ആണ് യേശുവിന്റെ അടുക്കൽ വരേണ്ടത്. അങ്ങനെയുള്ളവർ മാത്രം ഞങ്ങളുടെ കൂട്ടത്തിൽ വരണം എന്നായിരുന്നു ഞങ്ങളുടെയും ആഗ്രഹം.

ഇൻഡ്യയിൽ അപ്പോൾ തന്നെ നൂറുകണക്കിന് സഭാവിഭാഗങ്ങൾ നിലനിൽക്കുമ്പോൾ ഞങ്ങളിലൂടെ പുതിയ ഒരു സഭാസംഘടന കെട്ടിപ്പടുക്കാൻ ദൈവത്തിന് താത്പര്യമില്ല എന്നത് വ്യക്തമായിരുന്നു. നവീകരണ പ്രസ്ഥാനത്തിനുശേഷം കർത്താവ് തുടക്കം ഇട്ട ഓരോ ആത്മീയ മുന്നേറ്റങ്ങളും ചുറ്റുപാടുമുള്ള ക്രിസ്തീയവിഭാഗങ്ങൾക്ക് ഊന്നൽ നൽകുന്നതിനുവേണ്ടി ആയിരുന്നു. അല്ലാത്തപക്ഷം പുതിയ ഒരു ആത്മീയ മുന്നേറ്റത്തിന് കർത്താവ് ഒരിക്കലും പ്രേരണ നൽകുകയില്ല.

കർത്താവ് ഒരു പുതിയ സഭ ഞങ്ങളുടെ മദ്ധ്യത്തിൽ തുടങ്ങുകയായിരുന്നു. ഞങ്ങളിലൂടെ പുതിയനിയമസഭയുടെ ഏതൊക്കെ സ്വഭാവങ്ങൾക്ക് ഊന്നൽ നൽകാൻ അവിടുന്ന് ആഗ്രഹിക്കുന്നുണ്ടാവും എന്ന ചിന്തയായി

രുന്നു ഞങ്ങളെ ഭരിച്ചിരുന്നത്. മറ്റുള്ളവരെക്കാൾ ഞങ്ങൾ ഒരിക്കലും കൂടുതൽ ആത്മീയരല്ലായിരുന്നു. ഞങ്ങൾ എല്ലാവരും കൃപയാൽ രക്ഷപെട്ട പാപികളായിരുന്നതിനാൽ ജീവിതത്തിലെ പലമേഖലകളിലുള്ള അപൂർണ്ണത ഞങ്ങൾക്ക് ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ പുതിയനിയമത്തിന്റെ പഠിപ്പിക്കൽ, പ്രായോഗിക ജീവിതം, എന്നിവയിൽ നിന്നും ചുറ്റുമുള്ള പല സഭകളും വളരെ വ്യതിചലിച്ചിരുന്നതിനാൽ അവരോട് പലമേഖലകളിലും ഞങ്ങൾക്ക് യോജിക്കാൻ പ്രയാസമായിരുന്നു. ഞങ്ങൾ ഒരുമിച്ച് സഭയായി കൂടിവരവേ ഇങ്ങനെ വിയോജിപ്പുള്ള മേഖലകൾ ഞങ്ങൾക്ക് കൂടുതൽ വ്യക്തമായിത്തീരുകയായിരുന്നു. അവയിൽ ചിലത് താഴെപ്പറയുന്നവയാണ്:-

**1. ജലസ്നാനം**-ത്രീയേകദൈവത്തിന്റെ നാമത്തിൽ ക്രിസ്തീയ വിശ്വാസികൾക്ക് ഞങ്ങൾ ജലത്തിൽ മുഴുകൽ സ്നാനം നൽകിവന്നു. ശിശുസ്നാനം നടത്തുന്ന ക്രിസ്തീയ സഭാ വിഭാഗങ്ങളിൽ നിന്നും ഈ കാര്യത്തിൽ ഞങ്ങൾ വ്യത്യസ്തരായിരുന്നു.

**2. പരിശുദ്ധാത്മസ്നാനം**-പരിശുദ്ധാത്മസ്നാനത്തിലും പരിശുദ്ധാത്മാവിന്റെ എല്ലാവരങ്ങളിലും ഞങ്ങൾ വിശ്വസിച്ചിരുന്നു. അങ്ങനെ ഞങ്ങൾ ബ്രദറൻ, ബാപ്റ്റിസ്റ്റ് സമൂഹങ്ങളിൽ നിന്നും വ്യത്യസ്തരായി. അതേസമയം അന്യഭാഷയിൽ സംസാരിക്കുന്നതല്ല ദൈവശക്തി പ്രാപിക്കുന്നതാണ് ആത്മസ്നാനത്തിന്റെ തെളിവ് എന്ന് ഞങ്ങൾ വിശ്വസിച്ചു. *(അപ്പോപ്രവർത്തികൾ 1:8, 10:38 നോക്കുക).* അങ്ങനെ ഞങ്ങൾ പെന്തെക്കോസ്തു, കാരിസ്മാറ്റിക് സഭകളിൽ നിന്നും വ്യത്യസ്തരായിരുന്നു.

**3. ശിഷ്യത്വം**-നമ്മുടെ കർത്താവ് ശിഷ്യന്മാരെ ഉണ്ടാക്കുവാനാണ് ആജ്ഞാപിച്ചിരിക്കുന്നത് *(മത്താ 28:19).* ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് ലൂക്കോസ് 14 ന്റെ 26,27,33 എന്നീവചനങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. തന്മൂലം ശിഷ്യത്വത്തിന് വേണ്ടത്ര ഊന്നൽ കൊടുക്കാതെ സുവിശേഷീകരണം മാത്രം ലക്ഷ്യം വയ്ക്കുന്ന മിക്ക സഭകളിൽ നിന്നും ഞങ്ങൾ വ്യത്യസ്തരായിരുന്നു.

**4. പാസ്റ്റേഴ്സ് (ഇടയന്മാർ).** എഫെസ്യർ 4 ന്റെ 11 ൽ പറഞ്ഞിരിക്കും വണ്ണം *'ഇടയന്മാർ'* എന്നത് സഭയ്ക്കുള്ള ദൈവത്തിന്റെ ദാനമാണ്. ഒരു ഔദ്യോഗികസ്ഥാനമല്ല എന്ന് ഞങ്ങൾ ഗ്രഹിച്ചു. പുതിയനിയമസഭകളെ നയിക്കേണ്ടത് ഇടയനായ ഒരാളല്ല *"മൂപ്പന്മാരാണ്"* എന്നാണ് പുതിയ നിയമം പഠിപ്പിക്കുന്നത്. *(തീത്തോ.1:5).* ഓരോ സഭയിലും കുറഞ്ഞത് രണ്ട് മൂപ്പന്മാർ എങ്കിലും ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. നേതൃത്വത്തിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്താനും ഏകാധിപത്യപ്രവണത ഒഴിവാക്കാനും ഇത് ആവശ്യമാണ്. ഈ ബോദ്ധ്യം മിക്കവാറും എല്ലാ സഭകളിൽ നിന്നും ഞങ്ങളെ വ്യത്യസ്തരാക്കി.

**5. പണം**-ദൈവത്തിന് എതിരേ നിൽക്കുന്ന മറ്റൊരു യജമാനനായി യേശു പണത്തെ ചിത്രീകരിക്കാൻ തക്കവണ്ണം വലിയശക്തി പണത്തിനുണ്ട് *(ലൂക്കോ*

*16:13).* ദൈവഭയമില്ലാത്ത സാമ്പത്തിക ഇടപാടുകളിലൂടെ ഇൻഡ്യയിലെ ക്രിസ്തീയ പ്രവർത്തനങ്ങൾക്ക് ദുഷ്പേര് ഉണ്ടായിട്ടുള്ളതിനാൽ ഈ മേഖലയിൽ ഒരു നല്ല സാക്ഷ്യം ഞങ്ങൾക്ക് ഉണ്ടായിരിക്കണം എന്ന് ഞങ്ങൾക്ക് നിർബന്ധമായിരുന്നു. പ്രസംഗകരും പാസ്റ്റർമാരും അയയ്ക്കുന്ന റിപ്പോർട്ടുകളിലൂടെയും പ്രാർത്ഥനാകത്തുകളിലൂടെയും പണത്തിനായി യാചിക്കുന്ന ദുരവസ്ഥ ഞങ്ങളെ വേദനിപ്പിച്ചു. യേശുവും അപ്പോസ്തലന്മാരും അവരുടെ സഹപ്രവർത്തകരോടല്ലാതെ അവരുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പങ്കുവച്ചില്ല. തങ്ങൾക്കായിട്ടോ ശുശ്രൂഷക്കായിട്ടോ ഒരിക്കലും അവർ സാമ്പത്തിക സഹായം അഭ്യർത്ഥിച്ചില്ല. മറിച്ച് അവരുടെ വേലയ്ക്ക് ആവശ്യമായ പണം നൽകുവാൻ മനുഷ്യഹൃദയങ്ങളേ പ്രേരിപ്പിക്കാൻ ശക്തനായ സ്വർഗ്ഗീയ പിതാവിനെ അവർ വിശ്വസിച്ചു. അവ്വണ്ണം ഞങ്ങളുടെ സ്വർഗ്ഗീയപിതാവിനെ വിശ്വസിക്കാൻ ഞങ്ങൾക്കും കഴിഞ്ഞു. അതുകൊണ്ട് ഞങ്ങളുടെ സഭയാകുന്ന കുടുംബാംഗങ്ങളോടല്ലാതെ കർത്താവിന്റെ വേലയുടെ വിവരങ്ങൾ ഞങ്ങൾ അറിയിക്കയില്ല എന്ന് തീരുമാനിച്ചു. ഒരിക്കലും ആരോടും പണം ചോദിക്കയില്ല എന്നും തീരുമാനിച്ചു. സഭയുടെ ഒരു മീറ്റിംഗിൽ പോലും സ്തോത്രകാഴ്ച എടുക്കയില്ലെന്ന് തീരുമാനിച്ച് മനപൂർവ്വദാനങ്ങൾ നൽകാനായി ഒരു സ്തോത്രകാഴ്ചപ്പെട്ടിമാത്രം മീറ്റിംഗ് ഹാളിൽ സ്ഥാപിച്ചു. ദൈവത്തിനായി നൽകുന്നതെല്ലാം രഹസ്യത്തിലായിരിക്കണം എന്ന് കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ? *(മത്താ.6:1-4). അങ്ങനെ ഞങ്ങളുടെ സാമ്പത്തികനയം അടിസ്ഥാനപരമായി ഇൻഡ്യയിലുള്ള മറ്റെല്ലാ സഭകളിൽ നിന്നും വ്യത്യസ്തമായിരുന്നു.*

**6. സ്വയംപര്യാപ്തത**. തൊഴിലില്ലാത്ത ഒരാളെ തന്റെ വേലയ്ക്കായി കർത്താവ് ഒരിക്കലും വിളിച്ചില്ല. എന്നാൽ ഇൻഡ്യയിലെ ക്രിസ്തീയ വേലക്കാരിൽ മിക്കവരും ഒരിക്കൽ പോലും ഒരു തൊഴിൽ ചെയ്തിട്ടുള്ളവരല്ല എന്നതാണ് സത്യം. ദൈവത്തിന്റെ വിളിയായിട്ടല്ല, മറിച്ച് ഉപജീവനത്തിനുള്ള മാർഗ്ഗമായി അവർ ക്രിസ്തീയവേലയെ കാണുന്നു. പാശ്ചാത്യക്രിസ്തീയസംഘടനകളിൽ ചേർന്ന പലരും ലോകപ്രകാരമുള്ള ഒരു ജോലി ചെയ്തിരുന്നെങ്കിൽ ലഭിക്കുമായിരുന്നതിന്റെ പത്തിരട്ടി പ്രതിഫലം പറ്റുന്നവരാണ്. *വമ്പിച്ച ലാഭം കൊയ്യുന്ന ഒരു ബിസ്സിനസ്സാണ് അവർക്ക് ക്രിസ്തീയവേല.* തന്റെ കാലഘട്ടത്തിലെ മറ്റ് ക്രിസ്തീയവേലക്കാരിൽ നിന്നും വ്യത്യസ്തനായിരിക്കാൻ ആഗ്രഹിച്ച പൗലോസ് സ്വന്തം കൈകൊണ്ട് അദ്ധ്വാനിച്ച് തന്റെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നതായി നാം കാണുന്നു. *(2 കൊരി.11:12).* സഭയിലെ വിശ്വാസികൾ പൂർണ്ണസമയവും കർത്താവിനെ ശുശ്രൂഷിക്കുന്ന മൂപ്പന്മാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ യാതൊരു തെറ്റുമില്ല. എന്നാൽ ഇൻഡ്യയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഞങ്ങളുടെ ഇടയിലുള്ള മൂപ്പന്മാർ പൗലോസിനെപ്പോലെ സ്വയം പര്യാപ്തരായിരിക്കേണം എന്ന് ഞങ്ങൾക്ക് തോന്നി. അങ്ങനെ അനുകരണീയമായ മാതൃകകളായിരിക്കാൻ അവർക്ക് കഴിയും. ഈ മേഖലയിലും ഇൻഡ്യയിലെ മിക്കവാറും എല്ലാ സഭ

കളുടെയും വീക്ഷണത്തിൽ നിന്നും വ്യത്യസ്തകാഴ്ചപ്പാടായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്.

**7. പാശ്ചാത്യരാജ്യങ്ങളെ ആശ്രയിക്കൽ.** ഇൻഡ്യയിലെ മിക്കസഭകളും പാശ്ചാത്യരാജ്യങ്ങളിലെ ക്രിസ്ത്യാനികളെ ശുശ്രൂഷയിലും പണത്തിലും ആശ്രയിച്ചു കഴിയുന്നവയാണ്. ഇൻഡ്യയിലെ അക്രൈസ്തവരുടെ മുമ്പാകെ ഇത് മോശമായ ഒരു സാക്ഷ്യമായി ഞങ്ങൾക്കു തോന്നി. പല ഇൻഡ്യാക്കാരായ പ്രസംഗകരും അന്ധമായി അമേരിക്കൻ രീതി അനുകരിക്കുകയും ചോദ്യംചെയ്യാതെ അമേരിക്കൻ വേദശാസ്ത്രം അംഗീകരിക്കുകയും ചെയ്യുന്നു. അതിനാൽ ഒരു വിദേശസംഘടനകളോടും *ബന്ധമില്ലാതെ* തുടരുവാനും, പണത്തിനോ ശുശ്രൂഷയ്ക്കോ വിദേശാശ്രയം ഒഴിവാക്കാനും ഞങ്ങൾ തീരുമാനിച്ചു. ഇൻഡ്യാക്കാരായ ആത്മികനേതാക്കന്മാർ നയിക്കുന്ന തികച്ചും ഭാരതീയമായ ഒരു ശുശ്രൂഷയിൽ ആയിരിക്കുമ്പോൾ തന്നെ എല്ലാ രാജ്യങ്ങളിലും ഉള്ള ക്രിസ്തീയ വിശ്വാസികളെ കൈക്കൊള്ളാനും ഞങ്ങൾക്ക് പ്രയാസം ഉണ്ടായില്ല. മിക്ക ഭാരതീയസഭകളിൽ നിന്നും ഈ കാര്യം ഞങ്ങളെ വ്യത്യസ്തരാക്കി.

ഇൻഡ്യയിൽ ഒരു പുതിയ സഭ തുടങ്ങുവാൻ മേൽപ്പറഞ്ഞ കാര്യങ്ങൾ ദൈവത്തിന്റെ പദ്ധതിയിലുണ്ടായിരുന്നു. ഇത്തരം ഒരു സാക്ഷ്യം നമ്മുടെ രാജ്യത്ത് ആവശ്യമായിരുന്നു എന്ന് ഞങ്ങൾ കണ്ടു. അതിനാൽ ദൈവഹിതത്തിന് സമർപ്പിതരായി അവിടുത്തെ ഇഷ്ടം പോലെ ഞങ്ങളിലൂടെ പ്രവർത്തിക്കാൻ വിട്ടുകൊടുത്തു. മിക്ക സഭകൾക്കും *തുടക്കത്തിൽ* ഉൽകൃഷ്ടമായ ആദർശങ്ങൾ ഉണ്ടാകും. എന്നാൽ കാലപ്പഴക്കത്തിൽ ഈ ആദർശങ്ങൾ പരിരക്ഷിക്കപ്പെടുന്നോ എന്ന് ശോധന ചെയ്യപ്പെടും. ചില പതിറ്റാണ്ടുകൾക്കു ശേഷം കാര്യങ്ങൾ എങ്ങനെയിരിക്കുന്നു? മുപ്പതിൽപ്പരംവർഷങ്ങൾക്കുശേഷം തിരിഞ്ഞുനോക്കുമ്പോൾ പല മേഖലകളിലും കുറവുള്ളവരാണ് എന്ന സത്യം ഞങ്ങൾ കാണുന്നു. എന്നാൽ മുകളിൽ പറഞ്ഞ *ഏഴു* മേഖലകളിൽ ഒത്തുതീർപ്പിന് സമ്മതിക്കാതെ നിലകൊള്ളുവാൻ ഞങ്ങളെ സഹായിച്ച ദൈവത്തിന് നന്ദി പറയുന്നു. സകല മഹത്വവും അവിടുത്തേ നാമത്തിന് മാത്രം ഇരിക്കട്ടെ!

◆

# 29

# സാത്താന്റെ മേൽ അധികാരം

**യേ**ശു പരീശന്മാരോട് ഇപ്രകാരം പറഞ്ഞു:**"ദൈവാത്മാവിനാൽ** ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ **ദൈവരാജ്യം** നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം". (മത്താ.12:28).

ദൈവാത്മാവിന്റെ ശക്തിയാൽ യേശു ഭൂതങ്ങളെ പുറത്താക്കിയ ആ നിമിഷത്തിൽ അവിടെ ദൈവരാജ്യം സമാഗതമാകുകയായിരുന്നു. ഈ വിഷയത്തെപ്പറ്റി പത്രോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക:"നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതിനാൽ അവൻ പിശാചു ബാധിച്ചവരെയൊക്കെയും സൗഖ്യമാക്കി..."(പ്രവൃത്തി. 10:38). നസറേത്തിൽ മുപ്പതുവർഷം പരിപൂർണ്ണവിശുദ്ധിയുള്ള ജീവിതം നയിച്ചവനായിരുന്നു യേശു. എന്നാൽ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചതിനുശേഷവും സ്നാനത്തിനു ശേഷവുമാണ് അവിടുന്ന് സാത്താനുമായി നേരിട്ടുള്ള ഏറ്റുമുട്ടൽ നടത്തിയത്. (മത്താ.4:1-10). അപ്പോഴാണ് ഭൂതബാധയിൽ നിന്നും ജനങ്ങളെ വിടുവിച്ചത് എന്ന കാര്യം ശ്രദ്ധേയമാണ്.

ബാംഗ്ലൂരിൽ പുതിയ സഭയെന്ന നിലയിൽ ദൈവരാജ്യത്തിന്റെ ഒരു ചെറുപതിപ്പായിരിക്കാനാണ് കർത്താവ് ഞങ്ങളെ വിളിച്ചിരിക്കുന്നതെന്ന് ഞങ്ങൾ കണ്ടു. പിശാചിന്റെ രാജ്യവുമായി നേരിട്ടുള്ള സംഘർഷത്തിലേക്ക് ഇത് ഞങ്ങളെ ആനയിക്കും എന്ന കാര്യം സ്പഷ്ടമായിരുന്നു. ഭൂമിയിലുള്ള ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ സഭയുടെ തലയായ യേശുവിനുണ്ടായിരുന്ന അതേ അധികാരം കൈയാളുവാനാണ് ഞങ്ങളെ വിളിച്ചിരിക്കുന്നത് എന്ന് വ്യക്തമായിരുന്നു. കർത്താവായ യേശുവിനെപ്പോലെ പരിശുദ്ധാത്മശക്തിയാൽ മാത്രമേ അത് ഞങ്ങൾക്ക് കഴിയുകയുള്ളൂ എന്നും സ്പഷ്ടമായിരുന്നു. പ്രാർത്ഥനയാൽ പിശാചിന്റെ പ്രവർത്തനങ്ങളെ ബന്ധിക്കുന്ന കാര്യത്തിലോ ഭൂതങ്ങളെ പുറത്താക്കുന്ന കാര്യത്തിലോ സഭയിൽ ഞങ്ങളിൽ ആർക്കും തന്നെ അനുഭവജ്ഞാനം ഇല്ലായിരുന്നു. ഭൂതബാധിതരായ മനുഷ്യരെ അനുതപിക്കാൻ പ്രബോധിപ്പിക്കുകയോ, കൗൺസലിംഗ് നടത്തുകയോ ചെയ്യുന്നതുകൊണ്ട് പ്രയോജനമില്ല. അവരെ കീഴടക്കിയിരിക്കുന്ന ദുഷ്ടാത്മാക്കളിൽ നിന്നുമുള്ള വിടുതലാണ് അത്തരക്കാരുടെ ആവശ്യം!!

നമ്മുടെ മാനുഷികമായ ഇന്ദ്രിയങ്ങൾകൊണ്ട് തിരിച്ചറിയാൻ കഴിയാത്ത ഒരാത്മലോകം നമുക്കുചുറ്റുമുണ്ട്. ഈ ആത്മാക്കളുടെ പ്രവർത്തനമേഖല

കളെ സ്പർശിക്കാൻ മാത്രമേ നമുക്കു കഴിയൂ. ഞാൻ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നതിനുമുമ്പ് ഭൂതബാധിതനായ ഒരുവനെ കണ്ടാൽ എന്തുചെയ്യണം എന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. എന്നാൽ പരിശുദ്ധാത്മാസ്നാനം ഈ ആത്മാക്കളുടെ മണ്ഡലത്തെക്കുറിച്ച് എന്നെ ബോധവാനാക്കി. എല്ലാ മനുഷ്യർക്കും സാത്താനെ പേടിയാണ്. കർത്താവ് എന്നെ തുടക്കത്തിലേ കാണിക്കാൻ തുടങ്ങിയ കാര്യം കാൽവറിക്രൂശിൽ സാത്താൻ തോൽപ്പിക്കപ്പെടുകയും അവന്റെ സർവ്വായുധവർഗ്ഗവും നീക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നുള്ളതാണ്. (കൊലോ.2:15, എബ്രാ.2:14).ഒരു വ്യക്തിയുടെ ശുദ്ധീകരണത്തിനായി ദൈവം അനുവദിക്കുമ്പോൾ മാത്രമല്ലാതെ യാതൊരു മേഖലയിലും സാത്താന് ഒരു ദൈവ പൈതലിനെ തൊടുവാൻ കഴികയില്ല. "ശത്രുവിന്റെ സകലബലത്തേയും ചവിട്ടുവാനുള്ള അധികാരം" കർത്താവ് തന്റെ മക്കൾക്ക് നൽകിയിരിക്കുന്നു എന്ന സത്യവും അവിടുന്ന് എന്നെ കാണിച്ചു. (ലൂക്കോ.10:19)

സാത്താനെതിരേ എന്നെ ധൈര്യപ്പെടുത്തുവാൻ സാത്താനോടുള്ള പോരാട്ടങ്ങളെപ്പറ്റിയുള്ള സ്വപ്നങ്ങൾ കർത്താവ് രാത്രികാലങ്ങളിൽ എനിക്ക് നൽകാൻ തുടങ്ങി. അപ്പോ.പ്രവൃത്തികൾ 2 ന്റെ 17 ൽ വായിക്കുന്നതുപോലെ ചിലപ്പോൾ സ്വപ്നങ്ങളിലൂടെ ദൈവം നമ്മോട് സംസാരിക്കാറുണ്ട്. "സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും....നിങ്ങളുടെ യൗവനക്കാർ **ദർശനങ്ങളെ**കാണും, നിങ്ങളുടെ വൃദ്ധന്മാർ **സ്വപ്നങ്ങളെ** കാണും." പുതിയനിയമത്തിന്റെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ തന്നെ ദൈവം തന്റെ ജനത്തെ സ്വപ്നങ്ങളിലൂടെ നടത്തിയ അഞ്ച് സംഭവങ്ങൾ കാണാൻ കഴിയും. നമ്മുടെ എല്ലാ സ്വപ്നങ്ങളും ദൈവത്തിൽ നിന്നല്ല. പല സ്വപ്നങ്ങളും അർത്ഥശൂന്യമാണ്. വൈകിട്ട് അമിത ഭക്ഷണം കഴിച്ചതുമൂലമാകാം ചില സ്വപ്നങ്ങൾ!! എന്നാൽ ചില സ്വപ്നങ്ങൾ ദൈവത്തിൽ നിന്നാകാം. നമ്മെ ഉത്സാഹിപ്പിക്കയും ആത്മാവിൽ ബലപ്പെടുത്തുകയും ചെയ്യുന്നെങ്കിൽ ആ സ്വപ്നം ദൈവത്തിൽ നിന്നാണെന്ന് ഗ്രഹിക്കാം.

ഒരു രാത്രിയോഗത്തിൽ ഹൃദയത്തിൽനിന്നും ഉത്സാഹത്തോടെ ദൈവവചനം സംസാരിച്ചശേഷം ഞാൻ തനിയെ എന്റെ മുറിയിലേക്ക് നടന്നുവരുന്ന രംഗം ഒരു സ്വപ്നത്തിൽ കാണുകയുണ്ടായി. "ആ പ്രസംഗം ശരിയായില്ല. നിനക്ക് കുറേക്കൂടി നന്നായി ദൈവവചനം പ്രസംഗിക്കാമായിരുന്നു" എന്ന് ഒരു ശബ്ദം പിറകിൽ നിന്ന് ഞാൻ കേട്ടു. എന്റെ കഴിവിന്റെ പരമാവധി ആത്മാർത്ഥതയോടെ ഞാൻ അന്നും രാത്രി ചെയ്തു എന്നായിരുന്നു എന്റെ ചിന്ത. ഒരു പക്ഷേ കർത്താവിന് തൃപ്തിയായിട്ടുണ്ടാവില്ല. എന്നാൽ ആ വാക്കുകൾ എന്നെ തികച്ചും നിരുത്സാഹപ്പെടുത്തി. സ്വപ്നത്തിൽ ഞാൻ കർത്താവിനോട് ചോദിച്ചു "കർത്താവേ, അങ്ങ് മുഖാമുഖം എന്നോട് സംസാരിക്കുമ്പോൾ ഞാൻ എപ്പോഴും ഉത്സാഹംപ്രാപിക്കാറുണ്ട്. എന്നാൽ പിന്നിൽ നിന്ന് സംസാരിക്കുമ്പോൾ എപ്പോഴും ഞാൻ നിരാശയുള്ളവനാകുന്നതെന്തുകൊണ്ട്?" കർത്താവ് പ്രതിവചിച്ചു:"ആരാണ് നിന്നോട് സംസാരിക്കുന്നതെന്ന് തിരിഞ്ഞു നോക്കുക." ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ പിശാചാണ്

എന്നോടു നിരുത്സാഹത്തിന്റെ വാക്കുകൾ സംസാരിച്ചതെന്ന് മനസ്സിലായി. ഞാൻ സാത്താനെ തിരിച്ചറിഞ്ഞ നിമിഷം അവൻ അപ്രത്യക്ഷനായി.

ഉറക്കം ഉണർന്ന ഞാൻ അന്ന് വിലപ്പെട്ട ഒരു പാഠം പഠിച്ചു. കർത്താവ് ആരോടും **''അതുവേണ്ടത്ര ശരിയായില്ല''** എന്ന് പറകയില്ല. ഭൂമിയിൽ ആയിരുന്നപ്പോൾ യേശു ആരോടും അവ്വണ്ണം പറഞ്ഞില്ല; ഇപ്പോൾ സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോഴും അവിടുന്ന് അങ്ങനെ പറകയില്ല. നമ്മെ നിരുത്സാഹപ്പെടുത്താനായി സാത്താനാണ് എപ്പോഴും അത്തരം വാക്കുകൾ പറയുന്നത്. കർത്താവ് നേരേ മറിച്ച് നമ്മുടെ ഏറ്റവും ബലഹീനമായ ശ്രമങ്ങളേപ്പോലും അഭിനന്ദിക്കുന്നവനാണ്. എന്നാൽ നമ്മുടെ പ്രകടനം മെച്ചപ്പെടുത്തണം എന്ന മട്ടിലുള്ള ശബ്ദം നമ്മെ വെല്ലുവിളിക്കാനായി കർത്താവു പറയുന്നതാണെന്ന് നാം ചിന്തിച്ചുപോകുന്നു. പിശാച് ആ വാക്കുകൾക്ക് പിമ്പിൽ ഉണ്ടെന്ന് അറിയാതെ നാം നിരുൽസുകരായിത്തീരുന്നു. നാം എത്രമാത്രം പരിശ്രമിച്ചാലും കർത്താവിനെ തൃപ്തിപ്പെടുത്താൻ കഴികയില്ലെന്ന് ചിന്തിച്ച് നാം നിരാശപ്പെടുന്നു. സാത്താന്റെ ഭോഷ്ക്കുകളിൽ ഒന്നാണിത്. വെളിച്ചദൂതന്റെ വേഷം കെട്ടാൻ സാത്താൻ വിരുതനാണ്! (2 കൊരി.11:14). ഞാൻ ദൈവവചനം പ്രസംഗിക്കുമ്പോഴൊക്കെ സാത്താന്റെ ഈ തന്ത്രത്തെ തുറന്നുകാണിക്കാൻ കർത്താവ് എന്നോട് ആവശ്യപ്പെട്ടു. ഞാൻ ഈ കാലമത്രയും ആ വാക്കുകൾ അനുസരിക്കാൻ ഉത്സാഹിച്ചുവരുന്നു. യേശു ക്രിസ്തുതങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന് വിശ്വസിക്കുന്ന അനേക വിശ്വാസികളും, സാത്താൻ കാൽവറിയിലെ അതേ ക്രൂശിൽ സമ്പൂർണ്ണമായി തോല്പിക്കപ്പെട്ടുവെന്ന കാര്യം കൂടെ അറിയാത്തവരാണ്. അതുകൊണ്ടാണ് സാത്താനെ ഭയപ്പെടുന്നവരായി മിക്കപ്പോഴും അവർ നിരാശാഭരിതരായിരിക്കുന്നത്.

എല്ലാ **നിരുത്സാഹവും** സ്വയം കുറ്റപ്പെടുത്തലും **സാത്താനിൽ നിന്നു** മാത്രമാണ് വരുന്നത്. നമ്മെ നിരുത്സാഹപ്പെടുത്തുന്ന ഒരു കാര്യവും നമ്മുടെ സ്വർഗ്ഗീയപിതാവ് ഒരിക്കലും പറകയില്ല. അവിടുന്ന് 'സ്ഥിരതയും ആശ്വാസവും (ഉത്സാഹവും) തരുന്ന ദൈവമത്രേ. (റോമർ 15:5). അതുപോലെ തന്നെ നമ്മുടെ സകല കഷ്ടങ്ങളിലും നമുക്ക് ആശ്വാസം നൽകുന്ന പിതാവാണ് ദൈവം. (2 കൊരി.1:3,4).

അനേക വർഷങ്ങൾ ഞാൻ ധൈര്യക്ഷയത്തിന് അടിമയായിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ ജയത്തെപ്പറ്റിയും, പിശാചിന്റെ മേലുള്ള നമ്മുടെ അധികാരത്തെപ്പറ്റിയും ദൈവം നൽകിയ വെളിപ്പാടിനോടൊപ്പം, പരിശുദ്ധാത്മനിറവും എന്നെ എല്ലാ ധൈര്യക്ഷയത്തിൽ നിന്നും നിരാശതയിൽ നിന്നും സമ്പൂർണ്ണമായി വിടുവിച്ചു.

വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാണ് യേശു (എബ്രാ.12:2). അവിടുന്ന് ഒരിക്കലും നിരാശനോ, ധൈര്യക്ഷയം ഉള്ളവനോ ആയിരുന്നില്ല. അവിടുന്ന് സാത്താനെ തോൽപ്പിച്ചതിനാൽ നമുക്ക് ഭൂമിയിൽ യേശു നടന്നതുപോലെ-എല്ലാ നിരുത്സാഹത്തിൽ നിന്നും സ്വതന്ത്രരായി-നടക്കാൻ കഴിയും ! (1 യോഹ.1:7). ഹല്ലേലുയ്യാ!! ◆

# 30

# സർക്കാരിൽ സ്വാധീനം ചെലുത്തൽ

**യേ**ശുക്രിസ്തുവിന്റെ സഭ ഓരോ രാജ്യത്തും ദൈവത്തിന്റെ സ്ഥാനപതിയാണ്. അതുകൊണ്ടാണ് ഭരണാധികാരികൾക്കും അധികാരസ്ഥാനങ്ങളിലുള്ള എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത് നാം ദൈവഭക്തിയുള്ളവരായി സമാധാനവും സ്വസ്ഥതയും ഉള്ള ഒരു ജീവിതം നയിക്കാൻ ഇടയാകേണ്ടതിനായിട്ടാണ് അധികാരികൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം കല്പിച്ചിരിക്കുന്നത്. (1തിമോ.2:1). എന്റെ ഭവനത്തിൽ ഞങ്ങൾ സഭയായി കൂടിവരാൻ തുടങ്ങിയപ്പോൾ പുതിയ നിയമസഭ എന്ന നിലയിൽ ഞങ്ങളുടെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്വമായി ഇത് ഞങ്ങൾ മനസ്സിലാക്കി. ഭാരതത്തിൽ ദൈവം ഞങ്ങളെ ആക്കിയിരിക്കുന്നത് ഈ രാജ്യത്തിന്റെ സർക്കാരിനേയും, ഞങ്ങളുടെ പട്ടണത്തെയും പ്രാർത്ഥനയിലൂടെ നന്മയ്ക്കായി സ്വാധീനിക്കുവാനാണ് എന്ന ബോദ്ധ്യം ഞങ്ങൾക്കുണ്ടായിരുന്നു.

പ്രാർത്ഥിക്കാനായി ഒരു വലിയ ആൾക്കൂട്ടത്തെയല്ല പ്രത്യുത നിർമ്മലമായ മനസ്സാക്ഷി സൂക്ഷിക്കുന്നവരും ആത്മാവിൽ ഐക്യപ്പെട്ടവരുമായ ചുരുക്കം പേരെയാണ് ദൈവം അന്വേഷിക്കുന്നത് എന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. (സങ്കീ.66:18, മത്താ. 18:18–20). ഞങ്ങൾ ചെറിയ ഒരു കൂട്ടമായിരുന്നു, ആത്മാർത്ഥമായും ഒരു വിശുദ്ധ ജീവിതം ആഗ്രഹിച്ചിരുന്ന ഐക്യമുള്ള ഒരു കൂട്ടം. ദൈവം രാജ്യത്തിന്റെയും ഞങ്ങളുടെ പട്ടണത്തിന്റേയും കാര്യങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ ഞങ്ങളെ ഉപയോഗിച്ചിട്ടുണ്ട്. അവയിൽ ചിലത് താഴെ വിവരിക്കുന്നു:

**ഒന്ന്:** ഞാൻ വടക്കേ ഇൻഡ്യയിലായിരുന്നപ്പോൾ ഒരു രാത്രി രണ്ടുമണിക്ക് പെട്ടെന്ന് ഉറക്കത്തിൽ നിന്ന് ഉണർന്ന് ഒരു ദർശനം കണ്ടു. ഒരു പക്ഷേ എന്റെ ജീവിതത്തിൽ ഞാൻ കണ്ട ഏക ദർശനവും ഇതായിരിക്കാം. (രാത്രിയിൽ നാം കാണുന്നത് ദർശനമാണോ സ്വപ്നമാണോ എന്ന് തിരിച്ചറിയുക പലപ്പോഴും ബുദ്ധിമുട്ടാണ്). ദർശനത്തിൽ ഞാൻ ഇൻഡ്യൻ ഭരണകൂടത്തിലെ ഒരു മുതിർന്ന ക്യാബിനറ്റ് മന്ത്രിയുടെ മുഖം വ്യക്തമായി കണ്ടു. അതിനു

ശേഷം ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി ആളുകളുടെ മുഖങ്ങളും ഞാൻ കാണുകയുണ്ടായി. അതോടൊപ്പം "ഈ ജനങ്ങളെ വിടുവിക്കുവാനുള്ള ശക്തി സഭയിലാണ് നിക്ഷിപ്തിമായിരിക്കുന്നത്" എന്നൊരു ശബ്ദവും കേട്ടു.

ഈ ദർശനത്തിന്റെ അർത്ഥം എനിക്ക് മനസ്സിലായില്ല എങ്കിലും അത് കർത്താവിൽ നിന്നുള്ളതാണെന്ന് ഉറപ്പായിരുന്നു. അതിനാൽ ഞാൻ അന്യ ഭാഷകളിൽ പ്രാർത്ഥിക്കുവാൻ തുടങ്ങി. ഞാൻ ബാംഗ്ലൂരിൽ മടങ്ങിയെത്തിയപ്പോൾ സഭയിലെ സഹ വിശ്വാസകളോടു ഈ ദർശനം വിവരിക്കുകയും അവരും എന്നോടൊപ്പം പ്രാർത്ഥിക്കാൻ തുടങ്ങുകയും ചെയ്തു. എന്താണ് പ്രാർത്ഥിക്കേണ്ടത് എന്നറിയാഞ്ഞതിനാൽ ഞാൻ അന്യഭാഷകളിൽതന്നെ പ്രാർത്ഥന തുടർന്നു. പത്തു ദിവസങ്ങൾക്കുശേഷം ഞാൻ ദർശനത്തിൽ കണ്ട മന്ത്രി പാർട്ടിയിലെ മറ്റുള്ളവരുമായി അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ പാർലമെന്ററിപാർട്ടിയിൽ നിന്നും രാജിവയ്ക്കാൻ ഇടയായി. രണ്ടുമാസങ്ങൾക്കുശേഷം അദ്ദേഹം കേന്ദ്രമന്ത്രിസഭയിൽ നിന്നു തന്നേ രാജിവയ്ക്കുകയും, ഭരണത്തിലായിരുന്ന രാഷ്ട്രീയപാർട്ടിയിൽ രണ്ട് വിഭാഗങ്ങൾ ഉണ്ടാകയും ചെയ്തു. ഒരു വിഭാഗം പ്രധാനമന്ത്രിയെ പിൻതാങ്ങിയപ്പോൾ മറ്റേ വിഭാഗം രാജിവച്ച മന്ത്രിയുടെ പക്ഷത്തായിരുന്നു. തുടർന്നുള്ള മാസങ്ങളിൽ പാർട്ടിക്കുള്ളിലെ ഈ എതിർ ചേരികളെ യോജിപ്പിക്കാൻ പലശ്രമങ്ങളും നടന്നു. പത്രദ്വാരാ ഈ ശ്രമങ്ങളേപ്പറ്റി അറിയുമ്പോഴെല്ലാം പ്രാർത്ഥിക്കാനുള്ള ഭാരം എനിക്കുണ്ടാകുമായിരുന്നു. ഞാൻ ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗമായിരുന്നില്ല. തന്മൂലം ആരോടും പ്രത്യേകമായ ചായ്വ് ഇല്ലാതെ നിഷ്പക്ഷമായ മനോഭാവത്തോടെ എനിക്ക് പ്രാർത്ഥിക്കാൻ കഴിയുമായിരുന്നു. ഞാൻ അന്യഭാഷകളിൽ പ്രാർത്ഥിച്ചിരുന്നതിനാൽ എന്തിനായിട്ടാണ് ഞാൻ പ്രാർത്ഥിക്കുന്നതെന്ന് എനിക്ക് അറിയാൻ കഴിഞ്ഞില്ലെങ്കിലും, ദൈവഹിതപ്രകാരമാണ് പ്രാർത്ഥിക്കുന്നത് എന്ന ഉറപ്പുണ്ടായിരുന്നു.

എട്ടുമാസങ്ങൾക്കുശേഷം ഭരണപക്ഷത്തുള്ള ഒരു പാർലമെന്റ് അംഗം ക്രിസ്ത്യാനികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നിയമനിർമ്മാണത്തിനുള്ള ഒരു ബിൽ പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ അപ്പോഴേക്കും ഭരിക്കുന്ന പാർട്ടിയിലെ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള ഭിന്നത രൂക്ഷമായതിനാൽ ഈ ബിൽ നിയമമാക്കാനായി യോജിച്ചുനിൽക്കാൻ അവർക്കു കഴിഞ്ഞില്ല. ഭരണകക്ഷിക്ക് വൈകാതെ അധികാരം നഷ്ടമാകയും പാർട്ടി പിളരുകയും ചെയ്തു. അപ്പോൾ മാത്രമാണ് പ്രാർത്ഥിക്കാനുള്ള ഭാരം ദൈവം എനിക്ക് നൽകിയത് എന്തിനാണെന്ന് മനസ്സിലായത്. മേൽപ്പറഞ്ഞ ബിൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കാനുള്ള ഒരു നിയമം ആകാതിരിക്കാൻ ആയിരുന്നു അത്. നാം ദൈവത്തിന്റെ കൂട്ടുവേലക്കാരാകയാൽ അവിടുന്ന് നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയായിട്ടാണ് പ്രവർത്തിക്കുന്നത്. ചില സംസ്ഥാനങ്ങൾ മതപരിവർത്തനം നിരോധിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട് എന്ന വസ്തുത മറക്കുന്നില്ല. എന്നാൽ രാജ്യത്തിന് മുഴുവനായി

ഇത്തരം ഒരു നിയമം ഉണ്ടാകുന്നത് ദൈവംതന്നെ തടയുകയാണുണ്ടായത്. തന്മൂലം മിക്ക സംസ്ഥാനങ്ങളിലും സുവിശേഷം സ്വാതന്ത്ര്യത്തോടെ പ്രസംഗിക്കാൻ ക്രിസ്ത്യാനികൾക്ക് ഇന്നും സാധിക്കുന്നുണ്ട്.

**രണ്ട്:** ഒരു ദിവസം വൈകിട്ട് സഭയുടെ ഒരു പ്രാർത്ഥനായോഗത്തിൽ വച്ച് സമാധാനത്തോടും സ്വസ്ഥതയോടുംകൂടെയുള്ള ജീവിതം സാദ്ധ്യമാകേണ്ടതിനായി രാജ്യത്തിനായും സർക്കാരിനായും പ്രാർത്ഥിക്കാനുള്ള ഒരു ഭാരം പെട്ടെന്ന് എനിക്കുണ്ടായി. ഭരണചക്രത്തിന്റെ ഉന്നതതലത്തിൽ അഴിമതി ആരോപണങ്ങൾ ഉണ്ടായതിനാൽ രാജ്യം ബുദ്ധിമുട്ടുള്ള ഒരു ഘട്ടത്തിലൂടെ കടന്നുപോകുകയായിരുന്നു. പ്രാർത്ഥനായോഗത്തിൽ വച്ചുതന്നെ എനിക്കുണ്ടായ ഭാരം ഞാൻ സഭയുമായി പങ്കുവയ്ക്കുകയും രാജ്യത്തിനായി ആത്മഭാരത്തോടെ ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്തു. 24 മണിക്കൂറിനകം നാടകീയമായ ചില സംഭവവികാസങ്ങൾ രാജ്യത്ത് ഉണ്ടായി. പ്രശ്നത്തിന്റെ മൂലകാരണമായ ആളെ ദൈവം അധികാരത്തിൽ നിന്നു നീക്കുവാൻ ഇടയായി. തൽഫലമായി രാജ്യത്തിന്റെ രാഷ്ട്രീയാന്തരീക്ഷം മെച്ചപ്പെടുവാൻ സാഹചര്യം ഒരുങ്ങി. ഇത് പ്രാർത്ഥനയ്ക്ക് വ്യക്തമായും വേഗത്തിലുമുള്ള ഒരു മറുപടിയായിരുന്നു.

**മൂന്ന്:** 1981 ൽ ബാംഗ്ലൂരിലെ പൊതുമേഖലാസ്ഥാപനങ്ങളിലെ തൊഴിലാളികൾ രണ്ടുമാസത്തിലധികം പണിമുടക്കുകയുണ്ടായി. ചിലർ അക്രമപ്രവർത്തനങ്ങളിലും ഏർപ്പെട്ടു. പണിമുടക്കിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കൂട്ടം തൊഴിലാളികളുടെ നേരെ ഒരു ദിവസം പോലീസ് വെടിവയ്പ്പുണ്ടായപ്പോൾ സ്ഥിതിഗതികൾ സ്ഫോടനാത്മകമായി. ബാംഗ്ലൂർ നഗരം തീപ്പൊരിക്കായി കാത്തിരിക്കുന്ന വെടിമരുന്നുപോലെയായിരുന്നു. പ്രശ്നക്കാരായ ഗുണ്ടാകളെ പിടികൂടാനും ലോക്കപ്പിൽ ആക്കാനും പോലീസ് സേനയ്ക്ക് കഴിഞ്ഞെങ്കിലും ഇവരെ നിയന്ത്രിച്ചിരുന്ന ദുഷ്ടാത്മശക്തികളെ ഒതുക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. അത് സഭയുടെ ഉത്തരവാദിത്വമായിരുന്നു. അതിനാൽ മൂന്നു ദിവസം പട്ടണത്തിന്റെ സമാധാനത്തിനായി ഞങ്ങൾ സഭയായി പ്രാർത്ഥിക്കാൻ ആരംഭിച്ചു. മൂന്നാം ദിവസത്തിന്റെ അവസാനം ആയപ്പോഴേയ്ക്കും ദൈവം ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകി എന്ന ബോദ്ധ്യം ഉണ്ടായി. പിന്നീട് ഒരു കമ്പനിയിലെ സെക്യൂരിറ്റി ജീവനക്കാരൻ സഭയിലെ ഒരു സഹോദരനോട് പറഞ്ഞ വാക്കുകൾ ദൈവം പ്രാർത്ഥനയ്ക്ക് മറുപടി തന്നു എന്ന കാര്യത്തിന്റെ പരസ്യമായ സാക്ഷ്യമായിരുന്നു. ആ കമ്പനിയിലെ സെക്യൂരിറ്റി ജീവനക്കാർ എല്ലാവരും അടുത്തതായി എന്തുസംഭവിക്കും എന്നുള്ള ആശങ്കയിൽ നന്നേ പിരിമുറുക്കത്തിലായിരുന്നു. എന്നാൽ ഒരു പ്രത്യേക ദിവസം വൈകുന്നേരം പെട്ടെന്ന് സ്ഫോടനാത്മകമായ അന്തരീക്ഷത്തിന് പെട്ടെന്ന് ഒരു മാറ്റം വരുകയും ശാന്തത കൈവരുകയും ചെയ്തതായി അവർക്കെല്ലാം ബോദ്ധ്യമായി. അയാൾ പറഞ്ഞ ദിവസം ഞങ്ങളുടെ പ്രാർത്ഥനയുടെ മൂന്നാം ദിവസമായിരുന്നു!!. അധികം വൈകാതെ പൊതുപണിമുടക്ക് പിൻവലിക്കപ്പെടുകയും പട്ടണത്തിൽ സമാധാനമുള്ള

അന്തരീക്ഷം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. ബാംഗ്ലൂർ പട്ടണത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് സമാധാനം നൽകുവാൻ ദൈവം ഞങ്ങളുടെ കൊച്ചുസഭയെ ഉപയോഗിച്ച സന്ദർഭമായിരുന്നു അത്.

മേൽപ്പറഞ്ഞ സംഭവങ്ങൾകൂടാതെ നമ്മുടെ രാജ്യത്തിന്റെ പൊതുതെരഞ്ഞെടുപ്പുകളെ നാടകീയമായി സ്വാധീനിക്കുവാനും സഭ എന്ന നിലയിൽ പല തവണ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വോട്ട് ചെയ്യുന്നതിലൂടെ ഏതെങ്കിലും തെരഞ്ഞെടുപ്പിന്റെ ഫലം നിർണ്ണയിക്കാൻ കഴിയാത്ത ഒരു ന്യൂനപക്ഷമാണു ഭാരതത്തിലെ ക്രിസ്ത്യാനികളെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. എന്നാൽ കോടിക്കണക്കിന് സമ്മതിദായകരുടെ തീരുമാനത്തെ പ്രാർത്ഥനയിലൂടെ സ്വാധീനിക്കാൻ ഞങ്ങൾക്ക് കഴിയും എന്ന് അറിയാമായിരുന്നു. ആയതിനാൽ പ്രാർത്ഥനാമീറ്റിംഗുകളിലൂടെ ദൈവത്തിന്റെ പൂർണ്ണഹിതത്തിനായി വോട്ടു ചെയ്യുവാൻ ഞങ്ങൾ തീരുമാനിച്ചു.!! ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവം അവിടുത്തെ ഹിതംപോലെ ജനങ്ങളുടെ ഇച്ഛാശക്തിയെ തിരിക്കാൻ ഇടയാകും. ഓരോ തെരഞ്ഞെടുപ്പിന്റെ സമയത്തും സഭയായി ഞങ്ങൾ രാജ്യത്തിനു വേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്. അത്ഭുതകരമായ വിധത്തിൽ ദൈവം ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകിയതായി കണ്ടെത്തിയിട്ടുമുണ്ട്. (ഞങ്ങൾ മാത്രമല്ല ഇൻഡ്യയിലെ നിരവധി ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ദൈവം ഞങ്ങൾ എല്ലാവരുടെയും പ്രാർത്ഥനയ്ക്കാണ് മറുപടി നൽകിയിട്ടുള്ളത്). ഈ വിധത്തിലുള്ള അനുഭവങ്ങളിലൂടെ ദൈവം ഞങ്ങളെ ഭാരതത്തിന്റെ ഉപ്പും വെളിച്ചവുമാക്കിത്തീർക്കുകയാണെന്നു ഗ്രഹിച്ച് അധികം ഉത്സാഹം പ്രാപിക്കാൻ ഇടയായിട്ടുണ്ട്. ചുറ്റുപാടുകൾക്ക് രുചി പകരുന്ന ഉപ്പായും ഈ ദേശത്ത് കർത്താവിനായി ജ്വലിച്ചുപ്രകാശിക്കുന്ന വെളിച്ചമായും സഭയെ ദൈവം നിർത്തിയിരിക്കുന്നു. ഹല്ലേലുയ്യാ!!

◆

# 31

## ഭൂതങ്ങളെ പുറത്താക്കൽ

**യേ**ശു തന്റെ ശിഷ്യന്മാരോട്: "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ....വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും.....എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും..."മാർക്കോ.16:15-17.

മാനവചരിത്രത്തിന്റെ ആരംഭംമുതൽ സ്ത്രീകളും പുരുഷന്മാരും ഭൂതബാധിതരായിത്തീർന്നിട്ടുണ്ട്. എന്നാൽ യേശു ഭൂമിയിൽ വന്നതിനു ശേഷം മാത്രമേ മനുഷ്യർ ഭൂതബാധയിൽ നിന്നു വിടുവിക്കപ്പെടുന്നതായി നാം വായിക്കുന്നുള്ളൂ. യേശു ക്രൂശിൽ സാത്താനെ പരിപൂർണ്ണമായി പരാജയപ്പെടുത്തിയതിനാൽ ഒരുവന് പാപത്തിൽ നിന്നും **സമ്പൂർണ്ണമായ ക്ഷമ** ലഭ്യമാകുന്നതുപോലെ തന്നെ യേശുവിന്റെ നാമത്തിൽ ഭൂതബാധയിൽ നിന്നും **പരിപൂർണ്ണമായ വിടുതൽ** സാദ്ധ്യമാണ്. പാപത്തിന്റെ കുറ്റബോധത്തിൽ നിന്നും, പിശാചുക്കളിൽ നിന്നും മനുഷ്യന് വിടുതൽ സാദ്ധ്യമാണെന്ന ദ്വിവിധ സദ്വർത്തമാനം ഭൂലോകത്തിലെല്ലാം വിളംബരം ചെയ്യാനാണ് യേശു തന്റെ ശിഷ്യന്മാരെ നിയോഗിച്ചത്. പരിശുദ്ധാത്മസ്നാനം പ്രാപിക്കുകയും യേശു സാത്താനെ ക്രൂശിൽ തോല്പിച്ചു എന്ന സത്യം ബോദ്ധ്യപ്പെടുകയും ചെയ്യുന്നതുവരെ ഭൂതബാധിതരെ വിടുവിക്കുവാനുള്ള വിശ്വാസം എനിക്കില്ലായിരുന്നു.

ഒരു ബൈബിൾ സെമിനാരിയിലെ വിദ്യാർത്ഥികളോട് ദൈവവചനം പ്രസംഗിക്കുന്ന അവസരത്തിലാണ് ദുഷ്ടാത്മാക്കളോടുള്ള എന്റെ ആദ്യത്തെ ഏറ്റുമുട്ടൽ ഉണ്ടായത് എന്ന കാര്യം രസകരമായി തോന്നാം. (യേശുവും യഹൂദ ദേവാലയത്തിൽ വച്ച് ഭൂതങ്ങളെ പുറത്താക്കിയിരുന്നു എന്ന കാര്യം മറക്കുന്നില്ല!). ആ ദിവസം രാവിലെ ദൈവവചനം സംസാരിച്ചത് തികച്ചും ആത്മാവിന്റെ അഭിഷേകത്തിലായിരുന്നു. സന്ദേശം ഉപസംഹരിക്കവേ എല്ലാവരോടും പ്രാർത്ഥനയ്ക്കായി തലവണക്കാൻ ആവശ്യപ്പെട്ട സമയം. പെട്ടെന്ന് ഏറ്റവും പിൻനിരയിലായിരുന്ന ഒരു വിദ്യാർത്ഥി എഴുന്നേറ്റ് ഇടനാഴിയിൽ നൃത്തം ചെയ്യാൻ തുടങ്ങി. ദൈവവചനത്തോട് കേൾവിക്കാരായ വിദ്യാർത്ഥികൾ പ്രതികരിക്കാതിരിക്കാനുള്ള പിശാചിന്റെ ഒരു തന്ത്രമാണിതെന്ന് എനിക്ക് മനസ്സി

ലായി. എല്ലാവരും പ്രാർത്ഥനയ്ക്കായി തലവണക്കിയിരിക്കുന്ന സമയമായ തിനാൽ ഉച്ചത്തിൽ പിശാചിനെ ശാസിക്കുന്നത് വിദ്യാർത്ഥികളുടെ ഏകാഗ്രത നഷ്ടപ്പെടാൻ ഇടയാക്കും എന്നതിനാൽ ഞാൻ അതിന് ഒരുമ്പെട്ടില്ല. പകരം എന്റെ പിറകിൽ വേദിയിൽ ഇരിക്കുന്നവർ പോലും കേൾക്കാതെ നേരിയ സ്വരത്തിൽ **"യേശുവിന്റെ നാമത്തിൽ ഇരിക്കുക"** എന്ന് ഞാൻ പിശാചുബാധിതനായ ആ ചെറുപ്പക്കാരനെ നോക്കി പറഞ്ഞു. ഉടൻ തന്നെ ഏതാണ്ട് 40 അടി ദൂരെയായിരുന്ന ആ ചെറുപ്പക്കാരൻ ഇരുന്നു. ഞാൻ മീറ്റിംഗ് അവസാനിപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥന പൂർത്തിയാക്കി. മീറ്റിംഗിനുശേഷം ഞാൻ സെമിനാരിയിൽനിന്നും മടങ്ങിപ്പോന്നു. എങ്കിലും ആ വിദ്യാർത്ഥി ആരാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ചില മാസങ്ങൾക്കുശേഷം മറ്റൊരു രാജ്യത്തുനിന്നും എനിക്കൊരു കത്തുകിട്ടി ആ കത്തെഴുതിയ ആൾ എഴുതിയിരുന്നത് ചില വർഷങ്ങൾക്കു മുമ്പ് ഒരു ക്ഷേത്രത്തിൽ പോയപ്പോൾ താൻ ഭൂതബാധിതനായി എന്നാണ്. പിന്നീട് അയാൾ ഞാൻ നേരത്തെ വചനം പ്രസംഗിച്ച സെമിനാരിയിൽ വിദ്യാർത്ഥിയായിചേർന്നു. പ്രസംഗത്തിന്റെ ഒടുവിൽ ഭൂതബാധയാൽ എഴുന്നേറ്റ ആ ചെറുപ്പക്കാരനാണു താനെന്ന് അയാൾ കത്തിൽ സ്വയം പരിചയപ്പെടുത്തി. തുടർന്ന് "അന്ന് എന്നോട് ഇരിക്കാൻ പറഞ്ഞ ഉടൻ ഞാൻ ഇരുന്നു" എന്ന് അയാൾ എഴുതിയത് വായിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഞാൻ നേരിയ സ്വരത്തിൽ ഇരിക്കാൻ പറഞ്ഞത് തീർച്ചയായും അയാൾ കേട്ടിരുന്നില്ല. എന്നാൽ അയാളിൽ ഉണ്ടായിരുന്ന ഭൂതം എന്റെ വാക്കുകൾ-യേശുവിന്റെ നാമത്തിലുള്ള ആജ്ഞ-കേൾക്കുകയും അനുസരിക്കുകയും ചെയ്യുകയായിരുന്നു.

ആ സംഭവത്തിലൂടെ ഭൂതങ്ങളെപ്പറ്റി രണ്ട് പാഠങ്ങൾ കർത്താവ് അന്ന് എന്നെ പഠിപ്പിച്ചു. *ഒന്നാമതായി* ഭൂതങ്ങൾക്ക് *അസാധാരണമായ കേൾവി* ഉള്ളതിനാൽ പലരും ചെയ്യുന്നതുപോലെ ഉച്ചത്തിൽ അട്ടഹസിക്കേണ്ട കാര്യമേയില്ല. *രണ്ടാമതായി* നമ്മുടെ ജീവിതം പവിത്രമാണെങ്കിൽ, ക്രൂശിൽ സാത്താന്റെ മേൽ യേശുകർത്താവിന്റെ വിജയത്തെപ്പറ്റി നമുക്ക് ഉറപ്പുണ്ടെങ്കിൽ, കേവലം ഒരു പ്രാവശ്യം വിട്ടുപോകാൻ കൽപിച്ചാൽ ഏതു പിശാചും ഉടൻ വിട്ടുപോകും. പലരും ചെയ്യുന്നതുപോലെ ആവർത്തിച്ച് പറഞ്ഞുകൊണ്ടേയിരിക്കേണ്ട ആവശ്യമില്ല. ഒരേ ഒരു ശാസനയാൽ യേശുഭൂതങ്ങളെ പുറത്താക്കിയ സന്ദർഭങ്ങൾ ശ്രദ്ധിക്കുക. (മത്താ.8:16). ഒരു പ്രാവശ്യം ശാസിക്കുമ്പോൾ ഭൂതങ്ങൾ വിട്ടുപോകുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസം ബലഹീനമാണെന്ന് നാം ഗ്രഹിക്കണം. പരിഹാരമായി നാം ഉപവാസത്തോടുകൂടി പ്രാർത്ഥനയിൽ വിശ്വാസത്തിന്റെ ശക്തി നേടുകയാണ് ആദ്യം ചെയ്യേണ്ടത് (മത്താ.17:21).

മറ്റൊരു സന്ദർഭത്തിൽ ചില പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരുന്ന ഒരു സ്ത്രീയെ സഭയിലുള്ള ഒരു സഹോദരി പ്രാർത്ഥനയ്ക്കായി ഞങ്ങളുടെ ഭവനത്തിൽ കൊണ്ടുവന്നു. ഞാനും എന്റെ ഭാര്യയും അവളോട് സംസാരിക്കുകയും അവളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് യേശുകർത്താവിനെ രക്ഷകനായി

കൈക്കൊള്ളാൻ ആവശ്യപ്പെടുകയും ചെയ്തു. സാത്താനോട് ഇവ്വണ്ണം പറയുവാനും ഞാൻ പറഞ്ഞു: "സാത്താനേ, ഇപ്പോൾ ഞാൻ നിന്റെ വകയല്ല. യേശു നിന്നെ ക്രൂശിൽ തോല്പിച്ചതാണ്." (രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന എല്ലാവരോടും ഇവ്വണ്ണം സാത്താനോട് സംസാരിക്കാൻ ഞാൻ പറയാറുണ്ട്) പെട്ടെന്ന് ആ സ്ത്രീയുടെ മുഖഭാവം മാറി എന്റെ മുഖത്ത് രൂക്ഷമായി നോക്കിക്കൊണ്ട് മറ്റൊരു ശബ്ദത്തിൽ അവൾ പറഞ്ഞു:**"ഇല്ല; ഞാൻ ക്രൂശിൽ തോൽപിക്കപ്പെട്ടിട്ടില്ല,"** അതുവരെ അവൾ ഭൂതബാധിതയാണെന്ന് ഞാൻ സംശയിച്ചിരുന്നില്ല. മറ്റേതൊരു സ്ത്രീയേയും പോലെ അവൾ ഞങ്ങളോട് സൗമ്യമായിട്ടായിരുന്നു സംസാരിച്ചു തുടങ്ങിയത്. അവളിൽ ഭൂതം ഉണ്ടെന്ന് ഗ്രഹിച്ച ഉടൻ ഞാൻ ഭൂതത്തോട് പറഞ്ഞു:"സാത്താനേ, നീ ഭോഷ്ക്കു പറയുന്നവനാണ്. നീ ക്രൂശിൽ തോൽപ്പിക്കപ്പെട്ടവൻ തന്നെയാണ്. യേശുവിന്റെ നാമത്തിൽ അവളെ വിട്ടുപോകുക." ഉടൻ തന്നെ ഭൂതം അവളെവിട്ടുപോയി. അവൾ സ്വതന്ത്രയായെന്ന് എനിക്ക് ഉറപ്പാക്കാൻ കാരണം മുകളിൽ പറഞ്ഞ വാചകങ്ങൾ വീണ്ടും സാത്താനോട് പറയുവാൻ ഞാൻ ആവശ്യപ്പെട്ടപ്പോൾ അവൾ മടികൂടാതെ ആ വാക്കുകൾ ഉരുവിടാൻ തയ്യാറായി എന്നതാണ്.

അന്ന് ഞാൻ സാത്താനേയും പിശാചുക്കളേയുംപറ്റി മൂന്നാമതൊരു പാഠം കൂടി പഠിക്കാൻ ഇടയായി. അവർ ക്രൂശിൽ തോൽപ്പിക്കപ്പെട്ടവരാണെന്ന സത്യം ഓർപ്പിക്കപ്പെടാൻ പിശാചുക്കൾ ഒരിക്കലും ആഗ്രഹിക്കുന്നില്ല. കൂടെക്കൂടെ പിശാചിനെ ഈ കാര്യം ഓർപ്പിച്ചുകൊണ്ടിരിക്കണം എന്ന് അന്നുമുതൽ ഞാൻ തീരുമാനിച്ചു. എല്ലാ വിശ്വാസികളേയും മഹത്വകരമായ ഈ സത്യം പഠിപ്പിക്കണം എന്നും എനിക്ക് നിർബ്ബന്ധമുണ്ടായി. (നമ്മുടെ മനസ്സിലെ ചിന്തകൾ പിശാചിന് ഗ്രഹിക്കാൻ കഴിയില്ല. തന്മൂലം നാം ഈ വാക്കുകൾ നാവെടുത്ത് പിശാചിനോട് പറയണം). പല ക്രിസ്ത്യാനികളും ഒന്നുകിൽ ഈ സത്യത്തെപ്പറ്റി അജ്ഞരാണ്. അല്ലെങ്കിൽ അവർ ഈ സത്യം വിശ്വസിക്കുന്നില്ല. കൊലോസ്യർ 2:15, എബ്രായർ 2:14 എന്നീ വേദഭാഗങ്ങളിൽ കാണുന്നതുപോലെ സാത്താന്റെ ക്രൂശിലെ പരാജയം സമ്പൂർണ്ണമാണെന്നു ഗ്രഹിക്കാതെ പിശാച് തങ്ങൾക്ക് എന്തെങ്കിലും ദോഷം ചെയ്തേക്കുമോ എന്ന് ഭയപ്പെട്ട് നിരവധി വിശ്വാസികൾ ജീവിക്കുകയാണ്.

കർത്താവ് പലപ്പോഴായി ഈ വിഷയത്തിൽ പല സ്വപ്നങ്ങളും എന്നെ കാണിച്ചിട്ടുണ്ട്. ഭൂതബാധിതരായ ആളുകളെ എന്റെ മുമ്പിൽ കാണുകയും അവരിൽ നിന്നും ഭൂതങ്ങളെ പുറത്താക്കുന്നതും ഒക്കെയായിരുന്നു പല സ്വപ്നങ്ങളും. പാമ്പിന്റെയും തേളിന്റെയും രൂപത്തിൽ പിശാച് എന്റെ അടുത്ത് വരുന്നതായി ഞാൻ സ്വപ്നത്തിൽ കണ്ടെങ്കിലും അവ ഒന്നും തന്നെ-എന്റെ ശരീരത്തിൽ സ്പർശിക്കുമ്പോഴും-എനിക്ക് ദോഷം ചെയ്യാത്തവിധമായിരുന്നു. *"പാമ്പുകളെയും തേളുകളേയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല"* എന്ന് യേശു ശിഷ്യന്മാ

രോട് പറഞ്ഞല്ലോ. (ലൂക്കോ. 10:19). ഈ സ്വപ്നങ്ങളുടെ ഒരു പ്രത്യേകത– സ്വപ്നങ്ങൾ കാണുന്ന സമയത്തോ, അതിനുശേഷമോ ഒരു നിമിഷം പോലും ഭയം എന്തെന്ന് ഞാൻ അറിഞ്ഞില്ല എന്നതായിരുന്നു! യേശു ഭൂമിയിൽ ആയിരുന്നപ്പോൾ പിശാചിനെ നേരിട്ടതുപോലെ തന്നെ ഭയരഹിതനായി എല്ലായിപ്പോഴും പിശാചിനെ എനിക്കും നേരിടാം എന്ന വിലപ്പെട്ട പാഠം കർത്താവ് എന്നെ പഠിപ്പിക്കയായിരുന്നു.

*"നിങ്ങളിൽ ഉള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ (സാത്താനെക്കാൾ) വലിയവനത്രെ" "യേശു ഭൂമിയിൽ ഏതുവിധം ആയിരുന്നോ അവ്വണ്ണം തന്നേ നാമും ആകുന്നു" "സ്നേഹത്തിൽ ഭയമില്ല.....തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു"*. (1 യോഹ. 4:4, 17,18) ഹല്ലേലൂയ്യാ!!

◆

# 32

# ആദ്യകാലത്തെ സഭാകൂടിവരവുകളും സുവിശേഷപ്രവർത്തനങ്ങളും

**1975** ഓഗസ്റ്റ് മാസം ഞങ്ങൾ പുതിയ ഒരു സഭാകൂടിവരവു തുടങ്ങിയപ്പോൾ തന്നെ ആഴ്ചയിൽ മൂന്നുനാലുപ്രാവശ്യം സഭയായി ഞങ്ങളുടെ ഭവനത്തിൽ കൂടിവരുമായിരുന്നു. ഭാവിയിൽ ഞങ്ങളെക്കുറിച്ചുള്ള ദൈവികപദ്ധതികളെപ്പറ്റിയൊന്നും ആ കാലത്ത് ഞങ്ങൾക്ക് വ്യക്തത ഇല്ലായിരുന്നു. ജീവിതച്ചെലവുകൾക്കായി ബുദ്ധിമുട്ടുന്ന പാവപ്പെട്ട കുടുംബങ്ങളായിരുന്നു എല്ലാം തന്നെ. ഒരു സ്കൂട്ടർ സ്വന്തമായി ഉണ്ടായിരുന്നത് കൂട്ടത്തിൽ എനിക്കുമാത്രം. ചിലർക്ക് സൈക്കിളുകൾ ഉണ്ടായിരുന്നെങ്കിലും ബാക്കിയുള്ളവർ അതുപോലും ഇല്ലാത്തവരായിരുന്നു. സ്വന്തമായി ഒരു ടെലിഫോൺ ഉണ്ടായിരുന്നതും എനിക്കു മാത്രമായിരുന്നു. (എന്റെ ഭാര്യ ആനി ഒരു ഡോക്ടർ ആയിരുന്നതിനാൽ ലഭിച്ച ഒരു പ്രത്യേക സൗകര്യമായിരുന്നു ടെലിഫോൺ കണക്ഷൻ). എന്നാൽ ഞങ്ങൾക്ക് തമ്മിൽ നല്ല കൂട്ടായ്മ ഉണ്ടായിരുന്നു. സഭ ഒരു കുടുംബം ആണെന്നുള്ള സത്യം ഞങ്ങൾ കണ്ടെത്തിയ നാളുകളായിരുന്നു അത്.

സഭയായി ഞങ്ങൾ വീട്ടിൽ മീറ്റിംഗുകൾ തുടങ്ങിയപ്പോൾ ഞങ്ങൾക്ക് മൂന്ന് ആൺ മക്കളാണ് ഉണ്ടായിരുന്നത്. (ആറ് വയസ്സ്, രണ്ടുവയസ്സ്, എട്ടുമാസം ഇങ്ങനെ പ്രായമുള്ളവർ) മീറ്റിംഗുകൾക്കായി ഇരിപ്പിടങ്ങൾ തയ്യാറാക്കുന്നതും, വീട്ടിൽ ഞങ്ങളോടൊപ്പം ഭക്ഷണം കഴിക്കുകയും മിക്കപ്പോഴും രാത്രിയിൽ താമസിക്കയും ചെയ്തിരുന്ന ചെറുപ്പക്കാരായ സഹോദരന്മാരോടൊപ്പം കൂട്ടായ്മയിൽ സമയം ചെലവഴിക്കുന്നതും കുട്ടികൾക്ക് വളരെ സന്തോഷകരമായ അനുഭവമായിരുന്നു. ഞങ്ങൾ അന്യോന്യം കരുതലുള്ളവർ ആയിരുന്നു. മാത്രമല്ല, സഭയിലെ ഒരാളെ അല്ലെങ്കിൽ മറ്റൊരാളെ എല്ലാദിവസവും കണ്ടുമുട്ടാറുമുണ്ടായിരുന്നു. ആരെങ്കിലും ഒരു ആവശ്യത്തിലാകുമ്പോൾ ഞങ്ങൾ ഒരുമിച്ച് അങ്ങനെയുള്ള വ്യക്തികളെയും കുടുംബങ്ങളേയും സഹായിക്കും. ഒരു കുടുംബത്തിന് പുതിയ ഒരു വാടകവീട്ടിലേക്ക് താമസം മാറേണ്ടിവരുമ്പോൾ, ഞങ്ങൾ എല്ലാവരുംകൂടി ആ കാര്യത്തിൽ അവരെ സഹായിക്കും. നാൽപ്പതിൽ താഴെ വയസ്സുമാത്രമുണ്ടായിരുന്ന എനിക്ക് ഇന്ന് ചെയ്യാൻ

ബുദ്ധിമുട്ടുള്ള പല കാര്യങ്ങളും അന്ന് കഴിയുമായിരുന്നു. കൂട്ടുസഹോദര ങ്ങളുടെ അലമാരകൾ കോണിപ്പടിവഴി താഴെ ഇറക്കുന്നതും, വീടിന്റെ തറ വൃത്തിയാക്കുന്നതും, കക്കൂസുകൾ കഴുകുന്നതും ഒക്കെ ഓർക്കുന്നു. ചിലർ സഭയിലേക്ക് വന്നത് ഞങ്ങളുടെ നല്ല മനസ്സും ഔദാര്യശീലവും കണ്ട് മുത ലെടുക്കാനായിരുന്നു. അപ്രകാരം വന്നചിലർ ഞങ്ങളെ വഞ്ചിച്ചിട്ടുമുണ്ട്. തികഞ്ഞ സ്നേഹത്തോടും നന്മയോടും അവരോട് പെരുമാറി എന്നതിനാൽ അത്തരം ചതിവുകളെപ്പറ്റി ഇന്ന് ഒട്ടും മനസ്താപപ്പെടുന്നില്ല. എന്നാൽ അബ ദ്ധങ്ങളിൽ നിന്നും ഞങ്ങൾ പാഠങ്ങൾ പഠിച്ചു. ശിഷ്യത്വത്തിനും ക്രൂശിന്റെ വഴിക്കും ഊന്നൽ കൊടുത്ത് ഞങ്ങൾ അന്യോന്യം ഉത്സാഹിപ്പിച്ചിരുന്നു. തന്മൂലം ഇത്തരം സന്ദേശങ്ങളാൽ ഹൃദയം പിടിക്കപ്പെടാത്തവർ ഞങ്ങളുടെ ഇടയിൽ തുടരാതെ വിട്ടുപോകുവാനും ഇടയായി.

ഞങ്ങളുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തിയ അത്ഭുതകരമായ സത്യ ങ്ങൾ ഭാരതത്തിലെ മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള ഒരു ഭാരം ഞങ്ങൾക്ക് വൈകാതെ ഉണ്ടായി. തന്മൂലം 1977 ജനുവരി മാസം മുതൽ ജയജീവിതസന്ദേ ശങ്ങൾ പ്രഘോഷിക്കുന്ന എട്ട് പേജ് മാത്രമുള്ള ഒരു പ്രതിമാസപത്രിക ഞങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി. എന്റെ പഴയ റ്റൈപ്പ് റൈറ്ററിൽ ഞാൻ തന്നെ ലേഖനങ്ങൾ റ്റൈപ്പ് ചെയ്യുകയും, തിരുത്തലുകൾക്കുശേഷം വീണ്ടും റ്റൈപ്പ് ചെയ്ത ലേഖനങ്ങൾ അച്ചടിശാലയിൽ എത്തിക്കുകയും ചെയ്തിരുന്നു. ഞങ്ങ ളുടെ പക്കൽ വളരെ പണം ഉണ്ടായിരുന്നില്ല. അതിനാൽ ചെലവു കുറഞ്ഞ ഒരു പ്രസ്സിൽ പത്രികയുടെ അച്ചടി നടത്തേണ്ടിവന്നു. ഓരോ അക്ഷരങ്ങൾ വീതം അച്ചുനിരത്തി അച്ചടി നടത്തിയിരുന്ന പഴയകാലം. ചില ദിവസങ്ങൾക്കു ശേഷം ആദ്യത്തെ 'പ്രൂഫ്' പ്രസ്സിൽ നിന്നും വാങ്ങി അതിലെ നിരവധി തെറ്റു കൾ തിരുത്തി വീണ്ടും പ്രസ്സിൽ എത്തിക്കും. അച്ചടിക്കാനുള്ള അവസാന പ്രൂഫ് കോപ്പി ശരിയാകാൻ വളരെ ബുദ്ധിമുട്ടിയിരുന്നു. പലതവണ അവസാന കോപ്പി അക്ഷരത്തെറ്റുകൾക്കായി പരിശോധിച്ചശേഷവും 'അച്ചടിപ്പിശാച്' പിന്നെയും ബാക്കിനിൽക്കും. ഒരു ലക്കത്തിൽ ചെറിയ ഒരു അക്ഷരം നഷ്ടപ്പെട്ടതിനാൽ 'നാം **ഒരിക്കലും** ആകുലചിത്തരാകരുത്' എന്ന വാചകം അച്ചടിച്ചു വന്നത് 'നാം **എപ്പോഴും** ആകുലചിത്തരായിരിക്കണം' എന്നായിരുന്നു!!. തെറ്റുമനസ്സി ലാക്കിയതിനാൽ ഞങ്ങൾ ചിലർ എല്ലാ പ്രതികളും കൈകൊണ്ട് തിരുത്തിയ ശേഷമാണ് തപാലിൽ അയച്ചത്. ചില വർഷങ്ങൾ കൊണ്ട് ഞങ്ങൾ 600 പേർക്ക് ഈ പത്രിക അയക്കുന്നുണ്ടായിരുന്നു. ഓരോ മാസവും ഒരു ഞായറാഴ്ച സഭാം ഗങ്ങളെല്ലാം ഒരുമിച്ച് മാസിക കവറിൽ ആക്കി തപാലിൽ അയക്കാൻ തയ്യാ റാക്കും. ഒരുമിച്ചുള്ള പ്രയത്നങ്ങളുടെ ഒരു ഫലം ഞങ്ങൾ തമ്മിലുള്ള കൂട്ടായ്മ ശക്തിപ്പെട്ടു എന്നുള്ളതായിരുന്നു.

സഭയിൽ പ്രസംഗിക്കപ്പെട്ടിരുന്ന ഓരോ സന്ദേശവും ഞങ്ങൾ റിക്കോർഡു ചെയ്യുമായിരുന്നു. സഭാംഗങ്ങൾക്കുതന്നെ രണ്ടാമതൊരിക്കൽ കേൾക്കാനോ മറ്റാർക്കെങ്കിലും കൊടുക്കാനോ ആയിരുന്നു പ്രാഥമികമായും ഇങ്ങനെ 'ടേപ്പ്' ചെയ്തിരുന്നത്. ക്രമേണ ക്രിസ്തീയസന്ദേശങ്ങളുടെ കസറ്റുകൾ ഉള്ള ഒരു

ലൈബ്രറി ഞങ്ങൾ സംവിധാനം ചെയ്തു. ഈ ആവശ്യത്തിലേക്ക് കസറ്റുകളുടെ കോപ്പികൾക്കായി രണ്ട് ടേപ്പുറിക്കോർഡറുകൾ തമ്മിൽ ഘടിപ്പിച്ച് കസറ്റിന്റെ ഒരുവശത്ത് ആദ്യം സന്ദേശം പകർത്തുകയും അതിനുശേഷം മറുവശത്ത് പകർത്തുകയും ചെയ്തിരുന്നു. ഒരു കസറ്റ് പകർത്താൻ 90 മിനിറ്റു സമയം വേണം! ചിലപ്പോൾ ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തുനിന്നും എന്റെ പ്രസംഗം കേട്ടിരുന്ന ആരെങ്കിലും കസറ്റുകൾ ആവശ്യപ്പെടും. അവർക്കായി ഒരു കസറ്റ് കോപ്പി എടുത്ത് ഞാൻ തനിയെ പായ്ക്കുചെയ്ത് തപാലാപ്പീസിൽ പോയി അയയ്ക്കും. ടേപ്പുകൾക്കുള്ള ആവശ്യക്കാർ കുറവായിരുന്നതിനാൽ ഇതൊക്കെ തനിയേ ചെയ്യാൻ എനിക്ക് സമയം ലഭിച്ചിരുന്നു. ക്രമേണ ആവശ്യക്കാരുടെ എണ്ണം കൂടിയപ്പോൾ എനിക്ക് കൂടുതൽ തിരക്കായി.

എന്നാൽ വരും നാളുകളിൽ ടേപ്പുചെയ്ത സന്ദേശങ്ങൾക്കായുള്ള ആവശ്യം വളരെ വർദ്ധിക്കും എന്ന് ദൈവം അവിടുത്തെ മുന്നറിവിൽ കണ്ടിരുന്നു. “സ്നേഹത്തിൽ നമുക്കുവേണ്ടി നിശ്ശബ്ദമായി പ്രവർത്തിക്കുന്ന ദൈവം” (സെഫന്യ 3:17) ഞങ്ങൾക്ക് അത്ഭുതകരമായ ഒരു സമ്മാനം ഒരുക്കിയിരുന്നു. ഞാൻ ഒരിക്കലും കാണുകയോ ബന്ധപ്പെടുകയോ ചെയ്തിട്ടില്ലായിരുന്ന ജർമ്മനിയിലുള്ള ഒരു കുടുംബം എന്റെ പ്രസംഗത്തിന്റെ ഒരു കസറ്റ് ആരോ കൊടുത്തത് കേൾക്കുകയും താത്പര്യമുള്ള മറ്റുചിലർക്ക് അത് കൈമാറുകയും ചെയ്തിരുന്നു. അവർ കേട്ട സന്ദേശം അവർക്ക് ആത്മീയാനുഗ്രഹത്തിന് മുഖാന്തരമായതിനാൽ ഒരു വേഗതയുള്ള കസറ്റ് കോപ്പിയർ ഞങ്ങൾക്ക് അയച്ചുതരാൻ ദൈവം അവരെപ്രേരിപ്പിച്ചതായി എഴുതുകയുണ്ടായി. അത്തരത്തിലുള്ള ഒരു യന്ത്രം ലഭ്യമാണ് എന്ന കാര്യം പോലും എനിക്ക് അറിഞ്ഞുകൂടായിരുന്നു! ആ യന്ത്രം ഇൻഡ്യയിൽ എത്തിയപ്പോൾ പോസ്റ്റൽ കസ്റ്റംസ് ഉദ്യോഗസ്ഥർ ഒട്ടും ന്യായമല്ലാത്ത അമിതമായ കസ്റ്റംസ് തീരുവ അടയ്ക്കണം എന്ന് ആവശ്യപ്പെട്ടു. ഒരു പക്ഷേ അവർ കൈക്കൂലി പ്രതീക്ഷിച്ചിട്ടുണ്ടാവാം. ഞാൻ അതിന് തയ്യാറല്ലായിരുന്നു. ഞാൻ കർത്താവിന്റെ സഹായത്തിനായി പ്രാർത്ഥിക്കയും തപാൽ വകുപ്പിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥയെ കണ്ട് നിയമാനുസൃതമായ തീരുവ എത്രയാണെങ്കിലും അടയ്ക്കാൻ തയ്യാറാണെന്ന് അറിയിക്കയും ചെയ്തു. അവർ സന്മനസ്സുള്ള ഒരാളായിരുന്നതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സംസാരിച്ച് നിയമാനുസൃതമായ തീരുവമാത്രം അടയക്കാൻ ഏർപ്പാടു ചെയ്തു ആ കോപ്പിയർ ലഭ്യമാക്കി.

പുതിയയന്ത്രം കേവലം മൂന്നു മിനിറ്റുകൊണ്ട് ഒരു കസറ്റ് പകർത്താൻ കെൽപ്പുള്ളതായിരുന്നു. ഓരോ കസറ്റ് പകർത്തുന്നതിലും 87 മിനിറ്റ് വീതം ലാഭിക്കാൻ കഴിഞ്ഞു എന്ന് സാരം! അതിനുശേഷം കസറ്റുകൾക്കായുള്ള ആവശ്യം പതിന്മടങ്ങു വർദ്ധിക്കുകയും ആയിരക്കണക്കിനു കസറ്റുകൾ വരും വർഷങ്ങളിൽ വിതരണം ചെയ്യാൻ ഞങ്ങൾക്ക് സാധിക്കയും ചെയ്തു. തക്ക സമയത്ത് അത്തരം ഒരു സമ്മാനം ഞങ്ങൾക്ക് തരാൻ ചിലരെ പ്രേരിപ്പിച്ച ദൈവത്തിന്റെ നന്മ എത്ര വലുതായിരുന്നു! നമ്മുടെ ആവശ്യങ്ങൾ ദൈവത്തോടല്ലാതെ മറ്റാരോടും പറയരുത് എന്ന് ഞങ്ങൾ ഉറപ്പായി വിശ്വസിച്ചിരുന്നു. ഞങ്ങ

ളോടുള്ള ദൈവത്തിന്റെ സ്നേഹപൂർവ്വമായ കരുതലിന്റെ മറ്റൊരു ദൃഷ്ടാന്തമായിരുന്നു ഇത്.

ഞങ്ങളുടെ എല്ലാ പ്രസിദ്ധീകരണങ്ങളും കസറ്റുകളും കഴിയുന്നത്ര കുറഞ്ഞ ചെലവിൽ ഒട്ടും ലാഭേച്ഛ ഇല്ലാതെ വിതരണം ചെയ്യണമെന്നും എന്റെ ഗ്രന്ഥങ്ങൾക്ക് ഒരു രൂപപോലും 'റോയൽറ്റി' ഇനത്തിൽ നൽകേണ്ടതില്ലെന്നും തുടക്കത്തിലേ ഞങ്ങൾ തീരുമാനിച്ചിരുന്നു. ഈ കാലമത്രയും ആ തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ ദൈവം സഹായിച്ചു. 2007 വരെ രണ്ടുലക്ഷത്തിലധികം പ്രസംഗത്തിന്റെ പ്രതികൾ പലഭാഷകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്യപ്പെട്ടുകഴിഞ്ഞു. ഞങ്ങളുടെ സഭമാത്രമല്ല മറ്റുപല സഭകളും, വ്യക്തികളും ഈ ദൗത്യത്തിൽ പങ്കാളികളാണ്. ഈ സന്ദേശങ്ങൾ ഇപ്പോൾ സിഡികളും, ഡിവിഡികളും വഴിയും പ്രചരിക്കുന്നതു കൂടാതെ സൗജന്യമായി ഏതു സമയത്തും ഇന്റർനെറ്റുവഴിയും ആർക്കും ലഭ്യമാണുതാനും. അങ്ങനെ പുതിയ ഉടമ്പടിയുടെ സന്ദേശങ്ങൾ ഞങ്ങളുടെ ചെറിയ സഭയിലൂടെ ലോകത്തിന്റെ അഞ്ചുഭൂഖണ്ഡങ്ങളിലും എത്തിയിരിക്കുന്നു. ലോകമെമ്പാടും ജയജീവിതത്തിനായി ഈ സന്ദേശങ്ങൾ അനേകരെ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

ദൈവം ചെയ്ത എല്ലാറ്റിനും ഞങ്ങൾ സകല മഹത്വവും അവിടുത്തേക്ക് നൽകുന്നു. നാം ദൈവത്തെ മാനിക്കുമ്പോൾ അവിടുന്ന് നമ്മെയും മാനിക്കുന്നു. ഹല്ലേലൂയ്യാ!. ◆

# 33

# കൂടിവരവിനായി ഒരിടം

**1975** മുതൽ 1979 വരെയുള്ള നാലു വർഷങ്ങൾകൊണ്ട് ഞങ്ങളുടെ വീട്ടിൽ സഭായോഗങ്ങൾക്ക് സംബന്ധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു. കട ന്നുവന്നവരിൽ ചിലർ ആത്മാർത്ഥതയുള്ളവരും യേശുവിന്റെ ശിഷ്യരായി ജീവിക്കാൻ താത്പര്യപ്പെടുന്നവരും ആയിരുന്നു. എന്നാൽ മറ്റുചിലർ ഒരു പുതിയ കൂട്ടത്തിൽ ചേരുവാനുള്ള മോഹത്താൽ വന്നവരായിരുന്നു. കടന്നു വന്ന എല്ലാവരെയും ഞങ്ങൾ സ്വീകരിക്കുകയും, ദൈവംതന്നെ അവിടുത്തെ സമയത്ത് പതിര് വേർതിരിക്കേണ്ടതിനായി വിട്ടുകൊടുക്കുകയും ചെയ്തു. വീട്ടിലെ മുറികൾ ചെറിയവ ആയിരുന്നതിനാൽ ഞായറാഴ്ചകളിൽ മീറ്റിംഗി നായി നാലുമുറികളിലായിട്ടായിരുന്നു ആളുകൾ ഇരുന്നിരുന്നത്. വചനം പ്രസം ഗിക്കുന്ന വ്യക്തി മിക്കവാറും എല്ലാവർക്കും കാണത്തക്കവണ്ണം മദ്ധ്യഭാഗത്ത് നിൽക്കുമായിരുന്നു!

ആദ്യവർഷം മുതൽ തന്നെ വീട്ടിൽ നാലുദിവസത്തെ ഒരു സമ്മേളനം ഒക്ടോബറിലെ അവധിക്കാലത്ത് എല്ലാവർഷവും ക്രമീകരിച്ചിരുന്നു. ഞങ്ങ ളുടെ ക്രിസ്തീയ പ്രസിദ്ധീകരണങ്ങളിലൂടെ അനുഗ്രഹം പ്രാപിച്ച ഇൻഡ്യ യിലെ മറ്റു ഭാഗങ്ങളിലുള്ള ചിലരും ഈ സമ്മേളനങ്ങളിൽ സംബന്ധിച്ചിരു ന്നു. കടന്നുവന്ന എല്ലാവർക്കും ഭക്ഷണവും താമസസൗകര്യവും സൗജന്യ മായി നൽകിയതുകൂടാതെ സാമ്പത്തികഞെരുക്കം ഉള്ള ചിലർക്ക് യാത്രാ ച്ചെലവിനുള്ള പണവും നൽകുകയുണ്ടായി. വീടിന്റെ പിറകിലുള്ള മുറ്റത്താ യിരുന്നു ഭക്ഷണം പാകം ചെയ്തിരുന്നത്. രാത്രിയിൽ സഹോദരന്മാർ വീടിന്റെ മുൻഭാഗത്തെ മുറിയിൽ നിലത്തു കിടന്ന് ഉറങ്ങി. ഒരിക്കൽപോലും ഞങ്ങൾ സ്തോത്രക്കാഴ്ച ശേഖരിച്ചില്ല. രഹസ്യമായും സന്തോഷത്തോടുകൂടിയും കർത്താവിന്റെ വേലയ്ക്കായി കൊടുക്കാൻ താത്പര്യമുള്ളവരെ കരുതി വീട്ടി ലേക്കുള്ള പ്രവേശനത്തിനടുത്ത് ഒരു സ്തോത്രക്കാഴ്ചപെട്ടി വച്ചിരുന്നു. സഭ യിൽ ഉത്തരവാദിത്തമുള്ള മറ്റു സഹോദരന്മാരായിരുന്നു എപ്പോഴും ഈ പണം കൈകാര്യം ചെയ്തിരുന്നത്. ഒരിക്കലും ഞാൻ അതു ചെയ്തിരുന്നില്ല. തന്നെ യുമല്ല ശമ്പളം പറ്റുന്ന മൂപ്പന്മാരോ പ്രസംഗകരോ ഞങ്ങൾക്ക് ഒരിക്കലും ഉണ്ടായിരുന്നിട്ടുമില്ല. ലഭിച്ച പണം മുഴുവൻ സഭയുടെ ആവശ്യങ്ങൾക്കു വേണ്ടി മാത്രമാണ് ഉപയോഗിച്ചിരുന്നത്. ഓരോ വർഷവും അംഗീകൃത ഓഡി

റ്റർമാർ ഞങ്ങളുടെ കണക്കുകൾ പരിശോധിക്കുകയും ഓഡിറ്റു ചെയ്യപ്പെട്ട കണക്കുകൾ ഗവൺമെന്റ് അധികാരികൾക്കു സമർപ്പിക്കുകയും ചെയ്യാറുണ്ട്. കഴിഞ്ഞ മുപ്പത്തിയൊന്നിൽ പരം വർഷങ്ങളായി സാമ്പത്തികകാര്യങ്ങളിൽ ഇപ്രകാരമുള്ള ഒരു നിലപാടാണ് ഞങ്ങൾ എടുത്തുവരുന്നത്. സഭയായി ഞങ്ങളുടെ ആവശ്യങ്ങളെല്ലാം ദൈവം നിറവേറ്റിത്തന്നിട്ടുമുണ്ട്. ഒരിക്കൽപ്പോലും പണം കടം വാങ്ങേണ്ടിവന്നിട്ടില്ല. ദൈവനാമം മഹത്വപ്പെടാനുള്ള ഞങ്ങളുടെ ആഗ്രഹത്തെ അവിടുന്ന് ഇന്നുവരെ മാനിച്ചിട്ടുണ്ട്.

ഞായറാഴ്ചകളിൽ കൂടുതൽപേർ മീറ്റിംഗിന് വരാൻ തുടങ്ങിയപ്പോൾ വീട്ടിൽ എല്ലാവർക്കും സ്ഥലസൗകര്യം ഇല്ലാതെയായി. അടുത്ത് എവിടെയെങ്കിലും ഒരു സ്ഥലം വാങ്ങുവാനുള്ള പണവും ഞങ്ങളുടെ പക്കൽ ഇല്ലായിരുന്നു. പട്ടണത്തിന്റെ വെളിയിൽ വിലകുറഞ്ഞ ഏതെങ്കിലും സ്ഥലം കിട്ടാനുണ്ടോ എന്ന് ഞങ്ങൾ അന്വേഷിക്കാൻ തുടങ്ങി. പക്ഷേ ഞങ്ങളുടെ പ്രാപ്തിക്കൊത്ത ഒരു സ്ഥലവും കണ്ടെത്താനായില്ല.

അപ്പോൾ കർത്താവ് ഞങ്ങൾക്കുവേണ്ടി അത്ഭുതകരമായ ഒരു കാര്യം ചെയ്തു. ഞങ്ങളുടെ വീടിനടുത്ത് വിലയുടെ അഞ്ചിലൊന്ന് രൊക്കം കൊടുത്ത് സ്വന്തമായി വീടു പണിയാനായി എന്റെ പിതാവ് ഒരു സ്ഥലം കരാർ ചെയ്തിരുന്നു. മദ്രാസിലുള്ള വീടു വിറ്റ് ഈ സ്ഥലത്ത് ഒരു വീടുണ്ടാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. എന്നാൽ ബാംഗളൂരിൽ വന്ന എന്റെ പിതാവിന് ആസ്തമായുടെ അസുഖം പിടിക്കയും ഭാവി ജീവിതത്തിന് ഈ പട്ടണം അനുയോജ്യമല്ല എന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. വാസ്തവത്തിൽ അദ്ദേഹം ഈ പട്ടണത്തിലേക്ക് വരുന്നത് ദൈവം തടയുകയായിരുന്നു. ഭാഗികമായി വില കൊടുത്ത ഈ സ്ഥലം വിൽക്കാൻ തീരുമാനിച്ചപ്പോൾ പലരും അത് വാങ്ങാൻ താത്പര്യം കാണിച്ചു. പട്ടണത്തിന്റെ പ്രധാനപ്പെട്ട ഒരു മേഖലയിൽ സ്ഥിതിചെയ്തിരുന്ന ഈ സ്ഥലത്തിന് നല്ല വില വർദ്ധന ഉണ്ടാകും എന്ന് ഉറപ്പായിരുന്നു. എന്നാൽ എന്റെ പിതാവ് ആ സ്ഥലം ഞങ്ങൾക്ക് സഭയുടെ ആവശ്യത്തിനായി തരാൻ തയ്യാറാകുകയായിരുന്നു. ബാക്കി തുകയും പ്രമാണം റെജിസ്റ്റർ ചെയ്യാനുള്ള പണവും ഞങ്ങൾ കണ്ടെത്തേണ്ടിയിരുന്നു. *എന്നാൽ 4 വർഷംകൊണ്ട് ഞങ്ങൾ സഭയായി സ്വരൂപിച്ച പണം ഈ ആവശ്യത്തിന് വേണ്ട തുകയുടെ 50% മാത്രമായിരുന്നു!* ഞങ്ങളുടെ ആവശ്യം ആരോടും പറകയില്ല എന്ന് ഞങ്ങൾ തീരുമാനിച്ചു. സഭയിലെ സഹോദരന്മാർ മിക്കവരും ദരിദ്രരായിരുന്നതിനാൽ പരസ്യമായി സഭയിൽപോലും ഈ ആവശ്യം പറഞ്ഞില്ല. ദൈവം ഈ സ്ഥലം സഭയ്ക്കായി തെരഞ്ഞെടുത്തതാണെങ്കിൽ ആരോടും ഞങ്ങൾ ഈ ആവശ്യം പറയാതെ തന്നെ പണം ലഭിക്കണം എന്ന് ഞങ്ങൾ പ്രാർത്ഥിക്കുകയുണ്ടായി.

എന്റെ പിതാവ് വസ്തുവാങ്ങാനായി ഒപ്പിട്ടിരുന്ന കരാർ അനുസരിച്ച് പ്രമാണം നടത്തേണ്ട തീയതി അടുത്തു. എന്നാൽ അതിന് ചില ദിവസങ്ങൾ മുമ്പ് തപാലിൽ ഒരു ചെക്ക് ലഭിച്ചു. ഞങ്ങൾ കാണുകയോ അറികയോ

ചെയ്യാത്ത ഒരാളായിരുന്നു ആ ചെക്ക് അയച്ചത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ഞങ്ങളുടെ ആവശ്യം അറിഞ്ഞുകൂടായിരുന്നു എന്ന് ഉറപ്പാണ്. ഞങ്ങളുടെ വിലാസം എവിടെനിന്നോ തനിക്ക് ലഭിച്ചിരുന്നു. അത്ഭുതം എന്നു പറയട്ടെ, ചെക്കു തുക *കൃത്യം ഞങ്ങൾക്ക് ആവശ്യമുള്ളത്രയും ആയിരുന്നു!!* ഈ ദാനം അയച്ചുതന്ന വ്യക്തിയെ ഇന്നുവരെ ഞങ്ങൾ കണ്ടെത്തിയിട്ടില്ല; ഇതുവരെ രണ്ടാമതൊരു ദാനം അദ്ദേഹത്തിൽ നിന്നും ലഭിച്ചിട്ടുമില്ല. ദൈവം തന്നെ ഞങ്ങളെ സഹായിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതാണെന്ന് വ്യക്തമല്ലേ? പലരും ഇത്തരം സംഭവങ്ങളെ *യാദൃച്ഛികം* എന്ന് വിശേഷിപ്പിക്കും. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ദൈവപിതാവിന്റെ പൂർണ്ണ ഇഷ്ടത്തിൽ വാങ്ങിയ ഒരു സ്ഥലമാണ് ഇതെന്ന് ഉറപ്പാക്കുന്ന ഒരു കാര്യമായിരുന്നു അജ്ഞാതനായ ഈ വ്യക്തിയുടെ തക്കസമയത്തുള്ള സഹായം.

*'ക്രിസ്ത്യൻ ഫെലോഷിപ്പ് സെന്ററി'*ന്റെ പേരിൽ ഞങ്ങൾ സ്ഥലം വാങ്ങി. ഈ സ്ഥലത്ത് മീറ്റിംഗുകൾക്കായി ഒരു ഹാൾ പണിയുക എന്നതായിരുന്നു അടുത്ത ആവശ്യം.ഈ ആവശ്യവും മറ്റാരോടും പറകയില്ല എന്ന് ഞങ്ങൾ തീരുമാനിച്ചു. അടുത്ത രണ്ടുവർഷംകൊണ്ട് സ്തോത്രകാഴ്ചപ്പെട്ടിയിൽ നിന്നുള്ള ദാനങ്ങൾ കൂടാതെ അവിടെ നിന്നും ഇവിടെനിന്നും ഒക്കെയായി അല്പാല്പമായി പണം ലഭിച്ചുകൊണ്ടിരുന്നു. പണി തുടങ്ങാം എന്ന സ്ഥിതിയിലായി.

അപ്പോൾ ഞങ്ങൾ മറ്റൊരു പ്രശ്നം അഭിമുഖീകരിച്ചു. സിമന്റിന് ക്ഷാമമായിരുന്നതിനാൽ സർക്കാരിൽനിന്നും സിമന്റ് വാങ്ങാൻ *പെർമിറ്റ്* വാങ്ങേണ്ടിയിരുന്നു. പെർമിറ്റ് ഉള്ളവർക്കും ഒന്നിച്ച് 50 ചാക്കിലധികം ലഭിച്ചിരുന്നില്ല. സിമന്റിനായി അപേക്ഷസമർപ്പിച്ചശേഷം സർക്കാർ ആഫീസിലെ ഉദ്യോഗസ്ഥനെ *ആദ്യമായി* പോയിക്കണ്ട സന്ദർഭം. അടുത്ത ആഴ്ച വരാൻ അയാൾ പറഞ്ഞു. പിറ്റേ ആഴ്ച ചെന്നപ്പോൾ കുറച്ചുദിവസംകൂടി കഴിഞ്ഞുവരിക എന്ന മറുപടിയാണുണ്ടായത്. ഇത് കുറേ പ്രാവശ്യമായപ്പോൾ സർക്കാർ ഓഫീസുകളുടെ പ്രവർത്തനരീതിയെപ്പറ്റി എന്നെക്കാൾ വിവരം ഉണ്ടായിരുന്ന ഒരാൾ എന്നോട് പറഞ്ഞു ആ ഉദ്യോഗസ്ഥൻ കൈക്കൂലി പ്രതീക്ഷിക്കുന്നതുകൊണ്ടാണ് പെർമിറ്റ് കാര്യം വൈകിക്കുന്നതെന്ന്. എന്നാൽ ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സർക്കാരിന്റെ സിമന്റ് പെർമിറ്റ് വിഭാഗത്തിലെ മേധാവിയെക്കണ്ട് വിവരം ധരിപ്പിച്ചശേഷം വീണ്ടും വീണ്ടും ആഫീസിൽ പൊയ്ക്കൊണ്ടിരുന്നു. പല ആഴ്ചകൾക്കുശേഷം *ആദ്യത്തെ പെർമിറ്റ് കിട്ടി.* അതോടൊപ്പം ഞാൻ ആവശ്യപ്പെടാതെ തന്നെ *ധാരാളം ക്ഷമയും* സമ്പാദിക്കാൻ ദൈവം വഴിയൊരുക്കി. നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അധികമായി ദൈവം എപ്പോഴും നൽകുന്നു എന്നതാണ് വാസ്തവം. ദൈവസ്വഭാവത്തിൽ പങ്കാളിയാക്കാൻ–ക്ഷമനൽകുവാൻ–ദൈവം അഴിമതിക്കാരനായ ഒരു ഉദ്യോഗസ്ഥനെ ഉപയോഗിക്കുകയാണ് ചെയ്തത്. ഞാൻ കൈക്കൂലി കൊടുത്തിരുന്നെങ്കിൽ സിമന്റ് നേരത്തേ കിട്ടിയേനേ. എന്നാൽ ക്ഷമ എന്ന അമൂല്യസമ്പത്ത് എനിക്ക് ലഭിക്കയില്ലായിരുന്നു. ഞങ്ങളുടെ പ്രതീക്ഷയ്ക്ക് അപ്പുറമായി

ദൈവം ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമരുളി. വൈകാതെ സിമന്റ് സുലഭമായി ഇൻഡ്യയിൽ ലഭ്യമാകുകയും പെർമിറ്റ് സമ്പ്രദായം നീക്കുകയും ചെയ്തു. കമ്പോളത്തിൽ നിന്നും പണിക്കുവേണ്ടി സിമന്റ് യഥേഷ്ടം വാങ്ങുവാൻ ഞങ്ങൾക്ക് കഴിഞ്ഞു.

1981 ൽ മീറ്റിംഗ് ഹാളിന്റെ പണി പൂർത്തിയാക്കി ആദ്യമായി അവിടെ സഭാകൂടിവരവ് നടത്തി. ആ മാസംതന്നെ ഒരു വാർഷികസമ്മേളനവും നടത്തി. ഈ പ്രാവശ്യം മുമ്പിലത്തെ വർഷങ്ങളേക്കാൾ കൂടുതൽ പേർ ഈ സമ്മേളനങ്ങൾക്കായി എത്തുകയുണ്ടായി. ബാംഗ്ളൂരിൽ നടക്കുന്ന കോൺഫറൻസുകൾക്ക് ധാരാളംപേർ വരുംവർഷങ്ങളിൽ സംബന്ധിക്കും എന്ന് മുന്നറിഞ്ഞ ദൈവം തക്കസമയത്ത് അനുയോജ്യമായ ഒരു സമ്മേളനവേദി ഞങ്ങൾക്ക് നൽകുകയായിരുന്നു. യഥാർത്ഥ ആവശ്യം ഉണ്ടാകുന്നതിനു മുമ്പുതന്നെ ഇതുപോലെ ദൈവം തന്റെ മുന്നറിവിൽ പലകാര്യങ്ങളും കഴിഞ്ഞ കാലങ്ങളിൽ നൽകിയിട്ടുണ്ട്.

ദൈവം തന്റെ സ്നേഹത്തിൽ നിശ്ശബ്ദനായി ഞങ്ങൾക്കുവേണ്ടി പ്രവർത്തിച്ച മറ്റൊരു കാര്യമായിരുന്നു പുതിയ സഭാഹാളിന്റെ പണി. ഇന്നും അവിടുന്ന് സ്നേഹത്തോടെ ഞങ്ങൾക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു! (സെഫന്യാവ് 3:17).

◆

# 34

# മറ്റ് സ്ഥലങ്ങളിലേക്ക് സുവിശേഷസന്ദേശവുമായി

**ബാം**ഗ്ലൂരിൽ ഒരു സഭ എന്ന നിലയിൽ ആദ്യത്തെ ഏഴുവർഷങ്ങൾ ഞങ്ങൾ യാതൊരു വിധത്തിലുള്ള സുവിശേഷീകരണയത്നങ്ങളും നടത്തിയില്ല. ഞങ്ങളുടെ ജീവിതങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കാൻ ദൈവം ഞങ്ങളെ നിർബ്ബന്ധിക്കുകയായിരുന്നു. ഞങ്ങളെ ശ്രദ്ധിച്ചവർക്ക് ഇത് തികഞ്ഞ അന്തർമുഖത്വവും സ്വാർത്ഥതയുമായിത്തോന്നിയിരിക്കാം. എന്നാൽ അവിടുന്ന് ചെയ്യുന്ന പ്രവൃത്തി എന്തെന്ന് ദൈവം നന്നായി അറിഞ്ഞിരുന്നു. ദൈവഹിതത്തിൽ ഓരോ കാര്യത്തിനും പ്രത്യേകം കാലങ്ങളും സമയങ്ങളും ഉണ്ട്. നമുക്ക് ഇഷ്ടമുള്ള സമയത്തും വിധത്തിലും യേശുക്രിസ്തുവിന്റെ സഭ പണിയുവാൻ കഴിയുകയില്ല. ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുകയും ഓരോ ചുവടുകളിലും അവിടുത്തെ ആത്മാവിന്റെ നടത്തിപ്പ് ശ്രദ്ധിക്കുകയും വേണം.

ഇൻഡ്യയിലെ മറ്റുള്ളവരോട് **'വന്നു കാണുക'** എന്ന് പറയും മുമ്പ് ദൈവത്തിന് ഞങ്ങളെ ഒരു **കുടുംബമായി** ആദ്യം പണിയേണ്ട ആവശ്യം ഉണ്ടായിരുന്നു. പഴയ നിയമത്തിന്റെ കീഴിൽ **'വന്ന് കേൾക്കുവീൻ'** എന്നുള്ള കാര്യത്തിനായിരുന്നു ഊന്നൽ. ദൈവം തന്നോട് അരുളിച്ചെയ്തത് വന്ന് കേൾപ്പിൻ എന്നായിരുന്നു പഴയനിയപ്രവാചകന്മാർ യിസ്രായേൽജനത്തെ ആഹ്വാനം ചെയ്തിരുന്നത്. എന്നാൽ പുതിയനിയമത്തിൽ കേവലം ഒരു പ്രസംഗത്തിനപ്പുറം ഒരു കൂട്ടംവിശ്വാസികളിലൂടെ യേശുക്രിസ്തുവിന്റെ ജീവൻ പ്രകടമായ നിലയിൽ വെളിപ്പെടുത്തുകയാണ് ദൈവിക പദ്ധതി. നമ്മുടെ **പ്രസംഗം കേൾക്കുമ്പോഴല്ല,** പ്രത്യുത അന്യോന്യം ഉള്ള സ്നേഹം **കാണുമ്പോൾ** നാം ക്രിസ്തുശിഷ്യരെന്ന് എല്ലാവരും അറിയും എന്നാണ് യേശുപറഞ്ഞത്.

ആദ്യത്തെ ഏഴുവർഷങ്ങളിൽ (1975 മുതൽ 1982 വരെ) സഭയായി ഞങ്ങളിൽ ദൈവം ഒരു പണി ചെയ്യാൻ ഇടയായി. ക്രൂശിന്റെ മാർഗ്ഗത്തെപ്പറ്റി ഞങ്ങൾ പലരിലും ആഴമായ ബോദ്ധ്യങ്ങൾ നൽകിയ ദൈവം തമ്മിൽത്തമ്മിൽ സ്നേഹിക്കാൻ പഠിപ്പിക്കുകയായിരുന്നു. അതിനുശേഷം ഒന്നിനുപിറകേ ഒന്നായി ഇൻഡ്യയിൽ പലയിടങ്ങളിലും സുവിശേഷത്തിനായി വാതിൽ തുറ

ക്കപ്പെട്ടു. ഒടുവിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്കും ഈ സന്ദേശം എത്തിയിരിക്കുന്നു. ദൈവത്തിന്റെ വഴിയാണ് എപ്പോഴും ഏറ്റവും ഉത്തമമായ വഴി.

1980 ൽ ഇൻഡ്യയിലെ ഏറ്റവും വലിയ പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ വാർഷിക കൺവൻഷനിൽ മൂന്നുദിവസം പ്രസംഗിക്കാനായി ഞാൻ ക്ഷണിക്കപ്പെട്ടു. ഏകദേശം പന്തീരായിരംപേർ ആ കൺവൻഷനിൽ ഉണ്ടായിരുന്നിരിക്കണം.വചനം കേൾക്കാൻ കൂടിവന്ന വിശ്വാസികളോട് ഞാൻ പറഞ്ഞത് പ്രാഥമികമായും അവരുടെ നേതാക്കന്മാരോടും പാസ്റ്റർമാരോടും സംസാരിക്കാനുള്ള ഭാരമാണ് കർത്താവ് എനിക്ക് തന്നിരിക്കുന്നത് എന്നാണ്. (നേതാക്കന്മാർ മിക്കവരും വേദിയിൽ ഉപവിഷ്ടരായിരുന്നു). ക്രിസ്തീയ പ്രവർത്തകർ പണം ഉപയോഗിക്കുന്ന കാര്യത്തിൽ നീതിനിഷ്ഠയുള്ളവരായിരിക്കുന്നതിനെപ്പറ്റിയാണ് രണ്ടുദിവസം ഞാൻ സംസാരിച്ചത്. മൂന്നാം ദിവസം രാവിലെ മുതിർന്ന പാസ്റ്റർമാരിൽ നിന്നും എനിക്ക് ഒരു സന്ദേശം ലഭിച്ചത് ഞാൻ തുടർന്ന് പ്രസംഗിക്കേണ്ട എന്നായിരുന്നു. ഞാൻ കാര്യങ്ങൾ തുറന്നു സംസാരിച്ചത് അവരിൽ പലർക്കും ഇടർച്ചയായിത്തീർന്നു. കർത്താവിന് പറയാനുള്ളകാര്യങ്ങൾ രണ്ട് സന്ദേശങ്ങളിലൂടെ പറഞ്ഞുതീർത്തതായി എനിക്ക് ബോദ്ധ്യമുണ്ടായിരുന്നതിനാൽ അവരുടെ തീരുമാനം ഞാൻ സസന്തോഷം കൈക്കൊണ്ടു.

കൺവൻഷൻ സമാപിച്ചശേഷം കേരളത്തിലെ മറ്റൊരു സ്ഥലത്തേക്ക് എനിക്ക് പോകേണ്ടതുണ്ടായിരുന്നു. കൺവൻഷന്റെ സംഘാടകർക്ക് അവരുടെ ഒരു കാറിൽ അനായാസേന എന്നെ ആ സ്ഥലത്ത് വിടാമായിരുന്നു, പക്ഷേ അവർക്ക് അതിന് **മനസ്സായില്ല.** എന്റെ പെട്ടിയും തൂക്കിപ്പിടിച്ച് ആ സ്ഥലത്തേക്കുള്ള ഒരു ബസ്സിനായി ഞാൻ ബസ്സ്റ്റോപ്പിലേക്ക് പോയി. ആ പ്രദേശങ്ങളിലെ ബസ് റൂട്ടുകളെപ്പറ്റി അജ്ഞനായിരുന്ന ഞാൻ *തെറ്റായ* ഒരു ബസ്സിലാണ് കയറിപ്പറ്റിയത്. കുറേ ദൂരം യാത്രചെയ്തശേഷമാണ് എനിക്ക് പറ്റിയ അബദ്ധം മനസ്സിലായത്. ഞാൻ ആ ബസ്സിൽനിന്നിറങ്ങി മറ്റൊരു ബസ്സിൽ കയറി. കർത്താവ് ഇതെല്ലാം ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ അനുവദിച്ചതായിരുന്നു. രണ്ടാമതുകയറിയ ബസ്സിലെ തിരക്കുമൂലം എനിക്ക് നിൽക്കേണ്ടിവന്നു. ഇതേ കൺവൻഷന് സംബന്ധിച്ചശേഷം മടങ്ങുകയായിരുന്ന ചെറുപ്പക്കാരനായ ഒരു സഹോദരൻ എന്റെ മുമ്പിൽ നിന്ന് യാത്രചെയ്തിരുന്നു. ഞങ്ങൾ കഷ്ടിച്ച് 10 മിനിറ്റ് സംസാരിച്ചുകഴിഞ്ഞപ്പോഴേക്കും ഈ സഹോദരന് ഇറങ്ങേണ്ട സ്ഥലമായി. എന്നാൽ അന്നത്തെ ആ കൂടിക്കാഴ്ച ഇന്നുവരെ നിലനില്ക്കുന്ന ഒരു സ്നേഹബന്ധത്തിന്റെ തുടക്കമായിരുന്നു. പിന്നീട് അദ്ദേഹം എന്നോട് പറഞ്ഞത്, 'ജയകരമായ ഒരു ക്രിസ്തീയജീവിതത്തിനായി ഉൽക്കടമായി വാഞ്ഛിച്ചിരുന്ന തന്റെ ജീവിതത്തിലേക്ക് ദൈവം എന്നെ ഒരു പ്രത്യേക ദൂതുമായി അയയ്ക്കുകയായിരുന്നു എന്നത്രേ. പിന്നീട് ഇതേ സഹോദരനെ കോട്ടയത്ത് ഒരു പ്രാദേശികസഭയ്ക്ക് തുടക്കം കുറിക്കാനും തുടർന്ന് മറ്റ് പലസ്ഥലത്തും ഈ സന്ദേശം വ്യാപിപ്പിക്കാനും ഒക്കെ

മുഖാന്തിരമാക്കി. 12000 പേരോട് സംസാരിക്കുന്നതിലും പ്രധാനമായി ഈ സഹോദരനെ കണ്ടുമുട്ടാനായിരുന്നു ദൈവം എന്നെ പ്രസ്തുത മഹായോഗത്തിലേക്ക് അയച്ചത് എന്ന് ഞാൻ ഗ്രഹിച്ചു. കൺവൻഷന്റെ സംഘാടകർ എന്നെ കാറിൽ എനിക്ക് പേകേണ്ട സ്ഥലത്തേക്ക് കൊണ്ടുപോകാഞ്ഞത് എന്തു നന്നായി! ഇങ്ങനെയൊക്കെ സംഭവിച്ചില്ലായിരുന്നെങ്കിൽ മേൽപറഞ്ഞ സഹോദരനെ ഞാൻ കണ്ടുമുട്ടുകയില്ലായിരുന്നു. ഞാൻ ഈ സഹോദരനെ കണ്ടുമുട്ടിയ സന്ദർഭത്തിൽ, എനിക്ക് നേരിടേണ്ടിവന്ന അസൗകര്യങ്ങളും അപമാനവും മൂലം ഞാൻ അസ്വസ്ഥനാകാതെ ദൈവത്തിന്റെ പരമാധികാരത്തിൽ മനസ്സ് ഉറപ്പിച്ച് ദൈവത്തിന് നന്ദികരേറ്റുന്ന ആത്മാവിൽ ആയിരുന്നു എന്നത് എത്രനന്നായി! ദൈവം എല്ലാകാര്യങ്ങളും കുറ്റമറ്റവിധത്തിൽ ക്രമീകരിക്കുന്നു എന്നതിനാൽ *എല്ലാകാര്യങ്ങൾക്കായും എല്ലായ്പ്പോഴും* അവിടുത്തേക്ക് നന്ദി പറയാൻ നമുക്ക് കഴിയും.

1983 ന്റെ പ്രാരംഭത്തിൽ കോട്ടയത്ത് മുകളിൽ സൂചിപ്പിച്ച സഹോദരൻ സംബന്ധിച്ചിരുന്ന ഏകദേശം 50 പേരുള്ള ഒരു ചെറിയ സഭയിൽ പ്രത്യേക യോഗങ്ങൾ നടത്തുവാനായി എന്നെ ക്ഷണിക്കുകയുണ്ടായി. എന്നാൽ *ഇതേ സമയത്ത്* മറ്റൊരു പെന്തക്കോസ്തുവിഭാഗത്തിന്റെ വാർഷിക കൺവൻഷനിൽ മുഖ്യപ്രസംഗകനായിരിക്കാനും എനിക്ക് ക്ഷണം ലഭിച്ചിരുന്നു. ഞാൻ ഈ രണ്ട് കാര്യങ്ങളെയുംപ്പറ്റി പ്രാർത്ഥനയിൽ ദൈവഹിതം അന്വേഷിക്കയും, ആയിരക്കണക്കിന് ആളുകൾ സംബന്ധിക്കുന്ന ആ കൺവൻഷനെക്കാൾ ആ ചെറിയ സഭയിലെ മീറ്റിംഗുകൾക്കായി പോകാനാണ് ദൈവം ആഗ്രഹിക്കുന്നതെന്ന ബോദ്ധ്യത്തിലെത്തുകയും ചെയ്തു. ഈ തീരുമാനത്തിന് ദൂരവ്യപകമായ പ്രത്യാഘാതങ്ങൾ ഉണ്ടായിരുന്നു. ഞാൻ വചനം സംസാരിച്ച ഈ സഭയിലെ വിരലിൽ എണ്ണാവുന്ന വിശ്വാസികൾ ഞാൻ സംസാരിച്ച പുതിയ നിയമജീവിതസത്യങ്ങളാൽ പിടിക്കപ്പെടുകയും, അവർ അതുവരെ അംഗങ്ങളായിരുന്ന സഭാവിഭാഗത്തോട് യാത്രപറഞ്ഞ് വേറെ കൂടുവാൻ തീരുമാനിക്കയും ചെയ്തു. കേരളത്തിലെ ഞങ്ങളുടെ പ്രവർത്തനങ്ങളുടെ തുടക്കം ഇതായിരുന്നു. യേശുവിന്റെ കാലത്തെന്നപോലെ ഇന്നും കർത്താവ് വലിയ ആൾക്കൂട്ടത്തെയല്ല ആത്മാർത്ഥതയുള്ള ക്രിസ്തുശിഷ്യരെയാണ് തിരയുന്നത്.

ഇതേവർഷംതന്നെ ദൈവം തമിഴ് നാട്ടിലേക്കും വാതിലുകൾ തുറന്നു. മദ്രാസിലുള്ള ഒരു ക്രിസ്തീയ വിഭാഗത്തിന്റെ കൺവൻഷനിൽ പ്രസംഗിക്കാൻ ഞാൻ ക്ഷണിക്കപ്പെട്ടു. ആ മീറ്റിംഗുകളിൽ എന്റെ പ്രസംഗം ശ്രവിച്ച ഒരു പാസ്റ്റർ എന്നെ മധുരയിൽ ചില വിശേഷാൽ യോഗങ്ങൾക്കായി ക്ഷണിച്ചു. തൂത്തുക്കുടിയിലുള്ള ഒരു വലിയ ക്രിസ്തീയ സഭാവിഭാഗത്തിൽ അംഗങ്ങളായിരുന്ന വീണ്ടും ജനനാനുഭവമുള്ള ചില യുവാക്കൾ മധുരയിലെ ഈ മീറ്റിംഗുകൾക്കായി വന്നിരുന്നു. അവർ ഈ സന്ദേശങ്ങളിൽ വളരെ ആകൃഷ്ടരായെങ്കിലും അവരുടെ സ്വന്തപട്ടണത്തിൽ ഇത്തരം സമ്മേളനങ്ങൾ ക്രമീകരിക്കാനുള്ള പണമോ സ്വാധീനശക്തിയോ അവർക്ക് ഇല്ലായിരുന്നു.

എന്നാൽ ദൈവത്തിന്റെ മുൻകരുതലിൽ മറ്റൊരു ക്രിസ്തീയപ്രസ്ഥാനത്തിന്റെ പ്രവർത്തകനായ ആരോ എനിക്കുവേണ്ടി തൂത്തുക്കുടിയിൽ ചില മീറ്റിംഗുകൾ ക്രമീകരിക്കാൻ ഇടയായി. ആ പട്ടണത്തിലെ പല പാസ്റ്റർമാരും ആദ്യ മീറ്റിംഗിൽ സംബന്ധിച്ചിരുന്നു. എന്നാൽ ആദ്യസന്ദേശം തന്നെ അവർക്ക് ഇടർച്ചയാകുകയും തുടർന്ന് അവർ വിട്ടുനിൽക്കുകയും ചെയ്തു. രസകരമായകാര്യം പ്രസ്തുതസമ്മേളനങ്ങൾ സംഘടിപ്പിച്ച വ്യക്തിതന്നെ ഇടർച്ചയുണ്ടായി അപ്രത്യക്ഷനായി എന്നതാണ്! തന്മൂലം മധുരയിൽ എന്റെ പ്രസംഗം കേൾക്കാൻ വന്ന ആ ചെറുപ്പക്കാരായ സഹോദരന്മാർ ചുമതല ഏറ്റെടുക്കയും അവർ പ്രാരംഭത്തിൽ പാട്ടുകൾ പാടുകയും തുടർന്ന് ഞാൻ വചനം പ്രസംഗിക്കുകയും ചെയ്തു. ഈ യുവാക്കളുടെ എരിവ് എന്നെ വല്ലാതെ ആകർഷിക്കയും പിന്നീട് ഞാൻ അവരുമായി കുറേസമയം ചെലവഴിക്കയും ചെയ്തു. അർദ്ധരാത്രി കഴിയുന്നതുവരെ ദീർഘസമയം ഞങ്ങൾ സംസാരിച്ചിരുന്നു. അപ്പോഴാണ് എനിക്ക് മനസ്സിലായത്, അതുവരെ സംഭവിച്ചകാര്യങ്ങൾ എല്ലാം തന്നെ ഈ യുവസഹോദരങ്ങളെ ഞാൻ കണ്ടുമുട്ടാനുള്ള മുഖാന്തരങ്ങൾ മാത്രമായിരുന്നു എന്ന്. ആ വർഷം ജൂൺമാസം ഇവർ വേർപെട്ട് സഭയായി തൂത്തുക്കുടിയിൽ കൂടിവരാൻ തുടങ്ങി. അവരെ ആത്മികമായി സഹായിക്കണം എന്ന് ആവശ്യപ്പെട്ടതിനാൽ 1983 ൽ ആദ്യമായി ആ പട്ടണത്തിൽ ഒരു കോൺഫറൻസ് നടക്കാൻ ഇടയായി. തൂത്തുക്കുടിയിൽ ആദ്യം മീറ്റിംഗുകൾ ക്രമീകരിച്ച ആൾ ഇടർച്ച ഉണ്ടായി വിട്ടുപോയത് എന്തു നന്നായി! ദൈവവഴികൾ വിസ്മയകരം തന്നെ.

ചില ആഴ്ചകൾക്കുശേഷം തഞ്ചാവൂരിൽ ചില പ്രത്യേകയോഗങ്ങൾ നടക്കുകയും പാപത്തിന്റെമേൽ ജയമുള്ള ഒരു ക്രിസ്തീയജീവിതത്തെപ്പറ്റിയുള്ള സത്യങ്ങൾ ചിലരുടെ ഹൃദയത്തെ പിടിച്ചടക്കുവാൻ ദൈവം വഴിതുറക്കുകയും ചെയ്തു. ഈ യോഗങ്ങൾ തമിഴ്നാടിന്റെ മറ്റ് പ്രദേശങ്ങളിലേക്കും ഈ സന്ദേശങ്ങൾക്കായി വാതിലുകൾ തുറക്കുന്നതിന് മുഖാന്തരമായി. പലയിടങ്ങളിലും പ്രാദേശികസഭകൾ ഉണ്ടാകാൻ ഇടയായി.

ഈ കാര്യങ്ങൾ ഒന്നും തന്നെ ഞങ്ങളുടെ സ്വന്തജ്ഞാനമോ ആലോചനയോ അനുസരിച്ച് ചെയ്തില്ല. ദൈവംതന്നെ അവിടുത്തെ പരമാധികാരത്തിൽ തന്റെ വേല നിറവേറ്റുകയായിരുന്നു. ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് ദൈവം ഞങ്ങളെ നയിച്ചപ്പോൾ വാസ്തവത്തിൽ ഞങ്ങൾ "മേഘസ്തംഭത്തെ" പിൻതുടരുകമാത്രമാണ് ചെയ്തത്!! ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.

◆

# 35

# പിശാചിനാൽ പീഡിതരായി ജീവിക്കുന്നവരുടെ വിടുതൽ

*"**ന**സറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെയൊക്കെയും സൗഖ്യമാക്കിക്കൊണ്ട് സഞ്ചരിച്ചതുമായ വിവരംതന്നേ"* (അപ്പോ.പ്രവൃ.10:38)

യേശുവിന്റെ ദൃഷ്ടാന്തം ഇവിടെ സൂചിപ്പിച്ചിരിക്കുന്നതിൽ നിന്ന് നമുക്ക് ഒരു കാര്യം വ്യക്തമാണ്. അഭിഷേകം ലഭിച്ചവർക്ക് **ദൈവശക്തിയും** (പ്രവൃ.1:8) **ദൈവസാന്നിദ്ധ്യവും** ലഭ്യമാണ്. തൽഫലമായി അവർ **നന്മചെയ്തുകൊണ്ടും** പിശാചുബാധയിൽ നിന്നും ആളുകളെ **വിടുവിച്ചുകൊണ്ടും** ജീവിതം നയിക്കും.

പുതിയനിയമശുശ്രൂഷകന്മാർ എന്ന നിലയിൽ നമ്മുടെ ഒരു പ്രധാന ശുശ്രൂഷ സാത്താന്റെ പീഡനത്തിൽ നിന്നും മറ്റുള്ളവരെ വിടുവിക്ക എന്നതാണ്. പഴയ നിയമകാലത്ത് പിശാച് തോല്പിക്കപ്പെട്ടില്ലായിരുന്നതിനാൽ ഇത്തരം ഒരു ശുശ്രൂഷ അസാദ്ധ്യമായിരുന്നു. എന്നാൽ ഇന്ന് സാത്താൻ ക്രൂശിൽ തോല്പിക്കപ്പെട്ടിരിക്കുന്നു. വെളിച്ചത്തിൽ നടക്കുന്ന ഒരു ദൈവപൈതലിന്മേൽ അവന് ഒരു അധികാരവുമില്ല. കർത്താവ് എന്നെ പഠിപ്പിക്കയും എല്ലായിടത്തും ക്രിസ്തീയ വിശ്വാസികളോട് പ്രഘോഷിക്കുവാൻ എന്നോട് ആവശ്യപ്പെടുകയും ചെയ്ത വലിയ സത്യങ്ങളിൽ ഒന്നാണിത്. ഈ സത്യം തെളിയിക്കുവാൻ അവിടുന്ന് എനിക്ക് ചില അനുഭവങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ഞങ്ങളുടെ വീടിന്റെ തൊട്ടടുത്ത് വൃദ്ധനായ ഒരാൾ രോഗിയായിത്തീർന്നു. രോഗസൗഖ്യത്തിനായി ഒരു മന്ത്രവാദി ചില ആഴ്ചകൾ ആ വീട്ടിൽ തുറസ്സായ സ്ഥലത്തുവച്ച് മന്ത്രം ചെയ്ത ഔഷധങ്ങൾ തയ്യാറാക്കുന്നത് കാണാമായിരുന്നു. ഒരു ദിവസം രാവിലെ ഒരു ചെറിയ കുടത്തിൽ എന്തോ ഉള്ളടക്കം ചെയ്ത നിലയിൽ ഞങ്ങളുടെ മുറ്റത്തുകണ്ടു. മന്ത്രവാദികൾ ഒരാളിൽ നിന്നും, രോഗം അടുത്ത വീട്ടിലേക്ക് അയയ്ക്കാനായി ഇമ്മാതിരി കാര്യങ്ങൾ

ചെയ്തിരുന്നതായി ഞങ്ങൾ കേട്ടിരുന്നു. തങ്ങൾക്ക് ദോഷം ഉണ്ടാകും എന്നുള്ള ഭയംമൂലം മന്ത്രം ജപിച്ച കുടം തൊടുവാൻ പോലും പലർക്കും ഭയമാണ്. ദൈവമക്കൾക്കെതിരെ സാത്താൻ തികച്ചും ശക്തിഹീനനാണെന്ന പാഠം ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കാനുള്ള ഒരു നല്ല അവസരമായിട്ടാണ് ഞങ്ങൾ ഇതിനെ കണ്ടത്. അതുകൊണ്ട് ഞങ്ങൾ ആ കുടം മുറ്റത്തു നിന്നെടുത്ത് എറിഞ്ഞുകളഞ്ഞു. ദൈവമക്കളായ നമ്മെ തൊടുവാൻ പിശാചിന് അസാദ്ധ്യമാകയാൽ അവനെ ഭയപ്പെടേണ്ട ആവശ്യമില്ല എന്ന് ഞങ്ങൾ കുഞ്ഞുങ്ങളോട് പറയുകയുണ്ടായി. നാം വെളിച്ചത്തിൽ നടക്കുക മാത്രം ചെയ്താൽ മതി. ഞങ്ങൾക്ക് ആ സംഭവം മൂലം ഒരു ദോഷവും വന്നില്ല. അടുത്ത വീട്ടിലെ രോഗിയായ വൃദ്ധൻ താമസിയാതെ മരണമടഞ്ഞു. യെശയ്യാവ് 54:17 ൽ പറയും പോലെ നമുക്കെതിരായി ഉണ്ടാക്കപ്പെടുന്ന ഒരായുധവും ഫലിക്കുകയില്ല.

ചില സന്ദർഭങ്ങളിൽ ഭൂതബാധിതരായവരെ വിടുതലിനായി വീട്ടിൽ കൊണ്ടുവരാറുണ്ടായിരുന്നു. ഞങ്ങളുടെ കുട്ടികൾ വീട്ടിൽ ഉള്ളതിനാൽ വീട്ടിൽ വച്ച് ഭൂതങ്ങളെ പുറത്താക്കരുതെന്ന് ചില ക്രിസ്തീയ സ്നേഹിതർ മുന്നറിയിപ്പുനൽകിയിരുന്നു. സാത്താൻ പരാജയപ്പെട്ട ശത്രുവാകയാൽ ഈ വിഷയത്തിൽ ഞങ്ങൾക്ക് തെല്ലും ഭയം ഇല്ലായിരുന്നു. യേശുചെയ്തതു പോലെ പിശാചുബാധിച്ചവരെ എല്ലായിടത്തും വിടുവിക്കുക എന്നതായിരുന്നു ഞങ്ങളെ ഏല്പിച്ച ശുശ്രൂഷ. ദൈവം തന്നെ ഞങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കും എന്ന ഉറപ്പുണ്ടായിരുന്നു. തന്മൂലം ഭവനത്തിൽ വച്ചുതന്നെ ഭൂതബാധിതരെ വിടുവിക്കുന്ന ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു. ഒരു സന്ദർഭത്തിൽ പോലും ഞങ്ങൾക്കോ മക്കൾക്കോ ഇതുമൂലം ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല.

ഒരിക്കൽ ഒരു കോൺഫറൻസിന്റെ ഒടുവിൽ ആരോ ഒരാൾ ഒരു കൊച്ചു പെൺകുട്ടിയെ പ്രാർത്ഥനയ്ക്കായി എന്റെ അടുക്കൽ കൊണ്ടുവന്നു. കർത്താവിനായി അവളുടെ ജീവിതം സമർപ്പിക്കുവാനായി ഞാൻ അവളോട് സംസാരിച്ചുകൊണ്ടിരിക്കവേ പെട്ടെന്ന് ശബ്ദം മാറ്റി എന്നോട് അവൾ ഇങ്ങനെ ചോദിച്ചു:"ഞാൻ ഇത്രയും കാലം ഇവിടെ പാർക്കുകയായിരുന്നു. നീ എന്നെ പുറത്താക്കാൻ ഭാവിക്കുകയാണോ?" അപ്രതീക്ഷിതമായ ഈ വാക്കുകൾ ഒരു നിമിഷത്തേക്ക് എന്നെ അത്ഭുതപ്പെടുത്തിയെങ്കിലും ആ കുട്ടി പിശാചുബാധിച്ചവളാണെന്ന് എനിക്ക് വ്യക്തമായിരുന്നു. ഞാൻ കർത്താവിലുള്ള വിശ്വാസം ശക്തിപ്പെടുത്താൻ എത്രയും മൃദുസ്വരത്തിൽ അന്യഭാഷയിൽ പ്രാർത്ഥിക്കയും പിശാചിനോട് അവളെ വിട്ടുപോകാൻ യേശുവിന്റെ നാമത്തിൽ ആജ്ഞാപിക്കുകയും ചെയ്തു. യാത്രയ്ക്കുള്ള ഒരു ബസ്സിൽ കയറേണ്ടതിനാൽ എനിക്ക് ഉടനേ സ്ഥലം വിടേണ്ടിയിരുന്നതിനാൽ ആ സ്ഥലത്തെ സഭാമൂപ്പന്മാരോട് ആ കുട്ടി യഥാർത്ഥത്തിൽ പിശാചുബാധയിൽ നിന്നും സ്വതന്ത്രയായോ എന്ന് ഉറപ്പുവരുത്താൻ ആവശ്യപ്പെട്ടിട്ട് ഞാൻ യാത്രയായി. പിന്നീട് ഞാൻ ആ പെൺകുട്ടിയെ കാണുമ്പോൾ അവൾ തികച്ചും സൗഖ്യമുള്ളവളായിരുന്നു.

ബാംഗ്ളൂരിലെ സഭാമന്ദിരത്തിൽ മീറ്റിംഗിനിടയിൽ ഭൂതബാധിതരായവർ കൂടിവന്ന രണ്ട് സന്ദർഭങ്ങൾ ഓർക്കുന്നു. ഒരിക്കൽ ഒരു കോൺഫറൻസിന്റെ ഉച്ചകഴിഞ്ഞുള്ള സമ്മേളനത്തിൽ പിശാചുബാധിതനായ ഒരാൾ പാമ്പിനെപ്പോലെ ഇഴഞ്ഞ് ഹാളിന്റെ മുൻഭാഗത്തേക്ക് വരികയുണ്ടായി. ഞാൻ ദൈവവചനം പഠിപ്പിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നതിനാൽ ഈ കാരണംകൊണ്ട് സാത്താൻ വചനപഠനം തടസ്സപ്പെടുത്തുവാൻ ഞാൻ ആഗ്രഹിച്ചില്ല. തന്മൂലം യേശുവിന്റെ നാമത്തിൽ അയാൾ ആയിരുന്ന ഇടത്തുതന്നെ കിടക്കുവാൻ ഭൂതത്തോട് കല്പിച്ചശേഷം വചനപഠനം തുടർന്നു. ആ മനുഷ്യൻ ക്ഷണത്തിൽ ഗാഢനിദ്രയിലാണ്ടു. മീറ്റിംഗ് അവസാനിച്ച നിമിഷം അയാൾ ഉറക്കമുണർന്നു. അതിനുശേഷം അയാൾക്ക് ആവശ്യമായ ആത്മിക ആലോചനകൾ നൽകുവാൻ ഇടയായി.

മറ്റൊരു സന്ദർഭത്തിൽ ഞായറാഴ്ചത്തെ സഭാകൂടിവരവ് അവസാനിക്കാറായപ്പോൾ ഒരാൾ വന്ന് എന്നെ കാണാൻ താത്പര്യം പ്രകടിപ്പിച്ചു. യേശു തന്റെ ജീവിതത്തിലേക്ക് വരാനായി ആവശ്യപ്പെടണം എന്നും യേശുക്രിസ്തു കർത്താവ് എന്ന് ഏറ്റുപറയണം എന്നും ഞാൻ അയാളോട് പറഞ്ഞു. എല്ലാവരും കേൾക്കെ അയാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞത് "യേശു ക്രിസ്തു കർത്താവ് അല്ല" എന്നായിരുന്നു. ഒരു നാമധേയ ക്രിസ്ത്യാനി ആയിരുന്ന അയാളല്ല, ഒരു ഭൂതമാണ് അവനെക്കൊണ്ട് ഇതു പറയിക്കുന്നത് എന്ന് എനിക്ക് മനസ്സിലായി. യേശുവിന്റെ നാമത്തിൽ ഭൂതത്തോട് അവനെ വിട്ടുപോകാൻ കല്പിച്ചു. പെട്ടെന്ന് അയാൾ കാരാട്ടെക്കാർ കാണിക്കുന്നതുപോലെ ചില ചേഷ്ടകൾ കാണിക്കയും പാമ്പിനെപ്പോലെ നിലത്ത് ചുരുണ്ടുകൂടി വീഴുകയും ചെയ്തു. കരാട്ടെ പോലെയുള്ള അഭ്യാസങ്ങളുടെ പിന്നിൽ അശുദ്ധാത്മാക്കളുണ്ട് എന്ന് ഞാൻ കണ്ടെത്തിയത് അന്നായിരുന്നു. ഞാൻ അയാളെ എഴുന്നേൽപ്പിച്ചിട്ട് യേശുക്രിസ്തുകർത്താവാണെന്ന് ഏറ്റുപറയാൻ ആവശ്യപ്പെട്ടു. ഒരുമടിയും കൂടാതെ അയാൾ ഏറ്റുപറഞ്ഞു. അതുവരെ തന്നെ ബാധിച്ചിരുന്ന കൊടിഞ്ഞി തലവേദന വിട്ടുമാറിയതായി അയാൾ സാക്ഷ്യം പറഞ്ഞു. സഭയിൽ പലരുടേയും വിശ്വാസം ശക്തമാകാൻ മേൽ പറഞ്ഞ രണ്ടു സംഭവങ്ങൾ കാരണമായി.

പല വർഷങ്ങൾക്കുമുമ്പ് ഇൻഡ്യയിലെ ഒരു ഭാഗത്ത് നടന്ന ഒരു പൊതു സമ്മേളനത്തിൽ ഏകദേശം 30000 പേർ സംബന്ധിച്ചിരുന്നു. ഞാൻ വേദിയിൽ നിന്ന്ദൈവവചനം പ്രസംഗിക്കുമ്പോൾ കേൾവിക്കാരിൽ ഒരാൾ പെട്ടെന്ന് എഴുന്നേറ്റ് പ്രസംഗവേദിക്കുമുമ്പിൽ വന്നുനിന്ന് നൃത്തം ചെയ്യാൻ തുടങ്ങി. ഒന്നിലധികം തവണ ഞാൻ ശാന്തമായി അയാളോട് ഇരിക്കാൻ ആവശ്യപ്പെട്ടെങ്കിലും ജനത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ട് അയാൾ നൃത്തം തുടർന്നു. അയാളെ ഭൂതം ബാധിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിയ ഞാൻ യേശുവിന്റെ നാമത്തിൽ ഇരിക്കാൻ കല്പിച്ചു. ഉടൻ തന്നെ അയാൾ കൽപ്പന അനുസരിച്ചു. യേശുവിന്റെ നാമത്തിൽ അത്യന്തശക്തിയുള്ളതിനാൽ ഭൂതങ്ങൾ ആ നാമത്തിൽ വിറയ്ക്കയും ഉടനടി അനുസരിക്കുകയും ചെയ്യുന്നു.

അമേരിക്കയിൽവച്ച് ഒരു മീറ്റിംഗിനൊടുവിൽ പ്രാർത്ഥനയ്ക്കും ഉപദേശത്തിനുമായി ഒരു ചെറുപ്പക്കാരിയെ എന്റെ അടുക്കൽ കൊണ്ടുവന്നു. അമേരിക്കയിലെ യുവസ്ത്രീകൾ വൃത്തിയുള്ള വസ്ത്രം ധരിക്കുന്നവരായിരിക്കെ മുഷിഞ്ഞ വസ്ത്രത്തോടുകൂടി നിൽക്കുന്ന ഈ സ്ത്രീയെ ഞാൻ അത്ഭുതത്തോടെയാണ് വീക്ഷിച്ചത്. അവളോടു സുവിശേഷം പങ്കുവച്ച ശേഷം എന്നോടൊപ്പം അനുതാപപ്രാർത്ഥന ഏറ്റുചൊല്ലി യേശുവിനെ തന്റെ രക്ഷകനായി സ്വീകരിക്കുവാൻ ഞാൻ ആവശ്യപ്പെട്ടു. പ്രാർത്ഥനയിൽ ഞാൻ യേശുവിന്റെ നാമം ഉച്ചരിച്ചപ്പോഴെല്ലാം അവൾ ഏറ്റുചൊല്ലാതെ മൗനമായിരുന്നു. ആ നാമം ഉച്ചരിക്കുവാൻ കഴിയുന്നില്ലെന്ന് അവൾ എന്നോടു പറഞ്ഞു. അപ്പോഴാണ് അവൾ പിശാചിനാൽ പീഡിതയാണെന്നു ഞാൻ മനസ്സിലാക്കിയത്. പിശാചിനോട് അവളെ വിട്ടുപോകുവാൻ പറഞ്ഞപ്പോൾത്തന്നെ അവൾക്കു വിടുതൽ ലഭിച്ചു. തുടർന്നു യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിപേക്ഷിക്കുവാൻ ഞാൻ യേശുവിന്റെ നാമത്തിൽ അവളോടു കൽപിച്ചു. ഉടൻതന്നെ അവൾ അപ്രകാരം ചെയ്യുകയും രക്ഷിക്കപ്പെടുകയും ചെയ്തു. അടുത്ത ദിവസം വൃത്തിയുള്ള വസ്ത്രം ധരിച്ച് സന്തോഷത്തോടെ കടന്നുവന്ന ഈ യുവതിയെ തിരിച്ചറിയുവാൻ കഴിയാത്തവണ്ണം ആശ്ചര്യകരമായിരുന്നു അവളിലുണ്ടായ രൂപാന്തരം.. ഈ പ്രിയപ്പെട്ട യുവതിയായ സ്ത്രീക്ക് ആവശ്യമായിരുന്നത് മനശാസ്ത്രആലോചനയോ ചികിത്സയോ ആയിരുന്നില്ല, മറിച്ച് വിടുതലായിരുന്നു!!

ഈ കാര്യങ്ങളൊക്കെ ഞാൻ പ്രസ്താവിക്കുന്നത് എന്നെത്തന്നെ ഉയർത്താനല്ല; മറിച്ച് എവിടെയുമുള്ള വിശ്വാസികൾ, സാത്താൻ ക്രൂശിൽ തോൽപ്പിക്കപ്പെട്ട ശത്രുവാണെന്ന് തിരിച്ചറിയേണ്ടതിന്നത്രേ. പിശാചുബാധയിൽ നിന്ന് ആളുകളെ വിടുവിക്കുന്ന ഈ ശുശ്രൂഷ ഞാൻ മാത്രമല്ല ഞങ്ങളുടെ സഭകളിലെ മറ്റു പലരും ചെയ്യുന്നതാണ്. വെളിച്ചത്തിൽ നടക്കുകയും യേശുക്രിസ്തുവിന്റെ നാമത്തിന്റെ ശക്തി തിരിച്ചറികയും ചെയ്യുന്ന ഏതൊരു ദൈവപൈതലിനും ഭൂതങ്ങളെ പുറത്താക്കാൻ കഴിയും. ദുഃഖകരമായ കാര്യം മത്തായി പന്ത്രണ്ടാം അദ്ധ്യായത്തിന്റെ 43-ാം വചനം മുതൽ യേശുമുന്നറിയിപ്പു തന്നിട്ടുള്ളതുപോലെ, പിശാചുബാധയിൽനിന്നും വിടുതൽ ലഭിച്ച പലരും അവരുടെ ഹൃദയമായ ഭവനം ശൂന്യമാക്കി വച്ചിരുന്നതിനാൽ പിന്നീട് കൂടുതൽ കഠിനമായ പിശാചുബാധയ്ക്ക് ഇരകളായിത്തീർന്നു എന്നതാണ്.

എന്നാൽ ഇവ്വണ്ണം പിശാചുബാധയിൽ നിന്നും വിടുതൽ പ്രാപിച്ച ചിലർ ആത്മാർത്ഥമായി ദൈവമുഖം അന്വേഷിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് യഥാർത്ഥക്രിസ്തുശിഷ്യരായി ത്തീർന്നിട്ടുമുണ്ട്. അവരിൽ ചിലർ ഇന്ന് ചില സ്ഥലങ്ങളിലെ സഭകളിൽ മൂപ്പൻമാരാണ് എന്ന കാര്യം അത്ഭുതകരമല്ലേ? ഹല്ലേലുയ്യാ!! ◆

# 36

# യാത്രകളിലെ ദൈവകൃപ

**ര**ണ്ടായിരത്തിയേഴിൽ ഞാൻ പൂർണ്ണസമയം കർത്താവിന്റെ വേലയിലായിട്ട് 40 വർഷം തികഞ്ഞു.. കഴിഞ്ഞ വർഷങ്ങളിൽ എനിക്കും ആനിക്കും ദൈവം നൽകിയ സംരക്ഷണവും ഞങ്ങളോട് ദൈവം കാണിച്ച നന്മയും ഓർത്തുപോകുകയാണ്. ലോകമൊട്ടാകെ കഴിഞ്ഞ 40 വർഷങ്ങൾ ഞങ്ങൾ ഇരുവരും, സൈക്കിൾ, കാളവണ്ടി, മോപ്പഡ്, സ്കൂട്ടർ, ബസ്സ്, ഓട്ടോറിക്ഷാ, കാർ, ട്രെയിൻ, ബോട്ട്, വിമാനം എന്നീ വിവിധ വാഹനങ്ങളിൽ അനേകായിരും മൈലുകൾ സഞ്ചരിച്ചു കഴിഞ്ഞു. ദൈവത്തിന്റെ വിശ്വസ്തതയും കരുതലും എത്ര വലിയത്!

എനിക്ക് ഓർക്കാൻ കഴിയുന്നിടത്തോളം, ഞാൻ സമ്മതം നൽകിയ ഒറ്റ മീറ്റിംഗുപോലും മുടങ്ങാൻ കഴിഞ്ഞ 40 വർഷങ്ങൾക്കിടയിൽ ഇടയായിട്ടില്ല. അസുഖം മൂലമോ, ബസ്സോ, ട്രെയിനോ, വിമാനമോ കിട്ടാതെ വന്നതുകൊണ്ടോ, മറ്റ് യാതൊരു കാരണംമൂലമോ നേരത്തെ വാക്കുകൊടുത്ത മീറ്റിംഗുകൾ റദ്ദുചെയ്യേണ്ടിവന്നില്ല എന്നത് ദൈവം ഞങ്ങൾക്കുവേണ്ടി പ്രവർത്തിച്ചതുകൊണ്ടു മാത്രമാണെന്ന് ഉറപ്പാണ്.

ഈ കഴിഞ്ഞ വർഷങ്ങളിലെല്ലാം തികച്ചും ആരോഗ്യവാനായി ദൈവം എന്നെ നിലനിർത്തി. ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ആത്മീയശുശ്രൂഷ എന്താണോ അതിന് ആവശ്യമായ കഴിവുകളോടെ ഒരു ശരീരം അവിടുന്ന് നമ്മുടെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നേ നൽകുന്നു. തുടർച്ചയായി യാത്രചെയ്യേണ്ട എന്നെപ്പോലെയുള്ളവർക്ക് അത്യന്താപേക്ഷിതമായ രണ്ടുകാര്യങ്ങൾ *എവിടെയും ഉറങ്ങാനും എന്തും ഭക്ഷിക്കാനുമുള്ള* കഴിവാണ്. ഞാൻ പിറന്നപ്പോൾ തന്നെ ഈ രണ്ടുകാര്യങ്ങൾക്കും ഉള്ള പ്രാപ്തി ദൈവം എനിക്കു തന്നിരുന്നു. തന്മൂലം ഈ പ്രായത്തിലും എനിക്ക് എവിടെയും– ഒരു മെത്തയിലോ, തറയിലോ, കാറിലോ, ബസ്സിലോ, ട്രെയിനിലോ, വിമാനത്തിലോ– ഉറങ്ങാൻ പ്രയാസമില്ല. ഏതു തരത്തിലുള്ള ഭക്ഷണവും – പാശ്ചാത്യമോ, പൗരസ്ത്യമോ– കഴിക്കാനും എന്റെ ശരീരത്തിന് ബുദ്ധിമുട്ടില്ല. ചിലദിവസങ്ങളിലേക്ക് ഒന്നും കഴിക്കാതിരിക്കാനും എനിക്ക് യാതൊരു പ്രയാസവുമില്ല. ലോകത്തിന്റെ ഏതുകോണിലേക്കും യാത്രചെയ്യുന്നത് തന്മൂലം എനിക്ക് എളുപ്പമായിരിക്കുന്നു. എനിക്ക് ഇതിനെപ്പറ്റി ഒട്ടും

പ്രശംസിക്കാനില്ല; കാരണം എന്റെ ശരീരത്തെ ഈ നിലയിൽ സൃഷ്ടിച്ച ദൈവമാണ് അതിന് കാരണഭൂതൻ. ദൈവത്തിന്റെ നന്മയ്ക്കായി ഞാൻ അവനെ സ്തുതിക്കുന്നു. തുടർച്ചയായി പലദിവസങ്ങൾ ദൈവവചനം പ്രസംഗിച്ചതുമൂലം രണ്ടോമൂന്നോ സന്ദർഭങ്ങളിൽ എന്റെ ശബ്ദം നഷ്ടപ്പെട്ടതുമാത്രമാണ് ഏറ്റവും വലിയ ബുദ്ധിമുട്ടായി ഞാൻ അനുഭവിച്ചത്.

കഴിഞ്ഞ 26 വർഷങ്ങളായി ഞാൻ തുത്തുക്കുടിയിലേക്ക് തമിഴ്നാട്ടിലുള്ള സഭകളുടെ കോൺഫറൻസിനായി വർഷത്തിലൊരിക്കൽ പോകാറുണ്ട്. ദീർഘവർഷങ്ങൾ ബാംഗ്ലൂരിൽ നിന്നും തുത്തുക്കുടിയിലേക്ക് ട്രെയിൻ സർവ്വീസ് ഇല്ലായിരുന്നതിനാൽ പതിനാറുമണിക്കൂർ ബസ്സിൽ യാത്രചെയ്ത് അവിടെ എത്തുകയായിരുന്നു പതിവ്. രാത്രിയിൽ ബസ്സ് ഓടുന്ന റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞതായിരുന്നതിനാൽ മിക്കപ്പോഴും രാത്രിമുഴുവൻ ഉണർന്നിരിക്കാൻ ഞങ്ങൾ നിർബ്ബന്ധിതരാകുമായിരുന്നു. ഞങ്ങൾ തുത്തുക്കുടിയിൽ എത്തുമ്പോഴേയ്ക്കും കോൺഫറൻസിന്റെ ആദ്യമീറ്റിംഗ് തുടങ്ങിയിരിക്കും. ബസ്സിൽ നിന്നും ഇറങ്ങി നേരെ വചനം പ്രസംഗിക്കാൻ തുടങ്ങുകയാവും മിക്കപ്പോഴും. തുടർന്ന് മൂന്നുദിവസം ഒരുമണിക്കൂർ വീതമുള്ള ഒമ്പതോ പത്തോ പ്രസംഗങ്ങൾക്കുശേഷം സമ്മേളനം തീർന്നാലുടൻ പതിനാറുമണിക്കൂർ മടക്കയാത്രയ്ക്കുള്ള വണ്ടിപിടിക്കാനുള്ള തിരക്കാവും. ദൈവകൃപയാൽ കഴിഞ്ഞ 26 വർഷങ്ങളിലെ തുത്തുക്കുടി കോൺഫറൻസുകളിൽ ഞാൻ ഒരിക്കൽപോലും രോഗിയായിതീരുകയോ കോൺഫ്രൻസുകൾ എനിക്കു നഷ്ടപ്പെടുകയോ ചെയ്തിട്ടില്ല.

ഇൻഡ്യയിലെ യാത്രകൾ ചിലപ്പോൾ അവിസ്മരണീയങ്ങളായ ചില അനുഭവങ്ങളും സമ്മാനിക്കുന്നവയത്രേ! രണ്ടുപ്രാവശ്യം ഞാൻ പോക്കറ്റടിക്കപ്പെട്ടിട്ടുണ്ട്-ഒരിക്കൽ മദ്രാസിൽ തിരക്കുള്ള ഒരു ബസ്സിൽ യാത്രചെയ്യുമ്പോഴും രണ്ടാമതൊരിക്കൽ ബോംബെയിൽ തിരക്കുള്ള ട്രെയിനിൽ യാത്രചെയ്യുമ്പോഴും. എന്റെ പണം അപഹരിക്കപ്പെട്ടെങ്കിലും സന്തോഷം മോഷ്ടിക്കാൻ പോക്കറ്റടിക്കാർക്ക് കഴിഞ്ഞില്ല. കാരണം, എന്റെ സന്തോഷം പണസഞ്ചിയിലല്ല, ഹൃദയത്തിലാണെന്ന് ഞാൻ സദാ ഉറപ്പാക്കിയിരുന്നു! ഞാൻ രണ്ടുതവണയും പോക്കറ്റടിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്തു. ആരെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ആവശ്യം ഉണ്ടെന്ന് എനിക്ക് ഉറപ്പായിരുന്നു. ഒരു പക്ഷേ അതുകൊണ്ടാവാം എന്റെ പോക്കറ്റടിക്കാൻ ദൈവം അവരെ അനുവദിച്ചത്!! മാത്രമല്ല, പണസ്നേഹത്തിൽ നിന്ന് എന്നെ അല്പം കൂടെ വിടുവിക്കാനും ദൈവം ഇത് അനുവദിച്ചു. പണത്തോടുള്ള എന്റെ കണക്കു കൂട്ടുന്ന മനോഭാവത്തിൽ നിന്നും കർത്താവിന് എന്നെ സ്വതന്ത്രനാക്കേണ്ടതുണ്ടായിരുന്നു. നഷ്ടപ്പെടുന്ന ഒരോ രൂപയും ഓർത്ത് ദുഃഖിക്കുന്നവനോ ലഭിക്കുന്ന ഓരോ രൂപയും ഓർത്ത് സന്തോഷിക്കുന്ന ഒരുവനോ ആകാൻ എന്നെപ്പറ്റി ദൈവം ഒരിക്കലും ആഗ്രഹിച്ചില്ല! കർത്താവിൽ (കർത്താവിൽ മാത്രം) എന്റെ സന്തോഷം കണ്ടെത്തുവാനാണ് അവിടുന്ന് ആഗ്രഹി

ച്ചത്-ഭൗതികമായ ലാഭത്തിന് വർദ്ധിപ്പിക്കാനോ ഭൗതികനഷ്ടത്തിന് കുറച്ചുകളയാനോ കഴിയാത്ത യഥാർത്ഥ സന്തോഷം.

എന്റെ ക്രിസ്തീയ ശുശ്രൂഷകളുടെ പ്രാരംഭനാളുകളിൽ റിസർവേഷനില്ലാത്ത തിരക്കുള്ള ട്രെയിൻ ബോഗികളിൽ അനേക മണിക്കൂറുകൾ എനിക്ക് യാത്രചെയ്യേണ്ടിവന്നിരുന്നു. മിക്ക സന്ദർഭങ്ങളിലും ഇരിപ്പിടങ്ങളെല്ലാം യാത്രക്കാരെക്കൊണ്ട് നിറഞ്ഞിരുന്നതിനാൽ എനിക്ക് നിലത്ത് ഇരിക്കേണ്ടി വരുമായിരുന്നു. ചിലപ്പോൾ മുഴുവൻ ദൂരവും നിൽക്കേണ്ടി വന്നിട്ടുമുണ്ട്. യാത്ര പുറപ്പെടുന്ന സ്റ്റേഷനിൽ നിന്നു തന്നെ, ബോഗിയാത്രക്കാരെയും ലഗ്ഗേജും കൊണ്ട് നിറഞ്ഞിരിക്കും. മുമ്പോട്ടുള്ള ഓരോ സ്റ്റേഷനിലും കൂടുതൽ യാത്രക്കാരും ഭാണ്ഡങ്ങളും ബോഗിയിലേക്ക് വരുന്നതുമൂലം സ്ഥിതി കൂടുതൽ വഷളാകുക സാധാരണയായിരുന്നു. *ശാരീരികമായ അസ്വസ്ഥതമൂലം തുടർന്നു കയറുന്ന യാത്രക്കാരെപ്പറ്റി പിറുപിറുക്കാനുള്ള പരീക്ഷ മിക്കപ്പോഴും ശക്തമായിരുന്നു. ഇങ്ങനെയുള്ള ഒരു യാത്രാമദ്ധ്യേയാണ് ദൈവം എനിക്ക് ക്രിസ്ത്രീയ ജീവിതത്തെപ്പറ്റി ഒരു പുതിയ വെളിപ്പാടു തന്നത്.* **"ഞാൻ ഒരു എറുമ്പിനോളം ചെറുതായിത്തീർന്നാൽ തിരക്കുള്ള ട്രെയിൻ ബോഗിയിൽ എനിക്ക് യാതൊരു സമ്മർദ്ദവും ഉണ്ടാകില്ല. ഞാൻ വളരെ വലുതായതുകൊണ്ടാണ് ഈ സമ്മർദ്ദം. ഒരു എറുമ്പിന് തിരക്കുള്ള ഈ ഇടം തികച്ചും വിശാലമായിരിക്കും. ഞാൻ എന്റെ ദൃഷ്ടിയിൽ സദാ ചെറിയവനാണെങ്കിൽ മറ്റുള്ളവരെപ്പറ്റിയുള്ള എല്ലാ പരാതിയിൽ നിന്നും, എല്ലാവിധ സമ്മർദ്ദങ്ങളിൽ നിന്നും പിരിമുറുക്കങ്ങളിൽ നിന്നും ഞാൻ തികച്ചും സ്വതന്ത്രനായിരിക്കും; അപ്പോൾ എനിക്ക് എപ്പോഴും ദൈവത്തിലുള്ള സ്വസ്ഥതയിലായിരിക്കാൻ കഴിയും!"** എല്ലാ ജീവിത സാഹചര്യങ്ങളിൽ നിന്നും നമുക്ക് എന്തെങ്കിലും പഠിക്കാനുണ്ടാവും.

ഒരിക്കൽറിസർവേഷൻ ഇല്ലാതെ ഞാൻ യാത്ര ചെയ്തപ്പോൾ എല്ലാ ഇരിപ്പിടങ്ങളിലും തിക്കി ത്തിരക്കി യാത്രക്കാരുണ്ടായിരുന്നു. എന്നാൽ ഒരു യാത്രക്കാരൻ രണ്ടുപേരുടെ സ്ഥലം അപഹരിച്ച് കാലുകൾ ഇരിപ്പിടത്തിൽ പിണച്ചുവച്ച് ഇരിക്കുന്നുണ്ടായിരുന്നു. രാത്രിമുഴുവൻ ആ വണ്ടിയിൽ എനിക്ക് യാത്രചെയ്യേണ്ടിയിരുന്നതിനാൽ, എനിക്കുകൂടി അല്പം സ്ഥലം ലഭിക്കത്തക്കവണ്ണം കാലുകൾ താഴ്ത്തിയിടാമോ എന്ന് ഞാൻ അയാളോടു ചോദിച്ചു. എന്നാൽ അയാൾ കേട്ടഭാവം നടിച്ചില്ല. സഹയാത്രക്കാർക്ക് എന്നോട് സഹതാപം തോന്നുകയാൽ എങ്ങനെയെങ്കിലും എന്നെ സഹായിക്കാൻ ശ്രമിച്ചിരുന്നു; പക്ഷേ ഇയാൾ ഒരിഞ്ചുസ്ഥലം പോലും തന്നില്ല. അസാധാരണമായ ഒരു പ്രാർത്ഥന അപ്പോൾ എന്റെ മനസ്സിലൂടെ കടന്നുപോയി. ദൈവം അയാളുടെ മൂത്രസഞ്ചി നിറയ്ക്കാനായിരുന്നു എന്റെ പ്രാർത്ഥന! അഞ്ചുമിനിറ്റിനകം അയാൾക്കു മൂത്രമൊഴിക്കാനായി എഴുന്നേൽക്കേണ്ടിവന്നു!! മറ്റുള്ള യാത്രക്കാർ സഹകരിച്ചതിനാൽ ഉടനടി എനിക്ക് ഇരിക്കാനുള്ള ഇടം കിട്ടുകയും ചെയ്തു.

പല ദീർഘദൂര തീവണ്ടികളിലും വളരെ നേരത്തെ (60 ദിവസം മുമ്പുവരെ) യാത്രയ്ക്കുള്ള റിസർവേഷൻ ചെയ്യേണ്ടതുണ്ട്. ഒരിക്കൽ ദക്ഷിണേന്ത്യയിലെ ഒരു സ്ഥലത്ത് മീറ്റിംഗുകൾക്കായി ക്ഷണം ലഭിച്ചതിനാൽ എന്നെ ക്ഷണിച്ച സഹോദരനോട് 60 ദിവസം മുമ്പേ എനിക്കായി മടക്കയാത്രക്ക് ഒരു ബെർത്ത് ബുക്കുചെയ്യാൻ ഞാൻ ആവശ്യപ്പെട്ടു. എന്നാൽ ആ സഹോദരൻ ഈ കാര്യം മറന്നുപോകുകയും ഞാൻ മീറ്റിംഗിനായി ആ സ്ഥലത്ത് എത്തിയപ്പോൾ മാത്രം തന്റെ പിഴവ് മനസ്സിലാക്കുകയും ചെയ്തു. ക്ഷമാപണത്തോടെ ഒരാളെ എനിക്ക് ഒരു ബെർത്ത് ബുക്കു ചെയ്യാൻ അയച്ചെങ്കിലും ഇരിക്കാൻ ഒരു സീറ്റ് മാത്രമേ ആ വൈകിയ വേളയിൽ ലഭിച്ചുള്ളൂ. ബെർത്തുകൾ എല്ലാം നേരത്തെ തന്നെ ബുക്കുചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു. മീറ്റിംഗുകൾക്കു ശേഷം ഞാൻ ട്രെയിനിൽ കയറി, എനിക്ക് ഉറങ്ങാൻ ഒരു ബെർത്തു തരാതെ സീറ്റുമാത്രം തന്നതിന് പിറുപിറുക്കാതെ കർത്താവിനെ സ്തുതിച്ചു കൊണ്ടിരന്നു. എന്റെ തൊട്ടടുത്ത് പ്രായമുള്ള ഒരു കത്തോലിക്കാ കന്യാസ്ത്രീയാണ് ഇരുന്നിരുന്നത്. ഞാൻ ഒരു സഹായം ചെയ്തുകൊടുക്കുമോ എന്ന് അവർ ചോദിച്ചു. മുകൾ തട്ടിലായിരുന്നു അവരുടെ ഉറങ്ങാനുള്ള ബെർത്ത്. ഞാൻ ആ ബർത്തിൽ ഉറങ്ങാമെങ്കിൽ അവർ താഴെയുള്ള സീറ്റുകളിൽ ചുരുണ്ടുകൂടി കിടന്നുകൊള്ളാം എന്ന് പറഞ്ഞപ്പോൾ എന്റെ മനോഭാവം ഊഹിക്കാമല്ലോ? സന്തോഷത്തോടെ ഞാൻ ആ 'സഹായം'ചെയ്തു കൊടുത്തു! മടക്കയാത്രയ്ക്ക് അങ്ങനെ പണം മുടക്കാതെ എനിക്ക് ദൈവം ഒരു ബെർത്ത് ലഭ്യമാക്കുകയായിരുന്നു.

ഇതുപോലുള്ള സംഭവങ്ങൾ ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്ന സംഭവങ്ങൾ ആയിരുന്നില്ല. എന്നാൽ ഞാൻ അവിടുത്തെ ശുശ്രൂഷയ്ക്കായി സഞ്ചരിക്കുമ്പോൾ സ്നേഹമുള്ള എന്റെ സ്വർഗ്ഗീയപിതാവ് എന്റെ ഏറ്റവും ചെറിയ ആവശ്യങ്ങളെക്കുറിച്ചുപോലും കരുതലുള്ളവനാണെന്ന സത്യം ഞാൻ പഠിക്കുകയായിരുന്നു. ദൈവം നല്ലവൻ- എല്ലായ്പ്പോഴും "എന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം അവിടുന്ന് അറിയുന്നു." (ഇയ്യോബ് 23:10) ഹല്ലേലുയ്യാ!!

◆

# 37

# വിദേശരാജ്യങ്ങളിൽ സഭകൾ ഉടലെടുക്കുന്നു

**പ**രിശുദ്ധാത്മാവിനാൽ സ്നാനം ലഭിക്കുമ്പോൾ ശിഷ്യന്മാർ യെരുശലേമിലും, യഹൂദ്യയിലും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും തന്റെ സാക്ഷികൾ ആകും എന്ന് യേശു പറഞ്ഞു. (പ്രവൃത്തി 1:8). ദൈവം തന്റെ വേല സാവധാനത്തിലും പടിപടിയായുമാണ് ചെയ്യുന്നത്. ക്രമേണ വലുതാകുന്ന വൃത്തങ്ങൾ പോലെ. എന്റെ ക്രിസ്തീയശുശ്രൂഷയിലും ഈ കാര്യം സത്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ബാംഗ്ലൂരിൽ ഒരു സഭ തുടങ്ങുന്ന കാര്യം മുൻകൂട്ടി ഞങ്ങൾ ചിന്തിച്ചിരുന്നതല്ല. അത് പൂർണ്ണമായും ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു. അപ്പോഴും ഞങ്ങളിലൂടെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേയക്ക് ഈ വേല വ്യാപിക്കും എന്ന് ചിന്തിച്ചിരുന്നില്ല. ഇന്ത്യയുടെ വിവിധ ഇടങ്ങളിൽ പ്രാദേശിക സഭകൾ ഉടലെടുക്കുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് വളരെ സന്തോഷം തോന്നി. ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നത് ഇന്ത്യയിലേക്ക് മാത്രമാണെന്ന് അന്ന് തോന്നിയിരുന്നു. എന്നാൽ ദൈവത്തിന് ഞങ്ങളെക്കുറിച്ച് മറ്റ് പദ്ധതികളും ഉണ്ടായിരുന്നു.

പല വർഷങ്ങളായിട്ടുള്ള എന്റെ ഒരു പ്രാർത്ഥന ഇപ്രകാരമാണ്. **കർത്താവേ, ദൈവഭക്തിയുള്ള ഒരു ജീവിതത്തിനായി അന്വേഷിക്കുന്ന ആരെങ്കിലും ഈ പ്രദേശത്ത് ഉണ്ടെങ്കിൽ ഞങ്ങളെ അവരുടെ അടുത്തേയ്ക്ക് അയയ്ക്കേണമേ, അല്ലെങ്കിൽ അവരെ ഞങ്ങളെ അടുത്തേയ്ക്ക് അയയ്ക്കേണമേ. ഇതു രണ്ടും ചെയ്യുവാൻ അങ്ങയ്ക്ക് കഴിയുന്നില്ലെങ്കിൽ ഞങ്ങളുടെ കുറവ് എന്താണെന്ന് പറയേണമേ .** ഈ പ്രാർത്ഥന തുടർന്നപ്പോൾ സഭയിൽ ക്രമീകരിക്കേണ്ട പലകാര്യങ്ങളും, ദൈവം ഞങ്ങളെ കാണിച്ചു. അവിടുന്ന് ഞങ്ങളെ കാണിച്ച ഒരു പ്രധാന കാര്യം ഞങ്ങളിൽ നിന്നും നീക്കപ്പെടേണ്ട പരീശമനോഭാവവും, സൗഹാർദ്ദപരമല്ലാത്ത ആത്മാവും ആയിരുന്നു. ഇതിൽ നിന്നും ശുദ്ധീകരണം പ്രാപിക്കുവാൻ ഞങ്ങൾ മനസ്സുവച്ചപ്പോൾ ആത്മീയ വിശപ്പുള്ള ആളുകളെ ദൈവം ഞങ്ങളുടെ അടുത്തേയ്ക്ക് അയയ്ക്കാൻ തുടങ്ങി. ആദ്യം ബാംഗ്ലൂരിൽ നിന്നും,

തുടർന്ന് ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിന്നും, ഒടുവിലായി ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും. ഞങ്ങൾ അവരെ തേടിപ്പോയതല്ല, ദൈവം അവരെ അയയ്ക്കുകയായിരുന്നു

**അഞ്ചു**വ്യത്യസ്ത രാജ്യങ്ങളിൽ സഭകൾ ഉടലെടുക്കാനുണ്ടായ സാഹചര്യങ്ങൾ ഉദാഹരണത്തിനായി താഴെപ്പറയാം. (മനഃപൂർവ്വമായി രഹസ്യസ്വഭാവം നിലനിർത്താനായി ഞാൻ രാജ്യങ്ങളുടെയും വ്യക്തികളുടെയും പേരുകൾ ഒഴിവാക്കുകയാണ്.)

## ഒന്നാമത്തെ വിദേശരാജ്യം

ഈ രാജ്യത്ത്, താമസിച്ച് ജോലിചെയ്തിരുന്ന ഭാരതീയനായ ഒരു ചെറുപ്പക്കാരനായ സഹോദരൻ തന്റെ ബന്ധുക്കളെ സന്ദർശിക്കാനായി മാതൃരാജ്യത്തേക്കു വന്നു. മദ്രാസിൽ ആയിരിക്കുമ്പോൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന മാസികയുടെ ഒരു കോപ്പി അയൽക്കാരൻ അദ്ദേഹത്തിന് കൊടുത്തു. അതിൽ എന്റെ ഒരു ലേഖനം ഉണ്ടായിരുന്നു. ആ സന്ദേശം ആ സഹോദരനെ വെല്ലുവിളിക്കുകയും ബാംഗ്ലൂരിൽ വരുമ്പോൾ എന്നെ സന്ദർശിക്കാൻ തീരുമാനിക്കുകയും ചെയ്തു. അദ്ദേഹം വീട്ടിൽ വന്നപ്പോൾ ഞാൻ പട്ടണത്തിൽ ഇല്ലായിരുന്നു. എന്നാൽ എന്റെ പത്നി ആനിയുമായി സംസാരിച്ച അദ്ദേഹം എന്റെ ചില പുസ്തകങ്ങളുമായി താൻ ജോലിചെയ്തിരുന്ന വിദേശരാജ്യത്തേയ്ക്ക് പോയി. ഈ പുസ്തകങ്ങളിൽ താൻ വായിച്ചു ഗ്രഹിച്ച കാര്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിനെ ഗണ്യമായി സ്വാധീനിച്ചു. അടുത്ത വർഷം ഇന്ത്യയിലേയ്ക്ക് വന്നപ്പോൾ ആറാഴ്ച ബാംഗ്ലൂരിൽ താമസിക്കയും സഭയുടെ കൂട്ടായ്മ ലഭിക്കുകയും ചെയ്തു. വിദേശത്തേയ്ക്ക് മടങ്ങിപ്പോയപ്പോൾ ജയകരമായ ക്രിസ്തീയജീവിതം അന്വേഷിക്കുന്ന ആരെങ്കിലും ഉണ്ടോ എന്ന് തിരഞ്ഞുകൊണ്ടിരുന്നു. ഒന്നുരണ്ടുപേരെ കണ്ടുമുട്ടാൻ ഇടയായി. ചില വർഷങ്ങൾക്കുശേഷം കേവലം മൂന്നുപേരുള്ള അദ്ദേഹത്തിന്റെ കൊച്ചു കൂട്ടായ്മയിലേയ്ക്ക് ചെല്ലാൻ ഞാൻ തയ്യാറാണോ എന്ന് ചോദിച്ചു. ഞാൻ സമ്മതിക്കുകയും അവിടെപോയി അവരുമായി ദൈവവചനം പങ്കുവയ്ക്കുകയും ചെയ്തു. ആ ചെറിയ തുടക്കത്തിൽ നിന്നും ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഒരു തുടക്കം ആ പട്ടണത്തിൽ ആരംഭിക്കാൻ ഇടയായി. കഴിഞ്ഞ 20 വർഷങ്ങളായി പലതവണ ഞാൻ അവരെ സന്ദർശിച്ചിട്ടുണ്ട്. സഭയ്ക്ക് വേണ്ടിയുള്ള സമ്മേളനങ്ങളും വെളിയിലുള്ളവർക്കായി പ്രത്യേക മീറ്റിംഗുകളും നടത്താൻ ഇടയായി. ഈ സഭയോട് അനുഗ്രഹിക്കപ്പെട്ട പല സഹോദരീസഹോദരന്മാരെ കൂട്ടി ചേർക്കാൻ ദൈവത്തിന് ഹിതമായി. അപ്പോൾ തന്നെ നമ്മോടൊത്ത് ആയിരിക്കാൻ വിളിക്കപ്പെട്ടിട്ടില്ലാത്ത ചിലരെ അവിടുന്ന് നീക്കിക്കളയുകയും ചെയ്തിട്ടുണ്ട്. ആദ്യം ബാംഗ്ലൂരിൽ വന്ന് ഞങ്ങളെ പരിചയപ്പെട്ട ആ സഹോദരൻ ഇപ്പോൾ പ്രസ്തുത സഭയിലെ മൂപ്പനായി ദൈവസഭയെ നയിക്കുന്നു.

## രണ്ടാമത്തെ വിദേശരാജ്യം

1970 കളുടെ ആരംഭത്തിൽ ഈ രാജ്യത്തു നടന്ന ഒരു ക്രിസ്തീയ സമ്മേളനത്തിൽ പ്രസംഗിക്കാനായി ഞാൻ പോയപ്പോൾ അവിടെയുള്ള ഒരു വലിയ സഭയിലെ ഒരു സഹോദരനെ പരിചയപ്പെടാൻ ഇടയായി. ഞാൻ എപ്പോഴെങ്കിലും അതുവഴിപോകുമ്പോൾ തന്നെ സന്ദർശിക്കാൻ അദ്ദേഹം എന്നെ ക്ഷണിച്ചു. പത്തുവർഷങ്ങൾക്കുശേഷം, എന്തുകൊണ്ടാണെന്ന് വ്യക്തമല്ലായിരുന്നെങ്കിലും ഈ സഹോദരനെ സന്ദർശിക്കാൻ എന്റെ ഉള്ളിൽ ഒരു ഭാരം ഉണ്ടായി. വിമാനയാത്രയ്ക്കുള്ള പണം അപ്പോൾ എന്റെ കൈവശം ഇല്ലായിരുന്നു. ഞാൻ എന്റെ മോപ്പഡ് (ഇരുചക്രവാഹനം) വിറ്റ് ആ പണം കൊണ്ട് ടിക്കറ്റുവാങ്ങി അവിടേയ്ക്ക് യാത്രയായി. ഒരു ശനിയാഴ്ചയാണ് ഞാൻ അവിടെ എത്തിയത്. അദ്ദേഹത്തിന്റെ സഭയുടെ ഒരു സന്ദർശകമുറിയിൽ ഈ സഹോദരൻ എനിക്ക് താമസസൗകര്യം ഒരുക്കി. ഞായറാഴ്ച രാവിലെ ആ സഭയിൽ വചനം പ്രസംഗിക്കേണ്ടിയിരുന്ന ആൾ വിമാനം വൈകിയതിനാൽ എത്തിയിട്ടില്ല എന്ന് അറിയാൻ ഇടയായി. ഞാൻ സ്ഥലത്തുണ്ട് എന്നറിഞ്ഞ സഭയിലെ മൂപ്പന്മാർ എന്നോട് വചനം പ്രസംഗിക്കാൻ ആവശ്യപ്പെട്ടു.

ആ സഭയോട് സംസാരിക്കാൻ ദൈവം എനിക്ക് ഒരു വചനം നൽകിയതിനാൽ വലിയ സ്വാതന്ത്ര്യത്തോടെ അന്ന് ദൈവവചനം പ്രസംഗിക്കാൻ കഴിഞ്ഞു. അന്നത്തെ മീറ്റിംഗ് വലിയ അനുഗ്രഹമായിരുന്നതിനാൽ സഭാ മൂപ്പന്മാർ വീണ്ടും എന്നോട് വചനം പ്രസംഗിക്കുവാൻ ആവശ്യപ്പെട്ടു. തുടർന്നു മൂന്നു ദിവസങ്ങൾ പ്രത്യേകയോഗങ്ങൾ അവർ ക്രമീകരിച്ചു. ഓരോ ദിവസത്തെയും രാത്രിയോഗങ്ങൾക്കുശേഷം ആ സഭയിലെ കുറെ ചെറുപ്പക്കാരുമായി ഞാൻ ദീർഘനേരം സമയം ചെലവഴിച്ചു. ആ ചെറുപ്പക്കാർ ദൈവവചന സത്യങ്ങൾക്കായി ദാഹിക്കുന്നവർ ആയിരുന്നതിനാൽ രാത്രി രണ്ടുമണിവരെ ആ സംഭാഷണങ്ങൾ നീണ്ടുപോയിരുന്നു. ആറുമാസങ്ങൾക്കുശേഷം ഈ ചെറുപ്പക്കാരായ സഹോദരന്മാർ ആ വലിയ സഭവിട്ട് വേറെ കൂടുവാൻ തുടങ്ങി. അവരുടെ സഭയായുള്ള ആദ്യ കോൺഫറൻസിന് എന്നെ ക്ഷണിക്കുകയുണ്ടായി. അതിനുശേഷം എല്ലാവർഷവും ഇതുപോലെയുള്ള കോൺഫറൻസുകൾക്കായി ഞാൻ പോകാറുണ്ട്. കാലക്രമേണ, മറ്റു സ്ഥലങ്ങളിൽ എന്ന പോലെ ഇവിടെയും ചിലർ സഭവിട്ടുപോകുകയും പുതിയ സഹോദരന്മാർ അവരുടെ സ്ഥാനത്ത് കടന്നുവരികയും ചെയ്തുകൊണ്ടിരുന്നു. എവിടെയും ദൈവപ്രവൃത്തി ഈ വിധത്തിലായിരുന്നു.

## മൂന്നാമത്തെ വിദേശരാജ്യം

മറ്റൊരു വിദേശരാജ്യത്ത് ജോലിചെയ്തുകൊണ്ടിരുന്ന ഇന്ത്യക്കാരനായ ഒരു യുവസഹോദരൻ പുതിയ വീഞ്ഞിനെക്കുറിച്ചുള്ള എന്റെ ടേപ്പ് ചെയ്ത സന്ദേശങ്ങൾ (മത്തായി 5,6,7) കേൾക്കാനിയായി. പുതിയ നിയമസഭ എന്ന പുതിയ തുരുത്തിയെപ്പറ്റിയും അതിൽ പരാമർശിച്ചിരുന്നു. ആ സ്നേഹിതൻ ദൈവസന്നിധിയിൽ അനുതപിച്ച്, ജലസ്നാനം സ്വീകരിച്ച് ഒരു ശിഷ്യനായി ജീവിക്കാൻ തീരുമാനിച്ചു. അവധിക്ക് ഇന്ത്യയിൽ എത്തിയപ്പോൾ ഇന്ത്യാ

ക്കാരനായ ഒരു പാസ്റ്റർ, ഞാൻ ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന ആളാകയാൽ ഞാനുമായി യാതൊരു സമ്പർക്കവും പാടില്ല എന്ന് മുന്നറിയിപ്പ് നൽകുക യുണ്ടായി. സത്യം അറിയാനുള്ള താത്പര്യത്തോടെ ഈ സഹോദരൻ ബാംഗ്ലൂ രിൽ വന്ന് ചില മണിക്കൂറുകൾ എന്നോടൊപ്പം ചെലവഴിക്കുകുയം താൻ കേട്ട ആരോപണങ്ങൾ എല്ലാം അജ്ഞതയിൽ നിന്നും അസൂയയിൽ നിന്നും ഉടലെടുത്ത അസത്യങ്ങൾ ആയിരുന്നു എന്ന് ഗ്രഹിക്കുകയും ചെയ്തു. പിന്നീട് പൊതുയോഗത്തിൽ അദ്ദേഹം എന്നെ ശ്രദ്ധിക്കുകയും കുടുംബജീ വിതം ഒരു ശിഷ്യനെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രാധാന്യം ഉള്ള താണെന്ന് ഗ്രഹിക്കുകയും ചെയ്തു. താൻ ജോലിചെയ്തുകൊണ്ടിരുന്ന രാജ്യ ത്തേക്ക് തന്റെ കുടുംബത്തെ കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാ യിരുന്നതിനാൽ ആ ജോലി രാജിവച്ച് ഇന്ത്യയിലേക്ക് മടങ്ങിവന്ന് കുടുംബ ജീവിതത്തിൽ ശ്രദ്ധിക്കാൻ തുടങ്ങി. ദൈവം ഈ സഹോദരനെ മാനിച്ച് ഇപ്പോ ഴത്തെ വിദേശരാജ്യത്ത് കുറെക്കൂടി മെച്ചമായ ഒരു ജോലി നൽകി. കുടുംബ സമേതം ഇവിടെ താമസിച്ച് ജോലിചെയ്യുന്ന ഈ സഹോദരൻ ദൈവിക സത്യങ്ങൾക്കായി നിലകൊണ്ടതിനാൽ മറ്റ് രണ്ട് കുടുംബങ്ങൾ കൂടി ചേർന്നു വരാൻ ഇടയായി. ആദ്യമായി അവിടെ നടന്ന കോൺഫറൻസ് ഈ മൂന്നു കുടുംബങ്ങൾക്കു മാത്രമായിരുന്നു. അധിക നാൾ കഴിയും മുന്നേ മറ്റേ രണ്ടു കുടുംബങ്ങളും ഇടർച്ച ഉണ്ടായി വിട്ടുപോയി.എന്നാൽ ദൈവം പുതിയ കുടും ബങ്ങളെ അയച്ചു. ഞാൻ പലതവണ അവരെ സന്ദർശിക്കുകയും അനേകർ പുതുതായി അവരുടെ മദ്ധ്യത്തിലേക്ക് കടന്നുവരുകയും ചെയ്യുന്നു. കഴിഞ്ഞ പല വർഷങ്ങളിലായി അവിടുത്തെ സഭ മുഖാന്തിരം ലോകമെമ്പാടും അനേ കായിരം പേർക്ക് ഈ സന്ദേശങ്ങൾ എത്തിക്കുവാൻ ടേപ്പുകളിലൂടെയും സിഡികളിലൂടെയും ഇടയായിവരുന്നു.

## നാലാമത്തെ വിദേശരാജ്യം

മുകളിൽ പറഞ്ഞ സഹോദരനോടൊപ്പം അദ്ദേഹത്തെ സ്വാധീനിച്ച രണ്ടു സന്ദേശങ്ങൾ ടേപ്പിൽ കൂടി ശ്രവിച്ച മറ്റൊരു സഹോദരൻ ഉണ്ടായിരുന്നു. താൻ ഉൾപ്പെട്ടുനിന്ന സഭയിൽ നിന്നും വേർപെട്ട് യഥാർത്ഥത്തിലുള്ള പുതിയ നിയമ സഭയുടെ പണിക്കായി അദ്ദേഹം ഒരു തീരുമാനമെടുത്തു. ഈ രാജ്യം സന്ദർശിക്കാനും എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. അവിടെയുള്ള പ്രാദേശിക സഭയ്ക്ക് വേണ്ടി ചില കോൺഫറൻസുകൾ നടത്താൻ ഇടയായിട്ടുമുണ്ട്. മറ്റു സ്ഥലങ്ങളിലെന്നവണ്ണം ദൈവം ചിലരെ കൂട്ടിച്ചേർക്കുകയും മറ്റുചിലരെ സഭയിൽ നിന്നും നീക്കുകയും ചെയ്യുന്ന പ്രവൃത്തി കഴിഞ്ഞ വർഷങ്ങളിൽ ശ്രദ്ധിച്ചിട്ടുണ്ട്. സഭ ദൈവികപരിപാലനത്തിൽ മുമ്പോട്ടു തന്നെ പോകുന്നു.

## അഞ്ചാമത്തെ വിദേശരാജ്യം

ഈ രാജ്യത്ത് ജോലിചെയ്തിരുന്ന രണ്ട് യുവസഹോദരന്മാരെ കാണാൻ മാത്രമാണ് ഞാൻ അവിടേക്ക് പോയത്. ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രം അവിടെ താമസിക്കാനേ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളു. ഞാൻ അവിടെ ആരെയും

അറിഞ്ഞിരുന്നില്ല എന്നതിനാൽ പ്രത്യേക മീറ്റിംഗുകൾ ഒന്നും ക്രമീകരിച്ചിരുന്നില്ല. എന്നാൽ അപ്രതീക്ഷിതമായി എന്റെ അവിടെ നിന്നുള്ള യാത്ര നാലഞ്ചുദിവസം വൈകി. മറ്റൊരു രാജ്യത്തേക്കുള്ള എന്റെ വിസ കിട്ടാൻ വൈകിയതാണ് ഈ താമസത്തിനു കാരണം. അവധി ദിവസങ്ങളായതിനാൽ ഇമിഗ്രേഷൻ ഓഫീസ് നാലു ദിവസത്തേക്ക് അടഞ്ഞുകിടന്നിരുന്നു. രാവിലെയും ഉച്ചയ്ക്കും വൈകിട്ടും ഞാൻ സന്ദർശിച്ച ഈ സ്ഥലത്ത് മീറ്റിംഗുകൾ നടത്താൻ എനിക്ക് പ്രേരണയുണ്ടായി. ഇത് വാസ്തവത്തിൽ മനുഷ്യ ദൃഷ്ടിയിൽ യാദൃച്ഛികമെന്ന് തോന്നിയാലും ദൈവം ക്രമീകരിച്ച ഒരു കോൺഫറൻസായിരുന്നു. ആ ദിവസങ്ങളിൽ ദൈവഭക്തിയുള്ള ഒരു ജീവിതത്തിനായി അന്വേഷിച്ചുകൊണ്ടിരുന്ന അനുഗൃഹീതനായ ഒരു സഹോദരനെ കണ്ടുമുട്ടാൻ ഇടയായി. ഇപ്പോൾ ആ സഹോദരന്റെ നേതൃത്വത്തിൽ വളർച്ചയുള്ള ഒരു സഭ ആ സ്ഥലത്തുണ്ട്. ദൈവമക്കളുടെ ഓരോ ചുവടുകളും (**തടസ്സങ്ങളും**) കർത്താവിനാൽ ക്രമീകരിക്കപ്പെടുന്നതാകുന്നു എന്നുള്ളത് എത്ര സത്യമാണ്! (സങ്കീ. 37:23) കർത്താവിന് മഹത്വമുണ്ടാകട്ടെ.

തന്റെ വേലയിൽ നമ്മെ നടത്തുന്ന കാര്യത്തിൽ കർത്താവ് പരമാധികാരി തന്നെ. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും അവിടുത്തെ കൈകളിലത്രേ. ഭൂലോകത്തിലൊക്കെയും പോയി സകലജാതികളെയും ശിഷ്യരാക്കിക്കൊള്ളാൻ അവിടുന്ന് നമ്മോട് കല്പിച്ചത് ഈ കാരണത്താലാണ്. അവിടുത്തെ സാന്നിദ്ധ്യവും വാഗ്ദാനം ചെയ്തിരിക്കുന്നു. (മത്താ. 28:18-20). കഴിഞ്ഞ 33 വർഷങ്ങളായി ശിഷ്യത്വത്തിന്റെ മാർഗ്ഗത്തിലേക്ക് ആളുകളെ നടത്തുവാനുള്ള എന്റെ എല്ലാ യാത്രകളിലും വിശ്വസ്തനായി കർത്താവ് എന്നോടൊപ്പം ഉണ്ടായിരുന്നു. ഈ രാജ്യങ്ങളിലെല്ലാം അവിടുത്തെ സഭകളെ നടത്തുവാൻ ദൈവഭക്തരായ ഇടയന്മാരെ ദൈവം എഴുന്നേൽപ്പിക്കുകയും ചെയ്തു. ഹല്ലേലുയ്യാ! ◆

# 38

# പാശ്ചാത്യസ്വാധീനവലയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം

**നാ**ല്പതിൽപരം വർഷങ്ങൾക്കുമുമ്പ്, കൃത്യമായി പറഞ്ഞാൽ 1967 ൽ മദ്രാസിൽ വച്ച് ഒരു ഹിന്ദുസ്നേഹിതനെ കണ്ടുമുട്ടിയ അനുഭവം ഓർക്കുന്നു. സുവിശേഷം പരസ്യസ്ഥലങ്ങളിൽ പ്രസംഗിച്ച ഒരു സന്ദർഭം. പ്രസംഗശേഷം അമേരിക്കക്കാരനായ ഒരു ക്രിസ്തീയഎഴുത്തുകാരൻ രചിച്ച ഒരു ലഘുഗ്രന്ഥം ഞാൻ മേൽപ്പറഞ്ഞ ഹിന്ദുസ്നേഹിതന് നൽകാൻ ശ്രമിച്ചു. പുസ്തകം കണ്ടമാത്രയിൽ അദ്ദേഹം എന്നോടു ചോദിച്ചത് ഞാൻ അമേരിക്കയുടെ ഒരു ശമ്പളക്കാരനാണോ എന്നായിരുന്നു. ഈ ചോദ്യം എന്നെ ഞെട്ടിച്ചുകളഞ്ഞു. പാശ്ചാത്യമോ ഭാരതീയമോ ആയ ഏതെങ്കിലും പ്രസ്ഥാനത്തിന്റെയോ പ്രസംഗകന്റെയോ പ്രതിഫലം പറ്റുന്ന ഒരു ക്രിസ്തീയവേലക്കാരൻ അല്ലായിരുന്നു ഞാൻ എന്നതിന് സംശയം ഒന്നും ഇല്ലായിരുന്നു. നല്ല ശമ്പളം ലഭിച്ചിരുന്ന ഒരു ജോലി ഉപേക്ഷിച്ചിട്ടാണ് ഞാൻ കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷക്കാരനായിരിക്കുന്നതെന്നും ആ മനുഷ്യന് അറിയില്ലായിരുന്നു!! എന്നാൽ പാശ്ചാത്യനാടുകളിൽ നിന്നുള്ള ക്രിസ്തീയഎഴുത്തുകാരുടെ രചനകൾ വിതരണം ചെയ്യുമ്പോൾ എന്റെ നാട്ടുകാർക്ക് ഞാൻ തെറ്റായ ധാരണകളാണ് നൽകുന്നതെന്ന സത്യം അന്ന് ഞാൻ മനസ്സിലാക്കി. *നമ്മുടെ ആത്യന്തികസന്ദേശം നാം മറ്റുള്ളവർക്ക് നൽകുന്ന ധാരണകൾതന്നെയാണ്.* ഈ സംഭവം എന്നെ ശക്തമായി വെല്ലുവിളിക്കയും ഇൻഡ്യയിൽ കർത്താവിന്റെ വേല എപ്രകാരം ചെയ്യണം എന്ന കാര്യത്തിൽ പ്രാരംഭനാളുകളിൽ തന്നെ എന്റെ കണ്ണുതുറപ്പിക്കയും ചെയ്തു.

ക്രിസ്തുമാർഗ്ഗം ഒരു പാശ്ചാത്യമതമാണെന്നാണ് മിക്ക ഭാരതീയരുടേയും ധാരണ. ഇൻഡ്യയിലെ ക്രിസ്തീയവേലക്കാർ അമേരിക്കൻ സംഘടനകളുടെ ശമ്പളക്കാരാണെന്നും, കൂടുതൽ വിദേശനാണ്യം ലഭിക്കുവാനും ആഡംബരപൂർണ്ണമായ ജീവിതത്തിനുമായി പ്രസംഗിക്കുന്നവർ മാത്രമാണെന്നും അവർ ചിന്തിക്കുന്നു. ഇൻഡ്യാക്കാരോടുള്ള എന്റെ ക്രിസ്തീയസാക്ഷ്യം ഫലപ്രദമാകണമെങ്കിൽ അവരുടെ മനസ്സിലുള്ള ഈ തെറ്റായധാരണ മാറ്റുവാൻ എന്നാൽ കഴിയുന്നതെല്ലാം ചെയ്യണം എന്ന് തോന്നി, സാധുസുന്ദർസിംഗ്

ഒരിക്കൽ ഇപ്രകാരം പറഞ്ഞു:*"നമ്മുടെ ഭാരതീയ സഹോദരങ്ങൾക്ക് നാം ജീവജലം ഭാരതീയപാത്രങ്ങളിലാണ് പകർന്നുനൽകേണ്ടത്"* തികച്ചും സത്യം!.

കഴിഞ്ഞ 50 വർഷങ്ങളായി ഇൻഡ്യയിലുടനീളം സഞ്ചരിക്കാനും വിവിധ ക്രിസ്തീയസഭാവിഭാഗങ്ങളുടെയും ക്രിസ്തീയപ്രസ്ഥാനങ്ങളുടെയും പ്രവർത്തനശൈലി മനസ്സിലാക്കാനുമുള്ള അവസരം എനിക്ക് കൈവന്നിട്ടുണ്ട്. എന്റെ ശ്രദ്ധയിൽ വന്നകാര്യങ്ങൾ ചുരുക്കമായി താഴെപറയാം. (ഞാൻ ആരേയും വിധിക്കുകയല്ല, **തികച്ചും വ്യക്തിപരമായ അഭിപ്രായം** പറയുക മാത്രമാണെന്ന കാര്യം പ്രത്യേകം ഓർക്കുമല്ലോ)

1. ഞാൻ അറിയുന്ന ഇൻഡ്യയിലെ പൂർണ്ണസമയക്രിസ്തീയവേലക്കാരിൽ തൊണ്ണൂറ്റിയഞ്ച് ശതമാനത്തിലധികം പേരും **ലോകപ്രകാരമുള്ള ഒരു തൊഴിലിൽ ഒരിക്കലുംഏർപ്പെട്ടിട്ടില്ലാത്തവരാണ്**. അവരിൽമിക്കവർക്കും ആഗ്രഹിച്ചിരുന്നെങ്കിൽപോലും മാന്യമായ നല്ല ശമ്പളമുള്ള ഒരു ജോലി ലഭിക്കുമായിരുന്നില്ല താനും. എന്നാൽ അവർ മിക്കവരും അവരുടെ സമപ്രായക്കാരായ സ്നേഹിതർക്ക് ലഭിക്കുന്നതിന്റെ പല മടങ്ങ് വരുമാനം ഉണ്ടാക്കുന്നു എന്നതാണ് സത്യം. ഇൻഡ്യയിലെ സമ്പന്നവർഗ്ഗത്തിനു മാത്രം സ്വന്തമാക്കാൻ കഴിയുന്ന സുഖസൗകര്യങ്ങൾ പാശ്ചാത്യരായ സമ്പന്നക്രിസ്ത്യാനികളുടെ ഔദാര്യത്താൽ ഇത്തരം 'ക്രിസ്തീയവേലക്കാർ' അനുഭവിക്കുന്നുണ്ട്. യേശുവിനും അപ്പോസ്തൊലന്മാർക്കും ദൈവഭക്തി ത്യാഗത്തിന്റെ മാർഗ്ഗമായിരുന്നെങ്കിൽ ഇവർക്ക് ക്രിസ്തീയമാർഗ്ഗം ആദായസൂത്രമായിത്തീർന്നിരിക്കുന്നു. തൊഴിലില്ലാത്ത ഒറ്റവ്യക്തിയെപ്പോലും യേശു തന്റെ അപ്പോസ്തൊലനാകാൻ വിളിച്ചില്ല എന്ന് സുവിശേഷം വായിക്കുന്ന ആർക്കും വ്യക്തമാകും. ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരുന്നവരെ മാത്രമേ അവിടുന്നു വിളിച്ചുള്ളൂ. തന്നെ അനുഗമിക്കാൻ അവർക്ക് സ്വന്തമായിരുന്നതൊക്കെ ത്യജിക്കേണ്ടിവന്നു. ഇന്നും യേശു തന്റെ വേലയ്ക്കായി അത്തരം ത്യാഗമനോഭാവം ഉള്ളവരെയാണ് വിളിക്കുന്നത്.

2. **പാശ്ചാത്യധനസഹായംകൂടാതെ** ഇൻഡ്യയിലെ ഭൂരിപക്ഷം പ്രവർത്തനങ്ങൾക്കും **നിലനിൽപ്പില്ല.** തന്മൂലം പ്രാർത്ഥനയ്ക്കായുള്ള അപേക്ഷകൾ എന്നപേരിൽ ധനസഹായത്തിനായുള്ള *യാചനാസന്ദേശങ്ങൾ,* രക്ഷിക്കപ്പെടുന്നവരെപ്പറ്റിയുള്ള അതിശയോക്തിമയമായ റിപ്പോർട്ടുകൾ തുടങ്ങിയവ ഇൻഡ്യയിലെ ക്രിസ്തീയസംഘടനകൾ നിരന്തരം പാശ്ചാത്യരാജ്യങ്ങളിലേക്ക് അയച്ചുകൊണ്ടിരിക്കുന്നു. ഇന്ന് തന്ത്രശാലികളായക്രിസ്തീയവേലക്കാർ അവരെ സാമ്പത്തികമായി സഹായിക്കുന്ന പാശ്ചാത്യനാടുകളിലെ സമ്പന്നരോട് ഇൻഡ്യയിൽ ഭാവിയിൽ സ്വയംപര്യാപ്തത കൈവരിക്കാനായി കെട്ടിടങ്ങളിലും ഭൂമിയിലും മുതൽ മുടക്കാനായി ഭീമമായ തുകകൾ ആവശ്യപ്പെടാൻ മടിക്കാത്തവരാണ്. ലൂക്കോസ് 16-ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് കർത്താവ് പറഞ്ഞ കുശാഗ്രബുദ്ധിയായ കാര്യവിചാരകനെ

പ്പോലെയാണ് ഇക്കൂട്ടർ. അമേരിക്കൻസാമ്പത്തികസഹായംകൊണ്ട് മാത്രം നിലനിൽക്കുന്ന 'ഇൻഡ്യൻ ക്രിസ്ത്യാനിത്വം' ഏതൊരു അക്രൈസ്തവനും എളുപ്പത്തിൽ കാണാൻ കഴിയും. സമ്പൽസമൃദ്ധിയുടെ സുവിശേഷം ടെലിവിഷൻ മാദ്ധ്യമത്തിലൂടെ പ്രസംഗിക്കുന്ന അമേരിക്കൻ പ്രസംഗകർ ലജ്ജ കൂടാതെ പണം ചോദിക്കുന്നത് ശ്രദ്ധിക്കുന്ന ഏതൊരു അക്രൈസ്തവനും ക്രിസ്ത്യാനിത്വം അമേരിക്കൻ മതം മാത്രമല്ല, പണസമ്പാദനത്തിനുള്ള ഒരു ഉപാധികൂടിയാണെന്ന് ചിന്തിച്ചുപോയാൽ അയാളെ കുറ്റപ്പെടുത്താൻ കഴിയുമോ?

3. ഇൻഡ്യയിലെ ക്രിസ്തീയവേദശാസ്ത്രം അന്ധമായി **പാശ്ചാത്യവേദശാസ്ത്രത്തെ** അനുകരിക്കുന്നു. ഞാൻ കണ്ടിട്ടുള്ള സഭകളിലും വൈദിക സെമിനാരികളിലും ഇതാണ് സത്യം. മിക്ക ഭാരതീയക്രിസ്തീയപ്രസംഗകരും നേരിട്ട് വെളിപ്പാടുകൾ ലഭിക്കാതെ പടിഞ്ഞാറൻരാജ്യങ്ങളിൽ നിന്നുപ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ നിന്നും വായിച്ചുഗ്രഹിച്ച കാര്യങ്ങൾ ആവർത്തിക്കുക മാത്രം ചെയ്യുന്നവരാണ്. *ദൈവം ഇൻഡ്യാക്കാരോട് സംസാരിക്കാതെ അമേരിക്കക്കാരോടുമാത്രമേ സംസാരിക്കൂ എന്ന് തോന്നിപ്പോകും!!* ഇൻഡ്യയിലെ ക്രിസ്തീയപ്രസംഗകർ പ്രസംഗപീഠത്തിലെ അവരുടെ പെരുമാറ്റത്തിൽപോലും പാശ്ചാത്യപ്രസംഗകരെ അനുകരിക്കുന്നവരാണ്. ബ്രിട്ടീഷ്ഭരണത്തിന്റെ കാലത്തുണ്ടായിരുന്ന അടിമത്തമനോഭാവം പാശ്ചാത്യസംഗീതമാതൃക പിന്തുടരാനും പാശ്ചാത്യപ്രസംഗകരുടെ രീതികൾ അനുകരിക്കാനും ഇന്നും പലരെയും നിർബന്ധിക്കുന്നു. ഉദാഹരണത്തിന് പ്രസംഗവേദിയിൽ ആളുകളെ തള്ളിയിടുന്നതും, അടുത്തുനിൽക്കുന്ന ആളിനോട് ചില മുദ്രാവാക്യങ്ങൾ പറയാൻ ആവശ്യപ്പെടുന്നതും ഒക്കെ ഇന്ന് സാധാരണമായിരിക്കുന്നു. പാശ്ചാത്യക്രിസ്ത്യാനികൾക്ക് പ്രിയങ്കരമായ മുദ്രാവാക്യങ്ങൾ ഇൻഡ്യക്കാരായ അവരുടെ ആൾക്കാർക്കും പ്രിയങ്കരമായിത്തീർന്നിരിക്കുന്നു!

ഈ കാര്യങ്ങൾ എല്ലാംതന്നെ ഇൻഡ്യയിൽ നമ്മുടെ സാക്ഷ്യത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ഇൻഡ്യയിലെ പണം പാശ്ചാത്യനാടുകളിലെ പണത്തേക്കാൾ കൂടുതൽ വിശുദ്ധമല്ല. അതിനാൽ പാശ്ചാത്യനോ പൗരസ്ത്യനോ ആയ ഏതൊരാൾക്കും ഇൻഡ്യയിലെ ദൈവത്തിന്റെ വേലയ്ക്ക് സാമ്പത്തികസഹായം നൽകാം. എന്നാൽ ഇവിടുത്തെ വേലയ്ക്കായി പാശ്ചാത്യനാടുകളെ **ആശ്രയിക്കുക** എന്നത് നമ്മുടെ നാട്ടുകാർക്ക് ക്രിസ്തീയതയെപ്പറ്റി തെറ്റായ ചിത്രം നൽകാൻ ഇടയാക്കും എന്ന് എനിക്ക് തോന്നി. തന്മൂലം മുപ്പതുവർഷങ്ങൾക്കുമുമ്പ് ഇൻഡ്യയുടെ വിവിധസ്ഥലങ്ങളിൽ നാം പുതിയ പ്രാദേശികസഭകൾ സ്ഥാപിക്കാൻ തുടങ്ങിയപ്പോൾ ദൈവത്തിന്റെ സഹായത്താൽ, വ്യത്യസ്തമായ ഒരു പാത നാം തെരഞ്ഞെടുത്തു. നമ്മുടെ ഭൗതിക ആവശ്യങ്ങൾക്കോ, വേദശാസ്ത്രത്തിന്റെ കാര്യത്തിലോ പാശ്ചാത്യ നാടുകളെയോ ഏതെങ്കിലും വ്യക്തികളെയോ ആശ്രയിക്കുകയില്ല എന്ന നിലപാടാണ് നമ്മുടേത്.

ഞാൻ നേവിയിലെ ജോലി വിട്ടപ്പോൾ സാമ്പത്തികകാര്യങ്ങളിൽ ഒരു പ്രത്യേക ശിക്ഷണത്തിന് സ്വയം വിധേയനായി. ഞാൻ ജോലിയിൽ തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്നതിൽ കൂടുതലായ ഒരു വരുമാനം ഒരിക്കലും ഞാൻ സ്വീകരിക്കുകയില്ല എന്നതായിരുന്നു എന്റെ നിലപാട്. ജഡാവതാരം എടുത്തപ്പോൾ യേശു സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നതിനേക്കാൾ താണനിലവാരത്തിൽ ജീവിച്ചു എന്ന കാര്യം എന്നെവെല്ലുവിളിച്ചതിനാൽ നേവിയിലെ ഉദ്യോഗത്തിൽ ജീവിക്കാൻ കഴിയുമായിരുന്നതിലും താണ ഒരു ജീവിതനിലവാരം എപ്പോഴും സൂക്ഷിക്കാൻ ഞാൻ ഉത്സാഹിച്ചു. എന്നെക്കാൾ കുറഞ്ഞ വരുമാനമുള്ള ഒരാളിൽ നിന്നും ഒരു ദാനം ഒരിക്കലും സ്വീകരിക്കാതിരിക്കാനും ഞാൻ ശ്രദ്ധിച്ചു.

ദൈവകൃപയാൽ ഈ കാലമത്രയും എന്റെ **വ്യക്തിപരമായ** ആവശ്യങ്ങളോ **ക്രിസ്തീയശുശ്രൂഷയിലെ** സാമ്പത്തിക ആവശ്യങ്ങളോ ഒരിക്കലും മറ്റാരോടും പറയാതിരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ആവശ്യങ്ങൾ സ്വർഗ്ഗീയ പിതാവ് ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ നിറവേറ്റിത്തന്നിട്ടുണ്ട്. ഞാൻ **എന്തുമാത്രം** പണം കൈകാര്യം ചെയ്യണം എന്ന് ദൈവം തന്റെ പരമാധികാരത്തിൽ തീരുമാനിച്ചിട്ടുള്ളത് ഞാൻ **എപ്പോഴും** സസന്തോഷം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി എനിക്കും യേശുവിനെപ്പോലെ തന്നെ, ഒരിക്കലും ആരോടെങ്കിലും പണം കടം വാങ്ങുകയോ, ഏതെങ്കിലും സമയത്ത് കടക്കാരനായിത്തുടരുകയോ വേണ്ടിവന്നിട്ടില്ല. പാശ്ചാത്യരാജ്യങ്ങളിലെ സഭകളിലോ, സമ്പന്നമായ ഗൾഫ് രാജ്യങ്ങളിലോ പ്രസംഗിക്കുന്നതിനുതൊട്ടുമുമ്പ് എന്നെ പരിചയപ്പെടുത്തിയിട്ടുള്ളത് *'തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കായോ ക്രിസ്തീയവേലയ്ക്കായോ ഒരിക്കലും പണം ചോദിക്കാത്ത ഇൻഡ്യാക്കാരനായ പ്രസംഗകൻ'* എന്നാണ്. അത്തരം ഒരു പേര് ലഭിച്ചതിൽ ഞാൻ സന്തോഷവാനാണ്. യേശുവിന് പണത്തോടുണ്ടായിരുന്ന മനോഭാവവും അതുതന്നെയായിരുന്നല്ലോ? ഏറ്റവും വലിയ ബൈബിൾ പണ്ഡിതന്മാർ ഉൾപ്പെടെ മനുഷ്യർ പഠിപ്പിക്കുന്ന ഏതൊരു ഉപദേശത്തെയും ഞാൻ ചോദ്യം ചെയ്യുമെന്നും, തിരുവചനത്തിൽ വ്യക്തമായി ഗ്രഹിക്കാൻ കഴിയുന്ന കാര്യങ്ങൾമാത്രമേ അംഗീകരിക്കയുള്ളൂ എന്നും ഞാൻ തീരുമാനിച്ചിരുന്നു. ഇൻഡ്യയിൽ മിക്ക ക്രിസ്ത്യാനികളും അന്ധമായി അനുകരിക്കുന്ന പാശ്ചാത്യവേദശാസ്ത്രത്തിലെ പലകാര്യങ്ങളും ഞാൻ തള്ളിക്കളഞ്ഞു. അങ്ങനെയുള്ള മൂന്നുകാര്യങ്ങൾ ദൃഷ്ടാന്തമായി താഴെപ്പറയുന്നു:-

1. സഭ മഹോപദ്രവകാലത്തിനുമുമ്പ് ഉൽപ്രാപണം ചെയ്യപ്പെടും എന്നുള്ള തിരുവചനവിരുദ്ധമായ ഉപദേശം.
2. പാശ്ചാത്യഉണർവുപ്രസംഗകർ പഠിപ്പിക്കുന്ന ദൈവവചനപ്രകാരമല്ലാത്ത ആത്മാവിന്റെ വരങ്ങളെപ്പറ്റിയുള്ള നിർവചനങ്ങൾ.
3. പരിശുദ്ധാത്മാവിന്റെ പ്രകടനങ്ങൾ എന്ന് പാശ്ചാത്യപ്രസംഗകർ അവ

കാശപ്പെടുന്ന തിരുവചനവിരുദ്ധമായ പ്രസംഗപീഠത്തിൽനിന്നുള്ള പ്രകടനങ്ങൾ.

ക്രിസ്ത്യാനിത്വം പാശ്ചാത്യരാജ്യത്തുനിന്നല്ല **സ്വർഗ്ഗത്തിൽ** നിന്നാണ് ഇൻഡ്യയിൽ വന്നത് എന്ന് ഭാരതീയപൗരന്മാർക്ക് തെളിയിച്ചുകൊടുക്കണം എന്നായിരുന്നു എന്റെ തീരുമാനം. ഇൻഡ്യയിൽ കർത്താവായ യേശുക്രിസ്തുവിന്റെ ഫലപ്രദമായ സാക്ഷ്യം നിർവഹിക്കണമെങ്കിൽ ഈ വിഷയത്തിൽ ആശയക്കുഴപ്പത്തിന് ഇടനൽകാത്ത ഒരു ജീവിതം എനിക്കുണ്ടായിരിക്കണം എന്ന് വ്യക്തമായിരുന്നു. ദൈവത്തിന്റെ രാജ്യവും നീതിയും മുമ്പേ അന്വേഷിക്കുന്നപക്ഷം എന്റെ എല്ലാ ഭൗതികാവശ്യങ്ങളും അവിടുന്ന് നിർവ്വഹിച്ചുതരും എന്ന സത്യത്തിന്റെ , ജീവിക്കുന്ന ഒരു സാക്ഷിയായി ഇൻഡ്യയിൽ ജീവിക്കണം എന്നായിരുന്നു എന്റെ തീരുമാനം.

നമ്മുടെ ദൈവഭക്തിക്കോ, ഫലപ്രദമായ ക്രിസ്തീയശുശ്രൂഷയ്ക്കോ, ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിനോ മാനുഷികമായ ഒരു വിശദീകരണം ഒരിക്കലും ഉണ്ടായിക്കൂടാ. പാശ്ചാത്യനാടുകളിലുള്ള കുറേ ധനികരുമായി നമുക്ക് നല്ലബന്ധമുള്ളതുകൊണ്ടല്ല മറിച്ച് *സ്വർഗ്ഗത്തിലെ നമ്മുടെ പിതാവ് നമ്മെ താങ്ങുന്നതിനാലും, നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനാലും എന്ന വിശദീകരണമാണ്* ഉണ്ടാവേണ്ടത്. നമ്മുടെ ജീവിതത്തിലൂടെ സകലമഹത്വവും ദൈവത്തിന് ലഭ്യമാകുന്നത് അപ്പോൾ മാത്രമായിരിക്കും.

നമ്മെ എല്ലാവരെയും സംബന്ധിച്ച് ഇത് സത്യമായിരിക്കട്ടെ. ആമേൻ

◆

# 39

# വീട്ടിലെ ജീവിതം

**ഒ**രുവന് തന്റെ കുടുംബത്തെ നന്നായി പരിപാലിക്കാൻ അറിഞ്ഞുകൂടെങ്കിൽ അയാൾ ദൈവസഭയെ നയിക്കാനോ, സഭാശുശ്രൂഷചെയ്യാനോ അയോഗ്യനാണെന്ന് ദൈവവചനം പറയുന്നു. (1 തിമോ.3:5). സഭ ദൈവത്തിന്റെ കുടുംബമാണ്. അവിടുത്തെ സഭയിലെ ശുശ്രൂഷയ്ക്ക് നാം യോഗ്യരാണോ എന്ന് ദൈവം പരിശോധിക്കുന്ന ഇടം നമ്മുടെ കുടുംബമാണ്. ദൈവത്തിന്റെ കുടുംബത്തെ പരിപാലിക്കാൻ നാം പ്രാപ്തരാകണമെങ്കിൽ ആദ്യം സ്വന്തം കുടുംബത്തെ ദൈവികമായ വിധത്തിൽ നാം പരിപാലിച്ചേ മതിയാകൂ.

ഞാൻ ക്രിസ്തീയശുശ്രൂഷയ്ക്കായി മിക്കപ്പോഴും യാത്രയിൽ ആയിരുന്നതിനാൽ എന്റെ കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന കാര്യവും സഭയുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന കാര്യവും തമ്മിൽ പൊരുത്തക്കേടുണ്ടാകാതിരിക്കാൻ ദൈവത്തോട് ജ്ഞാനത്തിനായി ഞാൻ പ്രാർത്ഥിച്ചിരുന്നു. പ്രായോഗിക കാര്യങ്ങളിൽ ആലോചന ചോദിക്കുവാൻ ഒരു ആത്മീയ പിതാവ് എനിക്ക് ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ പലപ്പോഴും ആശിച്ചിട്ടുണ്ട്. പക്ഷേ അങ്ങനെ ഒരാൾ എനിക്ക് ഇല്ലായിരുന്നു എന്നതാണ് സത്യം. അതുകൊണ്ടുതന്നെ എനിക്ക് നിരവധി അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ട്. എന്റെ തെറ്റുകളിൽനിന്ന് ഞാൻ ക്രമേണ പഠിക്കുകയും ഈ വിഷയങ്ങളിൽ കുറച്ചൊക്കെ ജ്ഞാനം സമ്പാദിക്കയും ചെയ്തു.

ഞാൻ ഉപജീവനത്തിനായി ചെയ്തിരുന്ന 'കൂടാരപ്പണിയി'ൽ നിന്നുള്ള വരുമാനം കുറവായിരുന്നതിനാൽ എന്റെ ഭാര്യയ്ക്ക് ലളിതമായ ജിവിതശൈലി അഭ്യസിക്കേണ്ടിയിരുന്നു. എത്രയും ചെലവുചുരുക്കി ജീവിക്കാനും സ്വന്തകൈകൊണ്ട് അദ്ധ്വാനിക്കാനും അവൾ തയ്യാറായിരുന്നു. അതിഥിസൽക്കാരപ്രിയ ആയിത്തീരേണ്ട ആവശ്യവും അവൾക്കുണ്ടായിരുന്നു. കാരണം, അപ്രതീക്ഷിതമായി എത്തുന്ന സന്ദർശകർ വീട്ടിൽ വളരെയായിരുന്നു. ഈ നന്മകളെല്ലാം ഒത്തിണങ്ങിയിരുന്ന ഒരു ഭാര്യയായിരുന്നു ആനി എന്നതിൽ ഞാൻ ദൈവത്തോട് വളരെ നന്ദിയുള്ളവനാണ്. എന്റെ ശുശ്രൂഷയ്ക്കായി കൃത്യമായും ആവശ്യമുള്ള അഭ്യസനം ദൈവം അവൾക്ക് യൗവനത്തിന്റെ തുടക്കം മുതലേ നൽകിയിരുന്നു. അവൾ എന്റെ ശുശ്രൂഷയെ സമ്പന്നവും ഫലപ്രദവും ആക്കിത്തീർക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഞായറാഴ്ചത്തെ സഭായോഗം കഴിഞ്ഞ് ഞങ്ങൾ പലരേയും, പ്രത്യേകിച്ച് ബാംഗ്ലൂരിന്റെ വിദൂ

രഭാഗങ്ങളിൽ നിന്നും വരുന്നവരെ, ഉച്ചഭക്ഷണത്തിനായി വീട്ടിലേക്ക് ക്ഷണിക്കുമായിരുന്നു. ആ സന്ദർശകർക്ക് ഭക്ഷണം കൊടുക്കാനായി പല ഞായറാഴ്ചകളിലും ആനി വിശന്നിരിക്കേണ്ടിവന്നിട്ടുണ്ട് എന്ന് ഞാൻ പിന്നീട് മനസ്സിലാക്കാൻ ഇടയായി.

വൈകിട്ടത്തെ മീറ്റിംഗുകഴിഞ്ഞ് പല ചെറുപ്പക്കാരായ സഹോദരന്മാരും രാത്രിയിൽ വീട്ടിൽ തങ്ങാറുണ്ടായിരുന്നു. ഞങ്ങളോടൊത്ത് അത്താഴം കഴിച്ചശേഷം ഉറങ്ങി, കാലത്ത് കോളജിലേക്ക് പോകുംമുമ്പ് തനിയേ കാപ്പി ഉണ്ടാക്കി കുടിക്കാനായി അടുക്കള ഉപയോഗിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. പ്രാരംഭവർഷങ്ങളിൽ എല്ലാവർഷവും വീട്ടിൽ വച്ച് നാലുദിവസത്തെ കോൺഫറൻസുകൾ നടക്കാറുണ്ടായിരുന്നു. ആ സന്ദർഭങ്ങളിൽ വീട് മുഴുവൻ സമയവും സന്ദർശകരെക്കൊണ്ട് നിറഞ്ഞിരുന്നു.

ക്രിസ്തീയശുശ്രൂഷയ്ക്കായി ഒരിക്കൽ ഞാൻ അഞ്ച് ആഴ്ചകൾ വീട്ടിൽ നിന്നും അകലെയായിരുന്നു. അന്ന് ഞങ്ങൾക്ക് മൂന്ന് ആൺ മക്കളായിരുന്നു ഉണ്ടായിരുന്നത്. മൂന്നുപേരും ഒരുപോലെ രോഗബാധിതരായി കിടപ്പിലായി. ആനി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ ശുശ്രൂഷിക്കയും ചെയ്തു. എനിക്ക് യാതൊരു വിധത്തിലുള്ള ഭാരവും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിച്ച അവൾ ഞാൻ അല്പം നേരത്തേ വീട്ടിൽ എത്തണം എന്നുപോലും ആവശ്യപ്പെട്ടില്ല. വിവാഹത്തിന്റെ സന്ദർഭത്തിൽ ദൈവം അവളോട് ഇപ്രകാരം പറഞ്ഞിരുന്നു: “നിന്റെ ഭർത്താവ് എന്റെ ദാസനാണ്. അവന് തക്ക തുണയായിരിക്കാനാണ് ഞാൻ നിന്നെ വിളിച്ചിരിക്കുന്നത്. അവനെ ശുശ്രൂഷിക്കയും എന്റെ വേലയ്ക്കായി അവനെ സ്വതന്ത്രനാക്കുകയും ചെയ്യേണ്ടത് നീയാണ്”. കഴിഞ്ഞ നാൽപ്പതുവർഷമായി വിശ്വസ്തതയോടെ ആനി ആ ദൗത്യം നിർവ്വഹിച്ചുപോരുന്നു.

ഞാൻ വിവാഹിതനായ ആദ്യനാളുകളിൽ എനിക്ക് കോപത്തിന്മേൽ ജയം ഇല്ലായിരുന്നു. ദൈവകൃപയാൽ ചില വർഷങ്ങൾക്കുശേഷം കാര്യങ്ങൾ വ്യത്യസ്തമായി. ഇന്ന് ഞങ്ങളുടെ ദാമ്പത്യബന്ധം മഹത്വപൂർണ്ണമാണ്. പരസ്പരം കളിതമാശകൾ പറയുക എന്നുള്ളത് ഞങ്ങളുടെ ഒന്നിച്ചുള്ള ജീവിതത്തിന്റെ *പ്രതിദിന* അനുഭവമാണ്. ഭർത്താവും ഭാര്യയും തമ്മിൽ ഉള്ള നല്ല ബന്ധത്തിന്റെ വ്യക്തമായ തെളിവ് പരസ്പരം നർമ്മം പങ്കിടാൻ കഴിയുന്നതാണ് എന്ന് ദീർഘനാളായി ഞാൻ വിശ്വസിച്ചുപോരുന്നു.

ഞാൻ കൂടെക്കൂടെ യാത്രയിൽ ആയിരുന്നതിനാൽ ഞങ്ങളുടെ നാല് ആൺമക്കളെ കർത്താവിന്റെ ഭക്തിയിൽ വളർത്തിക്കൊണ്ടുവരുന്നതിലുള്ള പ്രധാനഉത്തരവാദിത്വം ആനിക്കായിരുന്നു. *അവർക്കുവേണ്ടിയും അവരോടൊപ്പവും* ആനി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കുട്ടിക്കാലം മുതൽ ആനി അവരുടെ സ്നേഹിതയായിരുന്നു. സ്കൂളിൽനിന്നും തിരികെവരുമ്പോൾ അന്നത്തെ അനുഭവങ്ങൾ ഒരു നല്ല സ്നേഹിതയെപ്പോലെ അവൾ മക്കളോട് ആരാഞ്ഞറിയുമായിരുന്നു. അവരോടൊപ്പം കളിക്കാനും അവൾ സമയം കണ്ടെത്തി.

പിതാവ് എന്ന നിലയിൽ എന്റെ ഉത്തരവാദിത്വം അവരുടെ ഭൗതികാവശ്യങ്ങൾ നിറവേറ്റുകയും ദൈവിക പ്രമാണങ്ങൾ അവരെ അഭ്യസിപ്പിക്കുകയും ആയിരുന്നു. പന്ത്രണ്ടുവയസ്സുവരെ മക്കളെ ഞാൻ സ്ക്കൂട്ടറിൽ സ്കൂളിൽ കൊണ്ടുവിടുമായിരുന്നു. അതിനുശേഷം അവർ സ്വയം സൈക്കിൾ ഉപയോഗിക്കാൻ തുടങ്ങി. ഒന്നിലധികം സന്ദർഭങ്ങളിൽ ഗുരുതരമായ റോഡപകടങ്ങളിൽ നിന്നും ദൈവം ഞങ്ങളെ സംരക്ഷിക്കുകയുണ്ടായി. ബാംഗ്ളൂരിലെ അപകടം നിറഞ്ഞ നിരത്തുകളിൽ ദൈവം തന്റെ ദൂതന്മാരെ അയച്ച് ഞങ്ങളെ സംരക്ഷിച്ചതുകൊണ്ടുമാത്രമാണ് ഇന്ന് ഞങ്ങൾ ജീവനോടെയിരിക്കുന്നത്. മക്കളെ വിദ്യാഭ്യാസത്തിലും പാഠ്യേതരവിഷയങ്ങളിലും ഞാൻ പ്രോത്സാഹിപ്പിച്ചിരുന്നു. പത്താം ക്ലാസ്സുവരെ ഗൃഹപാഠങ്ങളിലും പഠനത്തിലും ആനിയും ഞാനും മക്കളെ സഹായിച്ചിരുന്നു. എന്നേക്കാൾ ഈ വിഷയത്തിൽ ആനി ആയിരുന്നു അധികം ബുദ്ധിമുട്ടിയത്.

മക്കളെ ശിക്ഷണത്തിൽ വളർത്തുന്നത് പിതാവായ എന്റെ ഉത്തരവാദിത്വമായിരുന്നു. സദൃശവാക്യങ്ങളിലും എബ്രായലേഖനം 12-ാം അദ്ധ്യായത്തിലും എഴുതിയിരിക്കുന്ന വചനങ്ങൾ ഞാൻ അനുസരിക്കാൻ ശ്രമിച്ചു. മക്കൾ തികഞ്ഞ ശിക്ഷണത്തിൽ വളരണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. എനിക്ക് ഒരിക്കലും *ഇഷ്ടമായിരുന്നില്ലെങ്കിലും* കുഞ്ഞുങ്ങളെ ശിക്ഷിക്കുവാൻ ഞാൻ തയ്യാറായി. ഞാൻ ദൈവത്തെ ഭയപ്പെട്ടിരുന്നതിനാൽ അവിടുത്തെ വഴികളാണ് എന്റെ മക്കൾക്ക് ഏറ്റവും ഉത്തമം എന്ന് ഉറപ്പായിരുന്നു. അവർക്ക് ശിക്ഷ നൽകിയശേഷം മിക്കപ്പോഴും ഞാൻ അവരോടൊപ്പം പ്രാർത്ഥിക്കുമായിരുന്നു. കോപം പാപമാണെന്ന് എനിക്ക് അറിയാമായിരുന്നു. **കോപിഷ്ഠനാകാതെ** മക്കളെ ശിക്ഷിക്കുവാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ ഈ കാര്യത്തിൽ ഞാൻ എപ്പോഴും വിജയിച്ചിരുന്നില്ല. എപ്പോഴൊക്കെ കോപത്തിൽ ഞാൻ മക്കളെ ശിക്ഷിച്ചിട്ടുണ്ടോ, അപ്പോഴൊക്കെ തനിയേ ദൈവസന്നിധിയിൽ ചെന്ന് അനുതപിക്കയും കോപത്തിൽ നിന്നും എന്നെ സ്വതന്ത്രനാക്കുവാൻ അപേക്ഷിക്കുകയും ചെയ്തിരുന്നു. ചിലപ്പോഴെങ്കിലും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അകാരണമായി ഞാൻ മക്കളെ ശിക്ഷിക്കാൻ ഇടയായിട്ടുണ്ട് എന്ന സത്യവും അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 13 വയസ്സിനുശേഷം അത്യപൂർവ്വമായി മാത്രമേ മക്കളെ *ശാരീരികമായി* ശിക്ഷിച്ചിട്ടുള്ളൂ. 15 വയസ്സിനുശേഷം ആരേയും അപ്രകാരം ശിക്ഷിച്ചിട്ടേയില്ല. അതിനുശേഷം അവർ എന്തെങ്കിലും തെറ്റു ചെയ്താൽ അവരൊടൊപ്പം പ്രാർത്ഥിക്കയും ഒരു പിതാവ് എന്ന നിലയിൽ അവരെ വളർത്തിയതിൽ എനിക്ക് എവിടെയാണ് തെറ്റുപറ്റിയത് എന്ന് കാണിച്ചുതരുവാൻ ഞാൻ ദൈവത്തോട് അപേക്ഷിക്കുകയുമായിരുന്നു പതിവ്. എന്നാൽ ഒടുവിലായി എനിക്ക് വ്യക്തമാക്കേണ്ട കാര്യം, എന്റെ ശിക്ഷണമല്ല, **ദൈവത്തിന്റെ കരുണ** മാത്രമാണ് എന്റെ മക്കളെ ദൈവവഴികളിൽ സൂക്ഷിച്ചത് എന്നാണ്.

സ്കൂളിൽ മക്കൾ പങ്കെടുക്കുന്ന എന്തെങ്കിലും പരിപാടികൾ ഉണ്ടെങ്കിൽ ആനിയും ഞാനും അവരെ പ്രോത്സാഹിപ്പിക്കാനായി സ്കൂളിൽ പോകാൻ

ശ്രദ്ധിച്ചിരുന്നു. പ്രധാനപ്പെട്ട പൊതുപരീക്ഷകൾ ഉള്ളപ്പോൾ അവരെ സഹായിക്കാനായി വീട്ടിൽ ഉണ്ടായിരിക്കാൻ ഞാൻ ശ്രമിച്ചിരുന്നു. "ക്രിസ്തീയവേലയിൽ തിരക്കിലായിരുന്ന ഞങ്ങളുടെ പിതാവിന് ഞങ്ങളുടെ കാര്യങ്ങൾക്കായി സമയം ഇല്ലായിരുന്നു" എന്ന് എന്റെ മക്കൾ ഒരിക്കലും പറയരുത് എന്ന് എനിക്ക് നിർബന്ധമായിരുന്നു.

മാസത്തിൽ ഒരിക്കൽ **ഓരോരുത്തരായി** ആൺമക്കളെ ഞാൻ ഒരു ശനിയാഴ്ചയോ അവധി ദിവസമോ വെളിയിൽ ഏതെങ്കിലും സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോകുമായിരുന്നു. വെളിയിൽ എന്തെങ്കിലും ലളിതമായ ഭക്ഷണം ഒരുമിച്ച് കഴിക്കുകയും തമ്മിൽ സംസാരിക്കാൻ സമയം എടുക്കുകയും ചെയ്യുമായിരുന്നു. എന്നോടൊപ്പം ഉള്ള ഈ സൗഹൃദനിമിഷങ്ങൾക്കായി എന്റെ ആൺമക്കൾ ഓരോരുത്തരും ആകാംക്ഷയോടെ ഉറ്റുനോക്കിയിരുന്നു. കൂടെക്കൂടെയുള്ള എന്റെ യാത്രകൾമൂലം ഞാൻ ആഗ്രഹിച്ച അളവിൽ ഇപ്രകാരം ഓരോരുത്തരുമായി സമയം ചെലവഴിക്കാൻ നിർഭാഗ്യവശാൽ എനിക്കു കഴിയാതെ പോയി. ശുശ്രൂഷരംഗത്തെ തിരക്കുമൂലം കൂടുതൽ സമയം ഓരോമക്കളോടുമൊപ്പം ചെലവഴിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് എന്റെ വലിയ ദുഃഖമാണ്. ഒരിക്കൽ ഒരു മകന്റെ ജന്മദിനത്തിൽ അവനുമായി വെളിയിൽ പോകാം എന്ന് വാക്കുപറഞ്ഞിരുന്നു. ഉടുത്തൊരുങ്ങി വൈകുന്നേരം ആയപ്പോഴേക്കും അവൻ കാത്തിരുന്നു. കൃത്യം ആ സമയത്ത് സഭയിലെ ഒരു സഹോദരൻ ഒരു പ്രശ്നവുമായി വീട്ടിൽ വന്നു. ആ സഹോദരനുമായി സംസാരിച്ച് ദീർഘസമയം കഴിഞ്ഞുപോയതിനാൽ രാത്രിയായി. പാർക്കിൽ മകനെ കൊണ്ടുപോകാൻ കഴിയാതെപോയി. അവന്റെ മാനസികനില ഊഹിക്കാമല്ലോ. ഇന്നും ആ സംഭവം ദുഃഖത്തോടെ മാത്രമേ ഓർക്കാൻ കഴികയുള്ളൂ. ഗുരുതരമായ പ്രശ്നം അല്ലാഞ്ഞതിനാൽ സഭയിലെ സഹോദരനോട് അടുത്തദിവസം വരാൻ എനിക്ക് പറയാമായിരുന്നു. അന്ന് എനിക്കതിനുള്ള ജ്ഞാനം ഇല്ലാതെപോയി. എന്റെ മകൻ എന്നോട് ക്ഷമിക്കാൻ മനസ്സുകാട്ടി. ഒരുപക്ഷേ ഈ സംഭവംതന്നെ അവൻ മറന്നുകാണും! മക്കളോടൊത്ത് കൂടുതൽ സമയം ചെലവഴിക്കാനും അവരോട് വാക്കുപറഞ്ഞാൽ അത് നിറവേറ്റാനും ഞാൻ പിതാക്കന്മാരോട് ആലോചന പറയുന്നു.

കർത്താവിനെ ഹൃദയപൂർവ്വം അനുഗമിക്കാനായി എന്റെ മക്കളുടെ ഹൃദയം കവരുവാൻ എന്തുവിലകൊടുക്കാനും ഞാൻ തയ്യാറായിരുന്നു. പൗലോസ് കർത്താവിനെ സേവിച്ചതുപോലെ, ഞാൻ ചെയ്യുന്നതുപോലെ അവരും 'കൂടാരപ്പണി' ചെയ്തുകൊണ്ട് കർത്താവിന്റെ ദാസന്മാരായിരിക്കണം എന്നായിരുന്നു എന്റെ ആഗ്രഹം. ഇന്ന് അവർ നാലുപേരും കർത്താവിനെ സ്നേഹിക്കുന്നു എന്നതിൽ ഞാൻ എത്ര നന്ദിയുള്ളവനായിരിക്കുന്നു! കുറവുകളുള്ള മാതാപിതാക്കന്മാരായിരുന്നു ഞങ്ങൾ. ഞങ്ങൾ അവർക്കുവേണ്ടി ചെയ്യാൻ ശ്രമിച്ചകാര്യങ്ങൾക്കായി ഇന്ന് അവർ ഞങ്ങളെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്നു. എല്ലാ മഹത്വവും കർത്താവിന് മാത്രം ആയിരിക്കട്ടെ.

◆

# 40

# എന്റെ പ്രസംഗശൈലി

**ദൈ**വം അവിടുത്തെ മഹാജ്ഞാനത്തിൽ മനുഷ്യരെ *"പ്രസംഗത്തിന്റെ ഭോഷത്തത്താൽ രക്ഷിക്കുവാൻ തീരുമാനിച്ചു."* (1 കൊരി. 1:21) ഒരു മനുഷ്യന് ചെയ്യാവുന്നതിൽ ഏറ്റവും മഹത്തരമായ പ്രവൃത്തി ദൈവവചനം പ്രസംഗിക്കുക എന്നതാണ്. ഈ ശുശ്രൂഷയ്ക്കായി ദൈവം എന്നെ വിളിച്ചു എന്നതിൽ ഞാൻ അത്യധികം കൃതാർത്ഥനാണ്. പണസ്നേഹികളായ പ്രസംഗകരാലും, വഞ്ചകന്മാരാലും ഏറ്റവും അധികം ദുരുപയോഗം ചെയ്യപ്പെട്ടിരിക്കുന്ന ഒരു ശുശ്രൂഷയാണ് ഇതെന്ന കാര്യം മറന്നു കൂടാ.

'പ്രവചനവരം വാഞ്ഛിപ്പീൻ' എന്ന് തിരുവചനം നമ്മോട് കല്പിച്ചിരിക്കുന്നു. (1 കൊരി 14:1,3) ഇവിടെ പ്രവചനം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് കേൾവിക്കാരെ ഉത്സാഹിപ്പിക്കുകയും, വെല്ലുവിളിക്കയും, ആത്മീയവർദ്ധന വരുത്തുകയും ചെയ്യുന്നവിധത്തിൽ ദൈവവചനം സംസാരിക്കാനുള്ള പ്രത്യേക വരമാണ്. 21-ാം വയസ്സിൽ സ്നാനപ്പെട്ട ഉടൻ ഈ വരത്തിനായി ഞാൻ ദൈവത്തോട് അപേക്ഷിച്ചുകൊണ്ടിരുന്നു. 23-ാം വയസ്സിൽ ദൈവം പരിശുദ്ധാത്മാവിനാൽ എന്നെ അഭിഷേകം ചെയ്തപ്പോൾ ഈ വിധത്തിലുള്ള പ്രവചനവരവും നൽകി. തുടക്കത്തിൽ എന്റെ പ്രസംഗത്താൽ ജനത്തെ ആകർഷിക്കാനും വൈകാരികമായി അവരെ ഇളക്കാനും ഞാൻ പരീക്ഷിക്കപ്പെടുകയുണ്ടായി. എന്നാൽ ഒരിക്കൽ കർത്താവ് എന്നോട് ചോദിച്ചു:"നിനക്ക് യഥാർത്ഥത്തിൽ ജനത്തെ സഹായിക്കാനാണോ അതോ അവരിൽ മതിപ്പ് ഉളവാക്കാനാണോ താത്പര്യം? "അവരെ സഹായിക്കാൻ തന്നെയാണ് എന്റെ ആഗ്രഹം എന്ന് ഞാൻ വ്യക്തമാക്കി. "അങ്ങനെയെങ്കിൽ അവരുടെ കൈയടിക്കായി ഒന്നും ചെയ്യാതിരിക്കുക". ജനത്തെ ആകർഷിക്കാനുള്ള പരീക്ഷ അതിജീവിക്കുക എളുപ്പമായിരുന്നില്ല. എന്നാൽ ഞാൻ ആ പ്രലോഭനത്തിനെതിരെ പോരാടി ക്രമേണ വിജയിക്കുക തന്നെ ചെയ്തു.

ഒരോ പ്രസംഗകനും തനതായ പ്രസംഗശൈലിയുണ്ട്. മിക്ക ഭാരതീയ ക്രിസ്തീയ പ്രസംഗകരും അമേരിക്കൻ കാരിസ്മാറ്റിക് പ്രസംഗകരെ അനുകരിക്കുന്നവരാണ്. യേശുക്രിസ്തുവിന്റെ പ്രസംഗശൈലി അനുകരിക്കുക

യാണ് ഏറ്റവും അഭികാമ്യം എന്ന് ഞാൻ തീരുമാനിക്കയും യേശുവിന്റെ പ്രസം ഗശൈലി സശ്രദ്ധം പഠിക്കാൻ ആരംഭിക്കയും ചെയ്തു.

**ആദ്യം** തന്നെ എന്റെ ശ്രദ്ധയിൽ പ്പെട്ടകാര്യം, യേശു ജീവിതത്തിൽ പ്രാവൃത്തികമാക്കിയ കാര്യങ്ങൾ മാത്രമേ പഠിപ്പിച്ചിരുന്നുള്ളൂ എന്നതാണ്. 'യേശു ചെയ്തതും ഉപദേശിച്ചതും' എന്ന് പ്രവൃത്തികൾ 1:1 ൽ കാണുന്നതു ശ്രദ്ധിക്കുക. യേശുവിന്റെ പ്രസംഗത്തിന് എപ്പോഴും ഒരു പ്രായോഗികതലം ഉണ്ടായിരുന്നു. പ്രവചിക്കുന്നവൻ 'വിശ്വാസത്തിന്റെ അളവിനൊത്തവണ്ണം' പ്രവചിക്കണം എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. (റോമർ 12:6). മറ്റൊരു വിധത്തിൽ പറഞ്ഞാൽ എന്റെ ആത്മീയ അനുഭവത്തിന് ആനുപാതികമായി വേണം ഞാൻ സംസാരിക്കുവാൻ. ആളുകളെ ആകർഷിക്കാനുള്ള പരീക്ഷ യിൽ ഞാൻ വീണതിനാൽ ഈ പറഞ്ഞ പ്രമാണം അനുസരിക്കുന്നതിൽ ഞാൻ പരാജയപ്പെട്ടിരുന്നു. ചില വർഷങ്ങൾക്കുള്ളിൽ ഒരു പിൻമാറ്റഅവ സ്ഥയിൽ ഞാൻ എത്തിച്ചേർന്നു. എന്നാൽ 1975 ൽ കർത്താവ് എന്നേ അവി ടുത്തെ മഹാകരുണയാൽ വീണ്ടും നിറയ്ക്കയും എന്നെ യഥാസ്ഥാനപ്പെടു ത്തുകയും ചെയ്തു. ജീവിതത്തിൽ അനുഭവിക്കുന്ന കാര്യങ്ങളെപ്പറ്റിമാത്രമേ മേലാൽ പ്രസംഗിക്കയുള്ളൂ എന്ന് ഞാൻ തീരുമാനിച്ചു. കുറഞ്ഞപക്ഷം ആത്മാർത്ഥമായി ഞാൻ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി മാത്രമേ പറയാവൂ എന്ന് ഞാൻ നിർബ്ബന്ധം പിടിച്ചു. ദൈവം അവിടുത്തെ വഴികളെ പഠിപ്പിക്കുവാനും വിവിധ സാഹചര്യങ്ങളിൽ എങ്ങനെ അവിടുത്തെ വിശ്വസിക്കണം എന്ന് ഗ്രഹിപ്പിക്കുവാനുമായി എന്നെ വിവിധങ്ങളായ പരി ശോധനകളിലൂടെ നടത്തി. അങ്ങനെ ഞാൻ വിശ്വാസത്തിലും പരിജ്ഞാന ത്തിലും വളർച്ചപ്രാപിക്കയും പ്രസംഗത്തിലൂടെ ഈ വിശ്വാസവും പരിജ്ഞാ നവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ ഇടയാകയും ചെയ്തു.

**രണ്ടാമതായി,** യേശു എല്ലായ്പ്പോഴും പരിശുദ്ധാത്മാവിന്റെ ശക്തിയി ലത്രേ പ്രസംഗിച്ചത്. എമ്മവൂസിലേക്ക് യാത്രചെയ്ത രണ്ട് ശിഷ്യന്മാരോ ടൊപ്പം നടന്ന് രണ്ടുമണിക്കൂറോളം സമയം അവരോട് സംസാരിച്ചപ്പോൾ അവരുടെ 'ഉള്ളംകത്തിക്കൊണ്ടിരുന്നു' എന്ന് അവർ തന്നേ സാക്ഷിക്കുന്നു. ഈ ദൃഷ്ടാന്തം എപ്പോഴും എന്റെ മുമ്പിൽ വയ്ക്കുവാനും അവ്വണ്ണം പ്രസം ഗിപ്പാനും ഞാൻ ആഗ്രഹിച്ചു. ശീതികരണ അറയിൽ നിന്നും പുറത്തെടുത്ത ഒരു കോഴിയിറച്ചിക്കഷണം ആർക്കും വിശപ്പുണ്ടാക്കുകയില്ല. എന്നാൽ അതേ മാംസക്കഷണം തീയിൽ പാകപ്പെടുത്തിയാൽ ആരുടേയും വായിൽ വെള്ള മൂറും എന്നത് തീർച്ചയാണ്. തണുപ്പൻ സത്യവും, പരിശുദ്ധാത്മാവിന്റെ തീയിൽ സംസാരിക്കപ്പെടുന്ന സത്യവും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഓരോ തവണ ദൈവവചനം സംസാരിക്കുമ്പോഴും ശ്രോതാക്കളുടെ ഹൃദയം കത്തിക്കൊണ്ടിരിക്കണം എന്നാണ് എന്റെ പ്രാർത്ഥന.

**മൂന്നാമതായി,** യേശുവിന്റെ വാക്കുകൾ പ്രാഥമികമായും ജനത്തിന്റെ വികാരങ്ങളോടല്ല, മനസ്സുകളോടായിരുന്നു. തന്റെ പ്രസംഗങ്ങൾ ജനത്തെ

വെല്ലുവിളിക്കുകയും, പാപബോധം വരുത്തുകയും, വിശ്വാസത്തിലേക്കും അനുസരണത്തിലേക്കും അവരെ ഉണർത്തുകയും ചെയ്തു. ഈ കാലത്ത് പല പ്രസംഗകരും ചെയ്യുന്നതുപോലെ ജനത്തിന്റെ വികാരങ്ങളെ ഇളക്കാൻ യേശു ഒരിക്കലും ശ്രമിച്ചില്ല. ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമന സ്സോടുംകൂടെ സ്നേഹിക്കാനാണ് നമ്മോട് കല്പിച്ചിരിക്കുന്നത്. എന്റെ സന്ദേ ശങ്ങൾ നന്നായി പാകം ചെയ്ത ഭക്ഷണമായിരിക്കണം എന്ന് എനിക്ക് നിർബ്ബ ന്ധമുണ്ടായിരുന്നു. അവ പോഷകദായകമായിരിക്കുമ്പോൾ തന്നെ രുചിക രവും ആയിരിക്കണം! സ്വാദിഷ്ഠമായ ഒരു ഭക്ഷണം തയ്യാറാക്കാൻ ഏതൊരു വീട്ടമ്മ ബുദ്ധിമുട്ടുന്നതിനേക്കാളും അധികം ഒരു പ്രസംഗം തയ്യാറാക്കാൻ ഞാൻ അദ്ധ്വാനിക്കേണ്ടതുണ്ടെന്ന് വ്യക്തമായിരുന്നു. സമർത്ഥയായ ഒരു വീട്ടമ്മ ഭക്ഷണമേശയിൽ ഭക്ഷണപദാർത്ഥങ്ങൾ ആകർഷകമായ വിധത്തിൽ നിരത്തുന്നതുപോലെ ഞാൻ പ്രസംഗിക്കുന്നതിനുമുമ്പ് എന്റെ ചിന്തകളെ ഞാൻ ക്രമീകരിക്കേണ്ടത് അത്യാവശ്യമാണെന്നും ഞാൻ കണ്ടു. പലരും ഇപ്രകാരം ചെയ്യാതെ പ്രസംഗമദ്ധ്യേ കാടുകയറുകയും ശ്രോതാക്കളുടെ വില പ്പെട്ട സമയം പാഴാക്കുകയും ചെയ്യുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല ക്രമീകരണത്തിന്റെ ദൈവമത്രേ. (1 കൊരി. 14:33,40). ഒരു സന്ദേശം ക്രമീകൃ തമായി സുഗ്രാഹ്യമായവിധത്തിൽ പ്രസംഗിക്കപ്പെടുമ്പോഴാണ് ദൈവം മഹ ത്വപ്പെടുന്നത്.

**നാലാമതായി,** യേശുവിന് ഓരോ സന്ദർഭത്തിനു അനുയോജ്യമായ വാക്കു കൾ ഉണ്ടായിരുന്നു. ഇതിന് രണ്ടുകാരണങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത് നിര ന്തരം തന്റെ പിതാവിനെ യേശു ശ്രദ്ധിച്ചിരുന്നു. (യെശയ്യാ.50:4). രണ്ടാമത്, ജനത്തോട് യേശുവിന് അത്യധികമായ സ്നേഹം ഉണ്ടായിരുന്നു. തന്മൂലം എന്റെ ഒഴുവുസമയങ്ങളിലെല്ലാം ദൈവത്തിന്റെ മനസ്സ് കൃത്യമായി അറിയു വാനായി ഞാൻ ദൈവവചനം പഠിക്കാൻ ശ്രമിച്ചു. തിരുവെഴുത്തുകൾ പഠി ക്കാൻ പല പ്രസംഗകരും ഗ്രീക്കും ലാറ്റിനും പഠിക്കാറുണ്ട്. എന്നാൽ എനിക്ക് ആവശ്യം ഈ മൂലഭാഷകൾ പഠിക്കുകയല്ല മറിച്ച് തിരുവെഴുത്തുകളുടെ രച യിതാവായ പരിശുദ്ധാത്മാവിന്റെ വെളിപ്പാടാണ് എന്ന് വ്യക്തമായിരുന്നു. ഒരു മനുഷ്യനിൽ നിന്നും ഞാൻ കേട്ടിട്ടില്ലാത്ത മഹത്തരമായ സത്യങ്ങൾ പരിശു ദ്ധാത്മാവ് എന്നെ ഗ്രഹിപ്പിച്ചു. ഈ സത്യങ്ങൾ ദൈവവുമായി കുറേക്കൂടെ ചേർന്നു നടക്കാൻ എന്നെ സഹായിക്കയും, ഇന്ന് ക്രൈസ്തവലോകത്തിൽ വർദ്ധിച്ചുവരുന്ന വഞ്ചനകളിൽ നിന്നും വ്യാജാനുകരണങ്ങളിൽ നിന്നും എന്നെ രക്ഷിക്കയും ചെയ്തു. ഈ സത്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കാൻ ആത്മാവ് എന്നെ സഹായിച്ചു. ദൈവജനത്തോടുള്ള സ്നേഹത്താലും കരുണയാലും പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തെ നിറച്ചു. (റോമർ 5:5). ക്രമേണ എന്റെ ശുശ്രൂഷ, ന്യായപ്രമാണത്തിന്റെയും കുറ്റംവിധിയുടെയും ശുശ്രൂഷയാകാതെ, ആത്മീയമായ ഉത്സാഹവും ബോദ്ധ്യവും വർദ്ധിപ്പിക്കുന്ന ഒന്നായി ത്തീർന്നു.

**അഞ്ചാമതായി,** യേശുവിന്റെ പ്രസംഗം ഒരിക്കലും മടുപ്പുളവാക്കാതെ രസകരമായിരുന്നു. ശ്രോതാക്കളുടെ സമയം പാഴാക്കുന്നത് പാപമാണ്. ജന

ത്തിന്റെ പണം മോഷ്ടിക്കുന്നതിന് തുല്യമാണ് അവരുടെ വിലയേറിയ സമയം മോഷ്ടിക്കുന്നത് എന്ന് മിക്ക പ്രസംഗകരും ഗ്രഹിച്ചിട്ടില്ല. 200 പേരുള്ള ഒരു സദസ്സിനെ നാം 15 മിനിട്ട് ബോറടിപ്പിക്കുമ്പോൾ അവരുടെ പ്രവർത്തനക്ഷമ മായ50 മണിക്കൂറുകളാണ് പാഴാക്കുന്നത് എന്ന കാര്യം മറന്നുപോകുന്നു. മണിക്കൂറിൽ ശരാശരി 50 രൂപാ വരുമാനം ഉള്ളവരാണ് ശ്രോതാക്കളെങ്കിൽ 2500 രൂപ അവരിൽ നിന്നും മോഷ്ടക്കുകയാണ് 15 മിനിറ്റ് വിരസമായി പ്രസം ഗിക്കുന്ന ഒരാൾ ചെയ്യുന്നത്. രസകരമായ വിധം സംസാരിക്കാനും ആരെയും ബോറടിക്കാതിരിക്കാനും എന്നെ എപ്പോഴും സഹായിക്കണം എന്ന് ഞാൻ പ്രാർത്ഥിക്കാറുണ്ട്. തുടക്കത്തിൽ ഹ്രസ്വമായ സമയം മാത്രമേ വിരസതയി ല്ലാതെ സംസാരിക്കാൻ എനിക്ക് കഴിഞ്ഞിരുന്നുള്ളൂ. തന്മൂലം ഹ്രസ്വമായി മാത്രമേ സംസാരിച്ചിരുന്നുള്ളൂ. ദൈവപരിജ്ഞാനത്തിൽ ഞാൻ വളർച്ച പ്രാപി ച്ചതനുസരിച്ച് കൂടുതൽ സമയം സംസാരിക്കാൻ ദൈവം സഹായിച്ചു.

**ആറാമതായി,** തന്റെ സന്ദേശങ്ങൾ വ്യക്തമാക്കാനായി യേശു ലളിത മായ നിരവധി ദൃഷ്ടാന്തങ്ങൾ ഉപയോഗിച്ചിരുന്നു. അപ്പം, മീൻ, പക്ഷികൾ, വൃക്ഷങ്ങൾ, പൂക്കൾ, മുത്തുകൾ, കൃഷിക്കാർ, കെട്ടിടങ്ങൾ തുടങ്ങി സുപരി ചിതമായ നിരവധി കാര്യങ്ങളെപ്പറ്റി യേശു സംസാരിച്ചു. താൻ സംസാരിച്ച ആഴമായ സത്യങ്ങൾ ഗ്രഹിക്കാൻ ലളിതമായ ദൃഷ്ടാന്തങ്ങൾ സഹായകമാ യി. കുശാഗ്രബുദ്ധി ഉള്ളവർക്കുമാത്രം ഗ്രഹിപ്പാൻ കഴിയുന്ന പ്രസംഗകൻ എന്ന പേര് ഒരിക്കലും യേശു ആഗ്രഹിച്ചില്ല. യേശുവിന്റെ മാതൃക ഈ വിഷ യത്തിലും പിൻപറ്റാൻ ഞാൻ ആഗ്രഹിച്ചു. ചിലപ്പോൾ എന്റെ മുമ്പിൽ ഇരി ക്കുന്ന സഭയിലെ ഏറ്റവും കുറച്ച് വിദ്യാഭ്യാസം ഉള്ള വ്യക്തിയേ നോക്കി ആ നിലവാരത്തിൽ സംസാരിക്കാൻ ഞാൻ ശ്രമിച്ചിരുന്നു. അങ്ങനെ ചെയ്യു മ്പോൾ ശ്രോതാക്കൾ എല്ലാവർക്കും സന്ദേശം ഗ്രഹിക്കാൻ കഴിയുന്നതായി ഞാൻ കണ്ടെത്തി. പ്രസംഗത്തിനുശേഷം ചിലപ്പോൾ കൊച്ചുകുട്ടികളോട് ഞാൻ സംസാരിച്ച കാര്യങ്ങൾ മനസ്സിലായോ എന്ന് ചോദിക്കുമായിരുന്നു. അവർക്ക് മനസ്സിലായില്ലെങ്കിൽ എന്റെ പ്രസംഗം ഇനിയും ലളിതമാകേണ്ട തുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു.

ഏഴാമതായി, ചില സന്ദർഭങ്ങളിലെങ്കിലും യേശു നർമ്മവും, അതിശയോ ക്തിയും തന്റെ പ്രസംഗങ്ങളിൽ ഉപയോഗിച്ചിരുന്നു. ഒട്ടകം സൂചിക്കുഴയി ലൂടെ കടക്കുന്നതും, കൊതുകിനെ അരിച്ചെടുത്ത് ഒട്ടകത്തെ വിഴുങ്ങുന്ന തും, സ്വന്ത കണ്ണിൽ കോൽ ഇരിക്കെ മറ്റുള്ളവരുടെ കണ്ണിലെ കരട് എടു ക്കാൻ ബദ്ധപ്പെടുന്നതും ഒക്കെ യേശുവിന്റെ പ്രഭാഷണങ്ങളിൽ നാം കാണു ന്നു. കപടഭക്തിയേയും ആത്മീയനിഗളത്തെയും തുറന്നുകാട്ടാൻ യേശു ഒരി ക്കലും മടിച്ചില്ല. മസാല ഭക്ഷണത്തിന് സ്വാദേകുന്നതുപോലെ, നർമ്മം ഒരു സന്ദേശത്തിന് മൂർച്ച നൽകാനും, രസകരമാക്കാനും ഉപകരിക്കുന്നു. എന്നാൽ ചിലപ്രസംഗകർ ഫലിതപ്രിയരെന്ന ഖ്യാതി നേടാൻ സദാസമയം ശ്രോതാ ക്കളെ ചിരിപ്പിക്കുന്ന അനാരോഗ്യകരമായ നിലയിലേക്ക് വഴുതിവീഴുന്നു എന്ന കാര്യവും മറന്നുകൂടാ. അത്തരം പ്രസംഗകർ സർക്കസിലെ കോമാളികളെ

പ്പോലെയാണ്. ഞാൻ ഫലിതം ഒരിക്കലും ശ്രോതാക്കളെ രസിപ്പിക്കാൻ ഉപയോഗിക്കാറില്ല. ദീർഘമായ ഒരു പ്രസംഗത്തിൽ അവരുടെ ശ്രദ്ധ നിലനിർത്താനും ഒരു പ്രത്യേക കാര്യം വ്യക്തമാക്കാനും ഒക്കെയാണ് ഞാൻ ഫലിതം ഉപയോഗിക്കാറുള്ളത്.

**എട്ടാമതായി,** യേശു തന്റെ സന്ദേശങ്ങൾ പലതവണ ആവർത്തിച്ചിരുന്നു. ഓരോ സന്ദർഭത്തിലും പുത്തൻ സന്ദേശങ്ങൾ നൽകുന്ന ഒരു പ്രഭാഷകൻ എന്ന ഖ്യാതി യേശു ആഗ്രഹിച്ചില്ല. ഒരു ദൈവികസത്യം ഹൃദയങ്ങളിൽ വേരുറയ്ക്കാൻ അനേകതവണ ആളുകൾ അത് കേൾക്കേണ്ടതുണ്ട്. ഓരോ പ്രസംഗത്തിലും പുതുമയുള്ള എന്തെങ്കിലും പറഞ്ഞ് ശ്രോതാക്കളെ ത്രസിപ്പിക്കാൻ ഞാൻ തയ്യാറല്ല. ഒരേ സന്ദേശം തന്നെ പലതവണ ഞാൻ ആവർത്തിച്ചിട്ടുണ്ട്. പക്ഷേ ആത്മാവിന്റെ നിയോഗത്താൽ ഓരോ തവണയും പുതുമയോടെ അതേ സന്ദേശം അവതരിപ്പിക്കാൻ എനിക്ക് കഴിയാറുണ്ട്.

**ഒമ്പതാമത്,** യേശു കുറിപ്പുകൾ ഒന്നും കൂടാതെയാണ് സംസാരിച്ചത്. പിതാവിനോടൊപ്പം ഉള്ള തന്റെ നടപ്പ് അത്രയധികം ആഴവും ദൃഢവും ആയിരുന്നുതിനാൽ ആത്മാവ് തനിക്ക് സംസാരിക്കാൻ വചനങ്ങൾ നൽകിക്കൊണ്ടിരുന്നു. ദൈവത്തോട് ഇപ്രകാരം ചേർന്ന് നടക്കാത്ത മിക്കപ്രസംഗകർക്കും ഇങ്ങനെ പ്രസംഗിക്കാൻ കഴികയില്ല. അതിനാൽ 99 ശതമാനം പ്രസംഗകരും അവരുടെ പ്രസംഗം ശ്രദ്ധയോടെ തയ്യാറാക്കുകയും, കുറിപ്പുകൾ ഉപയോഗിക്കയും ചെയ്യുന്നതാണ് അഭികാമ്യം. തുടക്കത്തിൽ ഞാൻ ഇതുതന്നെയാണ് ചെയ്തുവന്നത്. എന്നാൽ ഇപ്പോൾ മിക്കസമയത്തും കുറിപ്പുകൾ കൂടാതെ സംസാരിക്കാൻ എനിക്ക് കഴിയുന്നുണ്ട്. എന്നാൽ ബൈബിൾ പഠിപ്പിക്കുന്ന സമയത്ത് ഞാൻ കുറിപ്പുകൾ ഉപയോഗിക്കയും വാക്യങ്ങൾ തെറ്റാതെ പറയാനായി എഴുതി സൂക്ഷിക്കയും ചെയ്യാറുണ്ട്. നോട്ടുകൾ ഉപയോഗിക്കയോ ഉപയോഗിക്കാതിരിക്കയോ ചെയ്യാൻ ഞാൻ സ്വാതന്ത്ര്യം എടുക്കാറുണ്ട്. ഫലപ്രദമായി നോട്ടുകൾ കൂടാതെ പ്രസംഗിക്കണമെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശദ്ധിക്കേണ്ടതുണ്ട്

1) ജീവിതാനുഭവങ്ങളിൽ നിന്നും സംസാരിക്കാൻ കഴിയുമാറ് ദീർഘവർഷങ്ങൾ ദൈവത്തോടൊപ്പം നടന്ന അനുഭവം ഉണ്ടായിരിക്കണം.

2) പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ ജീവിക്കുന്ന വ്യക്തിയും, പ്രവചനവരം ഉള്ള ആളുമായിരിക്കണം.

3) ഏതൊരു വിഷയത്തെപ്പറ്റിയും ബൈബിൾ എന്തുപഠിപ്പിക്കുന്നു എന്ന് ഗ്രാഹ്യം ഉണ്ടാകുമാറ് നന്നായി ദൈവവചനം പഠിച്ച വ്യക്തിയായിരിക്കണം.

4) ഏതു വിഷയത്തെപ്പറ്റിയും ബൈബിൾ വാക്യങ്ങൾ ഓർക്കാൻ കഴിയുമാറ് നല്ല ഓർമ്മശക്തി ഉണ്ടായിരിക്കണം.

5) സന്ദേശത്തിന്റെ മുഴുസമയം ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ തക്ക വണ്ണം ആശയവിനിമയത്തിനുള്ള കഴിവ് ഉണ്ടായിരിക്കണം.

മേൽപ്പറഞ്ഞ അഞ്ച് കാര്യങ്ങൾ ഒരുവന് ഇല്ലെങ്കിൽ പ്രസംഗമദ്ധ്യേ നോട്ടുകൾ ഉപയോഗിക്കുന്നതാണ് അഭികാമ്യം.

ഒടുവിലായി, യേശു ഒരിക്കലും ഒച്ചയിട്ട് സംസാരിച്ചിരുന്നില്ല. (മത്തായി 12:19). അതുപോലെ കൂടെക്കൂടെ പ്രസംഗമദ്ധ്യേ 'ഹാലേലൂയ്യാ' പറയുന്ന രീതിയും യേശുവിന് ഇല്ലായിരുന്നു. ഇവിടെയും യേശുവിന്റെ മാതൃക ഞാൻ അനുകരിക്കാൻ ശ്രമിച്ചു. പ്രസംഗകർ ഒച്ചയിട്ട് സംസാരിക്കുമ്പോൾ മിക്കപ്പോഴും പരിശുദ്ധാത്മാവിന്റെ അഗ്നിമൂലമല്ല അങ്ങനെ ചെയ്യുന്നത്, മറിച്ച് ശ്രോതാക്കളെ വൈകാരികമായി ഇളക്കാൻ മാത്രമാണ് 'ഹാല്ലേലുയ്യാ' കൂടെക്കൂടെ പറയുന്നത് വെറും പരിചയമോ, അല്ലെങ്കിൽ അടുത്തതായി എന്താണ് പറയേണ്ടതെന്ന് ചിന്തിക്കുമ്പോൾ ഇടവേളകണ്ടെത്താനുള്ള പദമായോ ആകാം!

എന്റെ പ്രസംഗത്തിലൂടെ അല്പസമയത്തേക്ക് ശ്രോതാക്കളെ വൈകാരികമായി ഇളക്കാനല്ല, മറിച്ച് ദൈവവചനം അനുസരിക്കാനും, നാൾതോറും ക്രൂശെടുത്തുകൊണ്ട് യേശുവിനെ അനുഗമിക്കാനും അവരെ ഉത്സാഹിപ്പിക്കയാണ് എന്റെ ലക്ഷ്യം. *"ഏതു മനുഷ്യനേയും ക്രിസ്തുവിൽ തികഞ്ഞവനാക്കി" നിർത്തുക എന്നുള്ളതുതന്നെ എന്റെ പ്രസംഗത്തിന്റെ ലക്ഷ്യമായിരിക്കുന്നു."* (കൊലോ 1:28, 29, 1 തിമോ 1:5).

◆

# 41

# ദൈവത്തിന്റെ സമയം ഏറ്റവും നല്ല സമയം

*"എല്ലാറ്റിനും ഓരോ സമയമുണ്ട്; ആകാശത്തിനുകീഴിലുള്ള ഓരോ കാര്യത്തിനും ഓരോ കാലമുണ്ട്."* (സഭാപ്രസംഗി 3:1)

**ആ**ദാമിന്റെ വീഴ്ചമുതൽ മനുഷ്യൻ രക്ഷ ആവശ്യമുള്ളവനായിരുന്നെങ്കിലും ദൈവം സ്വർഗ്ഗത്തിൽ 4000 വർഷങ്ങൾ കാത്തിരുന്നു, മനുഷ്യരക്ഷയ്ക്കായി ഭൂമിയിലേക്ക് ഇറങ്ങിവരുവാൻ. എന്നാൽ അവിടുന്ന് തക്കസമയത്തുതന്നെയാണ് വന്നത് (ഗലാ. 4:4). ഭൂമിയിലേക്ക് വന്നതിനുശേഷവും 30 വർഷങ്ങൾ അവിടുന്ന് നസറേത്തിൽ 'തന്റെ നാഴിക സമാഗതമാകുവാനായി' കാത്തിരുന്നു (യോഹ 2:4) അതിനുശേഷമാണ് യേശു തന്റെ പരസ്യശുശ്രൂഷതുടങ്ങിയത്.

നമ്മെ സംബന്ധിച്ചിടത്തോളം ഓരോ ശുശ്രൂഷയ്ക്കും ഒരു 'തക്കസമയം' ഉണ്ട്. 1995 ആയപ്പോഴേക്കും ഞാൻ ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും ദൈവവചനം പ്രസംഗിച്ചിരുന്നു. എന്നാൽ മിസോറാമിൽ ഐസ്വാളിലുള്ള ഒരു സുവിശേഷവിഹിതസഭ 1995 ഒക്ടോബർ മാസത്തിൽ മിസോറാമിൽ ക്രിസ്തീയസന്ദേശം എത്തിയതിന്റെ നൂറാം വാർഷികം പ്രമാണിച്ച് ചില പ്രത്യേക യോഗങ്ങൾ ക്രമീകരിച്ചിരുന്നു. ഈ മഹായോഗങ്ങൾക്കായി ഒരു പ്രസംഗകനെ അന്വേഷിച്ചപ്പോൾ സംഘാടകരോട് അവർ ആദരിച്ചിരുന്ന ഒരു വ്യക്തി പറഞ്ഞത് പൂർണ്ണമായ ദൈവികസത്യങ്ങൾ കേൾക്കാൻ ആഗ്രഹമുണ്ടെങ്കിൽ എന്നെ ക്ഷണിക്കണം എന്നായിരുന്നു! അവർ എന്നെ ക്ഷണിക്കുകയും ഞാൻ ക്ഷണം സ്വീകരിച്ച് മിസോറാമിലേക്ക് പോകുകയും ചെയ്തു. പ്രസ്തുത സഭയുടെ നേതാക്കന്മാർ പലവർഷങ്ങൾമുമ്പ് തന്നെ എന്നെ ക്ഷണിക്കുവാൻ തത്പരരായിരുന്നെങ്കിലും, ഞാൻ ദുരുപദേശം പഠിപ്പിക്കുന്നുവനാണെന്ന് ആരോ മുന്നറിയിപ്പുനൽകിയതിനാൽ നേരത്തേ ക്ഷണിക്കാതെ പോയതാണ്.

ഞാൻ ഐസ്വാളിൽ എത്തിയപ്പോൾ ശക്തമായി മഴപെയ്തുകൊണ്ടിരിക്കുകയായിരുന്നു. 3000 വർഷങ്ങൾക്കുമുമ്പ് മഴ ഉണ്ടാകാതിരിക്കാനായി കർത്താവിനോട് ആവശ്യപ്പെട്ട ഏലിയാവിനെ ഞാൻ ഓർത്തു. അടുത്ത ഏഴു

ദിവസങ്ങളിൽ ഈ പ്രദേശത്ത് മഴ ഉണ്ടാകാതിരിക്കേണ്ടതിനായി ഞാൻ പ്രാർത്ഥിച്ചു. ജനം വചനം കേൾക്കാൻ കടന്നുവരേണ്ടതിന് മഴതടസ്സമാകരുതല്ലോ. ബാലിന്റെ പ്രവാചകന്മാരെ ബഹുമാനിക്കുകയും ഞാൻ ഒരു കള്ള പ്രവാചകനാണെന്ന് കരുതുകയും ചെയ്യുന്നവർ *ഞാൻ ദൈവത്തിന്റെ ദാസനാണെന്ന് അറിയട്ടെ* എന്നും കൂടെ ഏലിയാവിനെപ്പോലെ ഞാനും പ്രാർത്ഥിച്ചു. (1 രാജാ. 18:36). എന്തുകൊണ്ട് ഞാൻ ഇപ്രകാരം പ്രാർത്ഥിച്ചു എന്ന് എനിക്കറിഞ്ഞുകൂടായിരുന്നു.

ദൈവം എന്റെ ആദ്യത്തെ പ്രാർത്ഥനയക്ക് ഉത്തരം നൽകി. ആദ്യദിവസം വൈകുന്നേരം സമ്മേളനം തുടങ്ങുന്നതിനുമുമ്പ്തന്നെ മഴപൂർണ്ണമായും നിലച്ചു. *ഏഴുദിവസവും തുടർമാനമായി തെളിഞ്ഞ കാലാവസ്ഥയിൽ* ദൈവവചനം പ്രസംഗിക്കുവാൻ ദൈവം ഇടയാക്കി.

മീറ്റിംഗുകൾ കഴിഞ്ഞപ്പോൾ അത്ഭുതകരമായ ഒരു കഥ ഞാൻ കേൾക്കാൻ ഇടയായി. ഞാൻ പ്രസംഗിച്ച പ്രത്യേകമീറ്റിംഗുകൾ തുടങ്ങുന്നതിനുമുമ്പ് തുടർച്ചയായി ഏഴുദിവസം ഐസ്വാളിൽ മഴപെയ്തിരുന്നു. സഭയിലെ മൂപ്പന്മാർ തോരാത്തമഴകണ്ടപ്പോൾ അവർ തെറ്റായപ്രസംഗകനെയാണ് ക്ഷണിച്ചതെന്നുള്ള സന്ദേശം ദൈവം നൽകുകയാണോ എന്ന് സംശയിച്ചുപോയി. മീറ്റിംഗുകൾ കഴിഞ്ഞപ്പോൾ സഭയിലെ മുതിർന്നശുശ്രൂഷകൻ എന്നോട് ഇപ്രകാരം പറഞ്ഞു. മീറ്റിംഗ് തുടങ്ങുന്ന ദിവസം രാവിലത്തെ അവരുടെ പ്രാർത്ഥനായോഗത്തിൽ അദ്ദേഹം പരസ്യമായി പ്രാർത്ഥിക്കുകയുണ്ടായി, "ദൈവമേ, സാക് പുന്നൻ ഞങ്ങളുടെ മീറ്റിംഗുകളിൽ പ്രസംഗിക്കാനായി അങ്ങ് തെരഞ്ഞെടുത്ത ദൈവദാസനാണെങ്കിൽ *ആദ്യദിവസത്തെ മീറ്റിംഗിനുമുമ്പ്* മഴ നിർത്തി ഞങ്ങൾക്ക് തെളിഞ്ഞകാലാവസ്ഥ നൽകേണമേ. ഇത് ഒരു അടയാളമായി ഞങ്ങൾ അങ്ങയോട് ചോദിക്കുന്നു."

അവിടെയുള്ള വിശ്വാസികൾക്ക് ദൈവം അവർ ചോദിച്ച അടയാളവും അതിലധികവും നൽകി. മീറ്റിംഗ് നടന്ന ഏഴുദിവസവും തെളിഞ്ഞ കാലാവസ്ഥയായിരുന്നു. ഇത് ദൈവത്തിന്റെ ഇടപെടൽ ആയിരുന്നു എന്ന് ഉറപ്പാക്കാൻ മീറ്റിംഗ് കഴിഞ്ഞതിന്റെ പിറ്റേന്ന് വീണ്ടും ശക്തമായി മഴപെയ്യാൻ തുടങ്ങി. കൂടാതെ മീറ്റിംഗുകൾ തീർന്നശേഷം ഐസ്വാളിൽ രണ്ടുദിവസത്തെ പൊതുപണിമുടക്കും ഉണ്ടായി. പട്ടണത്തിലെ ജനജീവിതം സ്തംഭിപ്പിച്ച രണ്ടു ദിവസങ്ങൾ! എന്നാൽ ദൈവവചനം പ്രസംഗിക്കപ്പെടേണ്ടതിനായി ദൈവം പ്രകൃതി ശക്തികളേയും മത്സരത്തിന്റെ ശക്തികളേയും ഏഴുദിവസവും നിയന്ത്രിക്കുകയായിരുന്നു.

*'ക്രിസ്തുവിലുള്ള സമ്പൂർണ്ണസ്വാതന്ത്ര്യം' 'യഥാർത്ഥശിഷ്യത്വം'* എന്നീ വിഷയങ്ങളെ അധികരിച്ച് ഞാൻ 15 സന്ദേശങ്ങൾ നൽകുകയുണ്ടായി. പ്രകൃതിയുടെ മഴ ഇല്ലായിരുന്ന ആ ഏഴുദിനങ്ങൾ ആത്മമാരിയുടെ ദിനങ്ങളായിരുന്നു. ആദ്യമീറ്റിംഗിൽ ഏതാണ്ട് 600 പേർ ഉണ്ടായിരുന്നെങ്കിൽ അവസാന ദിവസം ആയപ്പോഴേക്കും എണ്ണം 1200 ളം ആയിരുന്നു. സമ്മേളനം നടന്ന

ഹാളിനുവെളിയിൽ തെരുവിൽ നിരവധിപേർ നിന്നുകൊണ്ട് വചനം കേട്ടു. പരിശുദ്ധാത്മാവ് അതിശക്തമായി പ്രവർത്തിച്ചു. ഒടുവിലത്തെ രണ്ടുദിവസങ്ങളിൽ അനുതാപപൂർവ്വം കർത്തൃസന്നിധിയിൽ സമ്പൂർണ്ണസമർപ്പണം ചെയ്യാൻ ആഗ്രഹിക്കുന്നവരും, ക്രൂശെടുത്തുകൊണ്ട് ദിനംതോറും യേശുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവരും, പരിശുദ്ധാത്മസ്നാനം ആഗ്രഹിക്കുന്നവരും ദൈവസന്നിധിയിൽ എഴുന്നേറ്റുനിൽക്കുവാൻ ഞാൻ ആവശ്യപ്പെട്ടു. നൂറുകണക്കിന് ആളുകൾ എഴുന്നേറ്റുനിൽക്കയും ഞാൻ അവർക്കായി പ്രാർത്ഥിക്കയും ചെയ്തു. കർത്താവ് ചെയ്ത പ്രവൃത്തികണ്ട സഭാനേതാക്കൾ ആശ്ചര്യപ്പെട്ടു. കഴിഞ്ഞകാലങ്ങളിൽ പഞ്ചസാരയിൽ പൊതിഞ്ഞ പ്രസംഗങ്ങൾ കേട്ടിരുന്ന അവർ മായംചേർക്കാതെ നിർമ്മലമായ ദൈവവചനം ആദ്യമായിട്ടാണ് കേൾക്കുന്നത് എന്ന അവരിൽ ഒരാൾ എന്നോട് പറഞ്ഞു. ഏലിയാവിന്റെ രണ്ടാമത്തെ പ്രാർത്ഥന ഞാൻ എന്തുകൊണ്ടാണ് പ്രാർത്ഥിച്ചതെന്ന് അപ്പോഴാണ് എനിക്ക് മനസ്സിലായത്. ദൈവം ആ പ്രാർത്ഥനയ്ക്കും ഉത്തരം അരുളി.

നേരത്തേ എന്നെ സൂക്ഷിച്ചുകൊള്ളണം എന്ന് പ്രസ്തുതസഭാനേതാക്കന്മാർക്ക് മുന്നറിയിപ്പ് ലഭിക്കാൻ ദൈവം അനുവദിച്ചതിന്റെ കാരണവും അപ്പോൾ എനിക്ക് മനസ്സിലായി. അത്തരം ഒരു മുന്നറിയിപ്പ് കിട്ടിയിരുന്നില്ലായിരുന്നെങ്കിൽ 10 വർഷം മുമ്പേ അവർ എന്നെ പ്രസംഗിക്കാൻ ക്ഷണിക്കുമായിരുന്നു. ജനഹൃദയങ്ങൾ ദൈവവചനത്തിനായി ഒരുക്കപ്പെടാത്ത ഒരുകാലത്തായിരുന്നേനേ ഞാൻ പ്രസംഗിക്കുമായിരുന്നത്. അപ്പോൾ എന്റെ പ്രയത്നം പാഴായിപ്പോയേനെ. ഈകാര്യം മുന്നമേ കണ്ടദൈവം സഭാനേതാക്കന്മാർ തെറ്റിദ്ധരിക്കപ്പെടാൻ അനുവദിച്ചു. *ജനങ്ങളുടെ ഹൃദയമാകുന്ന മണ്ണ് തയ്യാറായപ്പോൾ,* അവർ മുൻവിധികൾ വെടിഞ്ഞ് എന്നെ ക്ഷണിച്ചു. ദൈവത്തിന്റെ മുഴുവൻ ആലോചനയും വിളംബരം ചെയ്യാൻ ശരിയായ സമയം. ഇതേ വിധത്തിൽ ദൈവം മറ്റുപലയിടങ്ങളിലും പ്രവർത്തിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പൂർണ്ണസുവിശേഷം *എല്ലാവരും* കേൾക്കേണ്ട ആവശ്യമുണ്ട്; എന്നാൽ ഓരോരുത്തരുടെയും ഹൃദയം അതിനായി ഒരുക്കപ്പെടേണ്ട ആവശ്യമുണ്ട്താനും. വചനമാകുന്ന വിത്ത് വിതയ്ക്കപ്പെടാൻ ഹൃദയത്തിന്റെ നിലം ഉഴുതുമറിക്കേണ്ടതുണ്ട്. അവിടുത്തെ സമ്പൂർണ്ണസത്യം ശ്രവിക്കുവാൻ ഒരു ജനസമൂഹം എപ്പോഴാണ് ഒരുക്കപ്പെടുന്നത് എന്ന് ദൈവം മാത്രം അറിയുന്നു. നാം ദൈവഹിതത്തിൽ ജീവിച്ചാൽ അവിടുന്ന് അത്തരം ആളുകളുടെ അടുത്തേക്ക് *തക്കസമയത്തുതന്നെ* നമ്മെ അയയ്ക്കും. ദൈവത്തിന്റെ വഴികൾ തികവുള്ളത്! നമ്മുടെ എല്ലാ ചലനങ്ങളിലും ദൈവത്തിന്റെ സമയം ഹൃദയപൂർവ്വം സ്വീകരിക്കയും, *എതിർപ്പുകൾക്കുവേണ്ടിപ്പോലും നന്ദിയുള്ളവരായിരിക്കയും* ചെയ്യുകയത്രേ ഉത്തമം. എതിർപ്പുകൾപോലും ദൈവഹിതം നിറവേറാൻ മുഖാന്തിരമായിത്തീരാം. സാത്താന്റെ പ്രവൃത്തികളെപ്പോലും ദൈവം തിരുഹിതത്തിന്റെ നിറവേറലിനായി ഉപയോഗിക്കുന്നു. അങ്ങനെ വീണ്ടും വീണ്ടും സാത്താനെ ദൈവം വിഡ്ഢിയാക്കുന്നു.

ഹല്ലേലുയ്യാ!! ◆

# 42

# ദൈവം സഭയെ വളർത്തുന്നു

**ഒ**രു സഭയിൽ ദൈവം ഇപ്പോഴും പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ തെളിവ്, ശിഷ്യത്വത്തിനായി പൂർണ്ണഹൃദയമുള്ളവരെ സഭയോട് ചേർക്കുകയും, ആ വിധത്തിൽ കർത്താവിനെ അനുഗമിക്കാൻ താത്പര്യമില്ലാത്തവരെ സഭയിൽനിന്ന് നീക്കിക്കളയുകയും ചെയ്യുന്നു എന്നുള്ളതാണ്. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി *സഭയോട് ചേർത്തുകൊണ്ടിരുന്നു* എന്ന് നാം പ്രവൃത്തികൾ 2 ന്റെ 47 ൽ വായിക്കുന്നുണ്ട്. (ആ കാലത്ത് ശിഷ്യത്വത്തിന്റെ സന്ദേശം സ്വീകരിച്ചവരെ മാത്രമേ രക്ഷിക്കപ്പെട്ടവർ എന്ന് വിളിച്ചിരുന്നുള്ളൂ.) സെഫന്യാവ് 3 ന്റെ 8 മുതൽ 17 വരെയുള്ള വചനങ്ങളും ശ്രദ്ധിക്കുക. *"ഞാൻ നിങ്ങളുടെ ഇടയിൽനിന്നും ഗർവ്വോല്ലസിതന്മാരെ* ***നീക്കിക്കളയുകയും*** *താഴ്മയും ദാരിദ്ര്യവും ഉള്ളൊരു ജനത്തെ ശേഷിപ്പിക്കുകയും ചെയ്യും.....നിന്റെ ദൈവമായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കയും നിന്നിൽ അത്യന്തം സന്തോഷിക്കയും ചെയ്യും"*

തുടക്കം മുതലേ ഈ രണ്ട് വിധത്തിലും സ്വർഗ്ഗീയപിതാവ് പ്രവർത്തിക്കുന്നത് സഭയിൽ കാണാൻ ഇടയായിട്ടുണ്ട്. നൂറുകോടിയിലധികം ജനസംഖ്യയുള്ള ഇൻഡ്യയെപ്പോലൊരു രാജ്യത്ത് യേശുകർത്താവിന്റെ ശിഷ്യരായിരിക്കാൻ ആഗ്രഹിക്കുന്നവരെ കണ്ടെത്തുക എന്നത് ഒരു ലക്ഷം വൈക്കോൽകൂമ്പാരങ്ങളിൽകുറെ സൂചികൾ തെരയുന്നതുപോലെയാണ്! ഒരു ജീവിതകാലം മുഴുവൻ ഈ വൈക്കോൽ കൂമ്പാരങ്ങളിലൂടെ തെരച്ചിൽ നടത്തിയാലും ഒന്നോ രണ്ടോ സൂചികൾ കഷ്ടിച്ച് കണ്ടെത്താൻ കഴിഞ്ഞേക്കും. എന്നാൽ കുറേക്കൂടെകാര്യക്ഷമമായ ഒരു മാർഗ്ഗം ശക്തിയുള്ള കാന്തങ്ങൾ വൈക്കോൽകൂമ്പാരങ്ങളുടെ വെളിയിൽ സ്ഥാപിക്കുക എന്നതാണ്. അപ്പോൾ എത്രയും മിതമായ അദ്ധ്വാനഫലമായി സൂചികൾ വൈക്കോൽ കൂനകളിൽ നിന്നും ആകർഷണശക്തിയാൽപുറത്തുവരുന്നത് കാണാൻ കഴിയും! മുഴുഹൃദയത്തോടെ കർത്താവിനെ പിൻപറ്റാൻ ആഗ്രഹിക്കുന്നവരെ കണ്ടെത്താൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഇതുതന്നെ. ഈ വിധം നാം പ്രവർത്തിക്കണം എന്നാണ് ദൈവവും ആഗ്രഹിക്കുന്നത്. നാം തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നതിനാൽ നാം അവിടുത്തെ ശിഷ്യരാണെന്ന് ലോകം അറിയും എന്നല്ലേ യേശു പറഞ്ഞത്? (യോഹ.13:33-35). സഭയായുള്ള നമ്മുടെ സാക്ഷ്യമാണ് മറ്റുള്ളവരെ നമ്മിലേക്ക് ആകർഷിക്കുന്നത്.

ആയതിനാൽ ഞങ്ങളുടെ സഭകൾ ഇൻഡ്യയിലും മറ്റിടങ്ങളിലും ഉള്ള ആയിരക്കണക്കിന് വൈക്കോൽ കൂനകളിൽ നിന്നു ശിഷ്യന്മാരെ ആകർഷിച്ച് വലിച്ചെടുക്കുന്ന കാന്തങ്ങളായിരിക്കണം എന്ന് ഞങ്ങൾ ആഗ്രഹിച്ചു.

ആളുകളെ മതം മാറ്റാനല്ല മറിച്ച്, ശിഷ്യന്മാരാക്കാനാണ് കർത്താവ് കല്പിച്ചിട്ടുള്ളത്. (മത്തായി 28:18–20). അതിനാൽ തുടക്കം മുതൽ തന്നേ ലൂക്കോസ് 14:26–33 ൽ കാണുന്ന *ശിഷ്യത്വത്തിന്റെ മൂന്ന് വ്യവസ്ഥകൾ* ഞങ്ങൾ പ്രസംഗിച്ചുവന്നു. യേശുകർത്താവിനെ എല്ലാറ്റിലും ഉപരിയായി സ്നേഹിക്കുക, ദിനംപ്രതി സ്വയത്തിന് മരിക്കുക, ഭൗതികവസ്തുക്കളോടുള്ള സ്നേഹത്തിൽ നിന്നു സ്വതന്ത്രരാകുക എന്നിവയാണ് ശിഷ്യത്വത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ. ശിഷ്യത്വത്തിന്റെ ഈ വ്യവസ്ഥകൾ നിറവേറ്റാൻ താത്പര്യമുള്ളവരെ മാത്രം പ്രാദേശികസഭകളിൽ കൂട്ടുവാൻ ഞങ്ങൾ എന്നും ആഗ്രഹിച്ചിരുന്നു. അങ്ങനെ ശിഷ്യത്വത്തിനായി താത്പര്യമുള്ളവരെ ഞങ്ങളുടെ അടുത്തേക്ക് അയയ്ക്കുവാനോ, അല്ലെങ്കിൽ ഞങ്ങളെ അങ്ങനെയുള്ളവരുടെ അടുത്തേക്ക് അയയ്ക്കാനോ ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്യാൻ ദൈവത്തിന് കഴിയുന്നില്ലെങ്കിൽ ഞങ്ങൾ ക്രമീകരണം വരുത്തേണ്ട മേഖല ഏതാണെന്ന് ഞങ്ങളെ കാണിച്ചു തരണം എന്ന് പ്രാർത്ഥിക്കാനും ഞങ്ങൾ മടിച്ചില്ല. ആരേയും സഭയിൽ ചേരാനായി ഞങ്ങൾ ക്ഷണിച്ചില്ല. ആളുകൾ സ്വയമായി ആ തീരുമാനം എടുക്കണം എന്ന് ഞങ്ങൾ താത്പര്യപ്പെട്ടു. 1975 മുതൽ ഈ വർഷങ്ങളിലെല്ലാം ഒരു വ്യക്തിയോടുപോലും ഞങ്ങളുടെ ഏതെങ്കിലും പ്രാദേശികസഭയിൽ ചേരാൻ ഞാൻ ആവശ്യപ്പെട്ടിട്ടില്ല. സ്വയം താത്പര്യപ്പെട്ട് കടന്നുവന്നവരെ മാത്രമേ ഞങ്ങൾ സ്വാഗതം ചെയ്തിട്ടുള്ളൂ. ആത്മീയമായ പരിപാലനത്തിനും ശുശ്രൂഷയ്ക്കുമായി ദൈവം ഉത്തരവാദിത്വം ഏല്പിച്ചിട്ടുള്ളവരെ മാത്രമേ കർത്താവ് ഞങ്ങളുടെ അടുത്തേക്ക് അയയ്ക്കൂ എന്ന് ഞങ്ങൾ വിശ്വസിച്ചു. കർത്താവുതന്നെയാണ് ജനത്തെ സഭയോട് ചേർക്കുന്നത്. പിതാവ് **എനിക്ക്** തരുന്നതൊക്കെയും എന്റെ **അടുക്കൽ വരും.** എന്റെ അടുക്കൽ വരുന്നവരെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല. (യോഹ. 6:37). ഭൂമിയിലുള്ള ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ ഈ പ്രസ്താവന സഭയെ സംബന്ധിച്ചിടത്തോളവും സത്യമാണെന്ന് ഞങ്ങൾ വിശ്വസിച്ചു.

ജീവിതങ്ങളെ ഞങ്ങളുടെ അടുത്തേക്ക് ശിഷ്യത്വത്തിന്റെ സമർപ്പണത്തോടെ അയയ്ക്കുവാൻ കർത്താവ് അത്ഭുതകരമായ വഴികൾ ഉപയോഗിച്ചിട്ടുണ്ട്. ചില ദൃഷ്ടാന്തങ്ങൾ താഴെ ചേർക്കുന്നു:

നമ്മുടെ ഒരു അയൽരാജ്യത്ത് ആഭ്യന്തരയുദ്ധംമൂലം അനേകർ സർവ്വവും ഉപേക്ഷിച്ച് കുടുംബസമേതം ബോട്ടുകളിൽ രക്ഷപ്പെടുകയുണ്ടായി. അവരിൽ പലരും സമുദ്രമദ്ധ്യേ ബോട്ടുകൾ മുങ്ങി മരിക്കയുണ്ടായി: ചിലർ രക്ഷപ്പെട്ട് ഇൻഡ്യയുടെ തീരത്തെത്തി. ഈ അഭയാർത്ഥികളെ ഭാരതസർക്കാർ ക്യാമ്പുകളിൽ താമസിപ്പിച്ചു. ഇത്തരം ക്യാമ്പുകളുടെ സമീപപ്രദേശങ്ങളിൽ

നമ്മുടെ രണ്ട് സഭകൾ ഉണ്ടായിരുന്നു. സഭകളിൽ നിന്നും ചില സഹോദരന്മാർ വീണ്ടുംജനനം പ്രാപിക്കാത്ത നാമധേയക്രൈസ്തവരായ ഈ അഭയാർത്ഥികളെ സന്ദർശിക്കാൻ ഇടയായി.അവരുമായി സുവിശേഷസന്ദേശം പങ്കുവച്ചു. തൽഫലമായി അവരിൽ പലരും വീണ്ടുംജനനം പ്രാപിക്കാൻ ഇടയായി. സഹോദരന്മാർ തുടർച്ചയായി ക്യാമ്പുകൾ സന്ദർശിക്കയും ഒരു സഭയായി അവരെ മുമ്പോട്ട് നയിക്കുകയും ചെയ്തു. ബാംഗ്ലൂരിലും മറ്റ് സ്ഥലങ്ങളിലും നടന്ന പല സമ്മേളനങ്ങളിൽ അവർ ഏതാണ്ട് രണ്ടുവർഷക്കാലം സംബന്ധിക്കാൻ ഇടയായി. കോൺഫറൻസുകളിൽവച്ച് സാക്ഷ്യത്തിനായി അവസരം നൽകുമ്പോൾ അവർ സാക്ഷ്യംപറയാൻ കാണിച്ചിരുന്ന ഉത്സാഹം എടുത്തുപറയേണ്ടതാണ്. അവരുടെ ആത്മീയതീക്ഷ്ണത ഞങ്ങളെ വെല്ലുവിളിക്കുന്നതായിരുന്നു. ഒരു സമ്മേളനത്തിൽ ഭാര്യമാർ ഏതുവിധത്തിൽ ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ട് ജീവിക്കേണം എന്നതിനെപ്പറ്റി ഞാൻ ബൈബിളിൽ നിന്നും പഠിപ്പിച്ചപ്പോൾ ഒരു നവവധു കണ്ണുനീരോടെ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ തന്റെ ഭർത്താവിന് തുടക്കം മുതലേ കീഴ്പ്പെട്ടിരിക്കാൻ കൃപയ്ക്കായി ദൈവത്തോട്പ്രാർത്ഥിക്കുകയുണ്ടായി. എന്റെ ജീവിതത്തിൽ അതുപോലെ ഒരു സഹോദരി ഭർത്താവിന് കീഴ്പ്പെട്ടിരിക്കാനുള്ള കൃപയ്ക്കായി ഇത്രയും ആത്മാർത്ഥമായി കരഞ്ഞു പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടിട്ടില്ല!!

ഏതാണ്ട് രണ്ടു വർഷം കഴിഞ്ഞപ്പോൾ ഭാരതസർക്കാർ ഈ അഭയാർത്ഥികളെ മാതൃരാജ്യത്തേക്ക് മടക്കി അയയ്ക്കാൻ തീരുമാനിച്ചു. അപ്പോഴേക്കും ഈ സഹോദരങ്ങൾ ക്രിസ്തീയവിശ്വാസത്തിൽ നന്നായി ഉറച്ചുകഴിഞ്ഞിരുന്നതിനാൽ അവർ മടങ്ങിപ്പോകുംമുമ്പ് അവരുടെ ഇടയിൽ നിന്നും മൂന്നുപേരെ മൂപ്പൻന്മാരായി നിയോഗിക്കാൻ കഴിഞ്ഞു. ദൈവം ഇൻഡ്യയിൽ അവർ താമസിച്ച സമയവും കൃത്യമായി മുൻനിർണ്ണയിച്ചിരുന്നു. സ്വദേശത്തേക്കു മടങ്ങിച്ചെന്നശേഷം വീണ്ടും ആഭ്യന്തരയുദ്ധം മൂർച്ഛിച്ചപ്പോൾ അവർ മൂന്നുകൂട്ടമായി പിരിഞ്ഞ് വ്യത്യസ്തസ്ഥലങ്ങളിലേക്ക് മാറേണ്ടിവന്നു. അത്ഭുതം എന്നുപറയട്ടെ, ഓരോ കൂട്ടത്തിലും മൂപ്പന്മാരായി നാം നിയോഗിച്ച മൂന്നുപേരിൽ ഓരോരുത്തർ ഉണ്ടായിരുന്നു! തന്മൂലം മേൽപ്പറഞ്ഞ മൂപ്പന്മാരുടെ നേതൃത്വത്തിൽ മൂന്നിടത്തും അവർക്ക് പ്രത്യേക സഭകളായി നിലനിൽക്കാൻ കഴിഞ്ഞു. സഹോദരങ്ങളുടെ ജീവിതവും സാക്ഷ്യവുംമൂലം മറ്റുപലരും അവരോട് ചേരുവാൻ ഇടയായി. നമ്മുടെ സഹോദരന്മാരിൽ ഒരാൾ ഒന്നിലധികം തവണ അവരെ സന്ദർശിക്കയും പ്രത്യേക മീറ്റിംഗുകളിലൂടെ അവരെ ഉത്സാഹിപ്പിക്കുകയും ചെയ്തു.

മറ്റൊരു ചെറിയ പട്ടണത്തിൽ നാം അറിയുന്നിടത്തോളം യേശുക്രിസ്തുവിന്റെ കാലം മുതൽ ഒറ്റ ക്രിസ്തുശിഷ്യനും ഇല്ലായിരുന്നു. നമ്മുടെ സഹോദരന്മാരിൽ ഒരാൾ ഔദ്യോഗിക ജീവിതത്തിന്റെ ഭാഗമായി അവിടേക്ക് സ്ഥലം മാറിവന്നു. താൻ അവിടെ താമസിച്ചപ്പോൾ മറ്റുള്ളവരോട് സുവിശേഷസാക്ഷ്യം പങ്കിടുകയും അനേകർ രക്ഷിക്കപ്പെടാൻ ഇടയാകയും ചെയ്തു.

നമ്മുടെ മറ്റൊരു സഭയിലുള്ള ഒരു സഹോദരനോടൊപ്പം ഈ സഹോദരൻ സുവിശേഷവേലയിൽ അദ്ധ്വാനിച്ചതിനാൽ ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ അനുഗൃഹീതമായ ഒരു സഭ ആ പട്ടണത്തിൽ ഉളവായി. ഇരുപത് നൂറ്റാണ്ടുകൾക്കുള്ളിൽ ആദ്യമായി ആ പ്രദേശത്തുണ്ടായ ക്രിസ്തീയസഭ! വൈകാതെ ഈ സഭയെ നയിക്കാൻ നാം മൂപ്പന്മാരെ നിയോഗിച്ചു. ചില വർഷങ്ങൾക്കുള്ളിൽ സഭ വളർന്ന് സമീപ പ്രദേശങ്ങളിലേക്ക് വ്യാപിക്കയും രണ്ടു പ്രാദേശികസഭകൾ കൂടി ഉടലെടുക്കുകയും ചെയ്തു.

മറ്റൊരു സഹോദരൻ ഒരു ചെറിയ ബിസ്സിനസ്സ് നടത്താനായി ഒരു പുതിയ സ്ഥലത്ത് താമസമാക്കി. ഒരു ക്രിസ്തീയശിഷ്യനും ഇല്ലാതിരുന്ന ഒരു സ്ഥലം. ഈ സഹോദരന്റെ സാക്ഷ്യം മൂലം നൂറ്റാണ്ടുകളായി ആദ്യത്തെ സാക്ഷ്യമുള്ള ഒരു സഭ അവിടെ ഇന്ന് നിലനില്ക്കുന്നു!

ദൈവം ഞങ്ങളുടെ ഇടയിൽ ചെയ്ത ഏറ്റവും വലിയ അത്ഭുതം 2000 വർഷങ്ങളായി സഭ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ സഭകൾ സ്ഥാപിച്ചു എന്നതല്ല. വിവിധസഭകളെ നയിക്കുവാൻ ദൈവഭക്തരായ മൂപ്പന്മാരെ എഴുന്നേൽപ്പിച്ചു എന്നതാണ്. വിദേശരാജ്യങ്ങളിൽനിന്നു ലഭിക്കുന്ന പണംകൊണ്ട് ശമ്പളം കൊടുത്ത് നടത്തപ്പെടുന്ന ക്രിസ്തീയപ്രവർത്തനങ്ങൾ ധാരാളം ഉള്ള ഭാരതത്തിൽ യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ പരിപാലിക്കാൻ സന്നദ്ധരായ ആത്മീയ നേതാക്കളെ കണ്ടെത്തുക എന്നതാണ് അത്യത്ഭുതകരമായ കാര്യം. പല ദശകങ്ങളായി ഇടയന്മാരായി അത്തരം നിരവധി സഹോദരന്മാരെ ദൈവം നമ്മുടെ ഇടയിൽ അയച്ചിട്ടുണ്ട്. മൂപ്പന്മാർക്കും ശമ്പളം കൊടുക്കാത്തതിനാൽ ലാഭേച്ഛയോടെ ക്രിസ്തീയശുശ്രൂഷയ്ക്ക് ഇറങ്ങുന്ന *കച്ചവടമനസ്ഥിതി ഉള്ളവരിൽ നിന്നും* ദൈവം ഞങ്ങളെ സംരക്ഷിച്ചു. മറ്റ് സഭകളും സംഘടനകളും നേരിടുന്ന പ്രധാന പ്രശ്നം ഇതുതന്നെയാണ്.

ഭാരതത്തിലുടനീളം ചിതറിക്കിടക്കുന്ന ഞങ്ങളുടെ സഭകളാകുന്ന കാന്തങ്ങൾ അനുഗൃഹീതരായ'സൂചികളെ' വൈക്കോൽകൂനകളിൽ നിന്നും വലിച്ചെടുത്തിട്ടുണ്ട്. വരുന്ന നാളുകളിൽ മറ്റനേകം 'സൂചികൾ' ആകർഷിക്കപ്പെടും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു! ഹല്ലേലുയ്യാ!! ◆

# 43

# ദൈവം സഭയിൽ നിന്നു ചിലരെ നീക്കംചെയ്യുന്നു

**ക**ഴിഞ്ഞ അദ്ധ്യായത്തിൽ ദൈവം എങ്ങനെ വിശ്വാസികളെ സഭയോട് ചേർക്കുന്നു എന്ന് നാം കണ്ടു. എന്നാൽ സെഫന്യാവ് 3: 8–17 ൽ നാം കാണുന്നതുപോലെ സഭയിൽനിന്നും *ഗർവികളും തന്നെത്താൻ ഉയർത്തുന്നവരും* ആയ ഏവരേയും ദൈവം നീക്കിക്കളയുകയും ചെയ്യും. താഴ്മയും ആത്മാവിൽ ദാരിദ്ര്യവും ഉള്ള ഒരു ജനത്തെ ശേഷിപ്പിക്കാൻ വേണ്ടിയാണിത്. നമ്മുടെ ഇടയിൽ വസിക്കയും നമ്മിൽ ഘോഷിച്ചാനന്ദിക്കയും ചെയ്യാൻ വേണ്ടിയാണ് ദൈവം ഇപ്രകാരം പ്രവർത്തിക്കുന്നത്. അപ്പോസ്തോലനായ യോഹന്നാനും തന്റെ കാലഘട്ടത്തിൽ ഈ കാര്യം നിറവേറുന്നതു കാണാൻ ഇടയായി. യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ ഇക്കാര്യം പറയുന്നത് ശ്രദ്ധിക്കുക. *"അവർ നമ്മുടെ ഇടയിൽ നിന്ന് പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല. അവർ നമുക്കുള്ളവർ ആയിരുന്നെങ്കിൽ നമ്മോടുകൂടെ പാർക്കുമായിരുന്നു. എന്നാൽ എല്ലാവരും നമുക്കുള്ളവർ അല്ല എന്ന് പ്രസിദ്ധമാകേണ്ടതല്ലോ"* (1 യോഹ 2:19).

ഒരോ സഭയ്ക്കും എത്രത്തോളം ആത്മീയനിലവാരം ഉണ്ടായിരിക്കണം എന്ന് തീരുമാനിക്കുന്നത് അതതുസഭയിലേ മൂപ്പന്മാരാണ്. വിശുദ്ധിയേക്കുറിച്ച് യാതൊരു നിലവാരവും ഇല്ലാത്ത സഭകളിൽ നിന്ന് ആരും വിട്ടുപോകയില്ല. യേശുപഠിപ്പിച്ച ജീവിതനിലവാരം സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന സഭകളിൽ നിന്ന്, യേശുതന്നേ ഇഹലോകജീവിതത്തിൽ കണ്ടെത്തിയതു പോലെ, പലരും വിട്ടുപോകുന്നത് കാണാം. നമ്മുടെ ഇടയിലും ഇങ്ങനെ പലർ വിട്ടുപോകുന്നത് നാം കണ്ടിട്ടുണ്ട്.

ആദ്യം തന്നേ സഭ വിട്ടുപോയവർ ധനികരും ലോകത്തിൽ സ്വാധീനം ഉള്ളവരും ആയിരുന്നു. ലോകത്തിലും ഇതരസഭകളിലും അവർക്ക് ലഭിച്ചിരുന്ന പ്രത്യേകപരിഗണന ഇവിടെ ലഭിക്കാതെ വന്നതാണ് വിട്ടുപോകാൻ അവരെ പ്രേരിപ്പിച്ചത്. അവരുടെ സമ്പത്തോ, സ്ഥാനമാനങ്ങളോ അല്ല, മറിച്ച് ഈ കാര്യങ്ങളിലുള്ള അവരുടെ നിഗളമനോഭാവമായിരുന്നു അവരെ യേശുവിന്റെ ശിഷ്യരാകുന്നതിൽ നിന്നു തടഞ്ഞത്. ആരുടെയെങ്കിലും സമ്പത്തോ

സ്ഥാനങ്ങളോ നമ്മെ സംബന്ധിച്ച് പ്രത്യേകപരിഗണനയർഹിക്കുന്ന വിഷയമേ ആയിരുന്നില്ല. ധനികരായാലും ദരിദ്രരായാലും താഴ്മയും ദൈവഭയവും ഉള്ള വ്യക്തികളെയാണ് നാം ബഹുമാനിച്ചിരുന്നത്. (സങ്കീ. 15:4).

സഭാമൂപ്പന്മാർ ആകാൻ ആഗ്രഹിച്ചിട്ടും അത് നടക്കാതെ പോയതുകൊണ്ടാണ് ചിലർ വിട്ടുപോയത്. മറ്റുചിലർ അവരെ ഏല്പിച്ച ശുശ്രൂഷയിൽ അവിശ്വസ്തരെന്ന് തെളിഞ്ഞപ്പോൾ മൂപ്പൻ സ്ഥാനത്തുനിന്നും ഒഴിഞ്ഞിരിക്കാൻ ആവശ്യപ്പെട്ടതിനാൽ വിട്ടുപോയവരാണ്. ചിലർ അവരുടെ പ്രസംഗപാടവംകൊണ്ട് പണം സമ്പാദിക്കാൻ ആഗ്രഹിച്ചവരായിരുന്നു (1 പത്രോ. 5:2). പണത്തിനായി സുവിശേഷംപ്രസംഗിക്കുന്നവരിൽ നിന്നും ഒഴിഞ്ഞിരിക്കാൻ ദൈവവചനം കല്പിക്കുന്നു. (1 തിമോ. 6:5). മറ്റു ചിലർ ദൈവത്തിന്റെ ആട്ടിൻകൂട്ടങ്ങളുടെ മേൽ അധികാരികളെപ്പോലെ കർത്തൃത്വം നടത്താൻ ആഗ്രഹിച്ചവരായിരുന്നു. (1 പത്രോ. 5:3). അവരിൽ ചിലർ കർത്താവായ യേശുക്രിസ്തുവിനോടല്ല, തങ്ങളോടുതന്നേ ജീവിതങ്ങളെ വലിച്ചടുപ്പിക്കുന്നവർ ആയിരുന്നു. (പ്രവൃത്തി.20:30). ഇത്തരത്തിലുള്ള എല്ലാ മൂപ്പന്മാരെയും ദൈവം അതതുകാലത്ത് നീക്കംചെയ്കയും പകരം ഉത്തമന്മാരായ സഹോദരന്മാരെ മൂപ്പന്മാരായി നിയമിക്കയും ചെയ്തു. ഇതു ദൈവത്തിന്റെ പ്രവൃത്തി തന്നെയാണെന്ന് കാലം തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

നമ്മെപ്പോലെ സമ്പന്നമല്ലാത്ത ഒരു ഭാരതീയസഭയെക്കാൾ *സമ്പന്നതയുള്ള ഏതെങ്കിലും പാശ്ചാത്യസഭകളോട്* ബന്ധപ്പെടാനുള്ള ആഗ്രഹം കൊണ്ടാണ് ചിലർ വിട്ടുപോയത്. മിക്ക ഇൻഡ്യൻ ക്രിസ്ത്യാനികളുടേയും വിചാരം പാശ്ചാത്യക്രൈസ്തവർ ആത്മീയമായി തങ്ങളെക്കാൾ മികച്ചവരാണെന്നാണ്. തന്മൂലം പാശ്ചാത്യവിശ്വാസികളോട് ഒരു ദാസ്യമനോഭാവം പലരിലും വേരൂന്നിയിരിക്കുന്നു. ഇൻഡ്യയിലെ മിക്ക സഭകൾക്കും അമേരിക്കക്കാരനോ യൂറോപ്പുകാരനോ ആയ ഒരു പ്രസംഗകൻ *പ്രധാനപ്രസംഗകനായി* ഇല്ലാതെ പ്രത്യേകയോഗങ്ങൾ നടത്തുന്നതിനെപ്പറ്റി ചിന്തിക്കാനേ കഴിയുകയില്ല. അവർക്കുമാത്രമേ ശ്രോതാക്കളെ ആകർഷിക്കാൻ കഴിയൂ! എന്നാൽ നാമാകട്ടെ, എല്ലാ വർഗ്ഗക്കാരെയും നമുക്കുതുല്യരായിപരിഗണിക്കുന്നു. സഭയിലേക്ക് ജീവിതങ്ങളെ പ്രസംഗകന്റെ *തൊലിയുടെ നിറംകൊണ്ടല്ല, മറിച്ച് ആത്മാവിന്റെ അഭിഷേകത്താലും നമ്മുടെ സന്ദേശത്താലും ആകർഷിക്കാനാണ് നാം ശ്രമിച്ചിട്ടുള്ളത്.* പല ഭാരതീയക്രിസ്ത്യാനികളും സാമ്പത്തികലാഭത്തിനായും സൗജന്യമായ വിദേശയാത്ര തരപ്പെടുത്താനുമായി ഏതെങ്കിലും പാശ്ചാത്യപ്രസ്ഥാനങ്ങളുമായി ചേർന്നു നിൽക്കാൻ മടിയില്ലാത്തവരാണ്. സ്വാർത്ഥം അന്വേഷിക്കുന്ന ഇത്തരം എല്ലാ പ്രവണതകൾക്കും എതിരേ നാം നിലപാട് എടുത്തിട്ടുണ്ട്.

മറ്റോരുകൂട്ടർ നാം പ്രസംഗിക്കുന്ന വിശുദ്ധിയുടെ മാനദണ്ഡം *വളരെ കൂടുതലാണെന്ന്* പറഞ്ഞ് പോയവരാണ്. ശിഷ്യത്വം, പരിശുദ്ധാത്മസ്നാനവും വരങ്ങളും, ബോധമണ്ഡലത്തിലെ എല്ലാ പാപങ്ങളുടെ മേലുമുള്ള ജയം,

ഗിരിപ്രഭാഷണത്തിന്റെ അനുസരണം *(മത്തായി 5, 6, 7)*, പൂർണ്ണതയിലേക്കുള്ള മുന്നേറ്റം, യേശുനടന്നതുപോലെ നടക്കുന്നകാര്യം, ദൈവഭക്തിയുള്ള ഒരു കുടുംബജീവിതം, നാൾതോറും ക്രൂശെടുക്കുന്ന കാര്യം, ലോകത്തിന്റെ ആത്മാവിൽ നിന്നുള്ള വേർപാട്, ദ്രവ്യാഗ്രഹത്തിൽ നിന്നുള്ള സ്വാതന്ത്ര്യം (ധനം ദൈവത്തിനെതിരായുള്ള യജമാനനാകാം എന്ന് ലൂക്കോസ് 16:13 ൽ പറയുന്നത് ശ്രദ്ധിക്കുക). ഉപവാസവും പ്രാർത്ഥനയും, ഹൃദയപൂർവ്വം എല്ലാ വരോടും ക്ഷമിക്കുന്ന മനോഭാവം, യേശു നമ്മെ സ്നേഹിച്ചതുപോലെ മറ്റു ള്ളവരെ സ്നേഹിക്കുന്ന കാര്യം, ക്രിസ്തുവിന്റെ ശരീരമായി പ്രാദേ ശികസഭയെ പണിയുന്ന ദൗത്യം തുടങ്ങിയ കാര്യങ്ങളായിരുന്നു നമ്മുടെ പ്രസംഗവിഷയങ്ങൾ. ഈ സന്ദേശങ്ങൾ പലർക്കും ഇടർച്ചയായിത്തീരുകയും അവർ സഭവിട്ടുപോകയും ചെയ്തു. യേശുവിന്റെ പ്രസംഗങ്ങൾ കേട്ട് ഇടർച്ച തോന്നി പലരും അക്കാലത്തും വിട്ടുപോയിട്ടുള്ളതിനാൽ (യോഹ 6:60, 66) ഈ കാര്യം ഞങ്ങളെ അല്പംപോലും അസ്വസ്ഥരാക്കിയില്ല. എന്നാൽ കുട്ടി കൾക്ക് ഏറ്റവും നല്ല സ്കൂളുകൾ തെരഞ്ഞെടുക്കുന്ന, ചികിത്സയ്ക്കായി ഏറ്റവും നല്ല ആശുപത്രികൾ തെരഞ്ഞെടുക്കുന്ന ക്രിസ്തീയവിശ്വാസികൾ ആത്മീയകൂട്ടായ്മയ്ക്കായി താണനിലവാരമുള്ള സഭകൾ തെരഞ്ഞെടുക്കു ന്നത് ഞങ്ങളെ അത്ഭുതപ്പെടുത്താതിരുന്നില്ല! ഭൗതികകാര്യങ്ങളെ ആത്മീ യകാര്യങ്ങളെക്കാളും ശരീരങ്ങളെ തങ്ങളുടെ ആത്മാക്കളെക്കാളും അത്തര ക്കാർ വിലമതിക്കുന്നു എന്നു മാത്രമേ അതിനർത്ഥമുള്ളൂ.

എന്നാൽ ദൈവഭക്തിയുള്ള ഒരു ജീവിതത്തിന് *യാതൊരു താത്പര്യവും ഇല്ലാത്ത ചിലർ സഭയിൽ തുടരുന്നത്* ഞങ്ങളെ ഏറ്റവുമധികം അത്ഭുതപ്പെ ടുത്തി. അവരുടെ കുടുംബങ്ങൾക്ക് മെച്ചമായ ഒരന്തരീക്ഷം ഞങ്ങളുടെ സഭ കളിൽ ലഭ്യമാണെന്നതുമാത്രമായിരുന്നു അവർ തുടരുന്നതിന്റെ കാരണം എന്ന് ഞങ്ങൾ കണ്ടെത്തി. അംഗത്വഫീസ് പിരിക്കാത്ത ഉത്തമമായ ഒരു 'ക്ലബ്' ആയിരുന്നു അവർക്ക് സഭ! തന്മൂലം പല *'ബാബിലോന്യ'* ക്രിസ്ത്യാനികളും സഭകളിൽ തുടരുന്നു. യേശുവിന്റെ കൊച്ചുസഭയിലും ഒരു ഇസ്ക്കരിയോത്താ യൂദാ ഉണ്ടായിരുന്നല്ലോ?

എന്നാൽ സഭയിലെ മൂപ്പന്മാരുടെ കാര്യത്തിൽ ദൈവവചനപ്രകാരമുള്ള ഉന്നതമായ നിലവാരം സൂക്ഷിക്കണം എന്ന കാര്യത്തിൽ ഞങ്ങൾ നിർബ്ബന്ധം കാണിക്കുന്നു. അവർക്കുവേണ്ടി കൂടെക്കൂടെ പ്രത്യേക സമ്മേളനങ്ങൾ നട ത്തുന്നതിലൂടെ ഇതിനായി പരിശ്രമിക്കുന്നു. നമ്മുടെ സഭകളിൽ മൂപ്പന്മാരായി ചില ഉത്തമസഹോദരന്മാരെ ദൈവം എഴുന്നേൽപ്പിച്ചു. അവരിൽ പലരും വാഗ്മികൾ ആയിരുന്നില്ല; എന്നാൽ യേശുക്രിസ്തുവിന്റെ മഹത്വവും ദൈവ ജനത്തിന്റെ നന്മയും ലക്ഷ്യമാക്കിയവരായിരുന്നു. *(ഫിലി. 2:19-21)*. അത്തര ത്തിലുള്ള ഒരു സഹോദരനെങ്കിലും ഒരു സ്ഥലത്തില്ലെങ്കിൽ നാം ഒരു സഭാ കൂടിവരവ് അവിടെ തുടങ്ങാറില്ല. ദൈവഭക്തിയുള്ള ഒരു ഇടയനില്ലെങ്കിൽ ആടുകൾ വഴിതെറ്റിപ്പോകും എന്ന് തീർച്ചയാണല്ലോ. ഇന്ന് നാം നമ്മുടെ സഭകളെ നോക്കുമ്പോൾ ആരൊക്കെ സഭയിലേക്ക് വരുന്നു, ആരൊക്കെ വിട്ടു

പോകുന്നു എന്നുള്ളത് പരിഗണിക്കാതെ യേശു പഠിപ്പിച്ച അതേ വിശുദ്ധിയുടെ നിലവാരത്തിലേക്ക് മുന്നേറാൻ നാം ആത്മാർത്ഥമായി പരിശ്രമിച്ചുവരുന്നു.

പഴയനിയമകാലത്ത് സമാഗമനകൂടാരം ദൈവത്തിന്റെ നിവാസമായിരുന്നതുപോല ഇന്ന് സഭയാണ് ദൈവത്തിന്റെ ആലയം. ആ കൂടാരത്തിന് പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്നീ മൂന്ന് ഭാഗങ്ങൾ ഉണ്ടായിരുന്നു. പ്രാകാരത്തിൽ യാഗപീഠത്തിനും പിച്ചളത്തൊട്ടിക്കും ചുറ്റും ധാരാളം പേർ കൂടിയിരുന്നു. (പാപക്ഷമയും ജലസ്നാനവും സൂചിപ്പിക്കുന്നു). എന്നാൽ വിശുദ്ധസ്ഥലത്ത് ആളുകൾ കുറവായിരുന്നു. അവിടെയുള്ള നിലവിളക്ക്, കാഴ്ചയപ്പത്തിന്റെ മേശ, ധൂപപീഠം എന്നിവ പരിശുദ്ധാവിന്റെ അഭിഷേകം, ദൈവവചനപഠനം, പ്രാർത്ഥന എന്നിവയെ കാണിക്കുന്നു. പഴയനിയമകാലത്ത് *ആർക്കും* അതിവിശുദ്ധസ്ഥലത്ത് പ്രവേശനം അനുവദിച്ചിരുന്നില്ല. ദൈവത്തോടുള്ള *കൂട്ടായ്മ* ആഗ്രഹിക്കയും, എല്ലാം അവിടുത്തേക്ക് *സമർപ്പിക്കയും,* ആത്മാവിലും സത്യത്തിലും ദൈവത്തെ *ആരാധിക്കാൻ* ആഗ്രഹിക്കയും ചെയ്യുന്ന ഏവർക്കും വേണ്ടി ഇന്ന് തുറക്കപ്പെട്ടിരിക്കുന്ന അതിവിശുദ്ധസ്ഥലമാണത്.

കൂടാരത്തിന്റെ ഈ മൂന്നു ഭാഗങ്ങൾ ദൈവത്തോടുള്ള കൂട്ടായ്മയുടെ മൂന്ന് വ്യത്യസ്തതലങ്ങളാണ് കാണിക്കുന്നത്. എല്ലാ സഭകളിലും (നമ്മുടെ സഭകൾ ഉൾപ്പെടെ) ഈ മൂന്ന് സ്ഥലങ്ങളിലും വസിക്കുന്ന വിശ്വാസികൾ ഉണ്ടായിരിക്കും. അതിവിശുദ്ധസ്ഥലത്ത് **സദാ** വസിക്കാൻ തീരുമാനിക്കുകയും, അവസാനത്തോളം കർത്താവിനോട് വിശ്വസ്തതപുലർത്തുകയും ചെയ്യുന്നവരാണ് യഥാർത്ഥജയാളികൾ. നമ്മുടെ സഭകളുടേയും-മറ്റെല്ലാ സഭകളുടേയും യഥാർത്ഥശക്തി ഇങ്ങനെയുള്ള ജയാളികളാണ്.

◆

# 44

# പുതിയനിയമമാതൃക

**ഇ**ൻഡ്യയിലെ ഞങ്ങളുടെ ക്രിസ്തീയപ്രവർത്തനങ്ങളുടെ തുടക്കം മുതൽ തന്നെ ഒരു കാര്യം ഞങ്ങൾ തീരുമാനിച്ചിരുന്നു. *ചുറ്റുപാടുമുള്ള സഭകളിൽ കണ്ടുവരുന്ന കാര്യങ്ങളെക്കാൾ* ശുശ്രൂഷയുടെ എല്ലാ തലങ്ങളിലും പുതിയ നിയമമാതൃക പിൻപറ്റണം എന്നായിരുന്നു ആ തീരുമാനം. ഒന്നാം നൂറ്റാണ്ടിൽ തന്റെ സഭയെ പണിയുവാൻ കർത്താവ് അപ്പോസ്തലന്മാരെയും, പ്രവാചകന്മാരെയും, സുവിശേഷകന്മാരെയും, ഇടയന്മാരേയും, ഉപദേഷ്ടാക്കന്മാരെയും *ഉപയോഗിച്ചു*. (എഫെ. 4:11). നമ്മുടെ കാലഘട്ടത്തിലും ഈ അഞ്ച് ശുശ്രൂഷകളും ലഭ്യമാകണം എന്നായിരുന്നു ഞങ്ങളുടെ പ്രാർത്ഥന

**അപ്പോസ്തലന്മാർ:** സഭകൾ സ്ഥാപിക്കുന്നവരും സഭകളെ നയിക്കുവാൻ മൂപ്പന്മാരെ നിയമിക്കുന്നവരുമാണ്. (പ്രവൃത്തി 14:23). അവർ മൂപ്പന്മാർക്ക് ആത്മീയപിതാക്കന്മാരും അവർ സ്ഥാപിച്ച സഭകളുടെ ആത്മീയ വളർച്ചയിൽ വഴികാട്ടികളും ആയിരുന്നു. അപ്പൊസ്തലന്മാർ സഭകളെ ഒരു സംഘടന ആക്കാതെ ഓരോ സഭയേയും ഒരു സ്വയംഭരണസമൂഹമായി നിലനില്ക്കാൻ അനുവദിച്ചു. ചുറ്റുമുള്ള സഭകളിൽ ഇത്തരത്തിലുള്ള അപ്പൊസ്തലികശുശ്രൂഷ കാണാൻ കഴിഞ്ഞില്ല. മിക്കപ്പോഴും സഭാഭരണത്തിൽ മനുഷ്യനിർമ്മിതമായ രണ്ട് ഭരണവ്യവസ്ഥിതികളാണ് കണ്ടത്.

*1)പിരമിഡ് സമ്പ്രദായം:* കേന്ദ്രീകൃതനിയന്ത്രണത്തിലുള്ള സഭാഭരണവ്യവസ്ഥിതിയാണ് ഒന്നാമത്തേത്. ഒരു പോപ്പോ, സുപ്രണ്ടോ, പ്രസിഡന്റോ പിരമിഡ്തലപ്പത്ത് ഉണ്ടായിരിക്കും. ആ തലവന്റെ കീഴിൽ ബിഷപ്പുമാരോ പാസ്റ്റർമാരോ സഭകളെ നടത്തുന്നു. ഈ തസ്തികകളെല്ലാം തന്നെ തെരഞ്ഞെടുപ്പിലൂടെയാണ് നികത്തുന്നത്! ഈ അധികാരശ്രേണി ബിസ്സിനസ്സ് ലോകത്തിന്റെ കൃത്യമായ അനുകരണമാണ്.

*2) സ്വതന്ത്രസമ്പ്രദായം:* ഈ വ്യവസ്ഥിതിയിൽ ഓരോ സഭയും പൂർണ്ണമായും സ്വതന്ത്രവും ആരോടും ഉത്തരവാദിത്വം ഇല്ലാത്തതുമാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി ബൈബിൾ കോളജ് ബിരുദമുള്ള ഒരാളെ ശമ്പളത്തിന് പാസ്റ്ററായി സേവനം അനുഷ്ഠിക്കുവാൻ ക്ഷണിക്കുന്നു. ചില വർഷങ്ങൾക്കുശേഷം കുറെക്കൂടെ മെച്ചമായ ശമ്പളം കിട്ടുന്ന ഒരു വലിയ സഭ പാസ്റ്റർ കണ്ടെത്തുകയും അവിടെ ശുശ്രൂഷയ്ക്കായി പോകുകയും ചെയ്യുന്നു. അപ്പോൾ ആദ്യത്തെ സഭ വീണ്ടും പരസ്യത്തിലൂടെ മറ്റൊരു യോഗ്യനായ പാസ്റ്ററെ കണ്ടെത്തുന്നു.

മേൽപ്പറഞ്ഞ രണ്ട് സഭാ വ്യവസ്ഥിതികളിലും ആത്മീയ പിതാക്കന്മാരില്ല -തെരഞ്ഞെടുക്കപ്പെടുന്ന, പ്രതിഫലംപറ്റുന്ന നേതാക്കന്മാരേ ഉള്ളൂ. മനുഷ്യ നിർമ്മിതമായ ഈ രണ്ടു വ്യവസ്ഥകളേയും തള്ളിക്കളഞ്ഞ് പുതിയനിയമ ത്തിൽ കാണുന്ന അപ്പൊസ്തലികമാതൃക പിൻപറ്റാൻ ഞങ്ങൾ തീരുമാനിച്ചു.

**പ്രവാചകന്മാർ:**അവരുടെ ശുശ്രൂഷയാൽ ഒരു സഭയിലെ രഹസ്യപാപ ങ്ങളെയും പരാജയമേഖലകളെയും വെളിച്ചത്തുകൊണ്ടുവരികയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നവരാണ്. (1 കൊരി. 12:28, 14:25). അവരുടെ ശുശ്രൂഷ ആത്മീയാഭിവൃദ്ധിക്കും, പ്രബോധനത്തിലും, ആശ്വാസത്തിനും ഉള്ളതത്രേ. (1 കൊരി.14:3).

എന്നാൽ മേൽപ്പറഞ്ഞ വിധത്തിലുള്ള പ്രവചനശുശ്രൂഷ നമ്മുടെ കാല ഘട്ടത്തിൽ അപൂർവ്വമായിമാത്രമേ കാണുന്നുള്ളൂ. കൈനോട്ടക്കാരെപ്പോലെ വിശ്വാസികളുടെ ഭാവികാര്യങ്ങൾ പ്രവചിക്കുന്നമട്ടിൽ വഞ്ചിക്കുന്ന കള്ളപ്ര വാചകരെ മാത്രമേ ഞങ്ങൾ കണ്ടുള്ളൂ. അത്തരം വ്യാജപ്രവാചകരിൽ നിന്ന് ദൈവം ഞങ്ങളെ സംരക്ഷിക്കയും യഥാർത്ഥത്തിലുള്ള പ്രവാചകശുശ്രൂഷ ഞങ്ങളുടെ ഇടയിൽ നൽകുകയും ചെയ്തു.

**സുവിശേഷകന്മാർ:** ആത്മാക്കളെ ക്രിസ്തുവിങ്കലേക്ക് നയിക്കുന്നവരും അവരെ പ്രദേശികസഭയോട് ചേർക്കുന്നവരുമത്രേ. ഇന്ന് നാം കാണുന്നതെന്താണ്? പുതിയനിയമവ്യവസ്ഥയിലുള്ള ഒരു പ്രാദേശികസഭ യോട് പുതിയ ആത്മാക്കൾ ചേർത്തുപണിയപ്പെടുന്ന കാര്യത്തിൽ താത്പ ര്യമില്ലാതെ സുവിശേഷമഹായോഗങ്ങൾ നടത്തുന്നതിന് മാത്രം അനേകർ ഉത്സാഹിക്കുന്നു. അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്ന മിക്ക മാനസാ ന്തരങ്ങളും വ്യക്തിഗത സുവിശേഷീകരണത്തിലൂടെ നടന്നവയായിരുന്നു. വ്യക്തികളെ രക്ഷകനായ യേശുവിന്റെ അടുത്തേക്ക് നയിക്കുക മാത്രമല്ല, അവരെ പ്രാദേശികസഭയിൽ ഉറപ്പിക്കയും ചെയ്യുന്ന സമർത്ഥരായ ചില സുവി ശേഷകന്മാരെ ദൈവം ഞങ്ങൾക്കു നൽകി. ദൈവഭക്തിയുള്ള ഒരു ജീവിതം നയിക്കാൻ താത്പര്യമുള്ളവരുടെ അടുത്തേക്ക് പരിശുദ്ധാത്മാവ് അവരെ നയി ക്കേണ്ടതിനായി പ്രാർത്ഥിക്കാൻ ഞങ്ങൾ സഹോദരീസഹോദന്മാരെ ഉത്സാ ഹിപ്പിച്ചിരുന്നു. ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി അനേകം ശിഷ്യരെ സഭകളിലേക്ക് അയച്ചിട്ടുണ്ട്. 1975 ഓഗസ്റ്റ് മാസം എന്റെ ഭവന ത്തിൽ കേവലം നാല് കുടുംബങ്ങൾ മാത്രമാണ് ആദ്യമായി കൂടിവന്നത്. അതിനുശേഷം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ആയിരക്കണക്കിന് ആളുകളെ ഞങ്ങളോട് ചേർത്തിട്ടുണ്ട്. ഇവരിൽ സിംഹഭാഗവും വ്യക്തിഗത സുവിശേഷീകരണത്തിലൂടെ കടന്നുവന്നവരാണ്.

**ഇടയന്മാർ:** സഭയ്ക്ക് ദൈവം നൽകിയിരിക്കുന്ന ദാനങ്ങളിൽ ഒന്നാണ് (എഫെസ്യർ 4:11 ൽ 'പാസ്റ്റർ' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു). ഇന്ന് സഭകളിൽ കണ്ടുവരുന്നതുപോലെ സഭയുടെ ആത്മീയനേതൃത്വം വഹിക്കുന്ന ആളിന്റെ പേരല്ല ഇടയൻ അഥവാ പാസ്റ്റർ. പുതിയനിയമസഭകളുടെ നേതാ ക്കന്മാരെ മൂപ്പൻമാർ (പാസ്റ്റർമാർ എന്നല്ല) എന്ന് വിളിച്ചിരുന്നു എന്നു മാത്ര മല്ല, ഓരോ സഭയ്ക്കും ഒന്നിലധികം മൂപ്പന്മാർ ഉണ്ടായിരുന്നുതാനും. അതി

നാൽ ഞങ്ങളുടെ ശുശ്രൂഷാഫലമായി ഉടലെടുക്കുന്ന സഭകളിൽ കുറഞ്ഞ പക്ഷം രണ്ട് മൂപ്പന്മാർ എങ്കിലും ഉണ്ടായിരിക്കണം എന്ന് ഞങ്ങൾ തീരുമാനിച്ചു. ചിലപ്പോൾ മൂപ്പന്മാരായിരിക്കാൻ യോഗ്യരായ സഹോദരന്മാർ വളർന്നു വരാൻ ഞങ്ങൾക്ക് കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ക്രമേണ ഓരോ സഭയേയും നയിക്കുവാൻ ദൈവഭക്തരായ മൂപ്പന്മാരെ ദൈവം ഞങ്ങൾക്കു നൽകി. എന്നാൽ ഓരോ സഭയിലേയും കർത്താവിന്റെ ആട്ടിൻകൂട്ടത്തെ നടത്തുവാൻ മൂപ്പന്മാരെ സഹായിക്കാൻ ധാരാളം ഇടയന്മാരെ (പാസ്റ്റേഴ്സ്) ആവശ്യമുണ്ടായിരുന്നു. യേശുവിന്റെ മാതൃക അനുസരിച്ചാണെങ്കിൽ ഒരാൾക്ക് ഫലപ്രദമായി 12 പേരേ മാത്രമേ പരിപാലിക്കാൻ കഴിയൂ. അങ്ങനെയെങ്കിൽ 120 പേരുള്ള ഒരു സഭയ്ക്കു കുറഞ്ഞപക്ഷം പത്ത് ഇടയന്മാർ (പാസ്റ്റേഴ്സ്) ആവശ്യമുണ്ട്. കുഞ്ഞാടുകളെയും മറ്റ് ആടുകളെയും കരുതുവാൻ ഇടയ ഹൃദയമുള്ള അനേകം സഹോദരന്മാരെ ദൈവം നൽകിയിട്ടുള്ളപ്പോൾ തന്നെ 12 പേർക്ക് ഒരു ഇടയൻ എന്ന അനുപാതത്തിൽ ഞങ്ങൾ ഇതുവരെ എത്തിയിട്ടില്ല എന്നതാണ് സത്യം.

**ഉപദേഷ്ടാക്കന്മാർ:** പുതിയനിയമത്തിൽ യേശു കൽപ്പിച്ചതൊക്കെയും വിശ്വാസികളെ പഠിപ്പിക്കുന്നവരാണ് സഭയിൽ ഉപദേഷ്ടാവ്. (മത്താ. 28:20). അവർ കേവലം സൈദ്ധാന്തികമായി തിരുവചനം പഠിപ്പിക്കുന്നവരല്ല. അവരുടെ പഠിപ്പിക്കൽ പ്രായോഗികവും കർത്താവിന്റെ കൽപ്പനകൾ അനുസരിക്കാൻ വിശ്വാസികളെ സഹായിക്കുന്നവയും ആയിരിക്കും. ഉദാഹരണത്തിന്, കോപിക്കരുത്, സ്ത്രീയേ നോക്കി മോഹിക്കരുത്, നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കണം, മനുഷ്യന്റെ മാനം അന്വേഷിക്കരുത്, ധനത്തെ സ്നേഹിക്കരുത് തുടങ്ങിയവ (മത്താ.5:22, 28, 44, 6:1–18, 24). ചുറ്റുമുള്ള മിക്കസഭകളിലും ഇത്തരം സത്യങ്ങൾ പഠിപ്പിക്കുന്നതേയില്ല. എന്നാൽ കർത്താവിന്റെ ഈ വിധമായ കൽപ്പനകൾ എങ്ങനെയാണ് അനുസരിക്കേണ്ടത് എന്നതിനേപ്പറ്റി പഠിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെ ദൈവം ഞങ്ങൾക്ക് നൽകിയിട്ടുണ്ട്.

**ക്രിസ്തീയവേലക്കാരുടെ സാമ്പത്തിക ഉതവി:** പുതിയനിയമത്തിൽ കർത്താവിന്റെ വേലക്കാരുടെ സന്ധാരണം രണ്ടുവിധത്തിലാണ്. ചിലർ ക്രിസ്തീയവിശ്വാസികളുടെ ദാനങ്ങളാൽ ജീവിതസന്ധാരണം നടത്തിയപ്പോൾ, മറ്റുചിലർ പൗലോസിനെപ്പോലെ *വേല ചെയ്ത് സ്വന്തം ആവശ്യങ്ങൾ നടത്തിയവരായിരുന്നു*. ഇൻഡ്യയിൽ മിക്കവാറും എല്ലാക്രിസ്തീയവേലക്കാരും ഒന്നുകിൽ ശമ്പളത്തിന് ശുശ്രൂഷ ചെയ്യുന്നവരോ അല്ലെങ്കിൽ വിശ്വാസികളുടെ ദാനങ്ങൾ കൊണ്ട് ഉപജീവനം കഴിക്കുന്നവരോ അത്രേ. ആയതിനാൽ രണ്ടാമത്തെ പുതിയനിയമവ്യവസ്ഥ അനുസരിച്ച് ഇൻഡ്യയിലെ ചില ക്രിസ്തീയവേലക്കാർ സാമ്പത്തികമായി സ്വന്തം കാലിൽ നിന്ന് **സന്തുലിതാവസ്ഥ വീണ്ടെടുക്കാൻ** ശ്രമിക്കേണ്ടതാണെന്ന് ഞങ്ങൾക്കു തോന്നി. ആദ്യമായി ഞാൻ സാമ്പത്തികമായി സ്വന്തം കാലിൽ നിന്നുകൊണ്ട് ഇൻഡ്യയിലെ സഭകളെ *പ്രതിഫലം കൂടാതെ* ശുശ്രൂഷിപ്പാൻ തീരുമാനിച്ചു. മാത്രമല്ല, എന്റെ പുസ്തകങ്ങൾക്കോ പ്രസംഗങ്ങളുടെ ഓഡിയോ-വീഡിയോ ടേപ്പുകൾക്കോ ഒന്നും തന്നെ റോയൽറ്റിവേണ്ട എന്ന് ആദ്യംമുതലേ ഒരു നിലപാടെടുത്തു. എന്റെ കൂടെയുള്ള മറ്റുമൂപ്പന്മാരെയും ഈ മാതൃക അനുകരിക്കാൻ ഞാൻ

ഉത്സാഹിപ്പിച്ചിരുന്നു. അനേകവർഷങ്ങളായി യാതൊരു പ്രതിഫലവും പറ്റാതെ സഭകളിൽ ശുശ്രൂഷ ചെയ്യുന്ന എഴുപതിൽ അധികം മൂപ്പന്മാർ ഇൻഡ്യയിൽത്തന്നെ ഉണ്ടെന്നുള്ളതാണ് അത്ഭുതകരമായ വസ്തുത. അവരിൽ ചിലർ ഇൻഡ്യയിലെ ഏറ്റവും ദരിദ്രമായ ഗ്രാമങ്ങളിലാണ് കർത്താവിനെ സേവിക്കുന്നത്.

**റിപ്പോർട്ടുകൾ:** അപ്പൊസ്തലന്മാർ എഴുതിയ പല കത്തുകളും പുതിയനിയമത്തിലുണ്ട്. അവരുടെ ക്രിസ്തീയപ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ അവയിൽ നാം കാണുന്നില്ല. *അവർക്കുവേണ്ടിയോ ക്രിസ്തീയവേലയ്ക്കായോ* പണം ചോദിക്കുന്നതായി നാം കാണുന്നില്ല. നാം അറിയുന്നിടത്തോളം മിക്കവാറും എല്ലാ ക്രിസ്തീയ സംഘടനകളും അവരുടെ പ്രവർത്തനങ്ങളെപ്പറ്റി തുടർച്ചയായി റിപ്പോർട്ടുകൾ അയക്കുകയും യാതൊരു മടിയുംകൂടാതെ ആളുകളോട് പണം ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. അപ്പൊസ്തലന്മാർ അവരുടെ വേലയുടെ വൃത്താന്തങ്ങളോ, ചിത്രങ്ങളോ മറ്റുള്ളവർക്ക് അയയ്ക്കുകയോ, സാമ്പത്തിക ആവശ്യങ്ങൾ അറിയിക്കുകയോ ചെയ്തില്ല. സ്വർഗ്ഗത്തിലെ പിതാവിനോടു മാത്രം അവർ ആവശ്യങ്ങൾ അറിയിച്ചിരുന്നു. ആ മാതൃക പിൻപറ്റാനായിരുന്നു ഞങ്ങളുടെ തീരുമാനം. 1975ൽ നാം പുതിയ വേല ആരംഭിച്ച സമയം മുതൽ ഈ വിധം പ്രവർത്തിക്കാൻ കർത്താവ് സഹായിച്ചു. ദൈവം ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും സമൃദ്ധമായി നിറവേറ്റി. പൗലോസ് തന്റെ വേലയുടെ വിവരങ്ങൾ സഹപ്രവർത്തകരുമായി മാത്രം പങ്കുവച്ചതുപോലെ ഞങ്ങളും ചെയ്തുവരുന്നുണ്ട്.

**കൂട്ടായ്മ:** യോഹന്നാൻ 17-ാം അദ്ധ്യായത്തിൽ നാം കാണുന്ന യേശുവിന്റെ പ്രാർത്ഥനയിലെ മുഖ്യ ഭാരം തന്റെ ശിഷ്യന്മാർ തമ്മിലുള്ള കൂട്ടായ്മയും ഐക്യവും ആയിരുന്നു. അപ്പൊസ്തലന്മാരുടെയും പ്രധാന ഭാരം ഇതുതന്നെയായിരുന്നു. ചുറ്റുമുള്ള മിക്കസഭകളും കൂട്ടായ്മയ്ക്കും ഐക്യത്തിനുമല്ല ഇടതടവില്ലാത്ത *പ്രവർത്തനങ്ങൾക്കും മീറ്റിംഗുകൾക്കുമാണ്* ഊന്നൽ കൊടുക്കുന്നത്. ഞങ്ങൾ തീർച്ചയായും മീറ്റിംഗുകളെ വിലമതിക്കുന്നുണ്ട്. എന്നാൽ കൂട്ടായ്മയാണ് കൂടുതൽ പ്രധാനം എന്ന് ഞങ്ങൾക്കു തോന്നി. പിക്നിക്കുകളും മറ്റ് കൂട്ടായ പ്രവൃത്തികളും അന്യോന്യം കൂടുതൽ അറിയാനുള്ള അവസരം ഉണ്ടാക്കി. കുട്ടികളുമൊത്ത് പിക്നിക് വേളകളിൽ വിനോദങ്ങളിൽ ഏർപ്പെടുകയും തമ്മിലുള്ള കൂട്ടായ്മ വർദ്ധിക്കാൻ ഇടയാകുകയും ചെയ്തു. വിലയേറിയതും മറ്റിടങ്ങളിൽ കാണാത്തവിധത്തിലുള്ളതും ആയ ആഴമേറിയ കൂട്ടായ്മാബന്ധം ഞങ്ങളുടെ ഇടയിൽ ഉളവായി.

ഇതുപോലെ ചുറ്റുമുള്ളസഭകളിൽ നിന്നും ഞങ്ങൾ വ്യത്യസ്തമായി ചെയ്ത പലകാര്യങ്ങളുമുണ്ട്. പുതിയനിയമസഭാരീതികളിലേക്കുള്ള മടങ്ങിവരവ് എളുപ്പമായിരുന്നില്ല. പലപ്പോഴും തീവ്രമായ ആത്മീയപോരാട്ടം അതിന് ആവശ്യമായിവന്നു. സാത്താൻ ശക്തമായി ഞങ്ങളെ എതിർക്കയും പല ക്രിസ്താനികളും രൂക്ഷമായി വിമർശിക്കയും ചെയ്തു. എന്നാൽ ഇക്കാലമത്രയും വലിയവനായ ദൈവം ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു-അതുമാത്രമാണല്ലോ യഥാർത്ഥത്തിൽ പ്രധാനപ്പെട്ട കാര്യം. ◆

# 45

## പുതിയനിയമ സന്ദേശം

**ഒ**രു സഭയായി ഞങ്ങൾ ആദ്യം കൂടിവന്ന സമയം വ്യക്തിജീവിതങ്ങളിലോ, കുടുംബജീവിതത്തിലോ ഞങ്ങൾ ജയജീവിതം എന്തെന്ന് അറിഞ്ഞിരുന്നില്ല. മറ്റു ക്രിസ്തീയവിശ്വാസികളെ ശ്രദ്ധിച്ചപ്പോൾ അവരും ഇതേ അവസ്ഥയിലാണെന്ന് ഞങ്ങൾ കണ്ടെത്തി. അതിനാൽ ഈ വിഷയത്തിൽ ആരുടേയും സഹായം തേടാൻ കഴിയാത്ത അവസ്ഥയായിരുന്നു. സഭയായി ഞങ്ങൾ കൂടെക്കൂടെ ഉപവസിക്കാനും പ്രാർത്ഥിക്കാനും ഈ വിഷയത്തിൽ ദൈവത്തിൽനിന്നു തന്നെ ഒരു മറുപടിക്കായി അന്വേഷിക്കാനും തുടങ്ങി. പൊതു ഒഴിവുദിവസങ്ങളെല്ലാം ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമായി വേർതിരിച്ചു. ക്രമേണ അതുവരെ ഞങ്ങൾ ഒരിക്കലും ഗ്രഹിച്ചിട്ടില്ലാത്ത *പുതിയ ഉടമ്പടിയെപ്പറ്റിയുള്ള സത്യങ്ങൾ* ദൈവവചനത്തിൽനിന്നും ഞങ്ങൾക്ക് ദൈവം വെളിപ്പെടുത്തിത്തന്നു. ഈ സത്യങ്ങൾ ഉൾക്കൊള്ളാൻ തുടങ്ങിയപ്പോൾ വർദ്ധിച്ച അളവിൽ ഞങ്ങൾ സ്വതന്ത്രരായിത്തീരുകയും ക്രമേണ ഞങ്ങളുടെ വ്യക്തിജീവിതവും കുടുംബജീവിതവും രൂപാന്തരപ്പെടുകയും ചെയ്തു.

ഈ സത്യങ്ങൾ മറ്റുള്ളവരോട് അറിയിക്കാനുള്ള ഉത്തരവാദിത്വം എനിക്ക് ബോധ്യമായി. *മറ്റുള്ള ക്രിസ്ത്യാനികൾ പ്രസംഗിക്കാത്ത* ഈ സത്യങ്ങൾക്ക് ഊന്നൽ നൽകുവാനായി ദൈവം എന്നെ വിളിക്കുന്നതായി വ്യക്തമായി. ചുറ്റുപാടുമുള്ള ക്രിസ്തീയസമൂഹങ്ങൾ എന്തൊക്കെയാണ് പഠിപ്പിക്കുന്നതെന്ന് ഞാൻ ശ്രദ്ധിക്കുവാൻ തുടങ്ങി. ദൈവവചനം പഠിപ്പിക്കുന്ന ശുശ്രൂഷയിൽ എന്തിനാണ് ഊന്നൽ കൊടുക്കേണ്ടത് എന്ന കാര്യം ഞാൻ കണ്ടെത്തി.

**പൂർണ്ണസുവിശേഷം:** 'പൂർണ്ണസുവിശേഷം' എന്ന പ്രയോഗം ചിലപ്രസംഗങ്ങളിൽ ഞാൻ ശ്രദ്ധിച്ചു. തിരുവചനത്തിൽ എഴുതപ്പെട്ട കാര്യങ്ങളുമായി ഒത്തുനോക്കിയപ്പോൾ അവർ പ്രസംഗിക്കുന്നത് പൂർണ്ണസുവിശേഷമേ അല്ല എന്ന് ഞാൻ കണ്ടെത്തി. എബ്രായലേഖനം 4-ാം അദ്ധ്യായത്തിൽ *'മിസ്രയിം വിട്ടുപോരുന്ന'* തിനെയല്ല *'കനാൻ നാട്ടിൽ'* പ്രവേശിക്കുന്നതിനെയാണ് സുവിശേഷം (സദ്വാർത്തമാനം) എന്ന് വിളിച്ചിരിക്കുന്നത്. (2-ാം വാക്യം) ജയജീവിതമെന്ന *ശബത്തനുഭവത്തിൽ* ദൈവജനം പ്രവേശിക്കേണ്ടതാണെന്ന് 9-ാം വാക്യം പറയുന്നു. 'പാപക്ഷമ' എന്നതു പകുതി സുവിശേഷം മാത്രമാണെന്ന് ഞാൻ കണ്ടെത്തി. പൂർണ്ണസുവിശേഷം പാപത്തിന്മേലുള്ള *ജയജീവിതം* കൂടി

ഉൾപ്പെടുന്നതാണെന്ന് വ്യക്തമാണ്. (ജഡത്തിലുള്ള മല്ലന്മാരെ തോല്പിക്കുന്ന ജീവിതം) *ക്രമേണ* അത്തരം ഒരു ജീവിതം എന്റെ ജീവിതത്തിൽ യാഥാർത്ഥ്യ മായപ്പോൾ ഞാൻ പൂർണ്ണസുവിശേഷം പ്രസംഗിക്കാൻ തുടങ്ങി.

**മാനസാന്തരം:** പാപക്ഷമയ്ക്കായി യേശുക്രിസ്തുവിലുള്ള വിശ്വാസം മാത്രം മതി എന്ന് അനേകം സുവിശേഷകന്മാർ പ്രസംഗിക്കുന്നു. പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം എന്ന് അധികമാരും പ്രസംഗിച്ചുകേൾക്കാറില്ല. മാനസാന്തരത്തെപ്പറ്റി പ്രസംഗിച്ചാൽ തന്നെ, *സ്വാർത്ഥത (സ്വന്തം ഇഷ്ടം എപ്പോഴും നിറവേറാൻ നിർബ്ബന്ധമുള്ള സ്വയത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതം)* യാണ് പാപത്തിന്റെ മൂലകാരണം എന്ന് വ്യക്തമാക്കപ്പെടുന്നില്ല. തന്മൂലം എന്തിനെയാണ് വെറുക്കേണ്ടത് എന്തിൽനിന്നാണ് മാനസാന്തരപ്പെ ടേണ്ടത് എന്നതിനെപ്പറ്റി കേൾവിക്കാർ അറിയുന്നില്ല. എന്തിനെക്കുറിച്ചാണ് അനുതാപത്തോടെ മാനസാന്തരപ്പെടേണ്ടത് എന്നതിനെപ്പറ്റി ഒരു സംശയ ത്തിനും ഇടയില്ലാത്തവണ്ണം വ്യക്തമാക്കുകയാണ് എന്റെ വിളി എന്ന് ദൈവം വ്യക്തമാക്കിത്തന്നു.

**ശിഷ്യത്വം:** വീണ്ടുംജനനം പ്രാപിച്ച എല്ലാവരും യേശുക്രിസ്തുവിന്റെ ശിഷ്യരാകണം എന്ന് മിക്കപ്പോഴും പഠിപ്പിക്കുന്നില്ല. യേശുവ്യക്തമായിപഠി പ്പിച്ച ശിഷ്യത്വത്തിന്റെ മൂന്ന് വ്യവസ്ഥകൾ വിശദീകരിക്കപ്പെടുന്നില്ല. 1. എല്ലാ കുടുംബബന്ധങ്ങളേക്കാളും യേശുവിനെ അധികം സ്നേഹിക്കുക. 2. നാൾതോറും ക്രൂശെടുക്കുക. (സ്വയജീവിതത്തിന് മരിക്കുക). 3. തനിക്കുള്ള തെല്ലാം വിട്ടുപിരിയുക. (ഭൗതികമായ യാതൊന്നിനോടും ഹൃദയം പറ്റിച്ചേ രാതിരിക്കുക.) ലൂക്കോസ് 14:26-33. ഈ വിഷയം എന്റെ പ്രസംഗത്തിലെ ഒരു പ്രധാനപ്പെട്ട ഊന്നലായി.

**പരിശുദ്ധാത്മസ്നാനം:** പരിശുദ്ധാത്മസ്നാനത്തെപ്പറ്റി പ്രസംഗിക്കുന്ന മിക്കവാറും എല്ലാ വിഭാഗങ്ങളും അതിന്റെ ലക്ഷണം "അന്യഭാഷാഭാഷണം' ആണെന്ന് പറയുന്നു. ഈ വിധം പ്രസംഗിക്കുന്ന മിക്കവരും വാസ്തവത്തിൽ ലൗകികമനസ്സുള്ളവരും പണസ്നേഹികളുമാണെന്ന് ഞാൻ കണ്ടു. എന്നാൽ ഇതിനു വിപരീതമായി 'അന്യഭാഷാഭാഷണം' പിശാചിൽ നിന്നുള്ളതാണെന്ന് ചിലവിശ്വാസികൾക്ക് നല്ല ഉറപ്പാണ്!! ആത്മനിറവിന്റെ അടയാളം **യേശു വിന്റെ സാക്ഷികളാകാനുള്ള ശക്തിയാണെന്ന്** പ്രവൃത്തികൾ 1:8 പഠിപ്പി ക്കുന്നു. വാക്കുകൾകൊണ്ട് സാക്ഷ്യംപറയുന്നതിനപ്പുറം **ജീവിതംകൊണ്ട്** യേശുവിനെ സാക്ഷിക്കാനുള്ള ശക്തിയാണ് ആത്മസ്നാനത്തിൽ ഒരുവന് ലഭിക്കുന്നത്. ആ സത്യം ഞാൻ പ്രസംഗിക്കാൻ ശ്രദ്ധിച്ചു. അന്യഭാഷയിൽ സംസാരിക്കാനുള്ള വരം ദൈവം ചിലർക്കു നൽകുന്ന ആത്മാവിന്റെ വരങ്ങ ളിൽ ഒന്നുമാത്രമാണ്. ഈ കാര്യത്തിലുള്ള എന്റെ നിലപാടുമൂലം പെന്തെ ക്കോസ്തർ എന്നെ ബ്രദറുകാരനെന്നും, ബ്രദറുകാർ എന്നെ പെന്തെക്കോ സ്തുകാരനെന്നും മുദ്രകുത്തി!! രണ്ട് വിഭാഗങ്ങളുടേയും തീവ്രവാദ ത്തിൽനിന്നും സമദൂരംപാലിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തുഷ്ടനായിരു ന്നുതാനും.

**കരുണയും കൃപയും:** വർഷങ്ങളായി ഒരു വിശ്വാസി എന്ന നിലയിൽ കരുണയും കൃപയും ഒരേ കാര്യമാണെന്ന് ഞാൻ ധരിച്ചിരുന്നു. എന്നാൽ ഒരു ദിവസം ഞാൻ കണ്ടെത്തി 'കരുണ' പ്രാഥമികമായും പാപക്ഷമയെ സൂചിപ്പിക്കുന്നതാണെന്നും 'കൃപ' പാപത്തെ ജയിക്കാനും ജീവിതത്തിൽ നാം നേരിടുന്ന പരിശോധനകളെ നേരിടാനും ഉള്ള ദൈവശക്തിയാണെന്നും. (എബ്രാ. 4:16, റോമർ 6:14, 2 കൊരി. 12:9). ഈ 'കൃപ' യേശുക്രിസ്തുമുഖാന്തരം നമുക്ക് ലഭിച്ചു. (യോഹ. 1:7). പെന്തെക്കോസ്തുനാളിൽ മനുഷ്യരിൽ അധിവസിക്കേണ്ടതിന് പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് അയയ്ക്കപ്പെട്ടതിനുശേഷം മാത്രമാണ് 'കൃപ' നമുക്ക് ലഭ്യമായത്. ഈ കാര്യവും എന്റെ പ്രസംഗങ്ങളുടെ പ്രധാന ഭാഗമായിത്തീർന്നു.

**ക്രിസ്തുവിന്റെ മനുഷ്യത്വം:** എല്ലാ ക്രിസ്ത്യാനികളും, ക്രിസ്തുവിനെ ദൈവമായി ആരാധിക്കുമ്പോൾ, വളരെചുരുക്കം പേർമാത്രമേ നമുക്ക് പിൻപറ്റാൻ ഒരു മാതൃക വെച്ചേച്ചുപോയ ഒരു *മനുഷ്യനായും* ക്രിസ്തു ജഡമെടുത്തു എന്നുള്ള തിരുവചനസത്യത്തിന് ഊന്നൽ നൽകുന്നുള്ളൂ. അതേസമയം യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിന് ഊന്നൽ നൽകുന്ന ചിലർ താൻ ഭൂമിയിലായിരുന്നപ്പോൾ ദൈവം ആയിരുന്നു എന്നുള്ള വസ്തുത നിഷേധിക്കുന്നു! ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആയിരുന്നു എന്നുള്ള തിരുവചനസാക്ഷ്യം പ്രഘോഷിക്കുന്ന ക്രിസ്ത്യാനികളെ കണ്ടെത്താൻ ബുദ്ധിമുട്ടാണ്. *ദൈവഭക്തിയുള്ള ഒരു ജീവിതത്തിന്റെ രഹസ്യം* മനുഷ്യനായി പാപത്തെ ജയിച്ച ക്രിസ്തുവിനെ കണ്ടെത്തുകയാണെന്ന് ഞാൻ ഗ്രഹിച്ചു. (1 തിമൊ.3:16, എബ്രാ. 4:15,16). ഈ കാര്യവും എന്റെ പ്രസംഗത്തിന്റെ ഒരു പ്രധാന ഊന്നലായി.

**പണം:** ഞങ്ങൾ 1975 ൽ പ്രവർത്തനം തുടങ്ങിയപ്പോൾ ഇന്ന് നാം ധാരാളം കേൾക്കുന്ന 'സമ്പൽസമൃദ്ധിയുടെ സുവിശേഷം' പ്രചാരത്തിലായിരുന്നില്ല. എന്നാൽ ഇന്നത്തെ പോലെ തന്നെ മനുഷ്യർ അന്നും പണത്തെ സ്നേഹിച്ചിരുന്നു. പണത്തെ സ്നേഹിക്കുന്നവർ ദൈവദ്വേഷികളാണെന്ന് യേശുപഠിപ്പിച്ചു. (ലൂക്കോ. 16:13). അറിയപ്പെടുന്ന ഒരു ക്രിസ്തീയപ്രസംഗകനും ഈ കാര്യം പ്രസംഗിക്കുന്നതായി ഞാൻ കേട്ടില്ല. മിക്ക സഭകളും ദശാംശം കൊടുക്കാൻ തങ്ങളുടെ അംഗങ്ങളെ പഠിപ്പിക്കമാത്രമാണ് ചെയ്തിരുന്നത്. എന്നാൽ ക്രിസ്തുവിൽ നീങ്ങിപ്പോയ പഴയ ഉടമ്പടിയുടെ ഒരു അവശിഷ്ടം മാത്രമാണ് ദശാംശം എന്ന് ഞാൻ കണ്ടു. *സന്തോഷത്തോടും, രഹസ്യമായും, നിർബ്ബന്ധം കൂടാതെയും* കർത്താവിന് കൊടുക്കുക എന്ന സ്വാതന്ത്ര്യത്തിന്റെ പുതിയ നിയമസന്ദേശം ഞാൻ പ്രസംഗിച്ചു.

ഞാൻ അറിയുന്നിടത്തോളം വിവാഹത്തിന് സ്ത്രീധനം ചോദിക്കുന്ന ദുഷിച്ച പ്രവണതയ്ക്കെതിരേ ഇൻഡ്യയിലെ ഒരു സഭയും ശക്തമായി പ്രസംഗിച്ചിരുന്നില്ല. ഭാരതത്തിലെ സ്ത്രീകളെ തരംതാഴ്ത്തുന്ന ഈ പ്രവണത ക്രിസ്തീയസമൂഹങ്ങളിൽ സർവ്വസാധാരണമാണ്. ഈ ദുഷിച്ച ആചാരത്തിനെതിരേ ശക്തമായി പ്രസംഗിക്കുക മാത്രമല്ല, വിവാഹം നടത്തേണ്ടിവരുമ്പോൾ വധൂവരന്മാരിൽ നിന്നും അവർ തമ്മിലോ മാതാപിതാക്കന്മാർ

തമ്മിലോ പണസംബന്ധമായ കൊടുക്കൽ വാങ്ങലുകൾ നടന്നിട്ടില്ല എന്നുള്ളതിന് ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ ഞാൻ വാങ്ങാറുണ്ടുതാനും.

**ദേഹിയും ആത്മാവും:** അധികമൊന്നും പ്രസംഗിക്കപ്പെടാത്ത മറ്റൊരു വിഷയമായിരുന്നു ഇത്. പഴയനിയമകാലത്ത് മനുഷ്യന്റെ ദേഹിയും ആത്മാവും തമ്മിൽ ഉള്ള വ്യത്യാസത്തെപ്പറ്റി വ്യക്തമായ വെളിപ്പാടില്ലായിരുന്നു. എന്നാൽ പുതിയനിയമം ഇവ തമ്മിൽ ഉള്ള വ്യത്യാസം വ്യക്തമായി പഠിപ്പിക്കുന്നു. (എബ്രാ. 4:12) മിക്ക ക്രിസ്ത്യാനികൾക്കും ഈ വ്യത്യാസം വ്യക്തമായി അറിഞ്ഞുകൂടാത്തതുകൊണ്ട്, തന്ത്രശാലികളായ പ്രസംഗകരുടെ മനശ്ശാസ്ത്രപരമായ ചെപ്പടിവിദ്യകളാലും, പരിശുദ്ധാത്മവരങ്ങളുടെ വ്യാജമായ അനുകരണങ്ങളാലും അവർ കബളിപ്പിക്കപ്പെടുന്നു. യഥാർത്ഥത്തിൽ ദേഹീപരമായതും ആത്മീയമായതും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഞാൻ പ്രസംഗിക്കാൻ തുടങ്ങി.

**പ്രാദേശികതലത്തിലുള്ള ക്രിസ്തുവിന്റെ ശരീരം:** തന്റെ എല്ലാ മക്കളേയും ക്രിസ്തുവിൽ ഒരു ശരീരമാക്കുക എന്നതാണ് ദൈവത്തിന്റെ ആത്യന്തികലക്ഷ്യം എന്ന് ഞാൻ വ്യക്തമായിക്കണ്ടു. പുതിയനിയമസഭ കേവലം വിശ്വാസികളുടെ ഒരു *കൂടിവരവല്ല, ഒരു ശരീരമാണ്*. മനുഷ്യശരീരത്തിലെന്നപോലെ സഭയാം ശരീരത്തിലും ഓരോ അവയവങ്ങളും ശരീരത്തിലെ മറ്റ് അവയവങ്ങളുമായി ബന്ധപ്പെട്ടിരിക്കയും, ഓരോ അവയവത്തിനും തനതായ പ്രവൃത്തി ഉണ്ടായിരിക്കയും ചെയ്യും. ക്രിസ്തുമാത്രം തലയായിരിക്കുകയും മറ്റെല്ലാവരും *തുല്യതയുള്ള അവയവങ്ങൾ* ആയിരിക്കയും ചെയ്യും. ഭൂമിയിലെ ഓരോ പ്രദേശത്തും ഇത്തരത്തിലുള്ള സഭകൾ കാണാൻ ദൈവം ആഗ്രഹിക്കുന്നു. എവിടെയൊക്കെ സാദ്ധ്യമാണോ അവിടെയെല്ലാം ക്രിസ്തുവിന്റെ ഇത്തരത്തിലുള്ള ശരീരത്തിന്റെ പണിക്കായി എന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കാൻ ഞാൻ തീരുമാനിച്ചു.

**പുതിയ ഉടമ്പടി:** യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ ദൈവം മനുഷ്യനുമായി ചെയ്ത പുതിയഉടമ്പടിയുടെ ഭാഗമാണ് മുകളിൽ പ്രസ്താവിച്ച എല്ലാ സത്യങ്ങളും. പഴയഉടമ്പടിയേക്കാൾ പുതിയ ഉടമ്പടിക്കുള്ള അത്യധികമായ മഹത്വം കാണേണ്ടതിന് വിശ്വാസികളുടെ കണ്ണ് തുറക്കപ്പെടുകാണ് ഏറ്റവും വലിയ ആവശ്യം എന്ന് ഞാൻ കണ്ടു. തന്മൂലം എന്റെ ക്രിസ്തീയശുശ്രൂഷയുടെ പ്രധാന ഊന്നൽ ഈ വിഷയമായിരുന്നു–ഇപ്പോഴും ആ ഊന്നൽ തുടരുന്നു.

എന്റെ സഹവിശ്വാസികളോട്, പ്രസംഗം, ഗ്രന്ഥങ്ങൾ, ടേപ്പുകൾ തുടങ്ങി സാദ്ധ്യമായ എല്ലാ മാദ്ധ്യമങ്ങളിലൂടെയും, ഞാൻ വിളംബരം ചെയ്യാൻ ശ്രമിച്ച ചില സുപ്രധാനദൈവികസത്യങ്ങളാണിവ. ഈ സത്യങ്ങൾ ഇൻഡ്യയിലുടനീളം പ്രചരിപ്പിക്കണം എന്നുള്ളതായിരുന്നു എന്റെ ഹൃദയഭാരം. എന്നാൽ മറ്റനേകരാജ്യങ്ങളിലേക്കും ഈ സത്യങ്ങൾ വ്യാപിപ്പിക്കുന്നത് ഉചിതമെന്ന് ദൈവം കണ്ടു.

എല്ലാ മഹത്വവും അവിടുത്തെ നാമത്തിനുമാത്രം ആയിരിക്കട്ടെ! ◆

# 46

# ഞങ്ങളുടെ വീഴ്ചകൾ

**കു**ഞ്ഞുങ്ങൾ പലതവണ വീണതിനുശേഷം മാത്രമാണല്ലോ നടക്കാൻ പഠിക്കുന്നത്? അവ്വണ്ണം തന്റെ മക്കൾ ആത്മാവിൽ നടക്കാൻ പഠിക്കുന്നതിനുമുമ്പ് അനേകതവണ അവരെ വീഴാൻ ദൈവം അനുവദിക്കുന്നു. ദൈവത്തോട് ചേർന്ന് നടക്കാൻ ആഗ്രഹിച്ചിട്ടുള്ള ഒരു വ്യക്തിയോ സഭയോ പൂർണ്ണമായും വീഴ്ചകൾ ഒഴിവാക്കി നടന്നതായി ചരിത്രമില്ല. കർത്താവായ യേശുക്രിസ്തുമാത്രമാണ് ഇതിന് അപവാദം. ഒരു സഭ എന്ന നിലയിൽ തുടക്കംമുതലേ ഞങ്ങളും പല തെറ്റുകളും വരുത്തി. എന്നാൽ തെറ്റുകൾ അംഗീകരിക്കാനും, വീണ്ടും അതേ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ അവയിൽ നിന്നു പഠിക്കാനും ഞങ്ങൾ തീരുമാനിച്ചിരുന്നു. തന്മൂലം മുമ്പോട്ടുപോകുന്തോറും ഞങ്ങളുടെ വീഴ്ചകൾ കുറഞ്ഞുവന്നു.

അപ്പോസ്തലനായ പൗലോസും പലതിലും വീണുപോയവനായിരുന്നു. തിമൊഥെയോസിനെ പരിഛേദന കഴിപ്പിച്ചത് (പ്രവൃത്തി 16:3) യഹൂദന്മാരുടെ ഒരു നേർച്ച നിവർത്തിപ്പാൻ തന്റെ തല മുണ്ഡനം ചെയ്തത് (പ്രവൃ 21:24–26) ജീവിതത്തിന്റെ അവസാന നാളുകളിൽ ഒരു മഹാപുരോഹിതനോട് കോപിച്ചത് (പ്രവൃ.23:3) ഇതൊക്കെ ഉദാഹരണങ്ങളാണ്. പൗലൊസിന്റെ അടുത്ത സഹപ്രവർത്തകനായ ലൂക്കോസ് ആണല്ലോ അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എഴുതിയത്. മിക്ക ജീവചരിത്രരചയിതാക്കളും സാധാരണചെയ്യാറുള്ളതുപോലെ ലൂക്കോസും സ്വാഭാവികമായി പൗലൊസിന്റെ ജീവിതത്തിലെ ഇത്തരം വീഴ്ചകൾ രേഖപ്പെടുത്താതെ വിട്ടുകളഞ്ഞേനെ. ലൂക്കോസ് തന്നെപ്പറ്റി എഴുതുന്നു എന്നറിഞ്ഞ പൗലൊസ് ഇത്തരത്തിലുള്ള വീഴ്ചകളെപ്പറ്റിയും എഴുതാൻ ലൂക്കോസിനെ നിർബന്ധിച്ചിട്ടുണ്ടാവും. *യഥാർത്ഥത്തിലുള്ളതിൽ നിന്നും ഒട്ടും വ്യത്യസ്തമായി ആരും തന്നെക്കുറിച്ച് ധരിച്ചുകൂടാ എന്ന കാര്യത്തിൽ പൗലൊസിന് നിർബ്ബന്ധം ഉണ്ടായിരുന്നു. (2 കൊരി. 12:6).*

ഞങ്ങളെക്കുറിച്ചും യാഥാർത്ഥ്യത്തിൽ നിന്നു വിഭിന്നമായി ആരും ചിന്തിച്ചുകൂടാ.

**സാമൂഹികപ്രവർത്തനം.** സാമ്പത്തികവും ഭൗമികവും ആയ സഹായത്തിനായി ഞങ്ങളുടെ അടുത്തുവന്ന **എല്ലാവരെയും** വിവേചനമില്ലാതെ

സഹായിച്ചു എന്നതായിരുന്നു ഞങ്ങളുടെ ഒന്നാമത്തെ വീഴ്ച. അക്കാലത്ത് ഞങ്ങൾ അംഗസംഖ്യയിൽ ചുരുങ്ങിയവരും ദരിദ്രരുമായിരുന്നെങ്കിലും ഔദാര്യശീലരായിരുന്നു-ഔദാര്യം കാണിക്കുന്നതിൽ ഒട്ടും ജ്ഞാനം ഇല്ലാത്തവരായിരുന്നു എന്നു മാത്രം! ഇൻഡ്യയെപ്പോലെയുള്ള ഒരു രാജ്യത്ത് ക്രിസ്ത്യാനികളായി അഭിനയിച്ച് ഒരു സഭയുടെ ഔദാര്യശീലം മുതലെടുക്കാൻ മടിയില്ലാത്ത ധാരാളം പേരുണ്ട്. പണം കൊടുത്ത് ഞങ്ങൾ പലരെയും സഹായിച്ചു. എന്റെ ഭാര്യ സന്ദർശകർക്കായി പലതവണ ഭക്ഷണം പാകം ചെയ്യുകയും ഞങ്ങളുടെ വീട്ടിൽ അമ്മമാർ ഏല്പിച്ചിട്ടുപോയിരുന്ന കുഞ്ഞുങ്ങളെ പകൽസമയത്ത് നോക്കുകയും ചെയ്തിരുന്നു. ബാംഗ്ലൂർ സന്ദർശിച്ചിരുന്ന പല കുടുംബങ്ങൾ ഞങ്ങളുടെ വീട്ടിൽ താമസിക്കുകയും ഞങ്ങളുടെ ആതിഥ്യമര്യാദ മുതലെടുക്കുകയും ചെയ്തിട്ടുണ്ട്. അത്തരം സന്ദർശകരിൽ ഒരാൾ ഒരുപന്തുപോലെ ഞങ്ങളുടെ ഒരു കുഞ്ഞിനെ മുകളിലേക്ക് എറിഞ്ഞപ്പോൾ കോൺക്രീറ്റ് തറയിൽ വീണ സംഭവം മറന്നിട്ടില്ല. ഒരിക്കൽ ഒരു കുടുംബം വൃത്തിഹീനമായിക്കിടന്ന ഒരു വാടകവീട്ടിലേക്ക് മാറുംമുമ്പ് മറ്റുള്ളവരോടൊപ്പം ഞങ്ങൾ ആ വീടിന്റെ തറയും കക്കൂസും നിലത്ത് കുനിഞ്ഞ് ഉരച്ച് വൃത്തിയാക്കിയത് ഓർക്കുന്നു. ആ വീട് താമസയോഗ്യമാക്കാൻ ഞങ്ങൾ ചെയ്യാവുന്നതൊക്കെ ചെയ്തു. ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരോട് കാണിക്കുന്നതിലൂടെ അവരിൽ ചിലരെങ്കിലും ക്രിസ്തുശിഷ്യരായിത്തീരും എന്ന ആശയോടെയായിരുന്നു ഞങ്ങൾ ഇതൊക്കെ ചെയ്തത്. ഞങ്ങളുടെ ത്യാഗപൂർണ്ണമായ സഹായങ്ങളെപ്പറ്റി എനിക്കോ ഭാര്യയ്ക്കോ യാതൊരു കുണ്ഠിതവും ഇല്ല. ക്രിസ്തുവിന്റെ ശരീരം പണിയപ്പെടണമെങ്കിൽ ഒരു വില കൊടുക്കേണ്ടതുണ്ടെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. ക്രമേണ ഞങ്ങൾ മനസ്സിലാക്കി, *സാമൂഹികസേവനത്തിനായല്ല, ക്രിസ്തുശിഷ്യരെ ഉളവാക്കുവാനാണ്* ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നതെന്ന്. ഞങ്ങളുടെ സഹായം നിലച്ചപ്പോൾ അങ്ങനെ ഞങ്ങൾ സഹായിച്ച എല്ലാവരും തന്നെ ഒട്ടൊഴിയാതെ സഭവിട്ടുപോയി എന്ന സത്യവും ഞങ്ങൾ ഗ്രഹിച്ചു. ക്രിസ്തുവിന്റെ ശിഷ്യരായിരിക്കുന്നതിൽ യാതൊരു താത്പര്യവും ഇല്ലാതെ സാമ്പത്തികവും ഭൗതികവുമായ സഹായം മാത്രം ലക്ഷ്യമാക്കി വന്നവരായിരുന്നു ഇക്കൂട്ടരെന്ന് വ്യക്തമായിരുന്നു. സാമ്പത്തികസഹായത്തിനും സൗജന്യസേവനത്തിനും വേണ്ടി പരക്കംപായുന്നവരാണ് ലോകത്തിലെ നിരവധി ആളുകളും! ഞങ്ങൾ അല്പം വൈകിയാണെങ്കിലും വിലപ്പെട്ട ഈ പാഠം പഠിക്കുകയും ശിഷ്യരെ വാർത്തെടുക്കുന്ന ശുശ്രൂഷയിൽ ശ്രദ്ധപതിപ്പിക്കാൻ നിശ്ചയിക്കയും ചെയ്തു. ഇപ്പോഴും അവസരം കിട്ടുമ്പോൾ ഞങ്ങൾ ദരിദ്രരെ സഹായിക്കുന്നുണ്ട്, പക്ഷേ കുറേക്കൂടെ ജ്ഞാനത്തോടെയാണ് എന്ന വ്യത്യാസമുണ്ട്.

**ആക്ഷരികാനുസരണം (Legalism)** വിശുദ്ധിയുടെ മാർഗ്ഗം പിന്തുടരുന്നതിൽ രണ്ടാമതായി ഞങ്ങൾക്കുണ്ടായ വീഴ്ച തിരുവെഴുത്തുകളുടെ *ആത്മാവിനെക്കാൾ അക്ഷരങ്ങൾക്ക്* ഊന്നൽ കൊടുത്തതാണ്. വിശുദ്ധിയും പൂർണ്ണതയും പിൻതുടരുന്ന മിക്കവാറും എല്ലാ സമൂഹങ്ങൾക്കും ഉണ്ടായിട്ടുള്ള ഒരു

വീഴ്ചയാണിത്. ബാഹ്യമായ കാര്യങ്ങളിലല്ല, നമ്മുടെ *മനോഭാവത്തിലാണ്* ലൗകികത കുടികൊള്ളുന്നതെന്ന് ഞങ്ങൾ ഗ്രഹിച്ചിരുന്നു. എങ്കിൽ തന്നെ വസ്ത്രധാരണരീതി, മുടിയുടെ നീളം തുടങ്ങിയ ബാഹ്യമായ ചില കാര്യങ്ങളെ ഞങ്ങൾ പ്രധാനപ്പെട്ടതായിക്കരുതി. അക്കാലത്ത് ഞങ്ങളുടെ ഇടയിൽ സന്ദർശകരായി വന്ന് വചനം പ്രസംഗിച്ച 'വിശുദ്ധിയുടെ' പ്രസംഗകരുടെ സ്വാധീനം ഈ കാര്യത്തിൽ ഉണ്ടായി.അവരുടെ ചില പഠിപ്പിക്കലുകൾ തികച്ചും നല്ലതായിരുന്നെങ്കിലും ആക്ഷരികതയുടെ ശക്തമായ സ്വാധീനം അവരുടെ ശുശ്രൂഷയിൽ ഉണ്ടായിരുന്നു. കോഴിയിറച്ചിക്കറിയിൽ ഒരു ചത്ത പല്ലി വീണാൽ ഭക്ഷണം കഴിക്കുന്നവർ വിഷബാധയാൽ മരിച്ചുപോകാൻ സാദ്ധ്യതയുണ്ടല്ലോ? അത്തരം ഒരവസ്ഥയിലായി ഞങ്ങൾ. ക്രമേണ ഞങ്ങൾ ഗ്രഹിച്ചു, കേവലം ബാഹ്യമായ മാറ്റങ്ങൾ ഒരുവനെ വലിയ പരീശനാക്കുകയേ ഉള്ളൂ എന്ന്! മിക്ക സുവിശേഷവിഹിതസഭകളും ഒന്നുകിൽ തികഞ്ഞ ലോകമയത്വത്തിലോ അല്ലെങ്കിൽ എതിർദിശയിലുള്ള ആക്ഷരികതയിലോ പെട്ടിരിക്കുന്നു. ഈ രണ്ട് വഴികൾക്കിടയിലൂടെ ജീവനിലേക്കുള്ള ഇടുങ്ങിയ പാത കണ്ടെത്തുക എപ്പോഴും എളുപ്പമായിരുന്നില്ല. എന്നാൽ ആ പാത കണ്ടെത്തുന്നതിലായിരുന്നു ഞങ്ങളുടെ താത്പര്യം. ദൈവകൃപയാൽ സാവധാനത്തിൽ ആ പാത കണ്ടെത്തുകയും, *ആത്മാവിൽ നടക്കുന്നത് ഞങ്ങളുടെ അനുഭവമായിത്തീരുകയും ചെയ്തു.*

**അന്തർമുഖത്വം.** വിശുദ്ധിയുടെ മാർഗ്ഗത്തിൽ ഞങ്ങൾക്കു പറ്റിയ മറ്റൊരു അബദ്ധം നിരന്തരമായ അന്തർമുഖത്വം ആയിരുന്നു. ഞങ്ങളുടെ ജഡത്തിലുള്ള തിന്മകൾ-ജഡം എന്നു പറയുന്നത് അടിത്തട്ടില്ലാത്ത ഒരു അഗാധ ഗർത്തമാണല്ലോ-ചികഞ്ഞെടുത്ത് സ്വയംശോധന ചെയ്യുകയായിരുന്നു മിക്കപ്പോഴും ഞങ്ങൾ ചെയ്തിരുന്നത് (റോമർ 7:18). അക്കാലത്ത് ഞങ്ങൾ പാടിയിരുന്ന പാട്ടുകൾ പോലും സ്വയശോധനയുടെ സന്ദേശംമാത്രം ഉൾക്കൊള്ളുന്നവയായിരുന്നു. ദൈവത്തിന് സ്തുതിപാടുന്ന അഥവാ, നന്ദിപറയുക മാത്രം ചെയ്യുന്ന പാട്ടുകൾ തികച്ചും അപ്രത്യക്ഷമായിരുന്നു. തൽഫലമായി ഞങ്ങൾ സ്വയം മ്ലാനവദനരും ദുർമുഖരും ആയിത്തീർന്നതുമാത്രമല്ല മറ്റുള്ളവരെ നിർദ്ദയം വിധിക്കുന്നവരായിത്തീരുകയും ചെയ്തു. ദൈവം ഞങ്ങളോടുള്ള മഹാസ്നേഹത്തിൽ ആക്ഷരികതയുടെ സ്വാധീനം ഞങ്ങളുടെ ഇടയിൽ നിന്നു നീക്കുകയും ഞങ്ങളെ നിരുത്സാഹപ്പെടുത്തിയിരുന്ന പാട്ടുകൾക്ക് അവസാനം വരുത്തുകയും ചെയ്തു." ദൈവപുത്രന്മാരുടെ തേജസ്സുള്ള സ്വാതന്ത്ര്യത്തിലേക്ക്" അവിടുന്ന് ഞങ്ങളെ നടത്തി. *ഞങ്ങളിലേക്കു തന്നെ നോക്കിയല്ല, യേശുവിനെ മാത്രം നോക്കിയാണ്* ക്രിസ്തീയഓട്ടം ഓടേണ്ടത് എന്ന കാര്യം ദൈവം ഞങ്ങളെ ഗ്രഹിപ്പിച്ചു. യേശുവിന്റെ മഹത്വം കൂടുതൽ കൂടുതൽ കാണുമ്പോഴാണ് നാം നമ്മുടെ കുറവുകളും ആവശ്യങ്ങളും അധികമായി കാണാനും അംഗീകരിക്കാനും തുടങ്ങുന്നത്. അപ്പോൾ ആ പാപങ്ങളിൽ നിന്ന് നമ്മെ വിടുവിക്കാനായി നമുക്ക് കർത്താവിനെ വിശ്വസിക്കാൻ കഴിയും. ഈ മാർഗ്ഗത്തിൽ മ്ലാനതയ്ക്കോ നിരുത്സാഹതയ്ക്കോ ഇടം ഉണ്ടായിരിക്കയില്ല.

**ആത്മാവിന്റെ വരങ്ങൾ.** ആത്മാവിന്റെ വരങ്ങളെ അവഗണിച്ചതായിരുന്നു മറ്റൊരു വീഴ്ച. ഒരു സഭ എന്ന നിലയിൽ ആത്മസ്നാനത്തിനും ആത്മാവിന്റെ വരങ്ങൾക്കും തുടക്കത്തിൽ ഞങ്ങൾ ഊന്നൽ കൊടുത്തിരുന്നു. എന്നാൽ ആത്മാവിന്റെ ഫലങ്ങൾക്കായുള്ള അന്വേഷണത്തിൽ ആത്മവരങ്ങൾ അവഗണിക്കപ്പെടുകയാണുണ്ടായത്. കാരിസ്മാറ്റിക്കുകളുടെയും പെന്തെക്കോസ്തരുടെയും മദ്ധ്യത്തിലുള്ള പരിധിവിട്ട പ്രവണതകൾക്കെതിരെയുള്ള ഒരു കടുത്ത പ്രതികരണം എന്ന നിലയിലാണ് ഇത് സംഭവിച്ചത്. കൂടാതെ ആത്മവരങ്ങളെപ്പറ്റി ഒരിക്കലും പ്രസംഗിക്കാതിരുന്ന പല പ്രസംഗകരുടെ സ്വാധീനവും ഇതിന് കാരണമായിരുന്നു. ഫലമോ, ആദിമക്രിസ്തുശിഷ്യർ അനുഭവിച്ചിരുന്ന പരിശുദ്ധാത്മശക്തി ഞങ്ങളുടെ ഇടയിൽ വിശ്വാസികൾ പലരും ഒരിക്കലും അനുഭവിക്കാതെയായി. ആത്മാവിന്റെ ശക്തിയെപ്പറ്റി ഊന്നൽ നൽകുകയും പ്രസംഗിക്കയും ചെയ്യുന്ന അവസ്ഥയിലേക്ക് വരാൻ വർഷങ്ങൾ വേണ്ടിവന്നു.

**സ്ത്രീകളുടെ ശുശ്രൂഷ.** പുരുഷമേധാവിത്വം ആയിരുന്നു ഞങ്ങളുടെ മറ്റൊരു അബദ്ധം. സ്ത്രീകളെ നിശ്ശബ്ദരാക്കി ഇരുത്തുന്ന ബ്രദറൺസഭയുടെ പരിചയമാണ് ഞങ്ങളും പിന്തുടർന്നത്. സഹോദരിമാരെ പ്രാർത്ഥിക്കാൻ അനുവദിച്ചിരുന്നെങ്കിലും ദൈവവചനം സംസാരിക്കാനോ, ഇളയസഹോദരിമാരെ ഉത്സാഹിപ്പിക്കാനോ ഒരിക്കലും അവരെ പ്രോത്സാഹിപ്പിച്ചിരുന്നില്ല. പുതിയനിയമകാലത്ത് 'ദൈവത്തിന്റെ പുത്രന്മാരും **പുത്രിമാരും** പ്രവചിക്കും' (പ്രവൃ.2:17) എന്ന സത്യം ഞങ്ങൾ മറന്നുപോയി. തന്മൂലം ഈ മേഖലയിൽ പലവർഷങ്ങൾ ഞങ്ങൾ ഒരു പഴയനിയമസഭയായിത്തുടർന്നു. പല യുവസഹോദരിമാർക്കും മൂത്ത സഹോദരിമാരിൽ നിന്നുള്ള ദൈവിക ആലോചനയുടെ അഭാവം ആത്മികമായ ക്ഷീണം ഉളവാക്കി. എന്റെ ഭാര്യയ്ക്ക് പ്രവചനവരം ഉണ്ടായിരുന്നു. പല സന്ദർഭങ്ങളിലും പ്രവചനാത്മാവിൽ ദൈവവചനം പങ്കുവച്ചത് എനിക്കു പ്രയോജനകരമായിത്തീർന്നിട്ടുണ്ട്. എന്നാൽ ആനിയെ സഭയിൽ പൊതുവിലുള്ള ശുശ്രൂഷയ്ക്കായി നിർബന്ധിക്കുവാൻ എനിക്കു മനസ്സുണ്ടായിരുന്നില്ല. പുതിയനിയമവ്യവസ്ഥിതിയിൽ ദൈവത്തിന്റെ പുത്രിമാർക്കുള്ള അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ഞാൻ സഭകളിൽ പഠിപ്പിക്കുവാൻ തുടങ്ങി. എന്നാൽ ഞങ്ങളുടെ ചില മൂപ്പന്മാർ അവരുടെ സഭകളിലേ പാരമ്പര്യങ്ങളാൽ സ്വാധീനിക്കപ്പെട്ടിരുന്നതിനാൽ ഈ വിഷയത്തിൽ ഒരു മാറ്റം വളരെ സാവധാനത്തിലായിരുന്നു. പല വർഷങ്ങളായി പരിചയിച്ച സമ്പ്രദായങ്ങളിൽ നിന്ന് പുറത്തു വരുന്നത് എളുപ്പമല്ല. തത്ഫലമായി പല ചെറുപ്പക്കാർക്കും വേണ്ട പോഷണം ലഭിക്കാതെ പോകുന്നു. എന്നാൽ സന്തോഷകരമായ കാര്യം, സഹോദരിമാരുടെ ശുശ്രൂഷയിൽ സാവധാനത്തിലാണെങ്കിലും ഒരു മാറ്റം ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്.

അത്ര ഗൗരവതരമല്ലാത്ത മറ്റ് വീഴ്ചകളും ഞങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. എന്നാൽ ദൈവത്തിന്റെ മഹാകരുണയാൽ ഞങ്ങൾ മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നു.

കർത്താവിന്റെ ശിഷ്യരായിരിക്കുന്നതിൽ മനസ്സുവയ്ക്കാത്ത കൂടുതൽ പേർ അംഗങ്ങളാകുന്നതോടെ എല്ലാ ആത്മീയമുന്നേറ്റങ്ങളും ഒരു കാലഘട്ടം കൊണ്ട് അധഃപതിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. അവരുടെ ക്രിസ്തീയ ശുശ്രൂഷകളെ ദൈവം അനുഗ്രഹിക്കയും, സാമ്പത്തികമായ സമൃദ്ധി ഉണ്ടാകയും ചെയ്യുമ്പോൾ സഭാ മൂപ്പന്മാർ തന്നെ പിന്മാറ്റാവസ്ഥയിൽ ആകാം. ഞങ്ങളുടെ ഇടയിൽ ഈ കാര്യവും സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ ദൈവം എഴുന്നേൽപ്പിച്ച ഏതൊരു ആത്മീയമുന്നേറ്റത്തിൽനിന്നും ഞങ്ങളും വിഭിന്നരല്ല. താഴ്മയിലും നുറുക്കത്തിലും ദൈവമുമ്പാകെ നടക്കയും, വിശ്വസ്തതയിൽ അവസാനം വരെ കാക്കപ്പെടാനുള്ള പ്രാർത്ഥനയോടെ നിലകൊള്ളുകയും മാത്രമാണ് ഞങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നത്.

ബാംഗ്ലൂരിലും ഇതരസ്ഥലങ്ങളിലും ശ്രേഷ്ഠരും വിശ്വസ്തരുമായ ഒരു കൂട്ടം സഹപ്രവർത്തകരെ ദൈവം ഞങ്ങൾക്കു നൽകിയിട്ടുണ്ട്. അവരിലൂടെ അനിതരസാധാരണമായ ഒരു കൂട്ടായ്മ ദൈവം വളർത്തിയെടുത്തിട്ടുണ്ട്. ഈ കൂട്ടായ്മ ഞങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കയും ആത്മികമായി വളർത്തുകയും ചെയ്തിട്ടുണ്ട് എന്നുമാത്രമല്ല, അത് സ്വർഗ്ഗത്തിന്റെ ഒരു മുൻ രുചി ഞങ്ങൾക്ക് നൽകിയിട്ടുമുണ്ട്. മറ്റൊരിടത്തും ഇതിനോട് താരതമ്യപ്പെടുത്താൻ കഴിയുന്ന മറ്റൊന്ന് കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ ഞങ്ങൾക്ക് കർത്താവിനോട് അവാച്യമായ നന്ദിയുണ്ടുതാനും.

ഞങ്ങളുടെ അബദ്ധങ്ങളെപ്പറ്റിയും, അസന്തുലിതമായ മേഖലകളെക്കുറിച്ചും തുടർച്ചയായി കഴിഞ്ഞ വർഷങ്ങളിൽ ദൈവം ഞങ്ങൾക്ക് വെളിച്ചം തന്നുകൊണ്ടിരിക്കുന്നു എന്ന കാര്യം തന്നെയാണ് ഞങ്ങളുടെ ഏറ്റവും വലിയ ഉത്സാഹം. നമ്മുടെ ജീവിതത്തിൽ ദൈവികാനുഗ്രഹത്തിന്റെ ഏറ്റവും വലിയ തെളിവ് എന്താണ്? ജീവിതത്തിൽ യേശുക്രിസ്തുവിന്റെ ആത്മാവിന് അനുരൂപമല്ലാത്ത മേഖലകളിൽ വെളിച്ചം നൽകുകയും തന്റെ പരിശുദ്ധാത്മശക്തിയാൽ ആ മേഖലകളിൽ നമ്മെ കർത്താവിനെപ്പോലെ ആക്കിത്തീർക്കുകയുമാണ് ഏറ്റവും വലിയ അനുഗ്രഹം. സാമ്പത്തികാനുഗ്രഹവും ശാരീരികാരോഗ്യവുമാണ് ദൈവികാനുഗ്രഹത്തിന്റെ പ്രാഥമിക ലക്ഷണങ്ങൾ എന്ന് ക്രൈസ്തവലോകത്തിന് ശക്തമായ സന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മേൽപ്പറഞ്ഞ യഥാർത്ഥ അനുഗ്രഹത്തിന്റെ സന്ദേശത്തിന് ഊന്നൽ നൽകേണ്ടതല്ലേ?

നാൾക്കുനാൾ, വർഷങ്ങൾ കടന്നുപോകുമ്പോൾ, അവിടുത്തെ കരുണയും കൃപയും ഞങ്ങളുടെ മേൽ സമൃദ്ധിയായി ചൊരിഞ്ഞുകൊണ്ടിരിക്കുന്ന സർവ്വകൃപാലുവായ ദൈവത്തിന് എല്ലാ മഹത്വവും ഉണ്ടായിരിക്കട്ടെ. ◆

# 47

# സകലജനതകളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കുക

**ശി**ഷ്യന്മാരെ ഒരുക്കിയെടുക്കുന്നത് മാനസാന്തരപ്പെടുത്തുന്നതിനേക്കാൾ കഠിനമായതിനാൽ ഇന്ത്യയിലെ മിക്ക സഭകളും മാനസാന്തരപ്പെട്ടവരെ മാത്രം ലക്ഷ്യംവയ്ക്കുന്നു. എന്നാൽ *'ശിഷ്യന്മാരെ ഉണ്ടാക്കുക'* എന്ന കർത്താവിന്റെ കൽപ്പന ഞങ്ങൾ ഗൗരവമായി എടുക്കാൻ തീരുമാനിച്ചു. (മത്താ. 28:19) തന്മൂലം ഗിരിപ്രഭാഷണത്തിൽ യേശു വിളംബരം ചെയ്ത വിശുദ്ധിയുടെ പ്രമാണങ്ങൾ ഞങ്ങളും പ്രസംഗിക്കാൻ തുടങ്ങി. (മത്താ. 5-7) സ്വയത്തിന് *ദിനം പ്രതി* മരിക്കാത്ത ആർക്കുംതന്നെ യേശുവിനെ അനുഗമിക്കാൻ കഴികയില്ല എന്ന് കർത്താവ് പഠിപ്പിച്ചതു തന്നെ ഞങ്ങളും പഠിപ്പിച്ചു. (ലൂക്കോ. 9:23). പണത്തെ സ്നേഹിക്കുന്ന ഒരാൾക്ക് അതേ സമയം ദൈവത്തെ സ്നേഹിപ്പാൻ കഴികയില്ല എന്ന സത്യവും ഞങ്ങൾ പ്രഘോഷിച്ചു. (ലൂക്കോ. 16:13).

*ഓരോ സഭയ്ക്കും* ദൈവം ഓരോ പ്രത്യേകദൗത്യം നൽകിയിട്ടുണ്ട്. സുവിശേഷസന്ദേശം എത്തിയിട്ടില്ലാത്ത ഇടങ്ങളിൽ സുവിശേഷീകരണം നടത്താനല്ല ദൈവം ഞങ്ങളുടെ ഇടയിൽ സഭകളെ എഴുന്നേൽപ്പിച്ചത്. നല്ലതും അത്യാവശ്യവുമായ ഈ ദൗത്യം അനേകായിരങ്ങൾ ഭാരതമണ്ണിൽ നിർവ്വഹിക്കുന്നുണ്ട്. എന്നാൽ മറ്റുള്ളവർ ചെയ്യാത്ത കാര്യത്തിനായി-മാനസാന്തരപ്പെട്ടവരെ ശിഷ്യരാക്കുന്ന പ്രവൃത്തിക്കായി-ദൈവം ഞങ്ങളെ വിളിച്ചു. മറ്റു പ്രസംഗകർ പഠിപ്പിക്കാത്ത ദൈവവചനസത്യങ്ങൾ പഠിപ്പിക്കാനും തദ്വാരാ പുതിയ വീഞ്ഞായ പുതിയനിയമജീവിതത്തിലേക്ക് ക്രിസ്തുശിഷ്യരെ നടത്താനും അത്തരം ശിഷ്യരുടെ കൂട്ടമായ പുതിയനിയമസഭകൾക്ക് (പുതിയ തുരുത്തി) രൂപം നൽകാനും കർത്താവ് ഞങ്ങളോട് പറഞ്ഞു. സുവിശേഷീകരണത്തിൽ ഏർപ്പെടാത്തതിന് പല വിശ്വാസികളുടെയും വിമർശനം നേരിടേണ്ടിവന്നെങ്കിലും ദൈവം നൽകിയ വിളിയിൽ ഞങ്ങൾ ഉറച്ചുനിന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ എല്ലാ അവയവങ്ങൾക്കും ഒരേ പ്രവൃത്തിയല്ല എന്ന് ഞങ്ങൾ ഗ്രഹിച്ചിരുന്നു. കൈകൾ പാത്രത്തിൽ നിന്നും ഭക്ഷണം എടുത്ത് വായിൽ എത്തിക്കുന്നു. (സുവിശേഷകന്റെ പ്രവൃത്തി) എന്നാൽ കിഡ്നികളാകട്ടെ മുഴുസമയവും രക്തത്തെ ശുദ്ധീകരിക്കുകയും

രക്തത്തിലെ രാസവസ്തുക്കൾ സന്തുലിതാവസ്ഥയിൽ സൂക്ഷിക്കയും ചെയ്യുന്നു. (വിശ്വാസികളെ ശുദ്ധീകരിക്കയും അവരെ സമനിലതെറ്റാതെ സൂക്ഷിക്കയും ചെയ്യുന്നതിന്റെ ചിത്രം). ശരീരമായ സഭയിൽ ദൈവദത്തമായ *'വൃക്കകളുടെ'* ശുശ്രൂഷയിൽ തന്നെ ഞങ്ങൾ വ്യാപൃതരായി ഉറച്ചുനിന്നു.

പുതിയനിയമത്തിൽ കാണുന്ന സാമ്പത്തികപ്രമാണങ്ങൾ അനുസരിക്കുന്നതിലും ഞങ്ങൾ മനസ്സുവച്ചു. ഒരു സഭാമൂപ്പനും ശമ്പളം കൊടുത്തിരുന്നില്ല. പുതിയ നിയമത്തിൽ കാണുന്ന അപ്പോസ്തലന്മാരെയും മൂപ്പന്മാരെയും പോലെ ഓരോ പ്രാദേശികസഭയുടെയും മൂപ്പൻ സാമ്പത്തികകാര്യങ്ങളിൽ സ്വാശ്രയം പാലിക്കയോ കർത്താവിനെ വിശ്വസിക്കയോ വേണം. അപ്പോസ്തലന്മാരെപ്പോലെ സാമ്പത്തികആവശ്യങ്ങൾ ഞങ്ങൾ ആരെയും അറിയിച്ചിരുന്നില്ല. ഭാരതത്തിലെ മിക്കക്രിസ്തീയപ്രവർത്തനങ്ങളും പാശ്ചാത്യനാടുകളിൽ നിന്നുള്ള സാമ്പത്തികസഹായത്തെ ആശ്രയിച്ച് നടത്തപ്പെടുന്നവയാണ്. തന്മൂലം ഭാരതീയക്രിസ്ത്യാനിത്വം നന്നേ ആഴം കുറഞ്ഞതായി തുടരുന്നു. പണത്തെ ആശ്രയിച്ച് യഥാർത്ഥദൈവവേല അസാദ്ധ്യമാണ്. അതിനാൽ ഒരു പാശ്ചാത്യസംഘടനയുടെ ഭാഗമാകാൻ ഞങ്ങൾ തയ്യാറായില്ല. പരിശുദ്ധാത്മാവിനെ മാത്രം ആശ്രയിക്കാൻ ഞങ്ങൾ തീരുമാനിച്ചു.

ഇപ്രകാരം പുതിയനിയമപ്രമാണങ്ങൾ അനുസരിച്ചാൽ സഭാവളർച്ച വളരെ സാവധാനത്തിലായിരിക്കും എന്നറിയാമായിരുന്നു. കർത്താവ് തന്റെ വേലയിൽ അംഗസംഖ്യയെക്കാൾ ഗുണമേന്മയ്ക്ക് പ്രാധാന്യം കൊടുക്കുന്നു എന്നതിനാൽ ഈ ചിന്ത ഞങ്ങളെ അല്പംപോലും അസ്വസ്ഥരാക്കിയില്ല. കർത്താവിന്റെ ദാസന്മാർ എന്ന നിലയിൽ അവിടുത്തെ സഭയിൽ **'ഗുണമേന്മ'** ഉറപ്പുവരുത്തുന്നത് ഞങ്ങളുടെ കർത്തവ്യമായിരുന്നു. **അംഗസംഖ്യ**യുടെ കാര്യം കർത്താവിന്റെ ഉത്തരവാദിത്വമായിരുന്നു. തക്കസമയത്ത് അവിടുന്ന് ആ കാര്യം നിർവ്വഹിച്ചു. ഇടയശുശ്രൂഷ ചെയ്യേണ്ടവരെ തക്കസമയത്ത് അവിടുന്ന് ഞങ്ങളുടെ പ്രാദേശികസഭകളോട് കൂട്ടിച്ചേർത്തുകൊണ്ടിരുന്നു. ദൈവത്തിന്റെ വഴികൾ എപ്പോഴും തികവുള്ളവതന്നെ!

ശിഷ്യത്വത്തിന്റെ ഈ മാർഗ്ഗം തെരഞ്ഞെടുക്കുന്നവർ ചുരുക്കമായിരിക്കും എന്ന് ഞങ്ങൾക്ക് വ്യക്തമായിരുന്നു. യേശു പറഞ്ഞില്ലേ "ജീവനിലേക്കുള്ള മാർഗ്ഗം ഇടുങ്ങിയതായിരിക്കും എന്നും **ചുരുക്കം പേരേ അത് കണ്ടെത്തുകയുള്ളൂ"** എന്നും? ജീവനിലേക്കുള്ള പാത മത്തായി 5,6,7 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന മുകളിൽ വിവരിച്ച മാർഗ്ഗം തന്നെ. എന്നാൽ ആടുകളുടെ വേഷം ധരിച്ചെത്തുന്ന കള്ളപ്രവാചന്മാരായ ചെന്നായ്ക്കളെ സൂക്ഷിച്ചുകൊള്ളേണം എന്നും യേശു പറഞ്ഞു. അനേകായിരം പേർ തന്റെ ശിഷ്യന്മാരായി ജീവനിലേയ്ക്കുള്ള ഇടുങ്ങിയ മാർഗ്ഗം കണ്ടെത്തും എന്ന് പറയുന്നു, ആ വഴി വിശാലമാക്കുന്ന ഈകൂട്ടർ തന്നെയാണ് കള്ളപ്രവാചകന്മാർ (മത്താ. 7:13–16). പരാവർത്തനം) യേശുവിന്റെ വചനപ്രകാരം അവിടുത്തെ പ്രമാണങ്ങൾ വിശ്വസ്തതയോടെ പഠിപ്പിച്ചാൽ വളരെ ചുരുക്കം പേർ മാത്രമേ നമ്മോ

ടൊപ്പം ഉണ്ടാകൂ എന്ന് ഞങ്ങൾ ഗ്രഹിച്ചിരുന്നു. ജീവിതനിലവാരം താഴ്ത്തിക്കൊണ്ടു മാത്രമേ അംഗസംഖ്യ ക്രമാതീതമായി വർദ്ധിപ്പിക്കാൻ കഴിയൂ എന്ന് വ്യക്തമായിരുന്നു. എന്നാൽ കള്ളപ്രവാചകന്മാരാകാൻ ഞങ്ങൾ വിസമ്മതിച്ചു! വലിയ അംഗസംഖ്യയ്ക്കായി ഒരു ദൈവവചനപ്രമാണത്തെപ്പോലും ബലി കഴിക്കുന്നത് ശരിയല്ലെന്ന് ഞങ്ങൾക്ക് നിശ്ചയമുണ്ടായിരുന്നു.

മുകളിൽ സൂചിപ്പിച്ച മത്താ. 7:13-16 വാക്യങ്ങളുടെ 'മെസ്സേജ് ബൈബിൾ' പരിഭാഷ ഇപ്രകാരമാണ് "ആത്മാർത്ഥത തുളുമ്പുന്ന ഭാവത്തോടെ പുഞ്ചിരിക്കാൻ പരിശ്രമത്താൽ പരിചയിച്ചിട്ടുള്ള, ധാരാളം പുഞ്ചിരിക്കുന്ന കള്ളപ്രവാചകന്മാരെ സൂക്ഷിക്കുക; നിങ്ങളെ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ചൂഷണം ചെയ്യുകയത്രേ അവരുടെ ലക്ഷ്യം. ജനക്കൂട്ടം അവരുടെ തന്ത്രത്തിൽ കുടുങ്ങിപ്പോകും, എന്നാൽ നിങ്ങൾ ആ കൂട്ടത്തിലാകരുത്. അവരുടെ വ്യക്തിപ്രഭാവത്തിൽ മയങ്ങിപ്പോകരുത്, അവരിൽ സ്വഭാവശുദ്ധി അന്വേഷിക്കുക. **പ്രസംഗകർ എന്തുപറയുന്നു എന്നുള്ളതല്ല; എന്തായിരിക്കുന്നു** എന്നുള്ളതത്രേ പ്രധാനം. ഒരു യഥാർത്ഥ ആത്മീയനേതാവ് നിങ്ങളുടെ **വികാരങ്ങളെയോ പണസ്സഞ്ചിയെയോ** മുതലെടുക്കുകയില്ല."

ദൈവം തന്റെ ദാസന്മാരെ ഒരു ശുശ്രൂഷഭരമേൽപ്പിക്കുന്നതിനുമുമ്പ് അവരെ രഹസ്യത്തിൽ പരിശോധിക്കുന്നു. ദൈവം മിസ്രയീമിൽ നിന്നും യിസ്രായേൽ ജനത്തെ പുറപ്പെടുവിക്കുവാൻ വേണ്ടി മോശയെ നിയോഗിക്കുന്നതിനുമുമ്പ് മരുഭൂമിയിൽ 40 സംവത്സരങ്ങൾ മറഞ്ഞിരിക്കാൻ അനുവദിക്കുകയും ശോധന കഴിക്കയും ചെയ്തു. യേശുവിനെയും പരസ്യശുശ്രൂഷയ്ക്ക് അയയ്ക്കും മുമ്പ് പിതാവ് അവനെ മുപ്പതുവർഷം മറഞ്ഞിരിക്കാൻ അനുവദിക്കുകയും ശോധനകഴിക്കുകയും ചെയ്തു. ഏതാണ്ട് 20 വർഷത്തോളം (1975 മുതൽ 1995) ഞങ്ങളുടെ സഭയെയും അതേ നിലയിൽ മറഞ്ഞിരിക്കാൻ ദൈവം അനുവദിച്ചു. സഭയെ നിന്ദയുടെ ആവരണം അണിയിച്ച്, തെറ്റിദ്ധാരണകളുടെയും മറ്റ് വിശ്വാസികളുടെ വിമർശനങ്ങളുടേയും പാത്രമാക്കി. മറ്റുള്ളവരിൽ നിന്നും ശക്തമായ എതിർപ്പുണ്ടാകുമ്പോൾ ഞങ്ങൾ കർത്താവിനോട് വിശ്വസ്തരായിരിക്കുമോ എന്നറിയാൻ അവിടുന്ന് ഞങ്ങളെ പരീക്ഷിക്കുകയായിരുന്നു. കുറ്റം ചുമത്തുന്നവരോട് ഞങ്ങൾ പകരം വീട്ടാൻ ഒരുമ്പെടുമോ അതോ ദൈവത്തിന്റെ സമയത്ത് അവിടുന്നു തന്നെ നീതിനടത്താൻ കാത്തിരിക്കുമോ എന്നുള്ളതായിരിന്നു പരിശോധന.

ഈ പരീക്ഷയിൽ ഞങ്ങൾ വിജയിച്ചു എന്നു കണ്ടപ്പോൾ പുതിയനിയമത്തിന്റെ തേജസ്സുള്ള സുവിശേഷം പ്രഘോഷിപ്പാൻ ഒന്നിനുപിറകെ ഒന്നായി ലോകമെമ്പാടും ദൈവം ഞങ്ങൾക്കു വാതിലുകൾ തുറന്നു തരികയാണ് ചെയ്തത്. വ്യക്തിജീവിതങ്ങളിലും ഭവനങ്ങളിലും അനുഗൃഹീതമായ ഫലങ്ങൾ ഉളവാക്കിയ ജീവൽസന്ദേശമായിരുന്നു ഞങ്ങൾ പ്രഘോഷിച്ചത്. ഈ സത്യങ്ങളോടു പ്രതികരിച്ചവർ അപ്പോഴും ചുരുക്കമായിരുന്നുവെങ്കിലും ഈ സത്യങ്ങൾക്ക് ലോകവ്യാപകമായ വേദി ലഭ്യമായി എന്നതാണ് സത്യം. ഈ

നിലയിൽ ഞങ്ങൾക്ക് ഈ സത്യങ്ങൾ *ലോകവ്യാപകമായി* എത്തിക്കാൻ കഴിഞ്ഞത് പുസ്തകങ്ങൾ, കാസ്സെറ്റുകൾ, സി.ഡികൾ, ഇന്റർനെറ്റ് എന്നീ മാദ്ധ്യമങ്ങളിലൂടെയായിരുന്നു. ഏതെങ്കിലും ഒരു വ്യക്തിയുടെ പ്രയത്നമായിരുന്നില്ല, ക്രിസ്തുവിന്റെ ശരീരത്തിൽ ദൈവവചനം പരക്കാനായി ഒരുമയോടെ പ്രവർത്തിച്ച അനേകം സഹോദരീസഹോദരന്മാരുടെ സംയുക്ത യത്നമായിരുന്നു ഇതിന്റെ പിന്നിൽ.

<u>ക്രിസ്തീയസാഹിത്യം:</u> മറ്റുള്ളവർ കൈവയ്ക്കാത്ത പുതിയനിയമത്തിലെ വിഷയങ്ങളെ അധികരിച്ച് ഞങ്ങൾ പുസ്തകങ്ങളും മാസികകളും പ്രസിദ്ധീകരിച്ചുവരുന്നു. ഇന്ത്യയിലെ പ്രാദേശികഭാഷകളിലേക്ക് ഈ ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്താനുള്ള ഭാരം കർത്താവ് ചില സഹോദരന്മാർക്ക് നൽകി. പ്രാദേശികഭാഷകളിലുള്ള പുസ്തകങ്ങളുടെ വിതരണത്തിനായി ഈ സഹോദരങ്ങൾ കഠിനാദ്ധ്വാനം ചെയ്തതിനാൽ ദൈവവചനസത്യങ്ങൾ തെക്കേ ഇന്ത്യയിൽ വ്യാപകമായി പ്രചരിക്കാൻ ഇടയാകുകയും തൽഫലമായി പല പ്രാദേശികസഭകൾ ഉടലെടുക്കുകയും ചെയ്തു. ഇതിനോടകം ഞങ്ങളുടെ പുസ്തകങ്ങളുടെ പത്തുലക്ഷത്തോളം പ്രതികൾ വായനക്കാരുടെ കൈകളിൽ എത്തിയിട്ടുണ്ട്.

<u>കസ്സെറ്റുകളും സി.ഡികളും:</u> ഞങ്ങളുടെ ഇടയിലെ താരതമ്യേന ചെറിയസഭകളിൽ ഒന്ന് മുപ്പത്തയ്യായിരത്തോളം കസ്സെറ്റുകളും സിഡികളും കോപ്പികൾ എടുത്ത് അവരുടെ പട്ടണങ്ങളിലും സമീപപ്രദേശങ്ങളിലും വിതരണം ചെയ്യുകയുണ്ടായി. ഇങ്ങനെ സന്ദേശങ്ങളുടെ കസ്സെറ്റുകളും സി.ഡികളും കിട്ടിയവർ സ്വയം കോപ്പികൾ എടുത്ത് മറ്റനേകം ദേശങ്ങളിൽ അനേകരുടെ കൈകളിൽ എത്തിക്കുകയുണ്ടായി. (ഇപ്രകാരം ചെയ്യുന്നവരെ ഞങ്ങൾ പ്രോത്സാഹിപ്പിക്കാറുണ്ട്). അമേരിക്കയിൽ രണ്ട് സഭകളുടെ നേതാക്കൾ ഞങ്ങളുടെ സന്ദേശകസ്സെറ്റുകൾ അവരുടെ സഭയുടെ കസ്സെറ്റ്ശേഖരത്തിൽ ഉൾപ്പെടുത്തിയതിന്റെ ഫലമായി ഒരു ലക്ഷത്തിലധികം സന്ദേശകസ്സെറ്റുകൾ പലരാജ്യങ്ങളിൽ സൗജന്യമായി വിതരണം ചെയ്യപ്പെടാൻ ഇടയായി. തെക്കേ ഇന്ത്യയിലുള്ള ഒരു മിഷൻലീഡർ രണ്ടായിരാമാണ്ടിൽ തന്റെ സെമിനാരിയിൽ ബൈബിളിലെ എല്ലാ പുസ്തകങ്ങളെയും അധികരിച്ച് ഒരു പഠനം നടത്താനായി എന്നെ ക്ഷണിക്കുകയുണ്ടായി 14 ദിവസം കൊണ്ട് ദിനംപ്രതി 5 മണിക്കൂർവീതം ആകെ *70 മണിക്കൂർ സന്ദേശങ്ങൾ* ഡിജിറ്റൽ റിക്കോർഡിങിലൂടെ ഒരു ഓഡിയോ സി.ഡിയായി പുറത്തിറങ്ങിയത് ഇത്തരത്തിലുള്ള ലോകത്തിലെ ആദ്യസംരംഭമായിരുന്നു. ഈ സി.ഡിക്കും വ്യാപകമായ പ്രചാരം സിദ്ധിച്ചതിനാൽ അനേകരാജ്യങ്ങളിലെ ആയിരക്കണക്കിന് വിശ്വാസികൾക്ക് ബൈബിളിലെ ഓരോ പുസ്തകത്തിന്റെയും രത്നച്ചുരുക്കമായ സന്ദേശം ലഭ്യമായി.

<u>ഇന്റർനെറ്റ്:</u> ലോകവ്യാപകമായി ഇന്റർനെറ്റ് ഉപയോഗം വ്യാപകമായപ്പോൾ സഭയുടെ ഒരു വെബ്സൈറ്റ് ഉണ്ടാക്കാൻ തീരുമാനിച്ചു. ഇത് അനേകരാജ്യ

ങ്ങളിലുള്ള വ്യക്തികളിലേക്ക് ദൈവവചനസത്യങ്ങൾ എത്തിക്കാൻ ഫലപ്രദമായ ഒരു ഉപാധിയായിത്തീർന്നിരിക്കുന്നു ഈ വെബ്സൈറ്റ്. തക്കസമയത്ത് ഉണ്ടാക്കാനും നിലനിർത്താനും സാങ്കേതികനൈപുണ്യമുള്ള സഹോദരന്മാരുടെ ഒരു ടീമിനെ ദൈവം നൽകി. ഓരോ ആഴ്ചയും ഹ്രസ്വമായ ഒരു സന്ദേശം ലഭ്യമാണ്. അനേകം വീഡിയോ, ഓഡിയോ സന്ദേശങ്ങളും ഇംഗ്ലീഷിലും ഇതരഭാഷകളിലുമുള്ള ഗ്രന്ഥങ്ങളും ഈ വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാംതന്നെ തികച്ചും സൗജന്യമായി വായിക്കാനും, കേൾക്കാനും, കാണാനും, ഡൗൺലോഡുചെയ്യാനും അവസരമുണ്ട്. ദൈവഭക്തിയുള്ള ഒരു ജീവിതത്തിനായി കാംക്ഷിക്കുന്ന ലോകമെമ്പാടുമുള്ള അനേകം വിശ്വാസികളുമായി ബന്ധപ്പെടാൻ ഇത് മുഖാന്തരമാകുന്നു. ചിലരാജ്യങ്ങളിൽ ചില കുടുംബങ്ങൾ നല്ല ഒരു പ്രാദേശികസഭയുടെ അഭാവത്തിൽ പ്രതിവാരവീഡിയോ സന്ദേശം ഞായറാഴ്ചകാലത്തുള്ള സഭാരാധനയ്ക്കുപകരമായി ശ്രദ്ധിക്കുന്നുണ്ട്. എല്ലാ പുകഴ്ചയും ദൈവത്തിന് മാത്രം ആയിരിക്കട്ടെ.

◆

# 48

# മുന്നോട്ടു നോക്കുമ്പോൾ....

**തി**കഞ്ഞ ആത്മവിശ്വാസത്തോടെയാണ് ഞാൻ ഭാവിയെ അഭിമുഖീകരിക്കുന്നത്. കാരണം എനിക്ക് അജ്ഞാതമായ കാര്യങ്ങൾ എന്റെ സ്വർഗ്ഗീയ പിതാവ് പൂർണ്ണമായി അറിയുന്നു. ഞാൻ ഭാവിയിൽ നേരിടാൻ പോകുന്ന എല്ലാ സാഹചര്യങ്ങളെയും കണക്കിലെടുത്തിട്ടാണ് എന്റെ ഭാവിജീവിതത്തിന്റെയും ശുശ്രൂഷയുടെയും വിശദാംശങ്ങൾ ദൈവം ആസൂത്രണം ചെയ്തിരിക്കുന്നത്. അവിടുന്ന് ദൈവം ആകയാൽ ഒന്നും തന്നെ അവിടുത്തേക്ക് ആശ്ചര്യം ഉളവാക്കുന്നില്ല. എന്റെ ഏക താല്പര്യം ദൈവത്തെ പ്രസാദിപ്പിക്കയും മഹത്വീകരിക്കയും ചെയ്യുക എന്നതാണ്. തന്മൂലം ഭാവിയെപ്പറ്റി എനിക്ക് ഭയാശങ്കകൾ ഒട്ടുംതന്നെയില്ല.

ബൈബിളിൽ നിന്നു ദൈവം എന്നെ ഗ്രഹിപ്പിച്ച ഏറ്റവും മഹത്തായസത്യം അവിടുന്ന് യേശുവിനെ സ്നേഹിച്ചതുപോലെ എന്നെയും സ്നേഹിക്കുന്നു എന്നുള്ളതാണ് (യോഹ. 17:23). യേശുവിനുവേണ്ടി അവിടുന്ന് കരുതിയതുപോലെ എനിക്കുവേണ്ടിയും കരുതുന്നു. ജനനം മുതൽ മരണം വരെ എല്ലാ വിശദാംശങ്ങളും യേശുവിന്റെ ഇഹലോകജീവിതത്തിൽ മുന്നമേ തയ്യാറാക്കിയിരുന്നു എന്നതാണ് സത്യം. എന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളവും ഇതേവിധത്തിൽ എല്ലാ കാര്യങ്ങളും ദൈവികാസൂത്രണത്തിൽ ആണ്. *"ഞാൻ ജനിക്കുന്നതിനുമുമ്പേ ദൈവം എന്നെ കണ്ടു. ഞാൻ ശ്വാസം എടുക്കാൻ തുടങ്ങുംമുമ്പുതന്നെ എന്റെ ജീവിതത്തിലെ ഓരോ ദിവസവും നിശ്ചയിക്കപ്പെട്ടുകഴിഞ്ഞിരുന്നു. എല്ലാദിവസവും അവിടുത്തെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നു. ദൈവം* ***എന്നെപ്പറ്റി ഇത്രയധികം കരുതുന്നു*** *എന്ന് ഗ്രഹിക്കുന്നത് എത്ര വിലയേറിയ കാര്യമാണ്! (സങ്കീ.139:16,17 പരിഭാഷ).*

ശലോമോന്റെ ഉത്തമഗീതത്തിൽ വിവരിക്കുന്ന വിധത്തിൽ എന്റെ കർത്താവുമായി എനിക്കുള്ള ബന്ധം മണവാട്ടിക്ക് മണവാളനോടുള്ളബന്ധമാണ്. ഇത് വളരെ വ്യക്തിപരവും, സുദൃഢവും സ്നേഹനിർഭരവുമായ ബന്ധമാണ്. എന്റെ *പ്രാണപ്രിയന്റെ മേൽ ചാരിക്കൊണ്ടാണ്* ഞാൻ ജീവിതം നയിക്കുന്നത്. (ഉത്തമഗീതം 8:5). എന്റെ ക്രിസ്തീയശുശ്രൂഷയുടെ സ്രോതസ്സ് ഈ ആത്മബന്ധമാണ്. ഈ ലോകത്തിന്റെ വിളഭൂമിയിലേക്ക് കൊയ്ത്തിനായി കർത്താവും ഞാനും ഒരുമിച്ചാണ് പോകുന്നത് (ഉത്തമഗീതം 7:11,12).

കർത്താവ് എന്നെ നയിക്കാത്ത ഒരിടത്തേക്കും പോകാൻ എനിക്ക് താൽപ ര്യമില്ല. “കർത്താവേ, അവിടുന്ന് മുമ്പേ പോയി വഴി കാണിക്കുക” എന്നാണ് ഞാൻ പറയുന്നത്. “അവിടുന്ന് മുമ്പേ പോയാലും; ഞാൻ അനുഗമിക്കാം. എവിടെപ്പോകണം എന്ന് ഒരിക്കലും ഞാൻ സ്വയമായി തീരുമാനിക്കയില്ല. എന്തു പ്രസംഗിക്കണം എന്ന് അങ്ങ് പറയുന്നോ അതു തന്നേ ഞാൻ പ്രസം ഗിക്കാം”, ഇതാണെന്റെ മനോഭാവം. ഈ വിധത്തിലത്രേ കഴിഞ്ഞ ദീർഘ വർഷങ്ങൾ ഞാൻ കർത്താവിനെ സേവിച്ചത്.

എന്റെ ക്രിസ്തീയശുശ്രൂഷ ഒരിക്കലും എനിക്കൊരു ഭാരമായിരുന്നില്ല. *എന്തിനെയെങ്കിലുംകുറിച്ചോ ആരേയെങ്കിലുംകുറിച്ചോ* (എന്നെ വഞ്ചിക്കയും തേജോവധം ചെയ്യുകയും എനിക്ക് ദോഷം ചെയ്യാൻ നിരൂപിക്കയും ചെയ്ത വരെക്കുറിച്ചുപോലും) എനിക്ക് യാതൊരുവിധ പരാതികളുമില്ല. എന്റെ രക്ഷ കൻ അവരെ സ്നേഹിക്കുന്നതിനാൽ ഞാനും അവരെയെല്ലാം സ്നേഹിക്കു ന്നു. “അവർ ചെയ്യുന്നത് എന്താണെന്ന് അറിയായ്കയാൽ അവരോട് ക്ഷമി ക്കേണമേ” എന്ന് പറഞ്ഞ് അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ കർത്താവ് എന്നെ പഠിപ്പിച്ചിട്ടുണ്ട്. എന്റെ കാലഗതികൾ കർത്താവിന്റെ കൈയിൽ ഇരി ക്കുന്നു. *തന്റെ നാഴിക* വന്നിട്ടില്ലാത്തതിനാൽ മറ്റുള്ളവർക്ക് യേശുവിനെ ഉപ ദ്രവിക്കാനോ ബന്ധിക്കുവാനോ കഴിഞ്ഞില്ല എന്ന് തിരുവചനം പറയുന്നല്ലോ (യോഹ.7:30, 8:20). **എന്റെ നാഴിക** വരാതെ ഒരു വ്യക്തിക്കോ ഒരു സംഭവ ത്തിനോ എനിക്ക് ദോഷം ചെയ്യാൻ കഴികയില്ല. എന്റെ സ്വർഗ്ഗീയപിതാവാണ് ആ നാഴിക നിർണ്ണയിക്കുന്നത്!

എനിക്ക് അതിജീവിക്കാൻ കഴിയുന്നതിനുമീതെ എന്നെ ബുദ്ധിമുട്ടിക്കു വാൻ ദൈവം പിശാചിനെ ഒരിക്കലും അനുവദിച്ചിട്ടില്ല. (1കൊരി.10:13) ദൈവം ആദ്യം എന്നെ ‘കാലാളുകളോടുകൂടി’ ഓടിച്ചതിനുശേഷം മാത്രമേ ‘കുതിര കളോടുകൂടെ’ ഓടാൻ അനുവദിച്ചിട്ടുള്ളൂ (യിരെമ്യാ 12:5). ഞാൻ ദൈവകൃ പയാൽ അഭിമുഖീകരിക്കയും ജയിക്കുകയും ചെയ്ത എല്ലാ ശോധനകളും എന്നെ കൂടുതൽ ശക്തനാക്കുകമാത്രമേ ചെയ്തിട്ടുള്ളൂ. കൂടുതൽ ശക്ത മായ പരീക്ഷകളെ നേരിടാൻ ഈവിധം ഞാൻ ഒരുക്കപ്പെടുകയായിരുന്നു. എന്റെ ക്രിസ്തീയനടപ്പ് ഒരു പഠനക്കളരിയായിരുന്നു-ഓരോ പരീക്ഷയും ദൈവം എനിക്ക് ക്ലാസ്സ് കയറ്റം നൽകാനുള്ള സന്ദർഭമായിരുന്നു! ഇതുവരെ ഞാൻ അഭിമുഖീകരിച്ച എല്ലാ സാഹചര്യങ്ങളിലും ദൈവകൃപ തികച്ചും പര്യാ പ്തമായിരുന്നു. ഭാവിയിലും അപ്രകാരം തന്നെ ആയിരിക്കും. അങ്ങനെ ഭൂമി യിലുള്ള എന്റെ ആത്മീയാഭ്യസനം പൂർത്തിയാക്കാൻ ഇടയാകും.

കർത്താവ് തന്റെ ശരീരമാം സഭയിൽ ഒരു പ്രത്യേക ശുശ്രൂഷയാണ് എനിക്ക് നൽകിയിരിക്കുന്നത്. മറ്റുള്ളവർ പൊതുവേ പ്രസംഗിക്കാത്ത തിരു വചനസത്യങ്ങൾ പ്രഘോഷിക്കുവാനും, ക്രൈസ്തവഗോളത്തിൽ കണ്ടുവ രുന്ന തിരുവചനവിരുദ്ധവും അക്രൈസ്തവവുമായ പരിചയങ്ങളെ തുറന്നു കാട്ടുവാനും ഉള്ളതാണ് പ്രാഥമികമായും ഈ ശുശ്രൂഷ. കർത്താവിന്റെ കൃപ

യാൽ അവസാനംവരെ ഈ ശുശ്രൂഷ വിശ്വസ്തതയോടെ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ ശുശ്രൂഷയിൽ എതിർപ്പുകൾ ഞാൻ പ്രതീക്ഷിക്കുന്നു. അതിൽ അസാധാരണമായി ഒന്നുമില്ല. *"ക്രിസ്തുവിൽ ഭക്തിയോടെ ജീവിപ്പാൻ* ***ഇച്ഛി ക്കുന്നവർക്കൊക്കെ ഉപദ്രവം ഉണ്ടാകും"*** എന്ന് പൗലൊസ് പറഞ്ഞപ്പോൾ ഉപദ്രവം സഹിക്കാനുള്ള അത്യാശയിലല്ല അങ്ങനെ പറഞ്ഞത് (2തിമോ.3:12) പരിശുദ്ധാത്മാവിനാൽ പ്രേരിതനായി അപ്പോസ്തലൻ യാഥാർത്ഥ്യത്തെ അഭി മുഖീകരിക്കുക മാത്രമായിരുന്നു. ലോകം തന്നെ ഉപദ്രവിച്ചതുപോലെ തന്റെ ശിഷ്യന്മാരെയും പകയ്ക്കും എന്ന് യേശുപറഞ്ഞു. (യോഹ 15:18–21). ലോക ത്തിലെ സാധാരണക്കാരേക്കാൾ അധികമായി മതഭക്തരിൽനിന്നാണ് യേശു വിന് കൂടുതൽ ഉപദ്രവം നേരിട്ടത്. അതുകൊണ്ടുതന്നെ അക്രൈസ്തവരെ ക്കാൾ മതഭക്തരായ ക്രിസ്ത്യാനികളിൽ നിന്ന് കൂടുതൽ എതിർപ്പ് ഉണ്ടാകും എന്ന് എനിക്ക് ബോദ്ധ്യമുണ്ട്. മതഭക്തരായ ക്രൈസ്തവരും അസൂയമൂലം എന്റെ വിമർശകരായിത്തീരുന്നു. യേശു ദുരുപദേശം പഠിപ്പിക്കുന്നു എന്നാ യിരുന്നു അവരുടെ ആരോപണം. എന്റെ അനുഭവം വ്യത്യസ്തമായിരിക്കയി ല്ല. പരീശന്മാർ യേശുവിനെ കോടതി കയറ്റി എങ്കിൽ മതഭക്തരായ ചില ക്രിസ്ത്യാനികൾ എന്നെയും കോടതികയറ്റിയതിൽ അത്ഭുതമില്ല. തന്റെ സ്വന്ത ഭവനക്കാർതന്നെയായിരുന്നു യേശുവിന്റെ ശത്രുക്കൾ (യോഹ. 7:5) എന്റെ അനുഭവം വ്യത്യസ്തമല്ല. യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക:*''സ്വന്തസ ഹോദരങ്ങൾ നിങ്ങളെ വഞ്ചിക്കയും ന്യായാധിപസംഘത്തിന്റെ മുമ്പാകെ കൊണ്ടുപോകയും ചെയ്യും. എന്റെ ശിഷ്യന്മാരാകയാൽ ലോകം നിങ്ങളെ പകയ്ക്കും."* "അതിന്റെ പ്രവൃത്തികൾ ദോഷമുള്ളവയെന്ന് **ഞാൻ അതി നെക്കുറിച്ച് സാക്ഷ്യം പറയുന്നതിനാൽ അത് എന്നെ പകയ്ക്കുന്നു" എന്ന് യേശു പറഞ്ഞത് ഓർക്കുക. (യോഹ 7:7)**. ഇത്തരം പീഡകൾ ഒഴിവാക്കാ നുള്ള ക്രിസ്ത്യാനിയുടെ ഏകമാർഗ്ഗം മൗനമായിരിക്കുക എന്നതാണ്. എന്നാൽ എനിക്ക് കർത്താവ് തന്നിട്ടുള്ള വാഗ്ദാനങ്ങൾ എത്ര ഉറ പ്പുള്ളവയാണ്! "നിന്റെ തലയിലെ ഒരു മുടിപോലും നിലത്തു വീഴുകയില്ല... നിനക്കെതിരേ ഉണ്ടാക്കുന്ന ആയുധം ഒന്നും ഫലിക്കയില്ല.....നിനക്കെതിരേ ന്യായസ്ഥാനത്ത് ഉന്നയിക്കപ്പെടുന്ന എല്ലാ ഭോഷ്കിനും എതിരേ നിനക്ക് നീതിലഭിക്കും. ദൈവദാസന്മാർക്കുള്ള അവകാശം ഇതത്രേ!" (ലൂക്കോ. 21:16 –18, യെശ്ശ.54:17. ലിവിംഗ് ബൈബിൾ)

ചില വർഷങ്ങൾക്കുമുമ്പ് ബാംഗ്ലൂരിലുള്ള "സാത്താൻസഭക്കാർ" എനി ക്കെതിരേ ലക്ഷ്യംവച്ച് 'പ്രാർത്ഥിക്കുന്നതായി' ചിലർ എന്നോട് പറഞ്ഞു. ഞാൻ ദൈവത്തിന്റെ ദാസനാകയാലും, സാത്താന്റെ രാജ്യത്തിന് ഭീഷണി യായതിനാലും പിശാച് എന്നെ അത്യന്തം വെറുത്തിരുന്നു എന്ന് നേരത്തേ തന്നെ ഞാൻ അറിഞ്ഞിരുന്നു. ക്രൂശിൽ പിശാചിനെ തോല്പിച്ച കർത്താ വിന്റെ ആധിപത്യത്തിൻ കീഴിൽ ഞാൻ ആയിരിക്കുന്നതിനാൽ സാത്താന് എന്നെയോ എന്റെ കുടുംബത്തെയോ സ്പർശിക്കുവാൻ കഴികയില്ല എന്ന്

എനിക്ക് ഉറപ്പായിരുന്നു. ശക്തരായ ദൂതന്മാരുടെ ഒരു സൈന്യം എനിക്കും എന്റെ കുടുംബത്തിനും കാവലുണ്ട്. മാത്രമല്ല, നിരന്തരം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ശക്തിയുള്ള ഒരു വിശ്വാസസമൂഹത്തിന്റെ ഭാഗമായി ഞങ്ങൾ നിലകൊള്ളുകയും ചെയ്യുന്നു.

അടുത്തകാലത്ത് കർത്താവ് എന്നോട് പറഞ്ഞു;**''ഒരിക്കൽ** നീ സാത്താനെ ഭയപ്പെട്ട സ്ഥാനത്ത് ഇപ്പോൾ മുതൽ **സാത്താൻ നിന്നെ** ഭയപ്പെടും. കാരണം, എന്റെ സാന്നിദ്ധ്യം നിന്നോടൊപ്പമുണ്ട്.'' സാത്താൻ യേശുവിനെ ഭയപ്പെട്ടതുപോലെ നമ്മെയും ഭയപ്പെടാനുള്ള മാർഗ്ഗം നാമും ദൈവികവെളിച്ചത്തിൽ നടക്കുക എന്നതാണ്, "അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു" (1 യോഹ. 4:17). അതിനാൽ നമുക്ക് സാത്താനെ ഭയപ്പെടേണ്ട ആവശ്യമില്ല.

ഞാൻ നേരിട്ട പരിശോധനകളും ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളും ഞാൻ ദൈവശക്തിയും ദൈവികവിടുതലും അനുഭവിച്ചറിയേണ്ടതിനുവേണ്ടി അവിടുന്നു അനുവദിച്ചതാണ്. മനുഷ്യരിൽനിന്നും പിശാചുക്കളിൽ നിന്നുമുള്ള എതിർപ്പുകളുടെ മുഖത്താണ് ദൈവശക്തി അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുള്ളത്. അത്തരം അനുഭവങ്ങൾ മററുള്ളവരുടെ വിശ്വാസം ഉറപ്പിക്കാനും സഹായമായിട്ടുണ്ട്. ഫലപ്രദമായശുശ്രൂഷ ബൈബിൾ പഠനത്തിൽ നിന്നും ആത്മനിറവിൽ നിന്നും മാത്രമല്ല, ശോധനകളെ അഭിമുഖീകരിക്കുന്നതിലും അതിജീവിക്കുന്നതിലൂടെയും ആണ്. (2 കൊരി. 1:3–6) അനുഗൃഹീതമായ ഒരു കുടുംബത്തെ കർത്താവ് എനിക്കു നൽകി. ആത്മികവിവേചനവും ലളിതമായ ജീവിതശൈലിയും ഉള്ള അനുഗൃഹീതയായ ഒരു ജീവിതപങ്കാളി. ദാമ്പത്യജീവിതത്തിലെ പിന്നിട്ട 40 വർഷങ്ങളിൽ അവൾ ക്രിസ്തീയശുശ്രൂഷയിൽ വിശ്വസ്തയായി എന്നോടൊപ്പം നിന്നു. കർത്താവിനെ സ്നേഹിക്കുന്നതോടൊപ്പം മാതാപിതാക്കളായ ഞങ്ങളേയും സഭയേയും സ്നേഹിക്കുന്ന അനുഗൃഹീതരായ നാല് ആൺമക്കളേയും ദൈവം നൽകി. ഞങ്ങളുടെ ജീവിതത്തിൽ ദർശിച്ച, സഭയിലൂടെ ശ്രവിച്ച ദൈവവചനസത്യങ്ങൾ പ്രഘോഷിച്ചുകൊണ്ട് അവർ ഈ തലമുറയിൽ ദൈവത്തെ സേവിക്കുന്നു.

അഭിഷിക്തരായ ഒരുകൂട്ടം സഹപ്രവർത്തകരെയും ദൈവം എനിക്കു തന്നു. ഇൻഡ്യയിലും വിദേശത്തുമുള്ള സഭകളിൽ അവർ ശുശ്രൂഷിക്കുന്നു. സഭാപരിപാലനത്തിൽ അവർ കാണിക്കുന്ന ഉത്സാഹത്താൽ എനിക്ക് മറ്റു സ്ഥലങ്ങളിൽ ദൈവവചനശുശ്രൂഷയ്ക്കായി സഞ്ചരിക്കാൻ സ്വാതന്ത്ര്യം ലഭിക്കുന്നു.

ആമോസ് 8:11, 12 ൽ കാണുംപോലെ യഥാർത്ഥപ്രവചനശബ്ദത്തിന് കടുത്ത ക്ഷാമമുള്ള ഒരുകാലത്താണ് നാം ജീവിക്കുന്നത്. ദൈവവചനത്തിന്റെ പുതിയ വെളിപ്പാടുകൾ വിരളമായിരിക്കുന്നു. പ്രസംഗകർ പണസ്നേഹികളായിരിക്കുന്നു. വിരസമായ പ്രസംഗങ്ങൾകൊണ്ടും നിരന്തരം നേതാക്കളിൽനിന്നും കേൾക്കുന്ന പണത്തിനായുള്ള ആഹ്വാനം കൊണ്ടും അനേകം

ക്രിസ്തീയസമൂഹങ്ങളിലെ വിശ്വാസികൾ മടുത്തിരിക്കുന്നു. ഇങ്ങനെയുള്ള കാലത്ത് അവിടവിടെയായി പല രാജ്യങ്ങളിലും ദൈവം പ്രവാചകശബ്ദം കേൾപ്പിക്കുന്നു എന്നതിൽ നാം ദൈവത്തെ സ്തുതിക്കുന്നു. പലക്രിസ്തീയ വിഭാഗങ്ങളിലും ഉള്ള വിശ്വാസികളോട് ജീവിതസ്പർശിയായ പ്രവചനശബ്ദം അറിയിക്കാൻ ഒരു ചെറിയ ശുശ്രൂഷ ഞങ്ങൾക്കും ദൈവം നൽകി എന്നതിൽ ഞങ്ങൾ നന്ദിയുള്ളവരാണ്. ഈ വചനങ്ങൾ ശ്രവിക്കുന്ന ചിലർ അതേ സന്ദേശങ്ങൾ അവരുടെ സഭകളിൽ പ്രസംഗിക്കുന്നുണ്ട്. ഈ സഭകൾ ഒരിക്കലും എന്നെ പ്രസംഗിക്കാൻ വിളിക്കുകയില്ല! ഈ വിധം മനുഷ്യനിർമ്മിതമായ എല്ലാ തടസ്സങ്ങളേയും ദൈവം മറികടക്കുന്നു. ക്രിസ്തുവിന്റെ ശരീരമാംസഭയിലുള്ള ഞങ്ങളുടെ ശുശ്രൂഷ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് എന്നറിയാം. എന്നാൽ ഈ കാലഘട്ടത്തിനായി ദൈവം നൽകിയിരിക്കുന്ന ആ ചെറിയ ശുശ്രൂഷ വിശ്വസ്തതയോടെ നിറവേറ്റണം എന്നാണ് ഞങ്ങളുടെ ആഗ്രഹം.

എന്റെ മുമ്പിലുള്ള പാത ബുദ്ധിമുട്ടുള്ളതോ എളുപ്പമോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ അത്യുത്തമമായത് ദൈവം എനിക്കുവേണ്ടി തെരഞ്ഞെടുക്കും എന്നും, എല്ലായ്പ്പോഴും എന്നെ ക്രിസ്തുവിൽ ജയത്തോടെ നടത്തും എന്നും ഉറപ്പാണ്. (2 കൊരി 2:14). പിശാചിനെതിരെ എല്ലായ്പ്പോഴും ദൈവം എന്റെ പക്ഷത്താകയാൽ എല്ലാ സാഹചര്യങ്ങളിലും ഞാൻ ജയാളികളെക്കാൾ ജയാളിയായിരിക്കും.

'*മുൻനിർണ്ണയം*' എന്നതിന്റെ അർത്ഥം എന്റെ *ആത്യന്തികലക്ഷ്യം* ദൈവം മുന്നമേ നിർണ്ണയിച്ചിരിക്കുന്നു എന്നാണല്ലോ? ആ ലക്ഷ്യം കേവലം സ്വർഗ്ഗമല്ല, **പൂർണ്ണമായും ക്രിസ്തുവിനോട് അനുരൂപനാകുന്നതാണ്** (റോമർ 8:29) ഓരോ ദിവസവും ആ ലക്ഷ്യത്തിലേക്ക് ദൈവം എന്നെ കൂടുതൽ അടുപ്പിക്കുന്നു. ഹല്ലേലുയ്യാ!! ആ മഹത്വപൂർണ്ണമായ ലക്ഷ്യത്തിലേക്കുള്ള പാത ഈ ലോകത്തിൽ അല്പം കഷ്ടതകളിലൂടെ ആണെങ്കിൽ അതിൽ ഞാൻ സന്തോഷിക്കുന്നു. എന്റെ പ്രാണപ്രിയനായ കർത്താവിനെ മുഖാമുഖം കാണുമ്പോൾ 'നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്ന് അവിടുന്ന് പറയുന്നത് കേൾക്കാൻ എനിക്ക് ഇടയാകണം. അതുമാത്രമാണെന്റെ ആശ. ആമേൻ!!

◆